www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 282 2021 December

# സാമൂഹികജാഗ്രത എന്ന കൂട്ടുത്തരവാദിത്തം

സഭയും സിനഡാത്മകതയും

പൊളിച്ചെഴുത്തിന്റെ പാഠങ്ങൾ

മാറുന്ന വിദ്യാഭ്യാസനിയമങ്ങൾ



ബ്ലൂ ഇക്കോണമി നയരേഖ

FOR PRIVATE CIRCULATION

www.malankaralibrary.com

## മുഖവുര

ഒരു പുതിയ തുടക്കത്തിനായി ഏവരും ആഗ്രഹിക്കുന്ന അവസരമാണ് വർഷാവസാനവും പുതുവർഷവും. മനസ്സിലെ മാലിന്യങ്ങളെ കഴുകിക്കളഞ്ഞ്, അസ്വസ്ഥത ജനിപ്പിക്കുന്ന ചിന്തകൾ വെടിഞ്ഞ് ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കാൻ നാമൊക്കെ ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുന്നു. വ്യക്തിജീവിതത്തിൽ ഏതെങ്കിലും അവസരത്തിൽ അത്തരമൊരു പുതിയ പുലരി സ്വപ്നം കാണാത്ത ആരുമുണ്ടാവില്ല.

പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കി, കടന്നുവന്ന വഴികളിലെ നന്മകൾ തിരിച്ചറിഞ്ഞതും, സംഭവിച്ചുപോയ പാകപ്പിഴകളെയും പാളിച്ചകളെയും മനസിലാക്കി അവയെ തിരുത്തുവാനുള്ള ദൃഢ നിശ്ചയം കൈക്കൊണ്ടും മുന്നോട്ടു പോകാൻ അനേകർ തീരുമാനിച്ചിരിക്കുന്ന ഈ നാളുകളിൽ ചില തിരുത്തലുകളും നവീകരണവും കേരളസമൂഹവും ആവശ്യപ്പെടുന്നുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലത്തേയ്ക്ക് തിരിഞ്ഞുനോക്കിയാൽ പതിവിലുമേറെ കലുഷിതമായ ഒരു അന്തരീക്ഷത്തിലൂടെയാണ് നാം കടന്നുപോയത് എന്നു വ്യക്തമാകും. സാമൂഹികവും സാമുദായികവും രാഷ്ട്രീയവുമായ ഒട്ടേറെ അസ്വസ്ഥതകൾ ഉടലെടുക്കുകയും ബഹുഭൂരിപക്ഷം ജനങ്ങളെയും അത് സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

ധ്രുവീകരണങ്ങളും വിള്ളലുകളും വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു തിരിഞ്ഞുനോട്ടവും വിമർശനാത്മകമായ വിചിന്തനങ്ങളും അതിന്റെ വെളിച്ചത്തിൽ തിരുത്തലുകൾ വരുത്തുവാനുള്ള മനോഭാവവും ജാതിമത വർഗ്ഗ ഭേദമന്യേ എല്ലാവർക്കും ഉണ്ടാകേണ്ടതുണ്ട്. നന്മകളാൽ നിറഞ്ഞ നാട്ടിൻപുറങ്ങളും, സഹകരണവും സഹവർത്തിത്വവും എങ്ങും ദൃശ്യമായിട്ടുള്ള സാമൂഹിക അന്തരീക്ഷവും നമ്മെ വിട്ടുപോകാൻ അനുവദിച്ചുകൂടാ. സാമൂഹിക രാഷ്ട്രീയ നേതൃത്വങ്ങളും, സാമുദായിക മത നേതൃത്വങ്ങളും, ഉദ്യോഗസ്ഥ ഭരണ സംവിധാനങ്ങളും കൂടുതൽ ജാഗ്രതയോടെ ഈ ലക്ഷ്യത്തിനായി പ്രയത്നിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഒരു പുതിയ കേരളത്തിനായി ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

KCBC JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**December 2021 | Issue 282**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Fr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil

**EXECUTIVE EDITOR**
Vinod Nellackal

**SUB EDITOR**
Rintu John

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

# ഉള്ളടക്കം

www.malankaralibrary.com

മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ആശയക്കുഴപ്പങ്ങൾക്ക് അന്ത്യമുണ്ടാകണം 11

പാപ്പാ ഇന്ത്യയിലേയ്ക്ക് എത്തുമ്പോൾ 16

പൊളിച്ചെഴുത്തിന്റെ പാഠങ്ങൾ 24

പരമോന്നത നീതിപീഠം തിരിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങൾ 38

കേരളകത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകളും മാറുന്ന നിയമങ്ങളും 41

ദേശീയ വിദ്യാഭ്യാസനയം 2020 ഉയർത്തുന്ന വെല്ലുവിളികളെ അവസരങ്ങളാക്കുന്നതാണ് അധ്യാപനദൗത്യം 47

ഉണരണം അതിജീവിക്കണം 54

മാറുന്ന കാലത്തിലെ തീരാത്ത കലഹങ്ങൾ 57

ലഹരിയുടെ വേരുകൾ നീളുന്നത് കുടുംബങ്ങളിലേയ്ക്കും സമൂഹത്തിലേക്കും 62

കടലും കടൽത്തീരവും തീരവാസികൾക്ക് 68

ഇന്ത്യയുടെ ബ്ലൂ ഇക്കോണമി നയരേഖ: മനസിലാക്കേണ്ട വസ്തുതകൾ 75













**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും, കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
WhatsApp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com





# സാമൂഹികജാഗ്രത എന്ന കൂട്ടുത്തരവാദിത്തം

മതപരവും സാമൂഹികവും സാംസ്കാരികവുമായ വ്യത്യസ്തതകളെ സമാദരിക്കുന്ന കേരള സമൂഹത്തിന്റെ ഔന്നത്യമാർന്ന അനന്യത കൈമോശപ്പെടുന്നതായുള്ള സമകാലിക സംഭവങ്ങളെ നാം ഗൗരവമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. '*നമ്മുടെ കൂട്ടത്തിലില്ലാത്തവർ നമ്മുടെ എതിരാളികളാണ്''* എന്ന രീതിയിൽ വ്യക്തികളെയും സമൂഹങ്ങളെയും അനാരോഗ്യകരമായി വേർതിരിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. രാഷ്ട്രീയമായ ലക്ഷ്യ സാക്ഷാത്കാരങ്ങൾക്ക് മതവും, മതപരമായ ലക്ഷ്യങ്ങൾക്ക് രാഷ്ട്രീയവും പ്രധാന ഉപാധിയായി മാറിയതിന്റെ അനന്തരഫലമായിക്കൂടി ഈ അപചയത്തെ വിലയിരുത്താവുന്നതാണ്. മദ്ധ്യകാലഘട്ടത്തിന്റെ ഇരുണ്ട ചരിത്രങ്ങൾ കാലാനുസൃതം ആവർത്തിക്കണമെന്ന ചിന്തകൾക്ക് പ്രചുര പ്രചാരം ലഭിക്കുമ്പോൾ ഉൾച്ചേർക്കലുകൾക്കപ്പുറം വേർപ്പെടുത്തലുകളുടെയും ഒഴിവാക്കലുകളുടെയും അപകടകരമായ ശൈലി സമൂഹത്തിൽ വളർന്നു തുടങ്ങി എന്നുതന്നെ വേണം അനുമാനിക്കാൻ.

പരസ്പരം ഒരുമിപ്പിക്കുന്ന പാലങ്ങൾക്കപ്പുറം വേർതിരിക്കുന്ന മതിലുകൾ സ്വപ്നം കാണുന്ന വിഘടനവാദം ഇവിടെ ശക്തി പ്രാപിക്കുന്നു എന്ന വസ്തുത നാം അംഗീകരിച്ചേ മതിയാകൂ. ഇത്തരം വിഘടന ശ്രമങ്ങൾ സംഘപരിവാർ അജണ്ടയാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നത് കേൾക്കുകയുണ്ടായി. ഹിന്ദുത്വവാദികളുടെ പോർവിളികളിൽ 'ക്രിസ്ത്യാനിക്ക് വത്തിക്കാനും മുസ്ലീമിന് പാക്കിസ്ഥാനും ഹിന്ദുവിന് ഭാരതവും' എന്ന മുദ്രാവാക്യം മുഴങ്ങി കേട്ടിട്ടുണ്ട്. അതുകൊണ്ട് ഭാരത മണ്ണിലെ വിഘടനവാദികൾ എന്നും എക്കാലവും സംഘപരിവാർ സംഘടനകൾ ആയിരിക്കും, ആയിരിക്കണം എന്നൊക്കെ അസന്ദിഗ്ധമായി പ്രഖ്യാപിക്കാൻ ആർക്കാണ് സാധിക്കുന്നത്? മാത്രവുമല്ല, ചില പദങ്ങൾ അവയുടെ മൂലാർത്ഥവും വ്യാകരണവും ഉപയോഗിച്ച് വിശദീകരിച്ചാൽ, പൊതുസമൂഹത്തിന്റെ ആശങ്കകളും ചർച്ചകളും പ്രതിരോധിക്കാനും അവസാനിപ്പിക്കാനും സാധിക്കും എന്ന് കരുതുന്നതും മൗഢ്യമാണ്. മുസ്ലീം സമുദായത്തിൽപ്പെട്ട ചിലരിൽ, ഏതാനും തീവ്രസംഘടനകളുടെ പ്രവർത്തനഫലമായി വളർന്നുവരുന്ന തീവ്ര സമീപനരീതികൾക്കെതിരായി ഡീറാഡിക്കലൈസേഷൻ പ്രക്രിയകൾ ഊർജ്ജിതമായി നടന്നു വരുന്നു എന്ന മുഖ്യമന്ത്രിയുടെ വെളിപ്പെടുത്തൽ കേരളസമൂഹം ഞെട്ടലോടെ ശ്രവിച്ച സാഹചര്യത്തിൽ പ്രത്യേകിച്ചും.

ഇത്തരം റാഡിക്കൽ സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെ കേരള സമൂഹത്തിൽ ഉണ്ടായിട്ടുള്ള, ഉണ്ടാകാനിടയുള്ള വർഗീയ വിഘടനശ്രമങ്ങളെ നിസ്സാരവത്കരിക്കാനും, തമസ്കരിക്കാനും ഭരണാധികാരികളും, വിവിധ രാഷ്ട്രീയകക്ഷികളും, മാധ്യമങ്ങളും നടത്തുന്ന കുത്സിത ശ്രമങ്ങൾ തന്നെയാണ് പൊതുസമൂഹത്തെ ഇത്രയേറെ ആശങ്കാകുലരാക്കുന്നത്. ഈ നാടിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി നിസ്തുലമായ സംഭാവനകൾ നൽകുകയും ഐക്യത്തോടും സഹവർത്തിത്വത്തോടും കൂടി പൊതുസമൂഹത്തെ പണിതുയർത്തുകയും ചെയ്തുവരുന്ന മുസ്ലീം സമുദായത്തെ വരുതിയിലാക്കാൻ ശ്രമിക്കുന്ന തീവ്ര സ്വഭാവമുള്ള സംഘടനകൾ, അവയുടെ സ്വാധീനങ്ങൾ, വിധ്വംസക പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം വിശദമായി അന്വേഷിക്കാനും നിയമാനുസൃത നടപടികൾ എടുക്കാനും, തുറന്ന സംവാദങ്ങൾക്ക് വേദിയൊരുക്കി ആശങ്കകളെ ദുരീകരിക്കാനും അധികാരികൾ തയ്യാറാകേണ്ടതുണ്ട്.

ചുരുക്കത്തിൽ, മതപരമോ, രാഷ്ട്രീയമോ, സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടിയോ, മറ്റേതെങ്കിലും ലക്ഷ്യ സാക്ഷാത്കാരത്തിനുവേണ്ടിയോ പൊതുസമൂഹത്തിൽ വേർതിരിവുകൾ സൃഷ്ടിക്കുന്നതും, വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ

www.malankaralibrary.com





സ്പർദ്ധ ഉളവാക്കുന്നതും ഗൗരവമായി എതിർക്കപ്പെടേണ്ടതും, നിയമപരമായ നടപടികൾക്ക് വിധേയമാക്കപ്പെടേണ്ടതുമാണ്. മതപരമായ വിശ്വാസത്തെയോ, ആചാരത്തെയോ മറ്റോ അടിസ്ഥാനപ്പെടുത്തി ഈ നാടിന്റെ ബഹുസ്വരതക്കെതിരായ ഏത് നിലപാടിനെയും പരസ്യമായിതന്നെ തള്ളിപ്പറയാനും തള്ളികളയാനും സമുദായ നേതാക്കന്മാർ, അത് ക്രിസ്ത്യാനിയോ ഹിന്ദുവോ, മുസ്ലീമോ മറ്റ് ഏതു മത വിശ്വാസത്തിൽ പെട്ടവരുമായിരിക്കട്ടെ, നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഒപ്പം നമ്മുടെ പൊതുസമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാമൂഹിക തിന്മകളെ സംഘടിതമായി പ്രതിരോധിക്കാനും നമ്മുക്ക് കഴിയേണ്ടതുണ്ട്.
ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന വില്പനയും ഉപയോഗവും ഇത്തരം സാമൂഹിക തിന്മകളുടെ ഉറവിടങ്ങളിൽ പ്രധാനമാണ്. സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യവും മറ്റും ആഹ്വാനം ചെയ്തുകൊണ്ട് ക്യാമ്പസുകൾ കേന്ദ്രമാക്കി ചില ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ നടത്തിവരുന്ന 'ലൈംഗിക വിപ്ലവ ക്യാമ്പുകൾ' ഈ നാടിന്റെ സംസ്കാരത്തിനും മൂല്യവ്യവസ്ഥിതിക്കും വിരുദ്ധമാണ്.

സ്വതന്ത്രമെന്നാൽ ധാർമികജീവിതത്തിന്റെ തിരസ്കരണമാണെന്നും, വൈകാരിക വാസനകളോടുള്ള അനിയന്ത്രിത പ്രതികരണമാണെന്നുമുള്ള ഹെഡോനിസ്റ്റിക് ചിന്താധാരകളെ സാമാന്യവത്കരിക്കാനുള്ള ശ്രമങ്ങൾ പ്രതിഷേധാർഹമാണ്. കുലീനമായ സാംസ്കാരവും ഉന്നത ധാർമിക നിലപാടുകളും വളർത്തി പൊതുസമൂഹത്തിൽ ക്രിയാത്മകമായി പ്രവർത്തനനിരതമാകുന്നതിന് പകരം ദർശനങ്ങൾക്ക് വൈകല്യം ബാധിച്ച ഒരു സമൂഹത്തെ, വിശിഷ്യാ യുവതലമുറയെ, രൂപപ്പെടുത്തുന്ന നിലപാടുകൾ സ്വീകരിക്കുന്ന ഏതൊരു പ്രസ്ഥാനത്തിന്റെയും പ്രവർത്തന രീതികളും ഗൂഢലക്ഷ്യങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ സംവിധാനങ്ങളോടും, എല്ലാ സമുദായ- മത- സാമൂഹിക നേതൃത്വങ്ങളോടും ചേർന്നുനിന്ന്, സമൂഹത്തിൽ പ്രതിസന്ധികൾക്ക് യുക്തവും പ്രായോഗികവുമായ പരിഹാരം തേടാനും അതിനായി മുന്നിട്ടിറങ്ങാനും കേരളകത്തോലിക്കാ സഭ പ്രതിജ്ഞാബദ്ധമാണ്. എക്കാലത്തെയും പോലെ ഇത്തരം രംഗങ്ങളിലുള്ള സഭയുടെ ക്രിയാത്മകമായ ഇടപെടലുകൾ തുടരുകതന്നെ ചെയ്യും.

വിവിധങ്ങളായ സാമൂഹിക വിഷയങ്ങളിൽ കേരള കത്തോലിക്കാ സഭാ നേതൃത്വം ശക്തവും ഫലപ്രദവുമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. നല്ല സമരിയാക്കാരനെ പോലെ വഴിവക്കിലെ മുറിവേറ്റവരെ കണ്ടെത്തുന്നതും അവരെ ശുശ്രൂഷിക്കുന്നതുമായ ഈ സേവനപരതയ്ക്ക് ജാതിമത ഭേദങ്ങളൊന്നും ഇല്ല എന്നുള്ളത് സഭയുടെ സേവനത്തിന്റെ വ്യതിരിക്തതയാണ്. ഡിസംബർ 7,8,9 തീയ്യതികളിൽ സമ്മേളിക്കുന്ന KCBC യോഗത്തിൽ മൂന്ന് മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങളെകുറിച്ച് ആഴമേറിയ വിശകലനം നടത്തുന്നു. (1) തീരദേശ മേഖലയും മത്സ്യ ബന്ധന തൊഴിലാളികളും (2) മലയോര മേഖലയും കൃഷിക്കാരും (3) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്ന ദളിത് ക്രൈസ്തവർ. ഈ മേഖലകളിലെ പ്രശ്നങ്ങളും പരാധീനതകളും കണ്ടില്ലെന്ന് നടിക്കുവാൻ പൊതു സമൂഹത്തിന് കഴിയുകയില്ല. മാറി മാറി വരുന്ന സംസ്ഥാന, കേന്ദ്ര സർക്കാരുകളും പൊതുഭരണ വ്യവസ്ഥിതിയുമൊക്കെ ഇവരോട് കാണിക്കുന്ന നിസംഗതയും ചൂഷണവും അനീതികളും ചോദ്യം ചെയ്യപ്പെടേണ്ടതു തന്നെയാണ്.


**ഫാ.മൈക്കിൾ പുളിക്കൽ സിഎംഐ**



www.malankaralibrary.com

# സഭയും സിനഡാത്മകതയും

**ഫാ. ഡോ. ജേക്കബ് പ്രസാദ്**



**ആമുഖം**

പത്രോസും ഇതര ശിഷ്യരും സഭയ്ക്ക് മുഴുവനുമായി കൂട്ടുത്തരവാദിത്വത്തോടെ നിന്നതുപോലെ മാർപ്പാപ്പായും മെത്രാന്മാരും ഒരുമിച്ച് സഭയിലും പൊതുജീവിതത്തിലും അജപാലനത്തിലും സംഘം ചേർന്നു നില്ക്കുന്നു എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ച കാഴ്ചപ്പാട്. അക്കാര്യം വ്യക്തമായി പ്രകാശിതമാകുന്നത് സാർവത്രിക സൂനഹദോസുകളിലാണ്. എന്നാൽ അവ ഒന്നോ രണ്ടോ നൂറ്റാണ്ടുകൾ കൂടുമ്പോൾ ഒരിക്കൽ നടന്നു വരുന്നവയാണ്. അതിനാൽ സഭയെ കൂട്ടുത്തരവാദിത്വത്തോടെ നയിക്കാനുള്ള ചിന്തകളും പദ്ധതികളും രൂപപ്പെടുത്താൻ 1965ൽ പോൾ ആറാമൻ മാർപ്പാപ്പാ സ്ഥാപിച്ച പ്രസ്ഥാനമാണ് മെത്രാന്മാരുടെ സാധാരണ സിനഡ്. ലോകമാസകലമുള്ള മെത്രാന്മാരുടെ പ്രതിനിധികൾ വന്നുചേരുന്ന പ്രസ്തുത സമ്മേളനങ്ങൾ ആദ്യകാലത്ത് രണ്ടുവർഷത്തിൽ ഒരിക്കൽ ആയിരുന്നത് പിന്നീട് മൂന്നുവർഷത്തിൽ ഒരിക്കൽ എന്നു നിജപ്പെടുത്തുകയുണ്ടായി. ഇതുവരെ അപ്രകാരമുള്ള 15 സിനഡ് സമ്മേളനങ്ങളാണ് നടന്നിട്ടുള്ളത്. അടുത്ത സിനഡ് 2023 ഒക്ടോബറിലാണ് റോമിൽ വച്ച് നടക്കാൻ പോകുന്നത്. ഈ പതിനാറാമത് സിനഡിന്റെ ചർച്ചാ വിഷയം, 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്നതാണ്. എന്നാൽ ഈ സിനഡ് ലോകത്തിലെ തെരഞ്ഞെടുത്ത മെത്രാന്മാരുടെ കൂടിവരവിൽ നടക്കുന്ന ചർച്ചയായി മാത്രം ആയിരിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ താത്പര്യപ്പെടുന്നില്ല. ഇതിൽ സഭ മുഴുവനെയും ഒരുമിച്ചുകൊണ്ടുവന്നു ചിന്തിപ്പിക്കാനും അങ്ങനെ അവസാനം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാനുമാണ് പാപ്പാ ആഗ്രഹിക്കുന്നത്. ആകയാൽ 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ സഭ മുഴുവനും ഒരു സിനഡാത്മക പാതയിലായിരിക്കുവാനാണ് തീരുമാനം. സിനഡാത്മക പാത ഒക്ടോബർ 9ഉം 10ഉം ദിവസങ്ങളിലായി ഫ്രാൻസിസ് പാപ്പാ റോമായിൽ ആരംഭിക്കുകയുണ്ടായി. പ്രാദേശിക സഭകളിൽ (രൂപതകളിൽ) അതിൻറെ ആരംഭം 2021 ഒക്ടോബർ 17ാം തീയതി ആയിരുന്നു. 'സിനഡാത്മകതയുടെ ഒരു പാതയാണ് മൂന്നാം സഹസ്രാബ്ദത്തിൽ ദൈവം സഭയിൽ നിന്നു പ്രതീക്ഷിക്കുന്നത്' (PD, J.1) എന്നു പാപ്പാ കരുതുന്നു. ഈ രണ്ടു വർഷത്തെ സിനഡാത്മക സഞ്ചാരത്തെ സഹായിക്കാനായി വത്തിക്കാനിൽ നിന്നും സിനഡ് സെക്രട്ടറിയേറ്റിലേക്ക് ഒരു സൂചനാ ചിത്രവും (logo) ഒരു ഒരുക്കരേഖയും (Preparatory Documet [PD]) ഒരു കൈപ്പുസ്തകവും (Handbook Vademecum) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വളരെ പ്രായോഗിക തലത്തിലുള്ള ഉപകരണങ്ങൾ ആണിവ.




**ഒരുമിച്ചുള്ള സഞ്ചാരം**

സിനഡിനെ പല ഘട്ടങ്ങളിലൂടെയുള്ള ഒരു പ്രയാണമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ആദ്യം 2021 ഒക്ടോബറിൽ തുടങ്ങി ഒരുക്കരേഖയുടെയും അതിന്റെ കൈപ്പുസ്തകത്തിന്റെയും ചുവടു പിടിച്ച് രൂപതാതലത്തിലും പൗരസ്ത്യസഭകളുടെ സിനഡുകളിലും മെത്രാൻ സംഘങ്ങളിലും ചർച്ച നടക്കുന്നു. ഈ ചർച്ചകളുടെ സംഗ്രഹം ഏപ്രിൽ 2022ൽ സിനഡ് സെക്രട്ടറിയേറ്റിൽ

www.malankaralibrary.com

എത്തേണ്ടതായുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റ് 2022 സെപ്തംബറോടുകൂടെ ആദ്യ പ്രവർത്തന രേഖ (Inrumsetnutm Laborsi) പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രവർത്തന രേഖ ഏഴു ഭൂഖണ്ഡങ്ങളിലേയും മെത്രാൻ സംഘങ്ങളുടെ ഭൂഖണ്ഡതലത്തിലുള്ള ചർച്ച 2023 മാർച്ചിനു മുമ്പായി നടത്തി 2023 മാർച്ചിൽ ഏഴ് രേഖകളായി സെക്രട്ടറിയേറ്റിനു സമർപ്പിക്കുന്നു. സെക്രട്ടറിയേറ്റ് അതു പഠിച്ച് 2023 ജൂൺ ഓടുകൂടെ രണ്ടാമത്തെ പ്രവർത്തന രേഖ തയ്യാറാക്കുന്നു. 2023 ഒക്ടോബറിൽ റോമിൽ വച്ച് ഈ പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിൽ മെത്രാന്മാരുടെ സിനഡിന്റെ 16ാമത് പൊതു സമ്മേളനം നടക്കുന്നു.

ഒരുക്കരേഖയും രണ്ടാം ഖണ്ഡികയിൽത്തന്നെ 'ഒരുമിച്ചുള്ള സഞ്ചാര'ത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു: (i) ചരിത്രത്തിലൂടെ ദൈവാത്മാവ് സഭയെ എങ്ങനെയാണ് നയിച്ചതെന്നു കണ്ടുകൊണ്ട് എങ്ങനെയാണ് ഇന്ന് സഭാംഗങ്ങളെ ദൈവസ്നേഹത്തിൻറെ സാക്ഷികളാകാൻ ക്ഷണിക്കുന്നതെന്ന് അറിയാൻ; (ii) ഒരു പങ്കാളിത്വ ഭാവത്തോടെ സഭയെ കെട്ടിപ്പടുത്താൻ ഓരോരുത്തർക്കും പറയാനുള്ളതു കേൾക്കാൻ; (iii) പൊതു നന്മയ്ക്കായി ആത്മാവ് നല്കുന്ന ദാനങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ; (iv) സുവിശേഷം അറിയിക്കാനും ലോകത്തെ സുന്ദരമാക്കുവാനുമുള്ള ഉദ്യമത്തിനുള്ള പങ്കാളിത്ത സ്വഭാവമുള്ള മാർഗങ്ങൾ കണ്ടെത്താൻ; (v) ഉത്തരവാദിത്വവും അധികാരവും സഭയിൽ എങ്ങനെ അഭ്യസിക്കുന്നു എന്നു കണ്ടെത്താൻ; (vi) സമൂഹത്തിലെ വിവിധ ശുശ്രൂഷകളിൽ ഇടപെടുന്നതിൽ സഭയെ വിശ്വസിക്കാവുന്ന ഒരു പങ്കാളിയായി എങ്ങനെ മാറ്റാൻ സാധിക്കും എന്നതു കണ്ടെത്താൻ; (vii) ഇതര ക്രൈസ്തവ അക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഉള്ള ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ; (viii) സമീപകാലത്തുണ്ടായ സിനഡാത്മക അനുഭവങ്ങളിൽ നിന്നുണ്ടായ ഫലങ്ങൾ എങ്ങനെ സഭയുടെ വിവിധ തലങ്ങളിൽ പ്രകാശിതമായെന്നുള്ളതു കണ്ടെത്താൻ.

ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാകുന്നതിനു ഇന്നത്തെ ലോകത്തിൻറെ പശ്ചാത്തലവും സഭയുടെതന്നെ പശ്ചാത്തലവും ചുരുക്കത്തിൽ വിവരണ വിഷയമാകുന്നു. ഒരുവശത്ത് കോവിഡ് 19 എന്ന മഹാമാരി നാം എല്ലാവരും ഒരു ആഗോള സമൂഹമാണെന്നുള്ള ബോധത്തിലേക്ക് നമ്മെ ഉയർത്തി. അതേസമയം, ഇക്കാലത്തും അനീതിയും അസമത്വവും ഛിന്നഭിന്നമാക്കപ്പെടലും വർദ്ധിച്ചിട്ടുണ്ട്. സഭയിൽത്തന്നെയും ഉള്ള വിശ്വാസരാഹിത്യത്തിൻറെയും, അഴിമതിയുടെയും വൈദിക മേൽക്കോയ്മയുടെയും അതുവഴിയായി ഉണ്ടായ ലൈംഗിക ചൂഷണത്തിൻറെയും ഒക്കെ പുഴുക്കുത്തുകൾ മറച്ചു വയ്ക്കാനാവില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ആത്മാവ് നമ്മിൽ അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും പുത്തൻ ഉണർവിന്റെയും വിത്തുകൾ നമ്മിൽ വിതയ്ക്കുന്നുണ്ട്.

ഈ പരിവർത്തന പ്രക്രിയയിൽ നിന്നു ആരെയും ഒഴിച്ചുനിറുത്താനാവില്ല; എല്ലാവരുടെയും സജീവ പങ്കാളിത്തം അതിനു ആവശ്യമാണ്. അത്മായർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവജനങ്ങൾക്കും, സഭയുടെ ദൗത്യത്തിൽ കൂടുതൽ പങ്കാളിത്തം ലഭിക്കാനുള്ള മുറവിളിയും ഇന്നു കേൾക്കുന്നുണ്ട്. അതിൽ ചിലതൊക്കെ സാധ്യമായിട്ടും ഉണ്ട്. ഈ അടുത്ത കാലത്ത് അല്മായ അധ്യാപകരുടെ ശുശ്രൂഷയുടെ സ്ഥാപനവും (Lay Catechsits), സ്ത്രീകൾക്ക് വായനാ ശുശ്രൂഷകരും (Lecotrs) അൾത്താരശുശ്രൂഷകരും (Acolytes) ആകാനുമുള്ള സാധ്യതകൾ തുറന്നുകൊടുത്തതും ഈ വിധത്തിലുള്ള കാൽവയ്പ്പുകളാണ്. മാത്രമല്ല 2020 ആഗസ്റ്റിൽ വത്തിക്കാന്റെ സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിൽ മാർപ്പാപ്പാ ആറ് സ്ത്രീകളെ നിയോഗിച്ചതും, മെത്രാന്മാരുടെ സിനഡിന്റെ വോട്ടവകാശമുള്ള അണ്ടർ സെക്രട്ടറിയായി സിസ്റ്റർ നത്താലി ബെക്കാർട്ടിനെ നിയമിച്ചതും ഒക്കെ ഈ ദിശയിലുള്ള നീക്കങ്ങളാണ്.

**ദൈവശാസ്ത്ര അടിസ്ഥാനം**

ഘടനാപരമായിത്തന്നെ സഭ സിനഡാത്മകമാണെന്ന് ഒരുക്കരേഖ നിരീക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടുകളിൽ സഭാഗാത്രത്തിൽ വിഭ

www.malankaralibrary.com

ജനങ്ങൾ ഉണ്ടായപ്പോൾ സഭാ പിതാക്കന്മാർ ഉയർത്തിക്കാട്ടിയത് ലോകം മുഴുവൻ ചിതറിക്കിടക്കുന്ന സഭകളുടെ കൂട്ടായ്മ ആണ്. വിശുദ്ധ അഗസ്റ്റിൻ അതിനെ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തിലെ പൊരുത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. ആകയാൽ 'സഭയെന്നതും സിനഡെന്നതും പര്യായങ്ങളാണെന്നു' പറയാൻ വിശുദ്ധ ജോൺ ക്രിസോസ്റ്റോമിനു സാധിച്ചു. അക്കാരണത്താലാണ് വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനം നടത്തേണ്ടിവന്നപ്പോൾ സഭ മുഴുവൻറെയും വിശ്വാസം അറിയാനായി മാർപ്പാപ്പാമാർ മെത്രാന്മാരുടെ അഭിപ്രായം തേടുകയുണ്ടായത്. അതുവഴി മാർപ്പാപ്പാമാർ ദൈവജനം മുഴുവന്റെയും വിശ്വാസബോധത്തെ (Senuss Fidei) ആധാരമായി സ്വീകരിക്കുകയായിരുന്നു; കാരണം 'വിശ്വസിക്കേണ്ട കാര്യത്തിൽ അവർക്ക് അപ്രമാദിത്വം ഉണ്ട്' (EG. J 119). Senuss fidei (വിശ്വാസബോധം) എന്നുപറഞ്ഞാൽ, വിശ്വാസികളുടെ, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ, 'ആന്തരീകശബ്ദം' അഥവാ 'പൊതുമനസ്സാക്ഷി' എന്നതാണ്. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉള്ളതിനാൽ ദൈവജനത്തിന് ഒന്നടങ്കം തെറ്റുപറ്റുവാൻ സാധിക്കുകയില്ല എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ തന്നെ പഠിപ്പിച്ചു (LG, J.12 കാണുക). അതിനാൽ സഭ മുഴുവന്റെയും വിശ്വാസത്തിന്റെ ആധികാരികതയുള്ള കാവൽക്കാരും വ്യാഖ്യാതാക്കളും ആയി ദൈവം നിയോഗിച്ച ഇടയന്മാർ തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള അജഗണത്തെ ശ്രവിക്കുന്നതിൽ ഭയപ്പെടരുത് എന്നു ഒരുക്കരേഖ നിർദ്ദേശിക്കുന്നു (PD J.14). അതേസമയം, ദൈവജനവുമായി കൂടി ആലോചിക്കുക എന്നുപറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യ സംവിധാനം സഭയ്ക്കുള്ളിൽ അവലംബിക്കുക എന്ന അർത്ഥമില്ല. യഥാർത്ഥത്തിൽ 'സിനഡാത്മകത' എന്നുപറഞ്ഞാൽ നിരന്തരം മുന്നോട്ടു ഗമിക്കുന്ന ഒരുതരം സഹകരണത്തിൻറെ രൂപമാണ്; അതാണ് കൂട്ടായ്മയുടെ ഭാവം. ഒരു ജനാധിപത്യസംവിധാനത്തിൽ തീരുമാനങ്ങൾ എടുക്കുന്നത് ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. ഭൂരിപക്ഷത്തനു തെറ്റിപോകാനും ഇടയുണ്ട്; അപ്രകാരം ഉണ്ടായതായി ചരിത്രം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. **സിനഡാത്മക സമീപനത്തിൽ എല്ലാവരെയും കേൾക്കാൻ ശ്രമിക്കുമ്പോൾ ഒരാളുടെ ശബ്ദമാകാം സത്യത്തോട് കൂടുതൽ ചേർന്നു നില്ക്കുന്നത്; ഈ ആൾ നേതാവ് തന്നെ ആയിരിക്കണം എന്നുമില്ല; അത് ഒരു സാധാരണ അംഗംപോലും ആകാം. ആ ആളുടെ ശബ്ദത്തിനു ഭൂരിപക്ഷത്തിന്റെയും നേതാവിന്റെയും ശബ്ദത്തെക്കാൾ കൂടുതൽ യുക്തി ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവിടെയാണ് നാം തിരിച്ചറിവിനെകുറിച്ച് (discernment) പറയുന്നത്.** ശരിയായ തിരിച്ചറിവ് നടക്കുന്നത് അംഗങ്ങൾക്കു സ്വാർഥലക്ഷ്യങ്ങളും താത്പര്യങ്ങളും ഇല്ലാതെ സമൂഹത്തിൽ / സഭയുടെ പൊതുനന്മ എന്ന ലക്ഷ്യം മുന്നിൽ നില്ക്കുമ്പോഴാണ്. ഇത് നടപ്പാക്കുമ്പോൾ സഭ നിരന്തരം മാനസാന്തരത്തിന്റെ പാതയിൽ സഞ്ചരിക്കുകയും ചെയ്യുന്നു.




ഈ പശ്ചാത്തലത്തിലാണ് പുതിയ നിയമത്തിൽ യേശുതന്നെ തന്റെ പൊതുപ്രവർത്തനത്തിൽ അവലംബിച്ച എല്ലാവരെയും ശ്രവിക്കുക എന്ന തത്ത്വത്തിനും തുടർന്നു അപ്പസ്തോലന്മാർ പിന്തുടർന്ന നിരന്തരമായ മാനസാന്തരത്തിന്റെ മാർഗത്തിനും പ്രസക്തി കൈവരുന്നത്. യേശുവിന്റെ ദൈവരാജ്യപ്രഘോഷണമെന്ന പൊതു പ്രവർത്തനപരിപാടിയിൽ മുഖ്യമായും മൂന്നു കഥാപാത്രങ്ങളാണ് ഉള്ളത്: യേശു, ജനക്കൂട്ടം, അപ്പസ്തോലന്മാർ. ഈ മൂന്നു അഭിനേതാക്കൾ തമ്മിലുള്ള സംവാദം സുവിശേഷങ്ങളിൽ ഉടനീളം ശ്രദ്ധേയമാണ്. എല്ലാവരെയും ശ്രവിക്കുവാൻ യേശു തയ്യാറാകുന്നു. കാനാൻകാരി സ്ത്രീയുടെ എതിർ ന്യായങ്ങൾ

www.malankaralibrary.com

കേൾക്കാനും (മത്താ 15:1228), സമറിയാക്കാരി സ്ത്രീയുമായി സംവദിക്കാനും (യോഹ 4:142), ഔദ്യോഗിക മതം പുറത്തു നിറുത്തിയിരുന്ന ജന്മനാ അന്ധനായവനെ വിശ്വാസത്തിലേക്കു ക്ഷണിക്കാനും (യോഹ 9) യേശു തയ്യാറാകുന്നു. അതായത്, വ്യത്യസ്ഥ ഗണത്തിലും വ്യത്യസ്ഥ പശ്ചാത്തലത്തിലും ഉള്ളവരോട് സംസാരിക്കാനും അവരെ ശ്രവിക്കാനും യേശു തയ്യാറാകുന്നു. അതിനാൽ സിനഡാത്മക കൂടിആലോചനകളിൽ ദരിദ്രനും, ബഹിഷ്കൃതരുമായവരുമായുള്ളവരെയും ശ്രവിക്കാൻ ശ്രദ്ധിക്കണമെന്നും ഒരുക്കരേഖ ആവർത്തിച്ചു നിഷ്കർഷിക്കുന്നു (J.29.30.31).

സഭ നിരന്തരമായി മാനസാന്തരത്തിന്റെ പാത അവലംബിക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കാൻ ഒരുക്കരേഖ അപ്പസ്തോല പ്രവർത്തനത്തിലെ 10ാം അദ്ധ്യായത്തിന്റെ ഒരു വ്യാഖ്യാനം നടത്തുന്നു. അത് വിജാതീയനായ കൊർണേലിയൂസിന്റെയും അതോടൊപ്പം പത്രോസിന്റെതന്നെയും മാനസാന്തരത്തിനു വഴിതെളിക്കുന്നതായി ചിത്രീകരിക്കുന്നു. ഒരുവശത്ത് കൊർണേലിയൂസ് മാനസാന്തരപ്പെട്ട് സഭയുടെ അംഗമായിത്തീരുന്നു. മറുവശത്ത് കൊർണേലിയൂസിനെ സഭയിലേക്കു സ്വീകരിക്കാൻ പത്രോസിനുതന്നെ ഒരു മാനസാന്തരം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനമാണ് രണ്ടുകാര്യങ്ങൾക്കും വഴിതെളിച്ചത്. മാനസാന്തരത്തിന്റെ ദ്വിതല ചലനാത്മകതയാണ് ഇവിടെ പ്രകാശിതമാകുന്നത്. പത്രോസ് തന്നെ മാനസാന്തരപ്പെട്ടെങ്കിലേ പുറത്തുള്ളവരെ അകത്തേക്ക് മാനസാന്തരപ്പെടുത്തികൊണ്ടുവരാൻ സാധിക്കുകയുള്ളൂ. അവിടെയാണ് പ്രേഷിതദൗത്യം നടപ്പാകുന്നത്.



**പ്രേഷിതദൗത്യത്തിനുള്ള കൂട്ടുത്തരവാദിത്വം**

പ്രേഷിതദൗത്യം എന്നതു അഭിഷിക്തരായി സഭാ ശുശ്രൂഷയിൽ ആയിരിക്കുന്നവരുടേതുമാത്രമല്ല എന്നു കൗൺസിൽതന്നെ പഠിപ്പിക്കുന്നുണ്ട്: 'സഭയ്ക്ക് ലോകത്തിലുള്ള രക്ഷാദൗത്യം മുഴുവൻ സ്വന്തം തോളിൽ വഹിക്കാനല്ല ക്രിസ്തു തങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നത് എന്ന പരമാർത്ഥതയും മെത്രാന്മാർക്ക് അജ്ഞാതമല്ല' (LG, 30). ഇതു മനസ്സിലാക്കിയിട്ടാണ് ഒരുക്കരേഖയുടെ 30ാം ഖണ്ഡികയിൽ അവതരിപ്പിക്കപ്പെടുന്ന പത്ത് പ്രമേയപരമായ മൂലബിന്ദുക്കളിൽ 5ാമത്തേത്, 'സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിത ദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത' എന്നുപറയുന്നത്. ഇവിടെ തുടർന്നു ഇപ്രകാരം ചോദിക്കുന്നു: 'നമ്മൾ എല്ലാവരും പ്രേഷിത ഭാവമുള്ള ശിഷ്യരായിരിക്കയാൽ (missionary disciplse) എങ്ങനെയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിൽ മുഖ്യകഥാപാത്രമായിരിക്കുന്നത്? പൊതുസമൂഹത്തിൽ ശുശ്രൂഷയിലായിരിക്കുന്നവരെ ക്രൈസ്തവ സമൂഹം എങ്ങനെയാണ് പിന്താങ്ങുന്നത്? (വിവിധ രീതികളിൽ സമൂഹത്തിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്നവരെ: സാമൂഹ്യരാഷ്ട്രീയ രംഗത്ത്, ശാസ്ത്രീയ ഗവേഷണ അധ്യാപന രംഗത്ത്, സാമൂഹ്യ നീതി ഉറപ്പാക്കുന്ന വേദിയിൽ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നിടത്ത്, നമ്മുടെ പൊതുഭവനത്തെകുറിച്ചുള്ള കരുതലിന്റെ ഇടങ്ങളിൽ).

**സിനഡാത്മക പ്രവൃത്തിപദത്തിൽ**

ഈ സിനഡിന്റെ പ്രാദേശിക തലത്തിലുള്ള സഞ്ചാരപദത്തിൽ ദൈവജനവുമായി കൂടിയാലോചന നടത്താനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുമ്പോൾ ഒരുക്കരേഖയിൽ ധാരാളം ചോദ്യങ്ങൾ ഉൾചേർത്തിരിക്കുന്നു. പ്രസ്തുത ചോദ്യങ്ങൾ പല സത്യങ്ങളും കണ്ടെത്തുവാനുള്ള മാർഗങ്ങളായി മാറുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ ഇക്കാര്യത്തിനു സഹായകമായി അവതരിപ്പിച്ചിരിക്കുന്നു. സഞ്ചാരത്തിലെ സഹകാരികളെ നിർണയിക്കുന്നത്, ശ്രവണം, തുറന്നു പറച്ചിൽ, ആരാധനാക്രമത്തിലൂടെയുള്ള ആചരണം, സഭയിലും സമൂഹത്തിലും നടക്കേണ്ട സംവാദം, ഇതരസഭാസമൂഹങ്ങളുമായുള്ള സംവാദം, അധികാരവും പങ്കാളിത്തവും, തിരിച്ചറിയലും തീരുമാനം എടുക്കലും. ഒരുമിച്ചുള്ള സഞ്ചാരത്തിൽ നമ്മെത്തന്നെ രൂപീകരിക്കുന്നത്, എന്നിവയാണവ.

www.malankaralibrary.com

ഇവയെല്ലാം വഴിയായി സഭയിൽ നടക്കേണ്ടത് എന്താണെന്നു ഒരുക്കരേഖ അവസാനമായി പറയുന്നു: 'ഈ ആലോചന പ്രക്രിയയുടെ ലക്ഷ്യം രേഖകൾ പുറപ്പെടുവിക്കുകയല്ല പ്രത്യുത, സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കാനും, പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും, വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കാനും, മുറിവുകൾ വച്ചുകെട്ടാനും, ബന്ധങ്ങൾ ഒരുമിച്ച് തുന്നിചേർക്കാനും, പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും, മറ്റൊരുവനിൽനിന്നും പരസ്പരവും പഠിക്കാനും, മനസ്സുകളെ ഉദ്ദീപ്തമാക്കുന്ന ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന, നമ്മുടെ കരങ്ങൾക്കു ശക്തി പകരുന്ന, പ്രദീപ്തമായ ഒരു വിഭവസമ്പന്നത സൃഷ്ടിക്കാനുംവേണ്ടിയാണിത്' (PD J.32).

**സിനഡാത്മക പ്രക്രിയയുടെ കാലിക പ്രസക്തി**

വളരെ സുന്ദരമായ ഒരു സ്വപ്നമാണ് ഈ സിനഡാത്മക പ്രക്രിയയിലൂടെ ഫ്രാൻസിസ് പാപ്പാ സഫലമാക്കാൻ ശ്രമിക്കുന്നത്. സിനഡാത്മകത എന്ന സിദ്ധാന്തത്തിലൂടെ പാപ്പാ സഭയുടെ സ്വഭാവത്തെ വിശുദ്ധ ലിഖിതത്തിന്റെയും വിശുദ്ധ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ പുനർനിർണയിക്കാൻ ശ്രമിക്കുന്നു. ജനത്തിന്റെ വിശ്വാസബോധം പൂർണമായും കണക്കിലെടുക്കുന്നു എന്ന സവിശേഷത ഇതിനുണ്ട്. **കഴിഞ്ഞ 50 വർഷമായി മെത്രാന്മാരുടെ 15 സാധാരണ സിനഡുകൾ നടന്നിട്ടുണ്ടെങ്കിലും ഇതുപോലൊരു പ്രക്രിയ ഉണ്ടായിട്ടില്ല. ഒരുക്കരേഖകൾ (lineamenta) ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത്രയും വ്യവസ്ഥാപിതവും വിശാലവുമായ രീതിയിൽ അതു നടന്നിട്ടില്ല.** ഇതിൽ ഒരു ജനാധിപത്യപരമായ രീതിയുണ്ട്, എന്നാൽ ഇത് മുകളിൽ പറഞ്ഞപോലെ സാധാരണയുള്ള ജനാധിപത്യപ്രക്രിയപോലെയല്ല. അതിനും അപ്പുറമാണിത്. വൈദിക, പുരുഷ മേധാവിത്വപരമായ സമീപനങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഉണ്ടിവിടെ. സ്ത്രീകൾക്കും, തിരസ്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും ഒക്കെ സഭയുടെ സിനഡാത്മക സഞ്ചാരത്തിൽ യുക്തമായ സ്ഥാനം കൊടുക്കാനുള്ള വ്യഗ്രത ഇവിടെ കാണാനാകും. സുതാര്യതയുടെയും കൂട്ടുത്തരവാദിത്വത്തിൻറെയും പാതയിലൂടെ സഞ്ചരിക്കാനാണ് ഇവിടത്തെ ക്ഷണം.

കാനോനികമായി ഇപ്പോൾ ത്തന്നെയുള്ള ഘടനാപരമായ സ്ഥാപനങ്ങൾക്ക് (രൂപതാ അജപാലനസമിതി, രൂപതാ സാമ്പത്തിക സമിതി, ഇടവക അജപാലനസമിതി എന്നിവ) വർദ്ധിതമായ സ്ഥാനവും ശക്തിയും പകരാൻ പോരുന്ന കാഴ്ചപ്പാടുകളാണ് ഈ പ്രക്രിയയിൽ ഉള്ളത്. മുറിവുണക്കലിൻറെ ഭാഗമായി സഭകളെ അലട്ടുന്ന ഗൗരവമേറിയ തെറ്റുകളെ അംഗീകരിക്കാനും അവയെ പശ്ചാതാപത്തിൻറെ വഴികളിലൂടെ പരിഹരിക്കാനുമുള്ള ക്ഷണം ഈ സിനഡാത്മക പ്രക്രിയയിൽ അന്തർലീനമാണ്. ഇവയെല്ലാം നാം ഇന്നു ജീവിക്കുന്ന സമൂഹത്തിൻറെ പശ്ചാത്തലത്തിലും സഭയുടെ തന്നെയും പശ്ചാത്തലത്തിലും സഭ നിരന്തരം പരിഷ്കരണത്തിന്റെ പാതിയലായിരിക്കുന്നു എന്ന സത്യത്തിന്റെ അടിസ്ഥാനത്തിലും അനിവാര്യമായവയാണ്. ഈ പ്രക്രിയ സഭയ്ക്ക് തീർച്ചയായും ദൈവാത്മാവിൻറെ പ്രചോദനത്താലും കൃപയാലും അനുഗ്രഹീതമായിത്തീരും.



www.malankaralibrary.com

# മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ആശയക്കുഴപ്പങ്ങൾക്ക് അന്ത്യമുണ്ടാകണം


**ഫാ. ജേക്കബ് പാലക്കാപ്പിള്ളി**
*ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി*



**ക**ഴിഞ്ഞ കുറെ വർഷങ്ങൾക്കിടയിൽ പലപ്പോഴായി ഉയർന്നുവരികയും ചൂടേറിയ ചർച്ചകൾക്ക് കാരണമാവുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് മുല്ലപ്പെരിയാർ ഡാം. കൂടുതൽ ശക്തമായ രീതിയിൽ ഈ ദിവസങ്ങളിൽ വീണ്ടും ഒരിക്കൽക്കൂടി ഈ വിഷയം സംബന്ധിച്ച ചർച്ചകൾ നടക്കുന്നു. ഒരു ചാരിറ്റബിൾ ട്രസ്റ്റും ഒരു വ്യക്തിയും സമർപ്പിച്ച ഹർജികൾ പരിഗണിച്ചാണ് ഏറ്റവും ഒടുവിൽ സുപ്രീംകോടതി ഈ വിഷയത്തിൽ ഇടപെട്ടിരിക്കുന്നത്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പതിവായി പുലർത്തിവരുന്ന നിഷ്ക്രിയത്വമാണ് കേരള സമൂഹത്തെ കൂടുതൽ ആശങ്കപ്പെടുത്തുന്നത്.

126 വർഷം പഴക്കമുള്ളതും നിരവധി റിപ്പോർട്ടുകൾ പ്രകാരം അപകടകരമായ സാഹചര്യത്തിൽ നിലനിൽക്കുന്നതുമായ മുല്ലപ്പെരിയാർ അണക്കെട്ട് പുതുക്കി പണിയണമെന്ന് തന്നെയാണ് കേരളത്തിന്റെ നിലപാട് എന്ന് കഴിഞ്ഞ ദിവസവും ബഹു. മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ നാൽപ്പത് വർഷമായി തുടരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളിലും വ്യവഹാരങ്ങളിലും ഇന്നോളവും ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ കേരളസർക്കാരിന് കഴിഞ്ഞിട്ടില്ല. പൂർണ്ണമായും കേരളത്തിന്റെ ഭൂപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു അണക്കെട്ട് കരാർ പ്രകാരം അന്യസംസ്ഥാനത്തിന് ഉപയോഗിക്കാൻ വിട്ടു നൽകിയിരിക്കുന്നു എങ്കിലും, കേരളത്തെയും കേരളജനതയെയും പ്രത്യക്ഷമായിത്തന്നെ ബാധിക്കുന്ന വിഷയമായതിനാൽ ഡാമിന്റെ കാര്യത്തിൽ കേരളത്തിന് ഉത്തരവാദിത്തമില്ലാതാകുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ടിനായി നിയമ പോരാട്ടം നടത്തിവരുന്നതിൽ പ്രമുഖനായ അഡ്വ. റസൽ ജോയി ഉന്നയിക്കുന്ന ആശയങ്ങളിൽ പ്രധാനമായ ഒന്ന്, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പൂർണ്ണ അധികാരം കേരളത്തിനാണ് എന്നുള്ളതാണ്. ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിലും, ഡാമിന് എന്തെങ്കിലും സംഭവിച്ചാൽ കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും നാശമുണ്ടാകും എന്നതിനാലും ആ ഡാമിന് മേലുള്ള കേരളത്തിന്റെ അവകാശത്തെ പൂർണ്ണമായി നിരാകരിക്കാൻ ലോകത്ത് ഒരു കോടതിക്കും കഴിയില്ല.

ഇപ്പോഴുള്ള ഡാമിൽനിന്ന് 500 മീറ്റർ മാറി പുതിയ ഡാം നിർമ്മിക്കാവുന്നതാണ് എന്ന് ജിയോളജിക്കൽ കമ്മീഷൻ ഓഫ് ഇന്ത്യ 2010ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ കേരളസർക്കാർ ഇനിയും ശ്രമിച്ചിട്ടുള്ളതായി അറിവില്ല. 2014ലെ സുപ്രീം കോടതി വിധിയനുസരിച്ച് അടിയന്തിര ശ്രദ്ധ ആവശ്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങളിൽ തമിഴ്നാട് സർക്കാർ യാതൊരു നടപടിയും ഇന്നോളം സ്വീകരിച്ചിട്ടില്ല. അത്യാവശ്യമായ അറ്റകുറ്റപ്പണികൾ ഉടനടി പൂർത്തിയാക്കണം, ഭൂകമ്പ സാദ്ധ്യതകൾ മനസിലാക്കാൻ




www.malankaralibrary.com

ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കണം, അണക്കെട്ടിന്റെ ചുവട്ടിൽ അരിച്ചിറങ്ങുന്ന വെള്ളത്തിന്റെ അളവ് നിരീക്ഷിക്കുകയും അതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുകയും വേണം, അടിയന്തിര ഘട്ടത്തിൽ വെള്ളം തുറന്നുവിടാൻ അമ്പത് അടി ഉയരത്തിൽ ടണലുകൾ നിർമ്മിക്കണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് അന്ന് സുപ്രീംകോടതി നൽകിയിരുന്നത്. അത്തരം വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത കേരളസർക്കാരിനുണ്ടായിരുന്നു. എന്നാൽ ഗൗരവതരമായ അലംഭാവമാണ് അവിടെയും സംഭവിച്ചത്.

കേരളത്തിന്റെ സുരക്ഷിതത്വം പോലെതന്നെ തമിഴ്നാടിന്റെ ആവശ്യവും പ്രധാനപ്പെട്ടത് തന്നെയാണ്. മുല്ലപ്പെരിയാർ ഡാമിൽനിന്നുള്ള വെള്ളം തമിഴ്നാട്ടിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ജീവനു തുല്യമാണ്. അവരുടെ ജീവിതവും ഉപജീവനമാർഗ്ഗങ്ങളും മുല്ലപ്പെരിയാർ ഡാമിൽനിന്നുള്ള വെള്ളത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതിനാൽ തമിഴ്നാട്ടിലെ ജനലക്ഷങ്ങളുടെ കാര്യത്തിൽ തുടർന്നും കേരളം കരുതൽ കാണിക്കേണ്ടതുണ്ട്. എന്നാൽ, ലോകത്തിലേക്കും വച്ച് ഏറ്റവും കൂടിയ അപകട സാധ്യതയിലായിരിക്കുന്ന ഒരു ഡാമിന്റെ ഡീകമ്മീഷനിംഗ് അക്കാരണംകൊണ്ട് വൈകിപ്പിക്കാനും പാടില്ല. സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും പുതിയ ഡാം നിർമ്മിക്കുന്ന കാര്യത്തിൽ വ്യക്തമായ നടപടികൾ ഉടനടി സ്വീകരിക്കുകയാണ് ആവശ്യം. കേരളത്തിന്റെ ആശങ്ക അറിയിച്ചുകൊണ്ട് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരിക്കുന്നത് അഭിനന്ദനാർഹമായ നടപടിയാണ്. എന്നാൽ, ശാശ്വതമായ ഒരു പരിഹാരത്തിലേയ്ക്ക് ചർച്ചകൾ എത്തിച്ചേരുകയും വേണം.

സോഷ്യൽമീഡിയയിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നവരും മുഖ്യധാരാമാധ്യമങ്ങളും കൂടുതൽ ഉത്തരവാദിത്തത്തോടെയും ക്രിയാത്മകമായും ഇടപെടലുകൾ നടത്താൻ ശ്രമിക്കേണ്ടതുണ്ട്. കേരളസമൂഹത്തെ മുഴുവൻ പരിഭ്രാന്തരാക്കുന്ന വിധത്തിൽ പ്രചരണങ്ങൾ നടത്തുന്നത്




www.malankaralibrary.com

ഒഴിവാക്കപ്പെടേണ്ടതാണ്. ഇത്തരം വിഷയങ്ങൾ വിവേകത്തോടെയും നയപരമായും കൈകാര്യം ചെയ്യപ്പെടേണ്ടതും യഥാസമയം ശരിയായ പരിഹാരം ഉണ്ടാകേണ്ടതുമാണ്. വൈകാരികമായ ആശയ പ്രചാരണങ്ങൾ കലാപത്തിലേയ്ക്ക് എത്തിച്ചേർന്ന മുന്നനുഭവങ്ങൾ പലതുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ തന്നെ പത്തുവർഷം മുമ്പ് കേരളസമൂഹത്തിനും തമിഴ് ജനതയ്ക്കും ഇടയിൽ രൂക്ഷമായ കലഹങ്ങൾ ഉണ്ടായിട്ടുള്ളത് ആരും മറന്നുകാണാൻ ഇടയില്ല. ഇപ്പോഴത്തെ ചർച്ചകൾ അത്തരം പ്രവണതകളിലേയ്ക്ക് വഴിമാറിയാൽ ഇരുസംസ്ഥാനങ്ങളിലേയ്ക്കും പരസ്പരം കുടിയേറിയിരിക്കുന്ന പതിനായിരക്കണക്കിന് പേരുടെ സുരക്ഷിതത്വത്തെ തന്നെ ബാധിച്ചേക്കും.

ചില റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാകുന്നതനുസരിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ പഴക്കത്തെക്കാൾ കൂടുതൽ ഗുരുതരമായ വിഷയം ആ പ്രദേശത്ത് നിലനിൽക്കുന്ന ഭൂകമ്പ സാധ്യതയാണ്. വിവിധ വർഷങ്ങളിലായി കാര്യമായ രീതിയിലുള്ള ബലപ്പെടുത്തൽ പ്രവൃത്തികൾ നടന്നിട്ടുള്ളതിനാലും അതൊരു 'ഗ്രാവിറ്റി ഡാം' ആയതിനാലും പലരും ഭാവനയിൽ കാണുന്നതുപോലുള്ള ഒരു തകർച്ച ഉണ്ടാവാനിടയില്ല എന്നതാണ് വാസ്തവം. എന്നാൽ, ഭൂകമ്പസാധ്യത ഉള്ളതിനാൽ നിലവിലുള്ള ബലക്ഷയത്തെ അതീവ ഗൗരവത്തോടെ കാണുക തന്നെ വേണം. 1979ൽ ഗുജറാത്തിലെ മച്ചു ഡാം തകർന്ന് ആയിരക്കണക്കിന് ആൾക്കാർ മരിക്കാനിടയായ സംഭവത്തെ തുടർന്നാണ് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക വർദ്ധിച്ചത്. അതുപോലൊരു ദുരന്തം ഇവിടെയും ആവർത്തിക്കുമോ എന്നുള്ള സാധാരണക്കാരുടെ ആശങ്കയെ ചെറുതായിക്കാണാൻ കഴിയില്ല.

മുല്ലപ്പെരിയാർ ഡാം പുതുക്കി പണിയപ്പെടണം എന്ന ആവശ്യം യാതൊരു വിട്ടുവീഴ്ചയും കൂടാതെ മുന്നോട്ടുവയ്ക്കുന്നതോടൊപ്പം സാധാരണ ജനങ്ങളെ പരിഭ്രാന്തരാക്കുന്ന പ്രവണത മാധ്യമങ്ങൾ അവസാനിപ്പിക്കുകയും വേണം. ഡാമിനെക്കുറിച്ച് ആശങ്ക വേണ്ട എന്ന് ജനങ്ങളെ അറിയിച്ച മുഖ്യമന്ത്രി ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന ഭീതിക്ക് ശമനമുണ്ടാകാൻ വേണ്ട ശരിയായ നടപടികൾ സ്വീകരിക്കണം. മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാർ ശക്തമായി ഇടപെടുന്നു എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന പക്ഷം അവരുടെ ആശങ്കകൾ അവസാനിക്കും എന്നത് തീർച്ചയാണ്.

കേരളം ഇതിനകം ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്ന നിലപാടുകളും പ്രായോഗിക നടപടികളും സംബന്ധിച്ച വിവരങ്ങൾ അസ്വസ്ഥതാജനകമാണ്. തമിഴ്നാട്ടിലെ ജലലഭ്യതയുമായി ബന്ധപ്പെട്ട് മുല്ലപ്പെരിയാർ ഡാം നിലനിൽക്കണമെന്ന് ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്ന തമിഴ്നാട് സർക്കാർ ആ ലക്ഷ്യത്തിനായി മാത്രം നിരവധി ഉദ്യോഗസ്ഥരെ വിന്യസിക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്യുമ്പോൾ, കേരളത്തിലെ പതിനായിരക്കണക്കിന് ജനങ്ങളുടെ സുരക്ഷിതത്വത്തിന്റെ വിഷയമായിട്ടുപോലും ഇക്കാര്യത്തിന് കേരളത്തിൽ ഒരു ഓഫീസ് പോലുമില്ല എന്നതാണ് യാഥാർത്ഥ്യം! ഇതുവരെ ഇപ്രകാരമായിരുന്നെങ്കിൽ തന്നെയും, തുടർന്നെങ്കിലും കേരളസർക്കാർ ഈ വിഷയത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കുമെന്ന് കരുതാം. രാഷ്ട്രീയമായും സാമൂഹികമായും വളരെ അനുകൂലമായ ഈ സാഹചര്യത്തിൽ തമിഴ്നാട് സർക്കാരുമായി കൂടിയാലോചനകൾ നടത്തി അടിയന്തിര സ്വഭാവത്തോടെ ഡാം പുതുക്കിപ്പണിയൽ നടപടികളുമായി മുന്നോട്ടുപോവുകയാണ് കേരളജനതയുടെ ആവശ്യം.



www.malankaralibrary.com



# പാപ്പായും ഇന്ത്യയുടെ പ്രധാനമന്ത്രിയും തമ്മിലൊരു നേർക്കാഴ്ച



ശനിയാഴ്ച (30/10/21) രാവിലെ പ്രാദേശിക സമയം 8.25-ന്, ഇന്ത്യൻ സമയം 11.55 -ന് മാർപാപ്പ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വത്തിക്കാനിൽ സ്വീകരിച്ചു. ഇരുവരും തമ്മിലുള്ള സ്വകാര്യ സംഭാഷണം ഏതാണ്ട് ഒരു മണിക്കൂർ ദീർഘിച്ചു. പരിശുദ്ധ സിംഹാസനവും ഇന്ത്യയും തമ്മിലുള്ള സൗഹാർദ്ദ ബന്ധങ്ങളെക്കുറിച്ചായിരുന്നു ഇരുവരും സംസാരിച്ചതെന്ന് ഈ കൂടിക്കാഴ്ചയെ അധികരിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ വാർത്താ വിതരണ കാര്യാലയം പ്രസ്സ് ഓഫീസ് പുറപ്പെടുവിച്ച പത്രക്കുറിപ്പ് വെളിപ്പെടുത്തി.

ഇന്ത്യ സന്ദർശിക്കുന്നതിന് മാർപ്പാപ്പായെ പ്രധാനമന്ത്രി മോദി ക്ഷണിക്കുകയും ചെയ്തു. കൂടിക്കാഴ്ചയുടെ അവസാനം പാപ്പായും പ്രധാനമന്ത്രിയും സമ്മാനങ്ങൾ കൈമാറി. പ്രധാനമന്ത്രി മോദി പാപ്പായ്ക്ക് ഒരു വെള്ളി മെഴുകുതിരിക്കാലും, പരിസ്ഥിതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഒരു രേഖയും സമ്മാനിച്ചു. പാപ്പാ "മരുഭൂമി ഒരു പൂന്തോട്ടമാകും" എന്ന് ആലേഖനം ചെയ്ത വെങ്കല ഫലകവും, പാപ്പാമാരുടെ പ്രബോധനങ്ങളടങ്ങിയ രേഖയുടെ പ്രതിയും, പാപ്പായുടെ ഇക്കൊല്ലത്തെ സമാധാന സന്ദേശവും മാനവസാഹോദര്യ രേഖയും സമ്മാനിച്ചു.

പാപ്പായുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി വത്തിക്കാൻ സംസ്ഥാന കാര്യദർശി കർദ്ദിനാൾ പീയെത്രൊ പരോളിനും വത്തിക്കാൻ വിദേശകാര്യാലയത്തിന്റെ കാര്യദർശി ആർച്ചുബിഷപ്പ് പോൾ റിച്ചാർഡ് ഗാല്ലഗെറുമായി കൂടികാഴ്ച നടത്തി.

ഇന്ത്യയുൾപ്പടെ19 രാജ്യങ്ങളും യൂറോപ്യൻ സമിതിയും അംഗങ്ങളായുള്ളതും 1999-ൽ രൂപം കൊണ്ടതുമായ ജി20 (G20) ഈ 30-31 തീയതികളിൽ (3031/10/21) റോമിൽ ചേർന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ വേളയിലാണ് പ്രധാനമന്ത്രി മോദി വത്തിക്കാനിൽ പാപ്പായുമായി കൂടിക്കാഴ്ച നടത്തിയത്.

ഫ്രാൻസിസ് മാർപാപ്പയുമായുള്ള കൂടിക്കാഴ്ച വളരെ ഊഷ്മളമായിരുന്നുവെന്നും പാപ്പായുമായി നിരവധി വിഷയങ്ങൾ ചർച്ച ചെയ്യാൻ തനിക്ക് അവസരം ലഭിച്ചുവെന്നും ഇന്ത്യ സന്ദർശിക്കാൻ പാപ്പായെ താൻ ക്ഷണിച്ചുവെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ടിറ്ററിൽ കുറിച്ചു.

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി 2000 ജൂൺ മാസത്തിൽ വത്തിക്കാനിലെത്തി വിശുദ്ധ ജോൺ പോൾ രണ്ടാം മാർപ്പാപ്പായുമായി കൂടിക്കാഴ്ച നടത്തിയതിനു ശേഷം ഇത് ആദ്യമായിട്ടാണ് ഇന്ത്യയുടെ ഒരു പ്രധാനമന്ത്രി പാപ്പായെ സന്ദർശിച്ചത്. 1964-ൽ ബോംബെയിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുക്കുന്നതിന് വിശുദ്ധ പോൾ ആറാമൻ പാപ്പാ ഭാരതമണ്ണിൽ എത്തിയിരുന്നു. 1986-ൽ വിശുദ്ധ ജോൺ പോൾ

www.malankaralibrary.com


രണ്ടാം മാർപ്പാപ്പാ ഇന്ത്യ സന്ദർശിച്ചിരുന്നു. തദ്ദവസരത്തിൽ പാപ്പാ കേരളത്തിലും എത്തിയിരുന്നു.

ഫ്രാൻസീസ് പാപ്പായും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിൽ നടന്ന കൂടിക്കാഴ്ചയിൽ ദ്വിഭാഷി ആയിരുന്നത് വത്തിക്കാന്റെ മാദ്ധ്യമ വിഭാഗത്തിൽ, വത്തിക്കാൻ റേഡിയോയിൽ ഇന്ത്യാവിഭാഗത്തിന്റെ ചുമതലുള്ള ഈശോസഭാംഗമായ വൈദികൻ സഞ്ചയ് ദിലീപ് എക്കാ ആയിരുന്നു.(30/10/2021)

**ഭൂമി നേരിടുന്ന നാശനഷ്ടങ്ങൾ നമ്മുടെ ജീവനും അപകടകരം: ഫ്രാൻസിസ് പാപ്പാ**

*മോൺസിഞ്ഞോർ ജോജി വടകര, വത്തിക്കാൻ സിറ്റി*

റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ സർവ്വകലാശാലയിൽ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണത്തിൽ, നമ്മുടെ നിലനിൽപ്പും ഭൂമിയുടെ സന്തുലിതാവസ്ഥയും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നതെന്നും, ഉത്തരവാദിത്വപരമായ പ്രവർത്തങ്ങളിലൂടെ വേണം പ്രകൃതിയിലെ പ്രതിസന്ധികൾ നേരിടാനെന്നും പാപ്പാ ഓർമ്മിപ്പിച്ചു.

കോൺസ്റ്റാന്റിനോപ്പിളിന്റെ പാത്രിയർക്കാ ബർത്തലോമെയോ, വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവയ്ക്കായുള്ള ഐക്യരാഷ്ട്രസഭയുടെ ഘടകം യുണെസ്കോയുടെ അധ്യക്ഷ ഓദ്രെ അസുലെ (Audrey Azoulay) എന്നിവരുടെ സാന്നിധ്യത്തിൽ വച്ച് ലാറ്ററൻ സർവ്വകലാശാലയിൽ നടത്തിയ പ്രഭാഷണത്തിൽ, നാം ഭൂമിക്ക് ഏൽപ്പിക്കുന്ന നാശനഷ്ടങ്ങൾ, കാലാവസ്ഥാവ്യതിയാനത്തിനോ പ്രതിസന്ധിക്കോ, മണ്ണിന്റെയും ജലത്തിന്റെയും മാലിന്യവത്ക്കരണത്തിനോ മാത്രമല്ല, മറിച്ച് ഭൂമിയിലെ ജീവന് തന്നെ ഭീഷണിയാണെന്ന് പാപ്പാ താക്കീത് നൽകി. ലൗദാത്തോ സി എന്ന തന്റെ ചാക്രികലേഖനം രചിക്കുന്നതിൽ കോൺസ്റാന്റിനോപ്പോളിലെ സഭയിൽനിന്ന് വന്ന പ്രചോദനം വലുതായിരുന്നു എന്ന് സൂചിപ്പിച്ച പാപ്പാ, ലാറ്ററൻ സർവ്വകലാശാലയിൽ നടക്കുന്ന, പരിതഃസ്ഥിതവിജ്ഞാനവും പരിസ്ഥിയും എന്ന വിഷയത്തിൽ നടക്കുന്ന വിദ്യാഭ്യാസസംബന്ധിയായ ഈ ചടങ്ങ്, സംരക്ഷിക്കപ്പെടാനും കരുതപ്പെടാനുമുള്ള നമ്മുടെ പൊതുഭവനമായ ഭൂമിയുടെ വിളികേൾക്കാൻ നമ്മെ സഹായിക്കട്ടെ എന്ന് പറഞ്ഞു.

ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവും ധാർമ്മികവുമായ വിചിന്തനങ്ങൾ നൽകുന്ന അറിവിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസത്തിലൂടെ പൂർണ്ണമായ പാരിസ്ഥിതിക മാറ്റത്തെ സാധ്യമാക്കി, പ്രകൃതിയുടെ സൗന്ദര്യം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സാധിക്കണമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

വിദ്യാർഥിസമൂഹത്തെ അഭിസംബോധന ചെയ്യവേ, കാലഘട്ടത്തിന്റെ അടയാളങ്ങളെ എളിമയോടും സ്ഥിരോത്സാഹത്തോടും കൂടി തിരിച്ചറിയാൻ അവരെ പാപ്പാ ആഹ്വാനം ചെയ്തു. ഉപരിപ്ലവമായ മാറ്റങ്ങളിൽ ഒതുങ്ങാതെ, തുറന്ന മനസ്സോടെയും, ത്യാഗമനോഭാവത്തോടെയും കൂടുതൽ പ്രതിബദ്ധതയോടെയുള്ള തിരഞ്ഞെടുപ്പുകൾ നടത്താനും ക്ഷണിച്ചു. കൃത്യതയും വ്യക്തതയും ഉള്ളതും വെല്ലുവിളികൾ ഏറ്റെടുക്കാൻ ആവശ്യപ്പെടുന്നതുമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിന്, ഔദാര്യതയോടെയും മഹാമനസ്കതയോടെയും മൂല്യമുള്ള ജോലിചെയ്തുകൊണ്ട് പ്രത്യുത്തരം നൽകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്നും പാപ്പാ കൂട്ടിച്ചേർത്തു.(vathican news, 7/10/2021)

## കഥകൾ നിറഞ്ഞ് കഥപ്പുര ക്യാപ് ആവേശമായി

കൊച്ചി: കഥകൾ എഴുതാനും കേൾക്കാനും ഇഷ്ടമുള്ളവർക്കായി കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ കഥപ്പുര ക്യാംപ് കൊച്ചി പാലാരിവട്ടം പിഒസിയിൽ ഏകദിന ക്യാംപ് നടന്നു. പ്രഫ.എം തോമസ് മാത്യൂ, തിരക്കഥാകൃത്ത് ജോൺ പോൾ,ഫ്രാൻസിസ് നൊറോണ,രേഖ കെ,ഫാ.ഡോ.ഏബ്രാഹം ഇരിമ്പിനിക്കൽ, ജോർജ്ജ് പുളിക്കൻ, പ്രിൻസ് പാങ്ങാടൻ എന്നിവർ ക്യാംപിന് നേതൃത്വം നല്കി. എഴുത്തുകാരുമായി ഓപ്പൺ സംവാദവും ക്യാംപിൽ ഉണ്ടായിരുന്നു.

www.malankaralibrary.com

# പാപ്പാ ഇന്ത്യയിലേയ്ക്ക് എത്തുമ്പോൾ



ഫാ. വർഗീസ് വള്ളിക്കാട്ട്

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കത്തോലിക്കാസഭയുടെ ആത്മീയ നേതാവും വത്തിക്കാൻ രാഷ്ട്രത്തലവനുമായ ഫ്രാൻസിസ് മാർപാപ്പായും തമ്മിൽ 2021 ഒക്ടോബർ 30 നു വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ചയെ 'ചരിത്രപരം' എന്നാണ് ഇന്ത്യൻ സഭാനേതൃത്വം പൊതുവെ വിശേഷിപ്പിച്ചത്. മഹത്തായ സാംസ്കാരിക പാരമ്പര്യമുള്ള ഇന്ത്യ, ആധുനിക ജനാധിപത്യ രാഷ്ട്രങ്ങളിൽ മനുഷ്യവിഭവശേഷികൊണ്ട് ഒന്നാം സ്ഥാനത്തുനിൽക്കുന്ന രാജ്യമാണ്. ലോക സാമ്പത്തിക ശക്തികളിൽ ഒന്നാം നിരയോടൊപ്പമെത്താൻ കുതിക്കുന്ന ഇന്ത്യ, ബഹുസ്വരതയുടെയും മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും പാതയിലൂടെ, ഏഷ്യയിലെ വേറിട്ട ശക്തിയായി, മുന്നേറിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മാനവിക മൂല്യങ്ങളും ദർശനവും ആധുനിക ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയുടെ യശസ്സുയർത്തുന്ന മുഖ്യഘടകങ്ങളാണ്. നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, ഇന്നത്തെ പ്രമുഖ ലോകനേതാക്കളിൽ ഒരാളാണെന്നത് ഓരോ ഇന്ത്യൻ പൗരനും അഭിമാനപൂർവം നോക്കിക്കാണുന്നു.

ആഗോള കത്തോലിക്കാ സഭയുടെ തലവനായ ഫ്രാൻസിസ് പാപ്പാ, മാനവസഹോദര്യത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന കറയറ്റ മനുഷ്യസ്നേഹിയും പ്രകൃതിസ്നേഹത്തിൽ അസ്സീസിയിലെ വി. ഫ്രാൻസിസിനു തുല്യനുമാണ്. 'നമ്മുടെ പൊതുഭവനമായ ഭൂമി'യെ അമ്മയെപ്പോലെ കരുതി പരിപാലിക്കേണ്ടത്, വരുംതലമുറകളോടുള്ള നമ്മുടെ കടമയാണ് എന്ന് അദ്ദേഹം കരുതുകയും ചൂഷണവിമുക്തമായ ഒരു ലോകക്രമത്തിനുവേണ്ടി എല്ലാവരെയും ചേർത്തുപിടിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. അമിതചൂഷണത്തിന് വിധേയയായിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ കണ്ണീരും കമ്പോളാധിപത്യത്തിൽ ഞെരുങ്ങുന്ന ദരിദ്രരുടെ കണ്ണീരും ഒരുപോലെ മനുഷ്യ മനസ്സാക്ഷിയെ മുറിപ്പെടുത്തുന്നതാണെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. ഭൂമിയിൽ ജീവന്റെ നിലനില്പിനും മനുഷ്യരാശിയുടെ ഭാവിക്കും പ്രകൃതിയോടും ദരിദ്രരോടുമുള്ള കരുതൽ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണെന്ന് അദ്ദേഹം പറഞ്ഞുകൊണ്ടേയിരിക്കുന്നു.



ഇന്ത്യൻ പ്രധാനമന്ത്രിയും പാപ്പായും തമ്മിലുള്ള കൂടിക്കാഴ്ച വത്തിക്കാനും ലോകമാധ്യമങ്ങളും വമ്പിച്ച പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. നിശ്ചയിച്ചതിൽ കൂടുതൽ സമയം നീണ്ട കൂടിക്കാഴ്ചയിൽ ചർച്ചാവിഷയമായ സംഗതികളുടെ വിശദാംശങ്ങൾ ലഭ്യമല്ലെങ്കിലും, പരിസ്ഥിതിമനുഷ്യാവകാശ വിഷയങ്ങളും ജനാധിപത്യമതേതരത്വ നിലപാടുകളുടെ പ്രസക്തിയും മതസ്വാതന്ത്ര്യം പരമപ്രധാനമായി കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും സംഭാഷണവിഷയമായി എന്നാണ് നിരീക്ഷകമതം. കൂടാതെ, ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി മോദി പാപ്പായെ ക്ഷണിക്കുകയും ക്ഷണം പാപ്പാ സ്വീകരിക്കുകയും ചെയ്തു. സന്ദർശനസമയവും സ്ഥലങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വത്തിക്കാനും ന്യൂഡൽഹിയും തമ്മിൽ നടക്കുന്ന ആശയവിനിമയങ്ങളിൽ തീരുമാനിക്കപ്പെടുമെന്നും ഇന്ത്യയിലെ കത്തോലിക്കാ സഭാ നേതൃത്വവുമായി ഇത് സംബന്ധിച്ച കൂടിയാലോചനകൾ നടക്കുമെന്നും കരുതുന്നു.

മാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം, വത്തിക്കാനിലെ കൂടിക്കാഴ്ച കേവലം ഔപചാരികതകൾക്കപ്പുറം ഊഷ്മളവും ഹൃദ്യവും സൗഹൃദപരവുമായിരുന്നു. ഏതൊരു ഇന്ത്യക്കാരനും വിശിഷ്യാ, ക്രൈസ്തവർക്ക് ഏറെ അഭിമാന

www.malankaralibrary.com

വും സന്തോഷവും പ്രത്യാശയും പകരുന്ന നിമിഷങ്ങളായിരുന്നു കൂടിക്കാഴ്ചയുടേത്. ന്യൂഡൽഹിവത്തിക്കാൻ ബന്ധത്തെ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ ഭരണനേതൃത്വത്തിന്റെ ന്യൂനപക്ഷസമൂഹങ്ങളോടുള്ള നയസമീപനങ്ങളിലും മനോഭാവത്തിലും സദ്ഫലങ്ങളുണ്ടാക്കാൻ പര്യാപ്തവുമായി പ്രസ്തുത കൂടിക്കാഴ്ചയും പാപ്പായുടെ സന്ദർശനവും മാറുമെന്ന് പ്രത്യാശിക്കാം.

## പാപ്പാ മോദി കൂടിക്കാഴ്ചയും രാഷ്ട്രീയ ചർച്ചകളും

പാപ്പാ മോദി കൂടിക്കാഴ്ചയെയും ഫ്രാൻസിസ് പാപ്പായുടെ ഇന്ത്യാസന്ദർശനത്തെയും വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കിക്കാണുന്നവരുണ്ടാകാം. രാഷ്ട്രീയമായി അതിനുള്ള പ്രസക്തിയാണ് മുഖ്യമായും പലരും വിലയിരുത്തുന്നത്. പ്രത്യേകിച്ച്, അടുത്ത വർഷം നടക്കാനിരിക്കുന്ന ചില സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ. പാപ്പായുടെ ഇന്ത്യാ സന്ദർശനം ബി. ജെ. പിയോടുള്ള ക്രൈസ്തവരുടെ മനോഭാവത്തിൽ ഗണ്യമായ മാറ്റം വരുത്തുമോ, അത് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്ക് ഗുണം ചെയ്യുമോ, പ്രായേണ ക്രൈസ്തവ വോട്ടുകൾ കൂടുതലുള്ള കേരളം മുതലായ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ക്രൈസ്തവരിൽ ബി. ജെ.പിക്ക് അനുകൂലമായ മാറ്റം ഉണ്ടാക്കുമോ തുടങ്ങിയ ചർച്ചകൾ ഇതിനോടകം നടന്നുകൊണ്ടിരിക്കുന്നു. രാഷ്ട്രീയരംഗത്ത് ഇത്തരം ചർച്ചകൾ നടക്കുക സ്വാഭാവികമാണുതാനും. പാപ്പായുടെ സന്ദർശനം ക്രൈസ്തവരുടെ രാഷ്ട്രീയ വീക്ഷണങ്ങളിൽ മാറ്റമുണ്ടാക്കുമോ, ഫ്രാൻസിസ് പാപ്പായുടെ പൊതുജനസമ്മതിയെ ബി. ജെ. പി വോട്ടുകളാക്കി മാറ്റുമോ തുടങ്ങിയ വിഷയങ്ങൾ രാഷ്ട്രീയനിരീക്ഷകർ ചർച്ച ചെയ്യട്ടെ.

## പാപ്പായെ വരവേൽക്കാൻ സഭ ഒരുങ്ങേണ്ടതെങ്ങനെ?

കത്തോലിക്കാസഭയെയും ക്രൈസ്തവ സമൂഹങ്ങളെയും സംബന്ധിച്ച്, മാർപാപ്പയുടെ സന്ദർശനം ഒരു അജപാലക സംഭവമാണ്. ക്രൈസ്തവ ഐക്യവും കൂട്ടായ്മയും ശക്തിപ്പെടുത്തി, സഭയെ അതിന്റെ ദൗത്യത്തിൽ ശാക്തീകരിക്കുന്നതിനുള്ള അവസരമായിട്ടാണ് സഭ അതിനെ സമീപിക്കുന്നത്. ഇന്നത്തെ ലോകത്തിൽ സഭ നിർവഹിക്കേണ്ട ദൗത്യമെന്തെന്നും ക്രൈസ്തവസഭകളും സമൂഹങ്ങളും കുടുംബങ്ങളും വ്യക്തികളും അതിനായി സ്വയം നവീകരണത്തിന്റെയും ആത്മസമർപ്പണത്തിന്റെയും പാതയിലൂടെ എങ്ങനെ മുന്നേറണമെന്നും സഭയുടെ വലിയ ഇടയനിൽനിന്നു നേരിട്ടു കേൾക്കാനും അദ്ദേഹത്തെ ഒരു നോക്ക് കാണാനുമുള്ള അവസരമായാണ് വിശ്വാസികൾ പാപ്പായുടെ സന്ദർശനത്തെ നോക്കിക്കാണുന്നത്. ഇതിനായി ഇന്ത്യയിലെ ക്രൈസ്തവ സഭാസമൂഹങ്ങൾ നടത്തേണ്ട മുന്നൊരുക്കങ്ങൾ കേവലം കാര്യക്രമങ്ങളുടേതു മാത്രമല്ല. ആത്മീയമായ തയ്യാറെടുപ്പിലും അജപാലനസമീപനങ്ങളിലും പ്രേഷിതാഭിമുഖ്യങ്ങളിലും അതിന്റെ പ്രസരിപ്പ് കാണാൻ കഴിയണം. ഇന്ത്യയിലെ സഭ എല്ലാ അർഥത്തിലും ഒരു ഉയിർത്തെഴുന്നേൽപ്പ് ആഗ്ര



www.malankaralibrary.com

ഹിക്കുന്നു. ഇതിനായി സഭയും ക്രൈസ്തവസമൂഹങ്ങളും ഒരുങ്ങേണ്ടതായിട്ടുണ്ട്. പാപ്പായുടെ സന്ദർശനം ഇതിനു മാർഗദർശനവും ചൈതന്യവും ശക്തിയും പകരുമെന്നതിൽ സംശയമില്ല.

### സഭ കൂട്ടായ്മയിൽ നവീകരിക്കപ്പെടണം

ദൈവികകൂട്ടായ്മയിൽനിന്നാണല്ലോ മനുഷ്യരക്ഷാദൗത്യം ഉത്ഭവിക്കുന്നത്. ദൈവികകൂട്ടായ്മയുടെ കൂദാശകളായ സഭാസമൂഹങ്ങളും കുടുംബങ്ങളും കൂട്ടായ്മയിൽ നവീകരിക്കപ്പെടണം. സഭയിൽ നിലനിൽക്കുന്ന ദൈവികകൂട്ടായ്മയുടെ അരൂപിയാണ് സഭയെ അതിന്റെ ദൗത്യത്തിൽ മുന്നോട്ടു നയിക്കുന്നത്. കൂട്ടായ്മ തകർന്നാൽ ദൗത്യ രംഗത്തു പരാജയമായിരിക്കും ഫലം. ദൗത്യത്തിൽ പരാജയപ്പെട്ട ഒരു ജനതയായി സമൂഹം സഭയെ വിലയിരുത്തും. ദൈവതിരുമുൻപിലും നമ്മൾ കണക്കു കൊടുക്കേണ്ടതായി വരും. സഭയ്ക്കുള്ളിലും സഭാ സമൂഹങ്ങൾ തമ്മിലും സ്നേഹാരൂപിയിലുള്ള ഐക്യം സുദൃഢമാകണം. ഇതര മത സമുദായങ്ങളുമായും എല്ലാ വ്യക്തികളുമായും ആത്മബന്ധവും മതനിരപേക്ഷമായ സ്നേഹബന്ധങ്ങളും ശക്തിപ്പെടണം. ഇതിനായുള്ള ആത്മാർഥമായ ശ്രമങ്ങൾ എല്ലാ വിശ്വാസികളുടെയും ഭാഗത്തുനിന്നും ഉണ്ടാകണം.

### ദൗത്യരംഗങ്ങളിൽ പുത്തനുണർവുണ്ടാകണം

സഭയുടെ ദൗത്യരംഗങ്ങളിൽ നിലവിലുള്ള ആന്തരികവും ബാഹ്യവുമായ പ്രതിസന്ധികളും പ്രതിബന്ധങ്ങളും ആഴത്തിൽ വിലയിരുത്തപ്പെടണം. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാനുള്ള വിളിയിൽ ഉറകെട്ടുപോകാതെയും വെളിച്ചം ഇരുണ്ടുപോകാതെയുമിരിക്കാൻ ഓരോ വിശ്വാസിയും ജാഗ്രത പുലർത്തേണ്ടതുണ്ട്. ആധുനിക ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ, ക്രൈസ്തവസമൂഹം നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ഇക്കാര്യം ആർക്കും നിഷേധിക്കാവുന്നതല്ല. രാജ്യത്തിന്റെ ഭരണകർത്താക്കളും ചരിത്രകാരന്മാരുമെല്ലാം സവിശേഷസന്ദർഭങ്ങളിൽ ഇക്കാര്യം അനുസ്മരിക്കുകയും അംഗീകരിക്കുകയും അഭിനന്ദനങ്ങൾ ചൊരിയുകയും ചെയ്തുപോന്നിട്ടുമുണ്ട്. പാപ്പായുടെ സന്ദർശനം ഇത്തരം സ്മരണകൾ ഉണർത്തും എന്നതിൽ സംശയമില്ല.

കഴിഞ്ഞ കാലങ്ങളിലെ നന്മകളെ അനുസ്മരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതോടൊപ്പം, വർത്തമാന കാലത്തും ഈ ദൗത്യം പൂർവാധികം ഭംഗിയായി നിർവ്വഹിക്കുന്നതിനുള്ള അന്തരീക്ഷം നിലനിൽക്കുന്നു എന്നുറപ്പു വരുത്തേണ്ടതുണ്ട്. നിലവിലെ രാഷ്ട്രീയസാമൂഹികാന്തരീക്ഷം സഭയുടെ ആത്മീയവും മനുഷ്യസേവനപരവുമായ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമാകാതിരിക്കുന്നതിനുള്ള കരുതൽ ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടാകണം. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുക്കാനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്താനും ഭരണകർത്താക്കൾ ജാഗ്രതയുള്ളവരാകണം. വിവിധ മതങ്ങളുടെയും ജനവിഭാഗങ്ങളുടെയും സാന്നിധ്യംകൊണ്ട് വൈവിധ്യമാർന്ന ഭാരതസംസ്കൃതിയെ ഏതെങ്കിലും ഒരു ഏകശിലാരൂപമായി വിഭാവന ചെയ്യുന്നതിൽ അപാകതകളുണ്ട്.

### മതസൗഹാർദ്ദവും സാഹോദര്യവും പുലരണം

രണ്ടായിരം വർഷമായി ഹൈന്ദവ സമൂഹങ്ങളുമായി സഹോദര്യത്തോടും സൗഹാർദ്ദത്തോടും കഴിഞ്ഞിട്ടുള്ള സവിശേഷപാരമ്പര്യം കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനുണ്ട്. ജാതി സമ്പ്രദായം നിലനിന്നിരുന്ന നാളുകളിൽപോലും ഈ ബന്ധത്തിന് കാര്യമായ പോറലേറ്റിരുന്നില്ല എന്നത് പ്രത്യേകം സ്മരണീയമാണ്. വിശ്വാസത്തിൽ വ്യത്യസ്തതകൾ പുലർത്തിയിരുന്നപ്പോഴും പരസ്പരസൗഹൃദത്തോടെ ഒരേ സംസ്കൃതിയുടെ ഭാഗമായി കഴിയാൻ കഴിഞ്ഞിരുന്നു എന്നത് ചെറിയകാര്യമല്ല. എന്നു മാത്രമല്ല പല പ്രത്യേക പരിഗണനകളും ആനുകൂല്യങ്ങളും ക്രൈസ്തവർക്ക് അനുവദിച്ചുനൽകുന്നതിൽ അന്നത്തെ ഹിന്ദുരാജാക്കന്മാരും ഭരണാധികാരികളും ഉദാരസമീപനം പുലർത്തിയിരുന്നു എന്നതും പ്രത്യേകം സ്മരണീയമാണ്.



കേരളത്തിലെ ഇസ്‌ലാം മത വിശ്വാസികളുമായും നൂറ്റാ

www.malankaralibrary.com

ണ്ടുകളായി നിലനിൽക്കുന്ന സൗഹൃദമാണ് ക്രൈസ്തവസമൂഹത്തിനുള്ളത്. മതപരമായ വിശ്വാസവൈപരീത്യങ്ങൾ സാമൂഹ്യജീവിതത്തിലെ സഹവർത്തിത്വത്തിനു തടസ്സമാകാതിരിക്കാനുള്ള ജാഗ്രത പുലർത്തുന്നതിൽ ഇരുസമുദായവും ശ്രദ്ധവച്ചുപോന്ന ചരിത്രമാണ് ഇന്ത്യയിൽ പൊതുവേയുമുള്ളത്. ഒന്നാമത്തെയും രണ്ടാമത്തെയും ന്യൂനപക്ഷ വിഭാഗങ്ങൾ എന്ന നിലയിൽ, സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും മേഖലകൾ കൂടുതലായി കണ്ടെത്താനും രാഷ്ട്രനിർമ്മാണപ്രക്രിയയിൽ തുടർന്നും സഹകരിച്ചു പ്രവർത്തിക്കാനും, 'എല്ലാവരും സഹോദരർ' എന്ന ഫ്രാൻസീസ് പാപ്പായുടെ ദർശനം സഹായകമാവും എന്നതിൽ സംശയമില്ല. പാപ്പായുടെ സന്ദർശനം ഇത്തരം ആലോചനകൾക്കും പരിശ്രമങ്ങൾക്കും ആക്കംകൂട്ടും എന്നു പ്രതീക്ഷിക്കാം.

### പൊതുസമൂഹവും പാപ്പായെ കാത്തിരിക്കുന്നു


ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനങ്ങളെയും ഉദ്ബോധനങ്ങളെയും ഇടപെടലുകളെയും സാകൂതം വീക്ഷിക്കുകയും ആദരത്തോടെ മനസ്സിലാക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് ഇന്ത്യയിൽ പ്രത്യേകിച്ച്, കേരളത്തിലുള്ളത്. ഒരുപക്ഷെ, ഇക്കാര്യത്തിൽ മുന്നിട്ടുനിൽക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ചിന്തകരും എഴുത്തുകാരും രാഷ്ട്രീയ പ്രവർത്തകരുമാണ്. മാനവികതയിൽ ഊന്നിയുള്ള പാപ്പായുടെ എഴുത്തുകളും പ്രകൃതിയോടുള്ള കരുതലുമെല്ലാം ക്രൈസ്തവസമൂഹത്തിലെന്നപോലെ, പൊതുസമൂഹത്തിലും വായിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്നു എന്നത് സന്തോഷപ്രദമാണ്. ഫ്രാൻസിസ് പാപ്പായുടെ ഇന്ത്യാസന്ദർശനത്തിൽ കേരളവും ഉൾപ്പെടുമെന്നും പാപ്പായെ നേരിൽ കാണാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്ന മലയാളികൾ വളരെയേറെ പേരുണ്ട്. കേരളത്തിലെ ക്രൈസ്തവസഭകളും വിശ്വാസികളും അവരോടൊപ്പം പാപ്പായുടെ വരവിനായി കാത്തിരിക്കുന്നു!

### പാപ്പായ്ക്കു പ്രിയപ്പെട്ട അഭയാർഥികൾ, കുടിയേറ്റക്കാർ

പ്രശ്നസങ്കീർണ്ണമായ ഇന്നത്തെ ലോകത്തിൽ ഫ്രാൻസിസ് പാപ്പാ അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും ശബ്ദമാണ്. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവം എല്ലാവർക്കും പിതാവായിരിക്കുന്നതുപോലെ, ക്രിസ്തുവിലൂടെ ലോകത്തിനു വെളിപ്പെട്ട മനുഷ്യൻ ദരിദ്രനും നിന്ദിതനും പീഡിതനും തല ചായ്ക്കാൻ ഇടമില്ലാത്തവനും അന്നന്നത്തെ അപ്പത്തിനുവേണ്ടി അധ്വാനിക്കുന്നവനും അന്യായമായി കൊലചെയ്യപ്പെട്ടവനുമായിരുന്നു! പലായനവും അഭയാർത്ഥിയായുള്ള ജീവിതവും യേശുവിന് അന്യമായിരുന്നില്ല. മനുഷ്യന്റെ സഹനങ്ങളിൽ മനുഷ്യത്വത്തിന്റെ മഹത്വം മറഞ്ഞിരിക്കുന്നു! അത് കണ്ടെത്തുന്നിടത്താണ് സമാധാനവും പ്രത്യാശയുമുള്ളത്! ഫ്രാൻസിസ് പാപ്പാ, അഭയാർഥികൾക്കും കുടിയേറ്റക്കാർക്കുംവേണ്ടി സംസാരിച്ചുകൊണ്ടും അവരെ ചേർത്തുപിടിച്ചുകൊണ്ടും സമാധാനത്തിനുള്ള മാർഗം തെളിക്കുന്നു! ഇന്ത്യ ഉൾപ്പെടുന്ന ഏഷ്യൻ രാജ്യങ്ങളിൽ നിന്നാണ് ലോകത്തിൽ ഇന്ന് ഏറ്റവുമധികം കുടിയേറ്റക്കാരും അഭയാർഥികളുമുള്ളത്. അവരുടെ സഹനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും പരിഹാരമുണ്ടാകണം. ഇക്കാര്യത്തിൽ പാപ്പായോടൊപ്പം നേതൃത്വപരമായ പങ്കു വഹിക്കാൻ ഇന്ത്യയ്ക്കു കഴിയും.

### ഉപസംഹാരം

പാപ്പായുടെ സന്ദർശനം വേഗം യാഥാർഥ്യമാകട്ടെയെന്നും അത് രാജ്യത്തിനും ഇന്ത്യൻസഭയ്ക്കും പുതിയ കാഴ്ചപ്പാടുകളും ഉണർവും ഉത്സാഹവും പ്രദാനം ചെയ്യട്ടെയെന്നും ആത്മാർഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബഹുസ്വരതയുടെ സംഗീതം ലോകത്തിന് ഇന്ത്യയിൽനിന്നു പഠിക്കാൻ കഴിയും എന്ന് പാപ്പാ ലോകത്തോട് പറയാൻ ഇടയാകട്ടെ!



www.malankaralibrary.com

# മാർപാപ്പ സ്വപ്നം കാണുന്ന പുതിയ ലോക ക്രമം

*ഒക്ടോബർ 16ന് റോമിൽവച്ചു കൂടിയ സാമൂഹ്യ സംഘടനകളുടെ നാലാമത് ആഗോള സമ്മേളനത്തിന് അയച്ച സന്ദേശത്തിൽ നിന്ന്*

**ഡോ. വർഗീസ് പുളിമരം**

**അ**സമത്വവും അനീതിയും അടിച്ചമർത്തലുകളും നടക്കുന്ന ഒരു ലോകമാണു നമ്മുടേത്. അധികാരവും സമ്പത്തുമുള്ള ഒരു സൂക്ഷ്മ ന്യൂനപക്ഷം ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെയും അവരുടെ അവകാശങ്ങളെയും കൊള്ളയടിക്കുകയും ചവിട്ടിമെതിക്കുകയും ചെയ്യുന്ന ഈ ലോകക്രമത്തിനു മാറ്റം വരാതെ ലോകസമാധാനമോ പാവങ്ങൾക്കു നീതിയോ ലഭിക്കുകയില്ല. അക്കാര്യം ലോകത്തോടു വിളിച്ചു പറയുകയായിരുന്നു മാർപാപ്പ. ഓക്ടോബർ 16-ാം തീയതി റോമിൽവച്ചു കൂടിയ സാമൂഹ്യ സംഘടനകളുടെ നാലാമത് ആഗോള സമ്മേളനത്തിന് അയച്ച സന്ദേശത്തിലൂടെ തൻറെ ശ്രോതാക്കളെ സാമൂഹ്യ കവികൾ എന്ന് സംബോധന ചെയ്തുകൊണ്ടാണ് അദ്ദേഹം സംസാരിച്ചു തുടങ്ങുന്നത്. മാലിന്യവും ഒഴിവാക്കലുകളും മാത്രമേ ഉള്ളൂ എന്നു കാണുന്നിടത്തും പ്രതീക്ഷയുണർത്താൻ പോന്ന കഴിവും ധീരതയും കവികൾക്കുണ്ട്. കവിത സർഗാത്മതയാണ്. കവികൾ പ്രതീക്ഷ സൃഷ്ടിക്കുന്നവരാണ്. പ്രവർത്തനിരതരായിരിക്കുന്ന ഓരോയിടത്തും അവർ ഓരോ വ്യക്തിയുടെയും കുടുംബത്തിൻറെയും സമൂഹത്തിൻറെയും മഹത്വം കരുപ്പിടിപ്പിക്കുന്നു.

തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി അധ്വാനിക്കാനും ദാരിദ്ര്യത്തിൻറെയും അനീതികളുടെയും ഘടനാരൂപങ്ങളെ അതീജീവിക്കാനുമുള്ള മാർഗങ്ങളാണ് സാമൂഹ്യസംഘടനകളുടെ ഈ സമ്മേളനം ചർച്ചചെയ്തത്. ലോകത്തിലെ ഏറ്റവും അസംഘടിതവും പാർശ്വവത്കരിക്കപ്പെട്ടവരുമായ തൊഴിൽ ഗ്രൂപ്പുകളാണ് ഇവിടെ ഒന്നിച്ചുകൂടിയതും. തെരുവുകച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, കൈത്തൊഴിലാളികൾ, കർഷകർ കെട്ടിടം പണിയുന്നവർ, ഖനിത്തൊഴിലാളികൾ ഇങ്ങനെ അനേകം ജോലികൾ ചെയ്യുന്നവരുടെ സമർപ്പണ മനോഭാവത്തെ മാർപാപ്പ പ്രശംസിച്ചു. അവരുടെ ജോലി പ്രത്യാശയുടെ പ്രഘോഷണമാണ്. ഭാവാത്മകമായ അനേകം മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും തിരിച്ചറിവിൻറെയും സംയുക്ത പ്രവർത്തനത്തിൻറെയും നിമിഷങ്ങൾ ഉണ്ടാകേണ്ടതുണ്ടന്ന് പാപ്പാ പറഞ്ഞു. പഴയ ചിന്താഗതി തുടരുന്നത് ആത്മഹത്യാപരമായിരിക്കും. ഒരു പക്ഷേ ഭൂമിയെയും മനുഷ്യവർഗത്തെയും ഹനിക്കുന്നതിനു തുല്യവും. കൊവിഡ് മഹാമാരി സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ വെളിച്ചത്തുകൊണ്ടുവന്നു. ഒപ്പം അനേകം സഹോദരീസഹോദരന്മാരുടെ ഹൃദയഭേദകമായ സാഹചര്യങ്ങളും. ലോക്ഡൗണിൻറെ വേദന ഏറ്റവുമധികം അനുഭവിച്ചത് പാവപ്പെട്ടവരും അഭയാർഥികളും രേഖകളിൽ പേരില്ലാത്തവരും നിശ്ചിത വരുമാനമില്ലാത്തവരുമാണ്. വിശപ്പടക്കാൻ ആഹാരമില്ലാത്ത ജനകോടികൾ. ദാരിദ്ര്യത്തിൻറെ ഭീകരത, ഉയരുന്ന ഭക്ഷ്യവില, കോവിഡിൻറെ ഇരകളെക്കാൾ കൂടുതൽ പേർ വിശന്നുമരിക്കാനുള്ള സാധ്യത ഇതൊക്കെ പാപ്പ ഓർമിക്കുന്നു.

### ഉത്കണ്ഠ എന്ന മഹാമാരി

മനുഷ്യർ തമ്മിലുള്ള ബന്ധം ഏറ്റവും മോശമായ കാലമാണിത്. ബന്ധപ്പെടാനുള്ള സാമൂഹ്യമാധ്യമങ്ങൾ നിരവധിയാണ്

പക്ഷേ, ലക്ഷ്യബോധമില്ലായ്മയും ഭാവിയെക്കുറിച്ചുള്ള അസ്വസ്ഥതയും ആളുകളെ നിരാശയിലേക്കും ഉത്കണ്ഠയിലേക്കും തള്ളിവിടുന്നു. യഥാർത്ഥ സുഹൃത്തുക്കൾ കാണാമറയത്താണ്. അവരുമായി ബന്ധമില്ല. സങ്കേതികവിദ്യകൾ നന്മയിലേക്കു നയിക്കാം. എന്നാൽ പരസ്പരബന്ധത്തിനും സമൂഹത്തിലാണ് മനുഷ്യവ്യക്തി വേരാഴ്ത്തിയിരിക്കുന്നതും മനുഷ്യജീവിതം ഫലദായകമാകുന്നതും. ഈ പശ്ചാത്തലത്തിൽ സാമൂഹ്യ സംഘടനകളിൽപ്പെട്ടവരെ മാർപാപ്പ വിശേഷിപ്പിക്കുന്നത് യഥാർഥത്തിൽ അദൃശ്യമായ സൈന്യനിരയെന്നാണ്. കാരണം അവർ മരണാവ്യവസ്ഥയ്ക്കെതിരേ ജീവനുവേണ്ടി പോരാടുന്ന മനുഷ്യവർഗത്തിൻറെ അഭിവാജ്യഭാഗമായ ജീവിതം വെല്ലുവിളി നേരിടുന്നിടത്തെല്ലാം കടന്നുചെന്ന് പുതിയൊരു സാമൂഹ്യക്രമം സൃഷ്ടിക്കാൻ അവർ നിയുക്തമാണ്.



## ഒരു നവലോക സ്വപ്നം

ലോകത്തെ കൂടുതൽ മെച്ചപ്പെട്ടതാക്കിയത് സ്വാതന്ത്ര്യത്തിൻറെയും സമത്വത്തിൻറെയും നീതിയുടെയും മനുഷ്യമഹത്വത്തിൻറെയും സ്പനങ്ങൾ ആണ്. ഈ സ്വപ്നങ്ങൾ നമ്മുടെ സങ്കുചിതലോകങ്ങളെ കടന്നുനിൽക്കുകയും പുതിയ ലോകങ്ങളെ അവതരിപ്പിക്കുകയും ചെയ്യും. തത്സ്ഥിതി നിലനിർത്തിയാൽ മതിയെന്നു കരുതുന്നവർക്ക് ഇത്തരം സ്വപ്നങ്ങൾ അപകടകരമാണ്. കാരണം അത് ശക്തരുടെ താൻപോരിമയെയും അശക്തരുടെ ഒത്തു തീർപ്പുമനോഭാവത്തെയും വെല്ലുവിളിക്കുന്നു. സകലമനുഷ്യരും ഒന്നിച്ച് അസഹിഷ്ണുതയുടെയും അപര വിദ്വേഷത്തിൻറെയും ദരിദ്രരോടുള്ള വെറുപ്പിൻറെയും വാചാടോപങ്ങളെ നേരിടേണ്ടയിരിക്കുന്നു. കാരണം അവ ജനങ്ങളെ വിഭജിക്കുകയും നമ്മുടെ കാവ്യഭാവനകളെ ക്ഷീണിപ്പിക്കയും ഒന്നിച്ചു സ്വപ്നം കാണാനുള്ള നമ്മുടെ ശേഷിയെ നിർവീര്യമാക്കുകയും ചെയ്യുന്നു.

ഇപ്പോഴത്തെ ഈ മഹാമാരിയിൽനിന്ന് കൂടുതൽ മോശപ്പെട്ടതോ മെച്ചപ്പെട്ടതോ ആയ അവസ്ഥയിലേക്കു വരാൻ നമുക്കു കഴിയും. നിലവിലുള്ള സംവിധാനങ്ങളോടു കലഹിച്ചുകൊണ്ടു മാത്രമേ നമുക്കു കൂടുതൽ ശ്രേഷ്ഠകരമായ ഒരു ലോകം നിർമിക്കാനാകൂ. നല്ല സമരിയാക്കാരൻറെ ഉപമ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിൻറെ പക്ഷം ചേരൽ ബൈബിൾ മുന്നോട്ടുവയ്ക്കുന്ന നിലപാടുതന്നെയാണെന്ന് പാപ്പ പറയുന്നു. അധികാരവിനിയോഗത്തിൻറെയും മുമ്പിൽ നിശബ്ദരായിരിക്കാൻ നല്ല സമരിയാക്കാരനു സാധ്യമല്ല.

## മാനവികമൂല്യങ്ങൾ

നാം കാണേണ്ടതും നിർമിക്കേണ്ടതുമായ ഭാവിയെക്കുറിച്ചുള്ള സ്വപ്നം സാക്ഷാത്കരിക്കാൻ സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ ഉപകാരപ്പെടുമെന്ന് മാർപാപ്പ സൂചിപ്പിച്ചു. സകല മനുഷ്യരോടുമുള്ള ഐക്യദാർഢ്യവും സമൂഹനിർമിതിയിൽ ഓരോരുത്തരുടെയും പങ്ക് അംഗീകരിക്കുന്നതിനുള്ള തുറവിയും കത്തോലിക്കാ സാമൂഹ്യ പ്രബോധനത്തിൻറെ ആണിക്കല്ലുകളാണ്. ജനങ്ങളുടെ പങ്കാളിത്തവും പ്രവർത്തനക്ഷമതയും അംഗീകരിച്ചുകൊണ്ട് എല്ലാവർക്കും ഭാവിയിലേക്ക് ഒന്നിച്ചു ചുവടുവയ്ക്കാനാണ് ഈ ആദർശങ്ങൾ സഹായിക്കുന്നത്. സ്വപ്നത്തിൽനിന്നു പ്രവർത്തിയിലേക്കു കടക്കാൻ ആദർശങ്ങൾ കൂടാതെ കഴിയില്ല അതിജീവനവേതനം ഏവർക്കും ലഭിക്കുന്നത് സമ്പത്തിൻറെ നീതിപൂർവകമായ വിതരണത്തിനുള്ള ഒരുപാധിയാണ് എല്ലാവർക്കും തൊഴിൽ ലഭിക്കാനുള്ള വ്യവസ്ഥകളും നിർബന്ധമായും നടപ്പിലാക്കേണ്ടതുണ്ട്.

ലോക ജനസംഖ്യയുടെ ഭൂരിഭാഗവും പാവപ്പെട്ടവരാണ്. അവരുടെയും ക്ഷേമംകൂടി ഉറപ്പാക്കിയാലേ നീതിയും സമത്വവും ലോകമാകെ നിലവിൽവരൂ. ആ സ്വപ്നം ഹൃദയത്തിൽ സംവഹിക്കുന്ന ഇടയനാണ് ഫ്രാൻസിസ് പാപ്പ. ആടുകളുടെ മണമുള്ള ഇടയൻ. ആഗോളവത്കരണത്തിൻറെ ദുഷ്ഫലങ്ങൾ നേരിട്ടറിഞ്ഞിട്ടുള്ള പാപ്പ നിലവിലുള്ള അന്താ

www.malankaralibrary.com

രാഷ്ട്ര സംവിധാനങ്ങൾ പാവങ്ങളെ എങ്ങനെ പാർശ്വവത്കരിക്കുമെന്നും അനീതിയെ എങ്ങനെ സ്ഥാപനവത്കരിക്കുമെന്നും മനസിലാക്കിയിട്ടുണ്ട്. സാഹോദര്യത്തിലും സമത്വബോധത്തിലും അടിയുറച്ച പുതിയൊരു ലോകക്രമത്തിന് നമ്മുടെ ധാരണകളിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. ഇതേകാര്യമാണ് ഫ്രാൻസീസ് പാപ്പാ തൻറെ ലൗദാത്തോസീ, ഫ്രത്തേല്ലി തൂത്തി എന്നീ ചാക്രിക ലേഖനങ്ങളിലും അവതരിപ്പിച്ചത് യേശുവിൻറെ പ്രബോധനങ്ങളിലും ജീവിത മാതൃകകളിലും അടിയുറപ്പിച്ചതും സുവിശേഷങ്ങളിൽനിന്നു സ്വാംശീകരിച്ചതുമായ മാനവദർശനമാണത്. മാനവ സാഹോദര്യം സമത്വസുന്ദരവും നീതിനിഷ്ഠവുമായ ഒരു നവലോക നിർമിതിക്ക് ആധാരമായി ഭവിച്ചെങ്കിൽ.

ദൈവനാമത്തിൽ ആവശ്യപ്പെടുന്നു,

*1. മരുന്നുത്പാദിപ്പിക്കുന്ന ലാബോറട്ടറികളോട്.* ഓരോ മനുഷ്യവ്യക്തിക്കും പ്രതിരോധ മരുന്നുകൾ ലഭ്യമാക്കാൻ, മനുഷ്യത്വത്തിൻറെ അടയാളമായി ബൗദ്ധികസ്വത്തവകാശം ഇളവുചെയ്യുക. മൂന്നോ നാലോ ശതമാനം ജനങ്ങൾക്കു മാത്രം വാക്സിൻ നൽകാൻ കഴിഞ്ഞ രാജ്യങ്ങളുണ്ടെന്നോർക്കണം.

*2. അന്തർദേശീയ ധനകാര്യസ്ഥാപനങ്ങളോട്.* ദാരിദ്ര്യരാജ്യങ്ങളിലെ ആളുകളുടെ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ആ രാജ്യങ്ങളുടെ കടങ്ങൾ ഇളച്ചുകൊടുക്കുക. അവരുടെ താത്പര്യത്തിനു വിരുദ്ധമായാണ് ഈ കടങ്ങൾ ഉണ്ടായിട്ടുള്ളത്.

*3. ചൂഷണാത്മകമായ കമ്പനികളോട് (ഖനനം, എണ്ണഖനനം, റിയൽ എസ്റ്റേറ്റ്, കാർഷിക ബിസിനസ്)* കാടുകളും തണ്ണീർത്തടങ്ങളും മലകളും നശിപ്പിക്കുന്നതും നദികളും കടലും ദുഷിപ്പിക്കുന്നതും ഭക്ഷണത്തെയും ജനങ്ങളെയും വിഷലിപ്തമാക്കുന്നതും അവസാനിപ്പിക്കുക.

*4. വമ്പൻ ഭക്ഷ്യവസ്തു കോർപറേറ്റുകളോട്.* വിലവർധിപ്പിക്കാനും അങ്ങനെ വിശക്കുന്നവരും അപ്പം പിടിച്ചുവയ്ക്കാനും കാരണമാകുന്ന ഉത്പാദനത്തിൻറെയും വിതരണത്തിൻറെയും കുത്തകസംവിധാനങ്ങൾ അടിച്ചേൽപ്പിക്കുന്നതു നിർത്തുക.

*5. ആയുധനിർമാതാക്കളോടും വില്പനക്കാരോടും.* ദശലക്ഷങ്ങളുടെ മരണത്തിനും പാലായനത്തിനും കാരണമാകുന്ന മണ്ണിനും രാഷട്രീയത്തിനുവേണ്ടിയുള്ള വൃത്തികെട്ട



കളികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ സമ്പൂർണ്ണമായി അവസാനിപ്പിക്കുക.
6. *സാങ്കേതികവിദ്യാ ഭീമന്മാരോട്.* ലാഭത്തിനു വേണ്ടി വിദ്വേഷപ്രചാരണം, മുഖംമിനുക്കൽ, വ്യാജവാർത്തകൾ, ഗൂഢാലോചനസിദ്ധാന്തങ്ങൾ, രാഷ്ട്രീയ കൈകടത്തലുകൾ എന്നിവ പരിഗണിക്കാതെ ജനങ്ങളുടെ ദൗർലഭ്യവും പോരായ്മകളും ചൂഷണം ചെയ്യുന്നതു നിർത്തുക.
*7. ടെലികമ്യൂണിക്കേഷൻ വമ്പന്മാരോട്.* അടച്ചിടൽവേളകളിൽ പോലും പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഇൻറർനെറ്റിലൂടെ അധ്യാപകർക്ക് പഠനസാമാഗ്രകികൾ ലഭ്യമാക്കുന്നതിനു തയ്യാറാകുക.
*8. മാധ്യമങ്ങളോട്.* സത്യാനന്തര തന്ത്രങ്ങളും തെറ്റായ വിവരദാനവും അപകീർത്തിപ്പെടുത്തലും അഴുക്കിനോടും അപവാദങ്ങളോടുമുള്ള അനാരോഗ്യകരമായ ആകർഷണവും അവസാനിപ്പിച്ച് മനുഷ്യസാഹോദര്യത്തിനും ഏറ്റവുമധികം നഷ്ടം വന്നിട്ടുള്ളവരോടുള്ള സഹാനുഭൂതിക്കും വേണ്ടി നിലകൊള്ളുക.
*9. പ്രബലരാജ്യങ്ങളോട്.* ഏതു രാജ്യത്തെയും കടന്നാക്രമിക്കുന്നതും ഏകപക്ഷീയമായി ഉപരോധമേർപ്പെടുത്തുന്നതും അവസാനിപ്പിക്കുക നവകൊളോണിയലിസം പാടില്ല. യു. എൻ പോലുള്ള ബഹുസ്വരവേദികളിലാണ് സംഘർഷങ്ങൾ പരിഹൃതമാകേണ്ടത്. ശ്രേഷ്ഠമായ ലക്ഷ്യങ്ങളോടും വിശേഷങ്ങളോടുകൂടെ നടത്തപ്പെട്ട ഏകപക്ഷീയമായ ഇടപെടലുകളും കടന്നുകയറ്റങ്ങളും അധിനിർവേശങ്ങളും അവസാനിപ്പിച്ചതെങ്ങനെയെന്നു നാം കണ്ടു കഴിഞ്ഞു.

ഇപ്പോഴത്തെ ലോകക്രമത്തെ നിയന്ത്രിക്കുന്ന ഒമ്പതു ശക്തികേന്ദ്രങ്ങളോട് നയങ്ങൾ തിരുത്താൻ ദൈവനാമത്തിൽ ആവശ്യപ്പെട്ട മാർപാപ്പ സത്യം വിളിച്ചുപറയുകയാണ്. ഇപ്പോഴത്തെ സംവിധാനങ്ങൾ ലാഭക്കൊതിമൂലം മനുഷ്യനിയന്ത്രണങ്ങൾക്കു വെളിയിലാണ് ഈ യന്ത്രത്തിനു ബ്രേക്കിടാൻ സമയമായി. അഗാധമായ കൊക്കയിലേക്കാണു ഈ യന്ത്രം നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂടങ്ങളും രാഷ്ട്രീയ നേതാക്കളും ജനങ്ങളെ പ്രതിനിധാനം ചെയ്യണമെന്നും അവരുടെ പൊതുനന്മയ്ക്കായി പ്രയത്നിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. സാധാരണ പൗരജനങ്ങളെയും അവർ ശ്രവിക്കണം. സാമ്പത്തികശേഷിയുള്ളവരെ മാത്രം കേട്ടാൽ പോരാ. കാരണം മനുഷ്യജാതിയുടെ യഥാർഥ പ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്ന ഉപരിവിപ്ലവമായ ആശയഗതികളാണ് അവരുടേത്.



മാർപാപ്പ മതനേതാക്കളോടും ഒരു പ്രധാനകാര്യം പറഞ്ഞു. അവർ യുദ്ധങ്ങളെയോ വിപ്ലവങ്ങളെയോ സഹായിക്കാൻ ദൈവനാമം ഉപയോഗിക്കാൻ പാടില്ല. അവർ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് മനുഷ്യൻറെ സമഗ്ര പുരോഗതി യാഥാർഥ്യമാക്കാൻ ശ്രമിക്കണം. സമൂഹത്തിൻറെ പാർശ്വങ്ങളിൽ കഴിയുന്നവരുടെ സംഗീതവും സമൂഹത്തിലാകമാനം പ്രതിധ്വനിപ്പിക്കുന്ന സ്നേഹത്തിൻറെ ഫലങ്ങളാകണം അവർ.

www.malankaralibrary.com

# പൊളിച്ചെഴുത്തിന്റെ പാഠങ്ങൾ

**ഫാ. ജോസ് പാലക്കീൽ**



‘**അ**ക്ഷുബ്ദ യുദ്ധത്തിന്റെ നിശ്ശബ്ദ ആയുധങ്ങൾ’ (Silent Weapons for Quiet Wars) എന്നൊരു ഗ്രന്ഥം 1986ൽ പുറത്തിറങ്ങുകയുണ്ടായി. സാമാന്യജനത്തെ അവർ പോലും അറിയാതെ സ്വാധീനത്തിലാക്കാനും അടിമപ്പെടുത്താനും രാഷ്ട്രീയവ്യാവസായികപ്രത്യയശാസ്ത്ര സംഘടനകൾ ഉപയോഗിക്കുന്ന തന്ത്രങ്ങളാണ് പ്രസ്തുതഗ്രന്ഥം വിവരിക്കുന്നത്. **ഇത്തരം മന്ദമായ യുദ്ധത്തിൽ വെടിയൊച്ചയും, ബോംബുസ്ഫോടനവും കേൾക്കില്ല; പ്രത്യക്ഷ പടയോട്ടമോ, വസ്തുവകകളുടെ നാശമോ കാണില്ല; എന്നാൽ ഇതിന്റെ വക്താക്കൾ ദുഷ്ടലാക്കോടെ ലക്ഷ്യം വയ്ക്കുന്ന ജനസമൂഹങ്ങളിൽ ശാരീരികവും, മാനസികവും, ആധ്യാത്മികവുമായ ക്ഷതമേല്പിക്കാനും മതസാംസ്കാരിക സാമൂഹിക വ്യവസ്ഥിതികളെ തകിടം മറിക്കാനും ഇവ തികച്ചും പ്രയോഗക്ഷമമാണ്.** നാസിസവും ഫാസിസവും മൗലികവാദങ്ങളും വേരുറപ്പിക്കുന്നതും ഇത്തരം മാർഗങ്ങളിലൂടെയാണ്. ഇത്തരം നിശ്ശബ്ദ യുദ്ധങ്ങളെയാണ് ഇന്ന് മതമൗലികവാദികൾ വ്യക്തികളെയും, പ്രസ്ഥാനങ്ങളെയും മത സാംസ്കാരിക സ്ഥാപനങ്ങളെയുമൊക്കെ തകർക്കാനും ആധിപത്യം സ്ഥാപിക്കാനും ഉപയോഗിക്കുന്നത്. ഇതിനെ ‘സാമൂഹികമായ പൊളിച്ചടുക്കൽ’ (social de-construction) എന്ന ചുരുക്കപ്പേരിൽ വിളിക്കാവുന്നതാണ്.



**അപനിർമാണത്തിന്റെ കാലികോപയോഗങ്ങൾ**

De-construction (അപനിർമാണം) എന്നത് ഫ്രഞ്ചു തത്ത്വചിന്തകനായ ഷാക് ഡെറിഡ സാഹിത്യാവലോകനത്തിനായി മുന്നോട്ടുവച്ച വിശകലനരീതിയാണ്. വാക്കുകളെയും വാചകങ്ങളെയും പരമ്പരാഗതമായ അർഥങ്ങളിൽ നിന്ന് വിടുവിച്ച് സ്വതന്ത്രവ്യാഖ്യാനം നടത്തുന്നതിനാണ് സാഹിത്യത്തിൽ അപനിർമാണം എന്നു പറയുന്നത്. എന്നാൽ, ഈ പദം സാമൂഹിക മതാത്മക സാംസ്കാരിക മേഖലകളിലേക്ക് കടമെടുത്തപ്പോൾ അപനിർമാണത്തിന് പുതിയ മാനങ്ങൾ ലഭിച്ചുതുടങ്ങുകയായിരുന്നു. സ്ഥായിയായി ഒരു സമൂഹം അംഗീകരിച്ചാദരിക്കുന്ന പരമ്പരാഗത മൂല്യങ്ങളെയും, ധാർമിക കാഴ്ചപ്പാടുകളെയും അഴിച്ചുപണിയിലൂടെ തകർക്കുകയും സ്വേഷ്ടപ്രകാരമുള്ള ക്ഷിപ്രപ്രസക്തമായ ആപേക്ഷിക മൂല്യങ്ങളെ സംസ്ഥാപിച്ച് സർവാധിപത്യം നേടുകയാണിവയുടെ ലക്ഷ്യം. തങ്ങൾക്ക് മാത്രം അഭിമതമായ രീതിയിൽ മതസാംസ്കാരിക മേഖലകളെ ഉടച്ചുവാർക്കുകയും പരമ്പരാഗത ഭൂരിപക്ഷ കാഴ്ചപ്പാടുകളെ അന്യവൽക്കരിച്ച് കലക്കവെള്ളത്തിൽ മീൻപിടിക്കുന്നതുപോലെ മുതലെടുപ്പു നടത്തുകയും ചെയ്യുക എന്നതാണീ രീതി. രാഷ്ട്രീയ വിജയത്തിനും വ്യവസായിക മേല്ക്കോയ്മയ്ക്കും സാമ്പത്തിക നേട്ടത്തിനും വേണ്ടി ഇത്തരം നിശ്ശബ്ദ യുദ്ധങ്ങൾ എന്നും നിലനിന്നിരുന്നു. എന്നാൽ, ഇന്ന് മതമൗലികവാദവും ഭീകരവാദവും കൈകോർത്തുകൊണ്ട് പ്രലോഭിപ്പിച്ചും, ചതിവിൽപ്പെടുത്തിയും, ഭീഷണിപ്പെടുത്തിയും അന്യമതസ്ഥരെ അധീനതയിലാക്കാൻ നിശ്ശബ്ദയുദ്ധങ്ങളും പൊളിച്ചടുക്കൽ തന്ത്രങ്ങളും ഉപയോഗിച്ചുവരുന്നു. 2001 സെപ്റ്റംബർ 11 മുതലാണ് ലോകം ഇതറിഞ്ഞത്. ഇതൊക്കെ

www.malankaralibrary.com

അങ്ങകലെ അൽക്വയിദയും, ഐ.എസ്.ഐ.എസും ഒക്കെയാണെന്ന് കരുതിയിരുന്ന കേരളക്കാർക്ക് തെറ്റിയെന്ന് അടുത്തിടെയുണ്ടായ സംഭവവികാസങ്ങൾ കേരള ജനതയെ ബോധ്യപ്പെടുത്തി.

കേരളമിന്ന് തീവ്രവാദ സംഘടനകളുടെയും വിധ്വംസക പ്രവർത്തകരുടെയും ഒരു താവളമായിക്കഴിഞ്ഞെന്ന് പൊതുശബ്ദം ഉയരാൻ തുടങ്ങിയപ്പോഴേയ്ക്കും അത്തരം സംഘടനകളും പ്രസ്ഥാനങ്ങളും ഈ മണ്ണിൽ ആഴത്തിൽ വേരോടിച്ചു കഴിഞ്ഞിരിക്കുന്നു. മതനിരപേക്ഷതയുടെ മറവിൽ നിന്ന് ആനുകൂല്യങ്ങൾ പറ്റിക്കൊണ്ട് മതസൗഹാർദത്തിനും, സഹവർത്തിത്വത്തിനും കടയ്ക്കു കോടാലി വച്ചത് മേല്പറഞ്ഞ നിശ്ശബ്ദായുധങ്ങൾ ഉപയോഗിച്ചായിരുന്നുവെന്ന് പിന്നോട്ടു നോക്കുമ്പോൾ മനസ്സിലാകും. പണ്ഡിതനായ ഒരു മതമേലധ്യക്ഷൻ ഒരു തിരുനാൾ അവസരത്തിൽ തന്റെ ആധ്യാത്മിക ഉത്തരവാദിത്വത്തിന്റെ പേരിൽ നടത്തിയ ഒരു പരാമർശത്തിനെതിരെ മണിക്കൂറുകൾക്കകം മഹാറാലിയും പരസ്യ ഭീഷണിയും നടത്തിയപ്പോഴാണ് നിശ്ശബ്ദ ആയുധക്കാർ എത്രമാത്രം ശക്തി പ്രാപിച്ചുവെന്ന് കേരളം കണ്ടുണർന്നത്. കേരളത്തിൽ മതവർഗീയത വളർന്നത് പരസ്യമായ രഹസ്യമാണ്. കഴിഞ്ഞ ദശകങ്ങളിലെ ഒട്ടേറെ സംഭവങ്ങൾ ഇവയിലേക്ക് വിരൽ ചൂണ്ടിയിരുന്നെങ്കിലും ആരും ചെവികൊടുക്കാൻ തയ്യാറായിരുന്നില്ല എന്നതാണ് സത്യം. അതാണ് പൊളിച്ചടുക്കലിനുള്ള നിശ്ശബ്ദായുധങ്ങളുടെ പ്രയോഗ രീതി.

നാമൊന്നു തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരള കത്തോലിക്കാ സഭ ഒരു സാവധാന യുദ്ധത്തിനിരയായിരുന്നുവെന്ന്. സിനിമയിലും, ചാനൽ ചർച്ചകളിലും വർഗീയവാദികളും ഉപഭോഗ സംസ്കാരത്തിന്റെ വക്താക്കളും ചേർന്ന് കത്തോലിക്കാ സഭയെ പ്രതിക്കൂട്ടിലാക്കുകയും, കത്തോലിക്കരുടെ പ്രതികരണ ശേഷിയും, ധാർമിക വീര്യവും കെടുത്തുകയും ചെയ്തുകൊണ്ടിരുന്നത് വ്യക്തമായ പ്ലാനും പദ്ധതിയും തയ്യാറാക്കിയായിരുന്നുവെന്ന് നമുക്കിപ്പോൾ കഴിഞ്ഞുപോയ കാര്യങ്ങളുടെ നേർക്കുള്ള തിരിഞ്ഞു നോട്ടത്തിലൂടെ മനസ്സിലാകും. സിനിമയിൽ വൈദികരെ കോമാളികളും ബുദ്ധിഹീനരും വിഷയലമ്പടരുമൊക്കെയായി ചിത്രീകരിച്ചപ്പോഴും (ഉദാ: റോമൻസ്) ക്രിസ്തീയ മതാനുഷ്ഠാനങ്ങളെ വക്രീകരിച്ച് അവതരിപ്പിച്ചപ്പോഴും അതെല്ലാം ഒരു തമാശയായി കത്തോലിക്കർ തമസ്കരിച്ചു. വിരലിലെണ്ണാവുന്ന വൈദികരുടെയും സന്യസ്തരുടെയും അപചയങ്ങൾ മാസങ്ങൾ നീളുന്ന അന്തിചർച്ചകളായി സന്ധ്യാമണിക്കൂറുകളെ നിറച്ചപ്പോഴും അല്പസ്വല്പ നീരസങ്ങളുടെ പകപോക്കലിനുള്ള ഒരവസരമായിക്കണ്ട് മാനസികമായി സന്തോഷിച്ചവരും കുറവല്ല. ഒരു പ്രസ്ഥാനത്തെ തകർക്കാൻ അതിന്റെ നേതാക്കളെയും ഉന്നതസ്ഥാനീയരെയും അയോഗ്യരും അസാന്മാർഗികളുമായി ചിത്രീകരിക്കുകയെന്നത് ഒരു നിശ്ശബ്ദായുധമാണ്. 'ഇടയനെ അടിക്കുക, ആടുകൾ ചിതറിക്കൊള്ളും' (സക്ക 13,7) എന്ന ബൈബിൾ തത്ത്വം ആധുനിക ചെന്നായ്ക്കൾ ഉപയോഗിക്കുകയല്ലേ എന്നും തോന്നും.

ഈ കൊച്ചു കേരളത്തിലും ലോകമെമ്പാടും തന്നെയും കത്തോലിക്ക മതമേലധ്യക്ഷന്മാരെയും, പുരോഹിതരെയും, സന്യസ്തരെയും ഇകഴ്ത്തിക്കാണിക്കുകയും അവരുടെ നിസ്സാര വീഴ്ചകളെ പർവതീകരിക്കുകയും (പൗരോഹിത്യ അപചയങ്ങളെ യാതൊരു കാരണവശാലും നിസ്സാരവത്കരിക്കുവാൻ ഈ ലേഖകൻ ഉദ്ദേശിക്കുന്നില്ല) സാധ്യമായ മാധ്യമങ്ങളിലൂടെയെല്ലാം പ്രസിദ്ധം ചെയ്യുകയും ചെയ്യുന്നത് ഇന്ന് ഒരു ആഗോള പ്രതിഭാസമായി നിരീക്ഷിക്കാവുന്നതാണ്. എന്തുകൊണ്ടാണ് കത്തോലിക്കാ സഭ ഇത്തരത്തിൽ അപകീർത്തിപ്പെടുത്തപ്പെടുന്നത് എന്നത് ചിന്തവ്യമാണ്. സഭയിൽനിന്നും സഭാപ്രതിനിധികളിൽനിന്നും സമുന്നതമായ ഒരു സർഗനിലവാരം എല്ലാവരും പ്രതീക്ഷിക്കുന്നുണ്ട് എന്ന സാക്ഷാത്തായ മാനമിതിനുണ്ട്. അതിനാൽത്തന്നെ ഇത്തരം ക്രിയാത്മക വിമർശനങ്ങൾ



www.malankaralibrary.com

സ്വീകാര്യമാണ്. ഇവിടെ രണ്ടാമതൊരു കാര്യം കൂടി പ്രസ്താവ്യമാണ്. സഭയുടെ ഉന്നത ധാർമിക നിലപാടുകൾ തന്നെയാണ് സഭയ്ക്കും അധികം ശത്രുക്കൾ ഉണ്ടാകാനും ഹേതുവാകുന്നത്. ഉത്തരാധുനികതയുടെ ലൈംഗിക അരാജകത്വം, അമിതഭോഗം, ഭൗതിക നേട്ടങ്ങൾക്കു വേണ്ടി പ്രകൃതി വിഭവങ്ങളെയും പാവപ്പെട്ടവന്റെ നിസ്സഹായതയും ചൂഷണം ചെയ്യുന്നതുമൊക്കെ ശക്തിയുക്തം എതിർക്കുന്ന ലോകശക്തി ഇന്നും കത്തോലിക്ക സഭയും അതിന്റെ തലവനായ മാർപാപ്പയും, അതിന്റെ കാവലാളുകളായ വൈദികരുമാണ്. വൈദികരെയും സന്യസ്തരെയും ആസക്തികൾക്കടിമകളായി ചിത്രീകരിച്ചുകൊണ്ട് ജനങ്ങൾക്ക് അവരിലുള്ള വിശ്വാസം തകർക്കുന്നതുവഴി 'ആടുകളെ ചിതറിക്കാൻ' ഒരു പരിധി വരെ ഇത്തരം വിധ്വംസക ശക്തികൾക്ക് കഴിയുന്നുണ്ട്.



ഒരു കോട്ട തകർക്കാൻ ഏറ്റം ദുർബലമായ ശിലയിൽ അടിക്കുന്നതുപോലെയാണ് ഒരു പ്രസ്ഥാനത്തെ തകർക്കാൻ അതിലെ അപചയം സംഭവിച്ച വ്യക്തികളെ ചൂണ്ടി എല്ലാവരും ഇങ്ങനെയാണ് എന്നു പറയുന്നത്. യുക്തിസഹജമല്ലെങ്കിലും സാമാന്യജനം മുഴുവൻ ഇതു വിശ്വസിക്കാനിടയാകുന്നു. അഭയ കേസ് 30 വർഷം നീട്ടിക്കൊണ്ടുപോയതിലും പിന്നീടുണ്ടായ പീഡനകേസുകളെക്കുറിച്ചുള്ള അനിയന്ത്രിതമായ മാധ്യമവിചാരണകളിലും ഒരു രൂപതയിലെ ഭൂമിയിടപാടു വിവാദത്തെ സഭയുടെ മുഴുവൻ പ്രശ്നമാക്കി മനഃപൂർവം നാമകരണം ചെയ്തതിലുമൊക്കെ ഇത്തരമൊരു രഹസ്യ അജണ്ടയുടെ രൂപരേഖ തെളിയുന്നുണ്ട്.

അക്ഷുബ്ധ യുദ്ധത്തിന്റെ നിശ്ശബ്ദ ആയുധങ്ങൾ വിന്യസിക്കുന്ന പത്തു രീതികളെക്കുറിച്ച് ചോംസ്കി വിവരിക്കുന്നുണ്ട്. അവയിൽ സുപ്രധാനമായ ചിലത് നമ്മുടെ വിശകലന വിഷയത്തിൽ പ്രസക്തമാണ്.

ഒന്നാമത്തെ തന്ത്രം കാതലായ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ വ്യതിചലിപ്പിച്ച് അപ്രധാനകാര്യങ്ങളിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ടിരിക്കുകയെന്നതാണ്. ഇതിനായി അഴിമതിക്കഥകൾ, കുറ്റകൃത്യങ്ങൾ, ലൈംഗികച്ചുവയുള്ള വാർത്തകൾ തുടങ്ങിയവ നിരന്തരമായി സംപ്രേഷണം ചെയ്ത് മനസ്സിനെ മടുപ്പിക്കുകയും അതുവഴി എല്ലാവരെയും ആശയക്കുഴപ്പത്തിലേക്കും അശുഭ പ്രതീക്ഷയിലേക്കും ചിന്താദാരിദ്ര്യത്തിലേക്കും നയിച്ച് പ്രതികരണശേഷി ഇല്ലാതാക്കുക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസനിലവാരം താഴ്ത്തിയും സംഭവങ്ങളുടെ സമ്പൂർണ ചിത്രം നല്കാതെയും ആളുകളെ മന്ദതയിലേക്കും അജ്ഞതയിലേക്കും നയിക്കും. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അനർഹർക്ക് മാർക്കു നൽകിയും സിലബസുകൾ തിരുത്തിയും സമരങ്ങൾ വഴി പാഠ്യദിനങ്ങൾ വെട്ടിക്കുറച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് വിവാദങ്ങൾ ഉയർത്തിയും വിദ്യാഭ്യാസരംഗത്തെ താഴ്ന്നനിലവാരത്തിലേക്ക് വലിച്ചിഴക്കുന്നതു നാം ദൈനംദിനം കാണുന്നതാണ്.

രണ്ടാമത്തെ പ്രധാന കൗശലം മനുഷ്യരുടെ വികാരങ്ങളെ ത്രസിപ്പിച്ച് അവരിൽ ആസക്തികളും അനുചിത ചിന്തകളും ജനിപ്പിച്ച് ഭോഗസംസ്കാരത്തിലേക്കും അധമചിന്തകളിലേക്കും വാസനകളിലേക്കും നയിക്കുകയെന്നതാണ്. മലയാളം ചാനലുകളിലെ സീരിയലുകൾ ലൈംഗിക അരാജകത്വവും അക്രമവാസനയും വൈവാഹിക അവിശ്വസ്തതയും വഞ്ചനയും കാപട്യവുമാണ് നിരന്തരം വിളമ്പുന്നത്. കേരളത്തിലെ ലൈംഗികാതിക്രമവർധനവിലും കുടുംബശിഥിലീകരണത്തിലും ഇത്തരം സീരിയലുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്താൻ നമ്മുടെ സർവകലാശാലകൾ സന്നദ്ധമാകേണ്ടിയിരിക്കുന്നു. കാര്യകാരണബുദ്ധി എത്രതന്നെ വികസിച്ചാലും മനുഷ്യനിലെ 'മൃഗബുദ്ധി' (animal brain) നിലനില്ക്കുമത്രേ. കാരണം, അതിജീവനത്തിന് അത് ആവശ്യമാണ്. ജീവിതാസ്വാദനത്തിനും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ലൈംഗികത എന്നിവയ്ക്കും ഉറപ്പില്ലാതെ വരുമ്പോൾ എല്ലാവരിലും അനൈച്ഛിക (automated) രീതിയിലേക്ക് പ്രവർത്തനം മാറുന്നു. വാർത്താചാനലുകൾ പോലും ലൈംഗികതയും അക്രമവും ഇടകലർത്തിയുള്ള വാർത്തകൾക്ക് അമിതപ്രാധാന്യം നല്കുന്നതുകൊണ്ടാണ് സരിതയും സ്വപ്നയും സ്ത്രീപീഡനവുമൊക്കെ

www.malankaralibrary.com

നിരന്തര വാർത്തകളായി നിലനില്ക്കുന്നത്. അധമവികാരങ്ങളെ മാറ്റിനിറുത്തി ശുഭോദർക്ക ചിന്തകൾ നല്കുന്ന പ്രക്ഷേപണങ്ങൾതന്നെ ചുരുക്കം. തെക്കൻ അമേരിക്കൻ ആഹ്വാനങ്ങളുടെ സ്വാധീനത്തിൽപ്പെട്ട മലയാള സിനിമയും ഇതേ അധമ വികാരങ്ങളെ ആശ്രയിച്ചു ചിത്രീകരണം തുടരുന്നു.

ഒരേ മാധ്യമം തന്നെ ഇത്തരം തിന്മകളെ റിപ്പോർട്ട് ചെയ്യുകയും സപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ മണിക്കൂറുകൾ നീളുന്ന ചാനൽ ചർച്ചകൾക്കും ചാനൽ ജഡ്ജിമാരുടെ വിധിപ്രസ്താനങ്ങൾക്കും അപ്പുറം ഇന്ന് വഴികളിൽ മുഴുവൻ കുണ്ടും കുഴിയും നിറഞ്ഞിരിക്കുന്നതും, അനുവദിച്ചതിലും പത്തിരട്ടി ക്വാറി മാഫിയകൾ പ്രവർത്തിക്കുന്നതും, സ്വർണക്കടത്തും മയക്കു മരുന്നു കടത്തും നിർബാധം തുടരുന്നതും, പണിതീർത്ത് 6 മാസത്തിനകം പാലങ്ങളും തുരങ്കങ്ങളും തകരുന്നതും, അനിയന്ത്രിതമായ വിലക്കയറ്റം പതിവു കാഴ്ചയായി തുടർന്ന് പൊതുജനം പ്രതികരണശേഷിയുംചിന്താശക്തിയുംനഷ്ടപ്പെട്ട് അനുദിന വ്യാപാരങ്ങളിൽ മുഴുകി പകലന്തിയോളം പണിയെടുക്കുന്നതും തുടർക്കാഴ്ചയാണിന്ന്. പ്രതികരണ ശേഷിയുള്ള ചിന്താശക്തി ഉപയോഗിക്കുന്ന, വൈകാരിക ക്ഷോഭങ്ങളിൽ വിവേചനശക്തി നഷ്ടപ്പെടാത്ത ഒരു ജനവിഭാഗം കേരളത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്ക സഭയെ സംബന്ധിച്ചു മാത്രം പറഞ്ഞാൽ ആനുകാലിക സംഭവങ്ങളുടെ ഗൗരവം ഏറെയാളുകൾ മനസ്സിലാക്കി തുടങ്ങിയെന്നതിന്റെ ചലനങ്ങൾ ദൃശ്യമാകുന്നുണ്ട്. പ്രണയക്കുരുക്കിനെക്കുറിച്ചും ലഹരിയെന്ന രഹസ്യ ആയുധത്തെക്കുറിച്ചും സഭക്കെതിരെയുള്ള സംഘടിത നീക്കങ്ങളെക്കുറിച്ചും ചർച്ച ചെയ്തു തുടങ്ങിയതുതന്നെ ഉണർവിന്റെ ഉദാഹരണമാണ്. എന്നാൽ, ഒരു സർക്കുലർ കൊണ്ടോ, ഒരു പള്ളി പ്രസംഗം കൊണ്ടോ പരിഹരിക്കാനാകാത്തതിലധികം ആഴത്തിലേക്ക് തള്ളപ്പെട്ട ഒരു ജനതതിക്ക് ഇവ മാത്രം തുണയാകില്ല. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെയും മതപഠനക്ലാസ്സുകളെയും കുടുംബ യൂണിറ്റുകളെയും കേന്ദ്രീകരിച്ചുള്ള കാര്യമാത്രപ്രസക്തമായ ബോധവത്കരണമാണാവശ്യം. നവമാധ്യമങ്ങളുടെ ക്രിയാത്മകമായ ഉപയോഗവും സഭാംഗങ്ങളുടെ നിതാന്ത ജാഗ്രതയും പരമപ്രധാനമാണ്. അതോടൊപ്പം പോരായ്മകളെ പരിഹരിക്കാനും തെറ്റുകളെ ശിക്ഷിക്കാനും സഭയുടെ മാനുഷികഭാവം മറക്കാതിരിക്കാനും പരിശ്രമം വേണം. ചുരുക്കം ചില സഭാധികാരികളുടെ ധാർഷ്ട്യവും വിവേചനരഹിതമായ പെരുമാറ്റവുമാണ് പലപ്പോഴും സഭാതനയരെപ്പോലും സഭാവിരുദ്ധരാക്കുന്നത്.

പീഡകളുടെ കാലത്തെക്കരുതി ഇത്തരുണത്തിൽ അന്യരാൽ പൊളിച്ചടുക്കപ്പെടാൻ ഇടം കൊടുക്കാതെ സ്വയം ഒരു പൊളിച്ചെഴുത്തിനു നാം തയ്യാറാകേണ്ടിയിരിക്കുന്നു. ഈശോ നല്കിയ ഉപദേശം ഓർക്കാനുള്ള സമയമാണിത്. 'നിങ്ങൾ പ്രാവുകളെപ്പോലെ നിഷ്കളങ്കരും സർപ്പങ്ങളെപ്പോലെ വിവേകമതികളും ആയിരിക്കുവിൻ' (മത്താ 10,16). സത്യത്തിനും നീതിക്കും വേണ്ടി നിലകൊണ്ടിട്ടാണ് സഭ പീഡയനുഭവിക്കുന്നതെങ്കിൽ അതിൽ സന്തോഷിക്കാനും എക്കാലവും നമുക്ക് കഴിയണം.



***(കെയ്റോസ് മാസികയുടെ 2021 നവംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)***

www.malankaralibrary.com



# മതരാഷ്ട്രസങ്കല്പങ്ങൾ എന്ന ആഗോള ഭീഷണി

മനുഷ്യ സംസ്കൃതി വളർച്ചയുടെ പാതയിലാണ്. പരിണാമത്തിലൂടെയും പരിഷ്കരണങ്ങളിലൂടെയുമാണ് മനുഷ്യസമൂഹങ്ങളും സംസ്കാരങ്ങളും ഗുണപരമായ മാറ്റങ്ങളും മേന്മകളും ആർജ്ജിക്കാറുള്ളത്. അതാണ് പ്രകൃതിയുടെ നിയമവും. തെറ്റുകളും കുറ്റങ്ങളും പോരായ്മകളും പരിഹരിച്ച് സ്വയം പരിണമിച്ചുകൊണ്ടേയിരിക്കുന്ന ദൃശ്യപ്രപഞ്ചത്തിന്റെ ചെറുരൂപങ്ങളാണ് മാനവ സംസ്കാരങ്ങളും. ചരിത്രങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് തെറ്റുകൾ പരിഹരിച്ച് കൂടുതൽ മികവിലേക്കും പുരോഗമന കാഴ്ചപ്പാടുകളിലേയ്ക്കും വളരാനുള്ള ആന്തരിക ചോദന എല്ലാ സമൂഹങ്ങൾക്കും വ്യക്തിഗതമായി എല്ലാ മനുഷ്യർക്കുമുണ്ട്. പൂർണ്ണതയിലേയ്ക്കും നന്മയിലേയ്ക്കും സഞ്ചരിക്കാനുള്ള മനുഷ്യന്റെ ആത്യന്തികമായ ആഭിമുഖ്യമാണ് അവിടെ പ്രകടമാകുന്നത്.

ചരിത്രങ്ങൾ പലപ്പോഴും സന്തോഷം പകരുന്ന ഓർമ്മകളല്ല. രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ചരിത്രങ്ങളിൽ ഏറിയപങ്കും കയ്പ്പേറിയ കനലുകളും ഉണങ്ങാൻ മടിക്കുന്ന മുറിവുകളുമാണ്. പതിനായിരങ്ങളുടെ കൂട്ടക്കുരുതിക്ക് മുതൽ വംശങ്ങളുടെ ഉന്മൂല നാശത്തിനുവരെ കാരണമായിട്ടുള്ള ആസൂത്രിത കലാപങ്ങളും ചെറുതും വലുതുമായ യുദ്ധങ്ങളുമുണ്ട്. ഇത്തരം ചരിത്രങ്ങൾ എഴുതപ്പെടുകയും പല വീക്ഷണകോണുകളിലൂടെ വിശകലനം ചെയ്യപ്പെടുകയും പഠന വിഷയമാക്കപ്പെടുകയും ചെയ്യാറുണ്ട്. തങ്ങൾ ഗവേഷണ വിഷയമാക്കുന്ന ചരിത്ര സംഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് കൂടുതൽ മികച്ച ഒരു ലോകക്രമം വിഭാവനം ചെയ്യാനാണ് പല ചരിത്രകാരന്മാരും അധ്വാനിച്ചിട്ടുള്ളത്. കളങ്കമില്ലാത്തതും കുറ്റമറ്റതുമായ ഒരു ചരിത്രം സ്വന്തമായുണ്ടെന്ന് അവകാശപ്പെടാൻ കഴിയുന്ന ജനതകളൊന്നും നമുക്കിടയിലുണ്ടാവില്ല എന്നുള്ളതാണ് വാസ്തവം.

തങ്ങളുടെ സ്വന്തമായതും മറ്റുള്ളവരുടെയുമായ ചരിത്രങ്ങളിൽ അടിവരയിട്ട് സൂക്ഷിച്ചിട്ടുള്ള പിഴവുകൾ, അവ ആവർത്തിക്കാതിരിക്കാനുള്ള മുന്നറിയിപ്പുകളായിവേണം നാം പരിഗണിക്കാൻ. കൂട്ടക്കൊലകളിലേയ്ക്കും വംശഹത്യകളിലേയ്ക്കും നയിച്ചിട്ടുള്ള ചരിത്രസംഭവങ്ങളും രാഷ്ട്ര വർഗ്ഗ വിഭാഗീയതകൾ മൂലം രൂപപ്പെട്ടിട്ടുള്ള യുദ്ധങ്ങളും കലാപങ്ങളും എണ്ണിയാലൊടുങ്ങാത്തതായുണ്ട്. മൗലികവാദങ്ങളുടെ വ്യാപനവും തീവ്രവാദ ചിന്തകളുടെ സ്വാധീനങ്ങളും സമാധാനവും സ്ഥിരതയും നഷ്ടപ്പെടുത്തുകയും ഉന്മൂലനം ചെയ്യുകയും ചെയ്ത നിരവധി രാഷ്ട്രങ്ങളും ജനതകളുമുണ്ട്.

വർഗ്ഗ മത രാഷ്ട്ര ചിന്തകൾക്കപ്പുറം മാനവികത വിലമതിക്കപ്പെടാത്ത പക്ഷം ലോകസമാധാനം പ്രാപ്യമാവില്ല എന്നുള്ളതിന് എണ്ണമറ്റ ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്. അത്തരം ചരിത്രപാഠങ്ങൾ നമ്മെ നയിക്കേണ്ടത് ആഗോള മാനവികതയുടെ പുതിയ സംസ്കാരത്തിലേയ്ക്കും സാമൂഹിക സഹവർത്തിത്വത്തിന്റെ പുതിയ ലോകക്രമത്തിലേയ്ക്കുമാണ്. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ പോപ്പ് ഫ്രാൻസിസ് ആഗോള ഭരണ നേതൃത്വങ്ങളെ ക്ഷണിക്കുന്നത് ഈ ലക്ഷ്യത്തിനായുള്ള കൂട്ടായ പരിശ്രമത്തിലേക്കാണ്.

### ക്രൈസ്തവ രാഷ്ട്രങ്ങൾ

കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിലെ ചരിത്രത്തിൽ തലയുയർത്തിനിൽക്കുന്നത് വിവിധ ക്രൈസ്തവ സാമ്രാജ്യങ്ങളാണ്. മധ്യപൂർവ്വ ദേശത്തെ ഇസ്ലാമിക തേരോട്ടത്തിന് മുമ്പുള്ള കാലഘട്ടം ക്രൈസ്തവ മതരാഷ്ട്രങ്ങളുടെ സുവർണ്ണ കാലഘട്ടമായിരുന്നു. പിന്നീടിങ്ങോട്ടും, പത്തൊമ്പതാം നൂറ്റാണ്ട് വരെയും കത്തോലിക്കാ സഭയുടെ രാഷ്ട്രീയ ഇടപെടൽ അതിശക്തമായി തുടർന്നിരുന്നു. ക്രിസ്തുവിന് മുമ്പുള്ള കാലഘട്ടങ്ങളിലും മുഖ്യമായും യഹൂദ ഭരണാധിപന്മാർ മത നിയമങ്ങൾക്ക് പ്രാമുഖ്യം നൽകി ഭരണം നടത്തിപ്പോന്നിരുന്നു. ആ കാലങ്ങളിൽ മത നിയമങ്ങളായിരുന്നു രാഷ്ട്ര നിയമങ്ങൾ എന്നുകാണാം. നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ, ക്രൈസ്തവ നേതൃത്വങ്ങൾ ഭരണം കയ്യാളിയിരുന്ന ചരിത്രങ്ങളിൽ മത നിയമങ്ങളുടെ



www.malankaralibrary.com


സ്വാധീനം കുറഞ്ഞുവന്നിരുന്നു. പിൽക്കാലത്ത് മതരാഷ്ട്രം എന്ന സങ്കൽപ്പത്തെ ക്രൈസ്തവ നേതൃത്വങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുകയാണുണ്ടായത്. ഇന്നത്തെ ലോകരാജ്യങ്ങളിൽ ക്രൈസ്തവ സംസ്കാരത്തിന്റെ സ്വാധീനം ഉണ്ടെങ്കിലും മത നിയമങ്ങൾ രാഷ്ട്ര നിയമങ്ങളായുള്ള രാജ്യങ്ങളേയില്ല. അതേസമയം ക്രൈസ്തവ ഭൂരിപക്ഷമുള്ള ഒട്ടേറെ പ്രബല രാജ്യങ്ങൾ ഇന്നുണ്ട്.

ക്രൈസ്തവ രാഷ്ട്രീയം എന്നൊന്ന് ഇന്ന് ഇല്ലാത്തതിന്റെ കാരണം, കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളുടെ ചരിത്രം നൽകുന്ന പാഠം ക്രൈസ്തവ സഭകൾ ഉൾക്കൊണ്ടതിനാലാണ് എന്നത് വ്യക്തമാണ്. കത്തോലിക്ക സഭയുടെ ആധുനിക പ്രബോധനങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ ചിന്തകൾ മതരാഷ്ട്ര ആശയങ്ങളല്ല, മാനവിക മൂല്യങ്ങൾക്കായി നിലകൊള്ളുന്ന വിശാലമായ കാഴ്ചപ്പാടുകളാണ്. വൈവിധ്യങ്ങളെയും വ്യതിരിക്തതകളെയും ഉൾക്കൊള്ളുന്നതും, വിഭാഗീയ ചിന്തകൾക്ക് ഇടമില്ലാത്തതുമായ സമഗ്രവും ഉദാത്തവുമായ സാമൂഹിക ചട്ടക്കൂടുകളാണ് കത്തോലിക്കാ സഭ വിഭാവനം ചെയ്യുന്നത്. നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യൻ ദേശീയതയുടെ മുദ്രാവാക്യത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്ന ഒന്നാണ് കത്തോലിക്കാ സഭയുടെ നിലപാടുകൾ.

### ആധുനിക ലോകത്തിലെ മതരാഷ്ട്ര സങ്കൽപ്പങ്ങൾ

ഒരുകാലഘട്ടം വരെയും മത വിശ്വാസങ്ങളും മത നേതൃത്വങ്ങളുമായിരുന്നു ലോകമെമ്പാടും ആധിപത്യം പുലർത്തിയിരുന്നത് എന്നുള്ളതിന് ചരിത്രം സാക്ഷ്യം നൽകുന്നു. ആ കാലങ്ങളിൽ ഓരോ സമൂഹങ്ങളിലും പ്രാമുഖ്യം പുലർത്തിയിരുന്ന മതങ്ങളും വംശങ്ങളും രാഷ്ട്രീയ അധികാരങ്ങൾ ഏറ്റെടുക്കുകയും മതവിശ്വാസ സംബന്ധമായ നിയമങ്ങളുടെയും വംശീയ കാഴ്ചപ്പാടുകളുടെയും വേലിക്കെട്ടുകൾക്കുള്ളിൽ നിന്ന് ഭരണം നടത്തുകയും ചെയ്തിരുന്നു. വർഗ്ഗീയവും വംശീയമായ ചേരിതിരിവുകൾക്കും കലാപങ്ങൾക്കും യുദ്ധങ്ങൾക്കുമെല്ലാം പിന്നിൽ അധികാരം കയ്യാളിയിരുന്ന അത്തരം നേതൃത്വങ്ങളായിരുന്നു. സങ്കുചിതമായ ചിന്തകൾക്കും വിഭാഗീയതകൾക്കും അടിച്ചമർത്തലുകൾക്കും കാരണമായി മാറിയിരുന്ന അത്തരം ഭരണ സംവിധാനങ്ങൾക്ക് സാമൂഹികമായ പരിഷ്ക്കരണങ്ങൾക്കും ആധുനിക കാഴ്ചപ്പാടുകൾക്കും ആനുപാതികമായി കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായി വരികയും ക്രമേണ നിരവധി രാജ്യങ്ങൾ അത്തരം സ്വാധീനങ്ങളിൽനിന്ന് വിമുക്തമാക്കപ്പെടുകയും ചെയ്തു.

എന്നാൽ, മാനവികതയ്ക്കും സാമൂഹിക സൗഹാർദ്ദത്തിനും മുകളിൽ വർഗ്ഗീയ ചിന്തകൾക്കും വംശീയതയ്ക്കും മത വിശ്വാസങ്ങൾക്കും സ്ഥാനംകൊടുത്ത ചിലർ മതരാഷ്ട്ര സങ്കൽപ്പങ്ങളിൽ തുടരുകയും കൂടുതൽ ഇടങ്ങളിൽ പ്രാമുഖ്യം നേടിയെടുക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുപോരുകയും ഉണ്ടായി. ചരിത്രത്തിലെ പിഴവുകൾ തിരുത്താനുള്ള ശ്രമമല്ല, കൂടുതൽ ആവേശത്തോടെ ദേശങ്ങൾ പിടിച്ചടക്കാനാണ് അത്തരക്കാർ ശ്രമിച്ചത്. അത്തരം പ്രവണതകൾ ഇന്നും തുടരുന്നു.

ഇന്ത്യയുടെ പശ്ചാത്തലത്തിൽ ഇന്ന് ചർച്ച ചെയ്യപ്പെടുന്ന ഹിന്ദു രാഷ്ട്രം എന്ന ആശയവും, ആഗോള തലത്തിൽ പൊളിറ്റിക്കൽ ഇസ്ലാമിന്റെ വിവിധ കടന്നുകയറ്റങ്ങളും പ്രാകൃതമായ ഒരു ഭരണക്രമത്തിലേക്കുള്ള തിരിച്ചുപോക്ക് എന്ന ഭീതിയാണ് ജനാധിപത്യവാദികളിൽ നിറയ്ക്കുന്നത്. മത വിശ്വാസങ്ങളും വർഗ്ഗീയ ആശയങ്ങളും സമുദായത്തിന്റെയും ദേശത്തിന്റെയും പുരോഗതിക്ക് ഉതകുന്നതായിരിക്കണം. അതിനപ്പുറം, അപരന്റെ തകർച്ച കൂടി ലക്ഷ്യം വച്ചുതുടങ്ങുമ്പോൾ അത് സാമൂഹിക സൗഹാർദ്ദത്തിനും ഈ ആഗോള സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനും ആപൽക്കരമായി മാറുന്നു. തങ്ങളുടെ മതനിയമങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള നീക്കങ്ങളും, തങ്ങളൊഴികെയുള്ളവർക്ക് അവകാശങ്ങൾ നിഷേധിക്കുന്ന പ്രവണതയും, എല്ലാം തങ്ങളുടേതാക്കി മാറ്റാനുള്ള ശ്രമങ്ങളും തുറന്നുകാണിക്കേണ്ടതും ചെറുക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

പൗരന്മാർക്ക് വേർതിരിവുകളില്ലാതെ സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പുനൽകാൻ കഴിയുന്ന റിപ്പബ്ലിക്കുകളായി എല്ലാ രാജ്യങ്ങളും മാറണം. മത വംശ വ്യത്യാസങ്ങൾ കൂടാതെ അയൽരാജ്യങ്ങളും മറ്റു ലോകരാജ്യങ്ങളുമായി മാനവിക വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാനും രാഷ്ട്രങ്ങൾ തയ്യാറാകേണ്ടതുണ്ട്. വർഗ്ഗീയതയെയും തീവ്രവാദത്തെയും ചെറുത്തു തോൽപ്പിക്കാനുള്ള ശ്രമത്തിൽ ലോകജനത ഒരേമനസോടെ പങ്കുചേരുകയും വർഗ്ഗീയവാദികളെ ഒറ്റപ്പെടുത്തുകയും വേണം.



www.malankaralibrary.com



# സന്യസ്തർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ആശങ്കാജനകം: കെസിബിസി ഐക്യജാഗ്രത കമ്മീഷൻ

**വാ**രണാസിയിൽ ഈ മാസം പത്താം തിയ്യതി ട്രെയിൻ യാത്രക്കായി എത്തിയ രണ്ട് സന്യാസിനിമാർ വർഗീയവാദികളുടെ അതിക്രമത്തിനിരയാവുകയും മതപരിവർത്തനം ആരോപിച്ച് പൊലീസ് കെണിയിൽപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തത് അതീവ ഗൗരവമുള്ള വിഷയമാണ്. ഒരു പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്ത ചിലർക്കെതിരായി സ്ഥലത്തെ ചില തീവ്ര ഹിന്ദുവർഗീയ സംഘടനാ പ്രവർത്തകർ നടത്തിയ നീക്കങ്ങൾക്ക് തുടർച്ചയായാണ്, യാത്രക്കായി റെയിൽവേ സ്റ്റേഷനിൽ എത്തിയ രണ്ട് ഉർസുലൈൻ ഫ്രാൻസിസ്കൻ സന്യാസിനിമാരെയും കേസിൽ പ്രതിചേർക്കാൻ ലോക്കൽ പൊലീസ് ശ്രമിച്ചതെന്ന് 2021 ഒക്ടോബർ 11ന് മാറ്റേഴ്സ് ഇന്ത്യ റിപ്പോർട്ട് ചെയ്തിരുന്നു. 2021 മാർച്ച് പത്തൊമ്പതിന് ഝാൻസി റെയിൽവേ സ്റ്റേഷനിൽ വച്ച് ട്രെയിൻ യാത്രയിലായിരുന്ന രണ്ട് സന്യാസിനിമാർക്കെതിരെ ഉണ്ടായ അതിക്രമത്തിന് സമാനമായ സംഭവമാണ് വാരാണസിയിലും ഉണ്ടായത്. സന്ന്യാസ വസ്ത്രം ധരിച്ച് യാത്ര ചെയ്യുന്ന ക്രൈസ്തവ സന്ന്യാസിനികളെ വർഗീയവാദികൾ വ്യാജ ആരോപണങ്ങളുന്നയിച്ച് ആക്രമിക്കാൻ ശ്രമിക്കുന്നതും, നിയമപാലകർ ആൾക്കൂട്ട ആരവങ്ങൾക്ക് കൂട്ടുനിന്ന് സന്യസ്തർക്കെതിരെ കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്.

സന്യസ്തർക്കെതിരായുള്ള ഇത്തരം അതിക്രമങ്ങൾ മുഖ്യധാരാ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ കാണിക്കുന്ന അലംഭാവവും വിലയിരുത്തപ്പെടേണ്ടതാണ്. വാരണാസിയിൽ നടന്ന അതിക്രമം അപൂർവ്വം ചില മാധ്യമങ്ങൾ മാത്രമാണ് യഥാസമയം റിപ്പോർട്ട് ചെയ്തത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതും, മാധ്യമങ്ങളിൽ ഇവ വേണ്ടത്ര ഗൗരവത്തോടെ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നതും ദൗർഭാഗ്യകരമാണ്. ഭാരതമെമ്പാടും ക്രൈസ്തവ സമർപ്പിതർക്കും അവരുടെ സാമൂഹിക - ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും എതിരായി, രൂപപ്പെട്ടുകൊണ്ടിരിക്കുന്ന വിവാദങ്ങൾക്ക് പിന്നിൽ, ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയവാദികളുടെ ആസൂത്രിത നീക്കങ്ങളുണ്ട് എന്നത് വ്യക്തമാണ്. തികച്ചും വാസ്തവവിരുദ്ധമായ ദുഷ്പ്രചരണങ്ങളും മതംമാറ്റം പോലെയുള്ള ആരോപണങ്ങളുമാണ് സന്യസ്തർക്കും ക്രൈസ്തവ സമൂഹങ്ങൾക്കും എതിരെ ചില കേന്ദ്രങ്ങൾ പതിവായി ഉയർത്തുന്നത്. ഭാരതത്തിൽ എല്ലായിടത്തും വിദ്യാഭ്യാസ- ആതുരാലയ- സാമൂഹിക സേവന രംഗങ്ങളിൽ പ്രവർത്തന നിരതരായിരിക്കുന്ന പതിനായിരക്കണക്കിന് സന്യസ്തർ ഭീഷണിയിൽ അകപ്പെട്ടിരിക്കുന്നതും, ആക്രമിക്കപ്പെടുന്നതും ഗൗരവപൂർണമായ സർക്കാർ- മാധ്യമ ഇടപെടലുകൾ ആവശ്യമുള്ള വിഷയങ്ങളാണ്. അടുത്തകാലത്തായി വിവിധ സംസ്ഥാനങ്ങളിൽ നിലവിൽവന്നിട്ടുള്ള മതംമാറ്റ നിരോധന നിയമങ്ങളുടെ മറവിലാണ് ഇത്തരം അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്നത്. ഇത്തരം പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ നിരപരാധികൾക്കെതിരെ അത് ഉപയോഗിക്കപ്പെടാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കാനുള്ള ചുമതലകൂടി അതത് സർക്കാരുകൾക്കുണ്ട്.

മതപരവും വർഗ്ഗീയവുമായ കാലുഷ്യങ്ങൾ തീരെയില്ലാതിരുന്ന കേരളത്തിന്റെ ഇന്നത്തെ അവസ്ഥയും വ്യത്യസ്തമല്ല. കഴിഞ്ഞവർഷം ഓണാഘോഷത്തോടനുബന്ധിച്ചുണ്ടായ ഒരു വിവാദം ഒരു സ്കൂൾ പ്രിൻസിപ്പൽ കൂടിയായിരുന്ന സന്യാസിനിയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. തന്റെ വിദ്യാർത്ഥികൾക്ക് ആ സന്യാസിനി നൽകിയ സന്ദേശത്തെ വിവാദമാക്കി മാറ്റുകയും, പൊതുസമൂഹമധ്യത്തിൽ അവരെ അവഹേളിക്കുകയും ചെയ്തവർക്ക് വർഗീയ ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. സഹിഷ്ണുത പുലർത്താൻ മനസാകാത്ത ഒരു വിഭാഗം നമുക്കിടയിൽ വളർന്നുവരുന്നതിന്റെ സൂചന ആ സംഭവത്തിലൂടെ വ്യക്തമായതാണ്. സമാനമായ മറ്റൊരുവിവാദം സമീപകാലത്ത് കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട് ഉടലെടുക്കുകയുണ്ടായി. ഒരു പ്ലസ്ടു അഡ്മിഷനുമായി ബന്ധപ്പെട്ട് രൂപപ്പെട്ട നിസാരമായ ഒരു ആശയക്കുഴപ്പം വലിയ വിവാദവും വാർത്തയുമാക്കി മാറ്റി, കേസെടുപ്പിച്ച്, സ്കൂൾ അധികാരികളായ സന്യസ്തരെ കെണിയിൽപ്പെടുത്താനുള്ള ശ്രമമാണ് അവിടെ നടന്നത്. ആ സംഭവവുമായി ബന്ധപ്പെട്ട് വ്യാജപ്രചരണങ്ങൾ ആസൂത്രിതമായി അവതരിപ്പിച്ചുകൊണ്ട് ചിലർ മുന്നിട്ടിറങ്ങിയ കാഴ്ച ഇന്ന് നമുക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വർഗീയ ധ്രുവീകരണത്തിന്റെ നേർചിത്രമാണ്.

ഇത്തരം സംഭവങ്ങളെയെല്ലാം വിവാദമാക്കി മാറ്റാനും സന്യസ്തർക്കെതിരെ പൊതു

www.malankaralibrary.com



വികാരം ഉണർത്താനും മുന്നിട്ടുനിൽക്കുന്നത് ചില ഹിന്ദു - മുസ്ലീം തീവ്ര വർഗീയ സംഘടനകളും അവരുടെ ജിഹ്വയായി പ്രവർത്തിക്കുന്ന ചില മാധ്യമങ്ങളുമാണ് എന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

സമർപ്പിതർക്കെതിരായുള്ള അതിക്രമങ്ങളും അവഹേളനങ്ങളും വ്യാജപ്രചരണങ്ങളും നല്കുന്ന സൂചനകളിൽ നിന്ന് ഈ കാലഘട്ടത്തിലെ യഥാർത്ഥ വെല്ലുവിളിയെ നിർണ്ണയിക്കാനാകും. വിദ്യാഭ്യാസം, ആതുര സേവനം തുടങ്ങി ഒട്ടേറെ സാമൂഹിക സേവന മേഖലകളിൽ കർമ്മ നിരതരായിരിക്കുന്ന, അതിനായി ജീവിതം മുഴുവനായി മാറ്റിവച്ചിരിക്കുന്ന പതിനായിരക്കണക്കിന് സമർപ്പിതരെ നിഷ്കരുണം ചവിട്ടിയരയ്ക്കാൻ മടിയില്ലാത്ത ഒരു വിഭാഗം നമുക്കിടയിൽ പ്രബലരാകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ഭാരതത്തിന്റെ മതേതരത്വ സംസ്കാരത്തിനും മനുഷ്യത്വത്തിന് തന്നെയും വെല്ലുവിളിയാണ്. ഇല്ലാക്കഥകൾ മെനഞ്ഞും അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ആവർത്തിച്ചും അത്തരക്കാർ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നത്, കത്തോലിക്കാ സഭയെ മാത്രമല്ല, നന്മയെയും നിസ്വാർത്ഥതയെയും സാമൂഹിക സൗഹൃദത്തേയും വിലകല്പിക്കുന്ന ഭാരത സംസ്കാരത്തെയും, ആ സംസ്കാരത്തെ പിന്തുടരുന്ന ഇവിടുത്തെ ഭൂരിപക്ഷം പൗരന്മാരെയുമാണ്.

വർദ്ധിച്ചുവരുന്ന ഭൂരിപക്ഷ - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വർഗീയ - വിധ്വംസക പ്രവണതകൾക്കെതിരെ ഭാരതത്തിലെ പൊതുസമൂഹം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങേണ്ടതുണ്ട്. എല്ലാവർക്കും, വിശിഷ്യാ, സാമൂഹിക നന്മയ്ക്കായി പ്രവർത്തിക്കുന്നവർക്കും മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

---

# സമ്മർദ്ദ തന്ത്രങ്ങളുടെ കുരുക്കിലാകേണ്ടതല്ല ജാഗ്രതാ നിർദ്ദേശങ്ങൾ:

## കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

***ജാഗ്രതാ നിർദ്ദേശത്തെ ദുർവ്യാഖ്യാനം ചെയ്ത് പാലാ മെത്രാനെതിരെ കേസെടുക്കാൻ സമ്മർദ്ദം ചെലുത്തുന്നത് പ്രതിഷേധാർഹമാണ്.***

**ലോക**മെമ്പാടും കാലങ്ങളോളമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ചില ആപത്തുകളുടെ ലക്ഷണങ്ങൾ കേരളത്തിലും പ്രകടമാകുന്നു എന്നുള്ള ആശങ്ക ഒരു മെത്രാന്റേത് മാത്രമല്ല, ചിന്തിക്കുന്ന ഓരോ മലയാളിയുടേതും കൂടിയാണ്. മയക്കുമരുന്നിന്റെ വിൽപ്പനയും ഉപയോഗവും വർദ്ധിക്കുന്നത്തിന് ആനുപാതികമായി തീവ്രവാദ പ്രവർത്തനങ്ങളും വർദ്ധിച്ചിട്ടുള്ള ചരിത്രം ലോകത്തിൽ പല രാജ്യങ്ങളിലുമുണ്ട്. അതിന്റെ സൂചനകൾ ഇന്ന് നമുക്കിടയിലും പലരീതിയിൽ പ്രകടമാകുന്നു. കേരളത്തിലെ തീവ്ര സ്വഭാവമുള്ള ചില ഇസ്ലാമിക സംഘടനകൾക്ക് അന്താരാഷ്ട്ര തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്നും, കേരളത്തിൽ തീവ്രവാദികളുടെ റിക്രൂട്ട്മെന്റ് നടക്കുന്നുണ്ടെന്നും പോലീസ് മേധാവികളും കേന്ദ്ര അന്വേഷണ ഏജൻസികളും അന്താരാഷ്ട്ര ഏജൻസികളും പലപ്പോഴായി വെളിപ്പെടുത്തിയിട്ടുണ്ട്.

ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ കേരളത്തിൽ നിന്ന് തീവ്രവാദ പ്രവർത്തനങ്ങൾക്കായി ഇന്ത്യയ്ക്ക് വെളിയിലേക്ക് പോയിട്ടുള്ളവരുടെ എണ്ണം നൂറോളം വരുമെന്ന് ബഹു. മുഖ്യമന്ത്രി തന്നെ കഴിഞ്ഞയിടെ പറയുകയുണ്ടായി. മാത്രമല്ല, കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ഇസ്ലാം സമൂഹത്തിനിടയിൽ സർക്കാർ നടത്തിയ ഡീറാഡിക്കലൈസേഷൻ പ്രവർത്തനങ്ങൾ വഴിയായി ആറായിരത്തോളം പേരെ തീവ്രവാദ പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തിയത് നടുക്കത്തോടെയാണ് മലയാളികൾ കേട്ടത്. സർക്കാർ ഖജനാവിൽനിന്ന് ലക്ഷങ്ങൾ ചെലവഴിച്ച് ഒരു സമുദായത്തിനുള്ളിൽ ഡീറാഡിക്കലൈസേഷൻ നടത്തിവരുന്നുണ്ടെങ്കിൽ ആ സമൂഹത്തിൽ തീവ്രവാദ പ്രചാരണങ്ങളും അതിനായുള്ള സ്വാധീനങ്ങളും സജീവമായുണ്ട് എന്നുള്ളതിന് അത് ശക്തമായ തെളിവ് തന്നെയാണ്. വാസ്തവങ്ങൾ ഇപ്രകാരമായിരിക്കെ, അപൂർവ്വം ചില ഇസ്ലാമിക

www.malankaralibrary.com



സംഘടനകളുടെ നേതൃത്വത്തിൽ കേരളത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് കത്തോലിക്കാ വിശ്വാസികൾക്ക് പാലാ മെത്രാൻ നൽകിയ മുന്നറിയിപ്പ് വർഗ്ഗീയ പ്രചാരണമാകുന്നത് എങ്ങനെയെന്ന് അത്തരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളമെമ്പാടും ഒപ്പുശേഖരണവും കാമ്പെയിനിംഗുകളും നടത്തുകയും നിയമനടപടികൾക്കായി പരക്കംപായുകയും ചെയ്യുന്നവർ വ്യക്തമാക്കേണ്ടതുണ്ട്.

ജിഹാദ് എന്ന വാക്ക് ഉപയോഗിച്ചു എന്നതാണ് പ്രശ്നമെങ്കിൽ, വർഷങ്ങളായി കേരളത്തിൽ പ്രചരിക്കുന്ന ചില ഗ്രന്ഥങ്ങളിൽ ജിഹാദ് എന്നാൽ, അമുസ്ലീങ്ങളോട് ആയുധവും അടവുകളും ഉപയോഗിച്ച് പോരാടുന്നതും അവരെ ഇല്ലാതാക്കുന്നതുമാണെന്ന് ഊന്നിപ്പറയുന്നതിനെക്കുറിച്ച് ഇസ്ലാമിക പണ്ഡിതർ വ്യക്തമാക്കേണ്ടതുണ്ട്. നാർക്കോ - ജിഹാദ് എന്ന വാക്ക് പതിറ്റാണ്ടുകൾക്ക് മുമ്പ് മുതൽ ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നതും അതിൽ വാസ്തവമുണ്ടെന്ന് നിരവധി സാമൂഹിക നിരീക്ഷകർ സ്ഥാപിച്ചിട്ടുള്ളതുമാണ്. അത്തരമൊരു പ്രതിഭാസവും ലോകത്തിൽ നടക്കുന്നുണ്ടെന്നുള്ളതിന് നിരവധി പത്രവാർത്തകൾ തന്നെ തെളിവായുണ്ട്. അങ്ങനെയല്ലെങ്കിൽ യുക്തിഭദ്രമായ വിശദീകരണങ്ങൾ ഈ സമൂഹത്തിന് നൽകുകയാണ് ആവശ്യം.

ചില തീവ്രവാദ സംഘടനകൾ കേരളത്തിലും തീവ്രവാദ ചിന്തകൾ പ്രചരിപ്പിക്കുന്നുണ്ട് എന്നുള്ളതിന് സമീപകാലത്ത് ചർച്ചാ വിഷയമായ 'വിജയത്തിന്റെ വാതിൽ - വാളിന്റെ തണലിൽ' എന്ന ഗ്രന്ഥം തന്നെ ഉത്തമ ഉദാഹരണമാണ്. പീസ് സ്കൂൾ സംബന്ധിച്ച് ഉയർന്ന വിവാദങ്ങൾ മലയാളികൾ മറന്നിട്ടുണ്ടാകാനിടയില്ല. തീവ്ര ഇസ്ലാമിക പ്രചാരണങ്ങൾ മുതൽ, വിദേശത്തേയ്ക്ക് തീവ്രവാദപ്രവർത്തനങ്ങൾക്കായി പോയതു വരെയുള്ള സംഭവവികാസങ്ങൾ അതുമായി ബന്ധപ്പെട്ട് വെളിപ്പെടുത്തപ്പെട്ടിരുന്നു. ഇസ്ലാമിക തീവ്രവാദികളെ അനുകരിച്ച് മതമൗലികവാദികൾ ഒരു അദ്ധ്യാപകന്റെ കൈ പരസ്യമായി വെട്ടി മാറ്റിയതും ഇതേ കേരളത്തിൽത്തന്നെയാണ്. സത്യമാകാനിടയാവരുതെന്ന് സാമാന്യജനത എന്നും ആഗ്രഹിക്കുന്ന ചില ആഹ്വാനങ്ങൾ ഇസ്ലാമിക മതപണ്ഡിതർ പൊതുവേദികളിൽ മലയാളത്തിൽ ഉച്ചത്തിൽ വിളിച്ചുപറയുന്ന ചില വീഡിയോകൾ സോഷ്യൽമീഡിയയിൽ ഇപ്പോഴും ലഭ്യമാണ്. ആരാണ് ഇവിടെ വർഗ്ഗീയതയും തീവ്രവാദവും പ്രചരിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നതെന്ന് മനസിലാക്കാൻ സാമാന്യബുദ്ധിയുള്ള ആർക്കും ബുദ്ധിമുട്ടുണ്ടാകാനിടയില്ല.

അന്യമതസ്ഥരെ ഇല്ലാതാക്കണമെന്ന് പച്ചയ്ക്ക് ആഹ്വാനം ചെയ്യുന്ന ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരും, തീവ്രവാദ പ്രവർത്തനങ്ങൾക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യുന്നവരും അഭിമാനത്തോടെ പറഞ്ഞയക്കുന്നവരും, പൊതു സദസുകളിൽ തീവ്രവാദം പ്രസംഗിക്കുന്നവരും കേരളത്തിലുമുണ്ട് എന്നുള്ളത് തികഞ്ഞ വാസ്തവമായിരിക്കെ, ഒരു ദേവാലയ പ്രസംഗത്തിനിടയിൽ വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുക മാത്രം ചെയ്ത മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെതിരെ കേസുമായി മുന്നോട്ടുപോകാൻ ഇസ്ലാമിക സമൂഹം തീരുമാനിച്ചിരിക്കുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. അഭിവന്ദ്യ പാലാ മെത്രാൻ മറ്റാർക്കും ദ്രോഹം ചെയ്യണമെന്നോ, ആരെയും ഇല്ലാതാക്കണമെന്നോ, ആർക്കെങ്കിലും എതിരെ കരുനീക്കങ്ങൾ നടത്തണമെന്നോ, ആരെയെങ്കിലും വെറുക്കണമെന്നോ ആവശ്യപ്പെട്ടിട്ടില്ല. മറിച്ച്, മറ്റുള്ളവരുടെ നാശം ആഗ്രഹിക്കുന്ന ഈ സമൂഹത്തിലെ അപൂർവ്വം ചിലർക്കെതിരെ ജാഗ്രത പാലിക്കണമെന്ന് മാത്രമാണ് അദ്ദേഹം ആഹ്വാനം ചെയ്തത്.

സാധാരണക്കാരും നല്ലവരുമായ ഭൂരിപക്ഷം ഇസ്ലാം മതവിശ്വാസികൾക്ക് യാതൊരു അസ്വസ്ഥതയും തോന്നേണ്ടതില്ലാത്ത ഒരു ദേവാലയ പ്രസംഗത്തെ തുടർന്ന് അത്ഭുതകരമായ കോലാഹലങ്ങളാണ് കേരളത്തിലുണ്ടായത്. സമസ്തയും ജമാഅത്തെ ഇസ്ലാമിയും തുടങ്ങിയ സംഘടനകളും ചില രാഷ്ട്രീയ പാർട്ടികളും വലിയ അസ്വസ്ഥത പ്രകടിപ്പിക്കുന്നത് കാണാനിടയായി. നിർദോഷമായ ഒരു മുന്നറിയിപ്പ് നൽകിയ പാലാ മെത്രാനെതിരെ കേസെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കേരളമെമ്പാടും ഒപ്പുശേഖരണം നടന്നു. വാസ്തവത്തിൽ ഒരു ശരാശരി മലയാളി വലിയ കൗതുകത്തോടെയാണ് ഈ സംഭവ വികാസങ്ങളെ നോക്കിക്കണ്ടത്. പൊലീസിന് സ്വമേധയാ കേസെടുക്കാൻ കഴിയുന്ന വിധത്തിൽ അന്യമതസ്ഥരെയും അന്യമതവിശ്വാസങ്ങളെയും അവഹേളിച്ചു കൊണ്ടും മതസ്പർദ്ധ വളർത്തിക്കൊണ്ടും കേരളത്തിൽ നടന്നിട്ടുള്ള പ്രഭാഷണങ്ങൾ പലതുണ്ട്. അത്തരത്തിലുള്ള പുസ്തകങ്ങൾ ഇന്നും പ്രചാരത്തിലുള്ളവയും നിരോധിക്കപ്പെട്ടവയുമുണ്ട്. മതസ്പർദ്ധ വളർത്തുകയും വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുകയും

www.malankaralibrary.com



ചെയ്തിട്ടുള്ള സംഭവങ്ങൾ പലതുണ്ടായിട്ടുണ്ട്. അത്തരം നിരവധി അവസരങ്ങളിൽ തിരുത്തൽ നടപടികൾ സ്വയം സ്വീകരിക്കേണ്ടതുണ്ടെന്ന് ഒരിക്കൽപ്പോലും തോന്നിയിട്ടില്ലാത്ത വ്യക്തികളും സംഘടനകളും, പലതും കണ്ടും കേട്ടും തോന്നിയ ആശങ്ക ഒരു വ്യക്തി സ്വന്തം ജനതയുടെ മുന്നിൽ സ്വകാര്യമായി പങ്കുവച്ചതിനെ ക്രിമിനൽ കുറ്റമായി കരുതുന്നു!

പാലാ മെത്രാനെതിരെ കേസെടുക്കാൻ കോടതി ഉത്തരവുണ്ടായ സാഹചര്യം ഇമാം കൌൺസിൽ ഒരുക്കിയത് കേരളത്തിന്റെ മത മൈത്രിയെയും സാമൂഹിക സാഹോദര്യത്തെയും തകർക്കുന്ന നടപടിയാണ്. കാരണം, സമൂഹത്തിന്റെ നന്മയാണ് ലക്ഷ്യമാക്കുന്നതെങ്കിൽ ഇമാം കൗൺസിലും ഇസ്ലാമിക സംഘടനകളും ഒറ്റപ്പെടുത്തേണ്ടത് ഈ സമൂഹത്തിൽ തീവ്രവാദ ചിന്തകൾ പ്രചരിപ്പിക്കുകയും വിദ്വേഷം പരത്തുകയും ചെയ്യുന്ന ഇസ്ലാം വിശ്വാസികൾക്കിടയിലെ ഒരു വിഭാഗത്തെയും അവരുടെ വാക്കുകൾ കേട്ട് തീവ്രവാദ പ്രവർത്തനങ്ങൾക്കിറങ്ങുന്ന ചിലരെയുമാണ്. അല്ലാതെ, ഗുരുതരമായ ചില രോഗലക്ഷണങ്ങൾ കണ്ട് തങ്ങളുടെ സമൂഹത്തിന് മുന്നറിയിപ്പ് നല്കുന്നവരെയല്ല. തങ്ങൾക്കിടയിലുള്ള ഗുരുതരമായ അപചയങ്ങൾകണ്ടില്ലെന്ന് നടിച്ചുകൊണ്ട് അതിനെതിരായി മുന്നറിയിപ്പുകൾ നൽകുന്നവർക്കെതിരെ പോരാടാനുള്ള തീരുമാനം ഇത്തരം വിഷയങ്ങളെ ഗൗരവമായി വീക്ഷിക്കുന്ന അനേകർക്ക് ആശങ്കാജനകവും, മുസ്‌ലിം സമുദായത്തിലെ നല്ലവരായ അനേകർക്ക് ദുർമാതൃക നൽകുന്നതുമാണ്. മാത്രമല്ല, ഈ പ്രവൃത്തി മതസൗഹാർദ്ദത്തെക്കുറിച്ചുള്ള തെറ്റായ സന്ദേശം നൽകുകയും ചെയ്യുന്നു. ഒരേ സമൂഹത്തിൽ ഒരുമിച്ചായിരിക്കുന്നവർ എന്ന നിലയിൽ പരസ്പരം പോരായ്മകൾ ചൂണ്ടിക്കാണിക്കാനും തെറ്റുകൾ തിരുത്താൻ അന്യോന്യം സഹായിക്കാനും എല്ലാ സമുദായ നേതൃത്വങ്ങൾക്കും കടമയുണ്ട്. ഈ വിവാദത്തിൽ ക്രിയാത്മകമായ നിലപാടുകൾ സ്വീകരിച്ച് സമൂഹത്തിൽ കടന്നുകൂടിയിട്ടുള്ള ആശങ്കകളെ ഇല്ലായ്മ ചെയ്യാനുള്ള ഉത്തരവാദിത്തമായിരുന്നു ഇസ്ലാമിക സമൂഹം ഏറ്റടുക്കേണ്ടത്.

കേരളത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നതും, യുവജനങ്ങളിലും വിദ്യാർത്ഥികളിലും ഒരു വലിയ വിഭാഗം അതിന് അടിപ്പെടുന്നതും തികഞ്ഞ യാഥാർത്ഥ്യങ്ങളാണ്. ഇന്ത്യയിലുൾപ്പെടെ ലോകത്തിൽ വിറ്റഴിക്കപ്പെടുന്ന മയക്കുമരുന്നിൽ 80 ശതമാനവും ഉൽപ്പാദിപ്പിക്കപ്പെടുന്നത് അഫ്ഘാനിസ്ഥാൻ ഉൾപ്പെടെയുള്ള ഇസ്ലാമിക രാജ്യങ്ങളിൽ ആണെന്നുള്ളതും, അത് വിറ്റുകിട്ടുന്ന പണം ഉപയോഗിക്കപ്പെടുന്നത് കൂടുതലും തീവ്രവാദ പ്രവർത്തനങ്ങൾക്കാണെന്നുള്ളതും യുഎന്നും അന്താരാഷ്ട്ര ഏജൻസികളും വെളിപ്പെടുത്തിയിട്ടുള്ള ചില യാഥാർത്ഥ്യങ്ങളാണ്. മയക്കുമരുന്ന് വിതരണ ശൃംഖലയിലെ ഇടനിലക്കാരും അവസാന കണ്ണിയിലുള്ളവരും ഉപഭോക്താക്കളും ജാതി മത വ്യത്യാസങ്ങൾക്ക് അതീതരാണ് എന്നതിനാൽ അതിന്റെ മുഖ്യ ലാഭവിഹിതം പോകുന്നത് തീവ്രവാദ സംഘടനകൾക്കാണ് എന്നത് വാസ്തവമല്ലാതാകുന്നില്ല. ലോകത്തെ മുഴുവൻ ആലസ്യത്തിലകപ്പെടുത്താൻ കഴിയുന്നത്ര വിവിധ രൂപഭാവങ്ങളിലുള്ള മയക്കുമരുന്ന് ഉൽപ്പാദിപ്പിക്കാൻ വേദിയൊരുക്കുന്ന അഫ്ഘാനിസ്ഥാൻ ഉൾപ്പെടെയുള്ള രാജ്യങ്ങളെയും അതിന്റെ ലാഭംകൊണ്ട് തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും തള്ളിപ്പറയാനും ഒറ്റപ്പെടുത്താനുമാണ് ഇസ്ലാമിക സമൂഹം ആർജ്ജവം കാണിക്കേണ്ടത്. അതോടൊപ്പം കേരളത്തിൽ ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി പലരും ഇതിനകം വെളിപ്പെടുത്തിയിട്ടുള്ള വിവിധ തീവ്രവാദ സ്വാധീനങ്ങൾ തിരിച്ചറിഞ്ഞ് തിരുത്തൽ നടപടികൾ സ്വീകരിക്കാനും ഇസ്ലാമിക സമൂഹവും സംഘടനകളും തയ്യാറാകണം.

സാമുദായിക ഐക്യം ഒരു സമൂഹത്തിൽ പുലരാൻ വേണ്ടത് തീവ്രവാദ പ്രവണതകളെയും തിന്മയുടെ സ്വാധീനങ്ങളെയും കണ്ടില്ലെന്ന് നടിച്ച് പുറമെ സൗഹാർദ്ദം നടിക്കുകയും ഐക്യത്തിൽ ജീവിക്കുന്നതായി അഭിനയിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുകയല്ല. മറിച്ച്, സമൂഹത്തിന്റെ പൊതുനന്മയെ ലക്ഷ്യമാക്കി പക്വമായ നിലപാടുകൾ സ്വീകരിക്കുകയും, മറ്റുള്ളവരുടെ ആശങ്കകളെയും മുന്നറിയിപ്പുകളെയും മുഖവിലയ്ക്കെടുത്ത് ആവശ്യമായ തിരുത്തൽ നടപടികൾക്ക് സ്വയം വിധേയമാകാനുമുള്ള സന്നദ്ധത പ്രകടിപ്പിക്കുകയുമാണ്. അതിലൂടെയേ ഈ സമൂഹത്തിൽ സഹവർത്തിത്വവും സാഹോദര്യവും സാധ്യമാവുകയുള്ളൂ. ഈ ലക്ഷ്യത്തിനായി പരസ്പരാദരവോടും ഐക്യത്തോടും പ്രയത്നിക്കാനുള്ള ഉത്തരവാദിത്തം എല്ലാ മത സമുദായ നേതൃത്വങ്ങൾക്കുമുണ്ട്.

www.malankaralibrary.com

# ഉത്തരേന്ത്യയിൽ കത്തോലിക്കാ സ്ഥാപനങ്ങൾക്കും സന്യസ്തർക്കും എതിരെയുള്ള നീക്കങ്ങൾ തുടർക്കഥയാകുന്നു;

## രാഷ്ട്രീയ സമ്മർദ്ദങ്ങൾ മൂലമെന്ന് ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ.

***മധ്യപ്രദേശിലെ ഇന്റ്ഖേരി ഗ്രാമത്തിലെ പാവപ്പെട്ട പെൺകുട്ടികൾക്കായി സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീ സമൂഹം നടത്തിവരുന്ന ഹോസ്റ്റൽ അടച്ചുപൂട്ടാൻ നീക്കം***

**ക്രൈ**സ്തവ സ്ഥാപനങ്ങൾക്കെതിരെയുള്ള ഉദ്യോഗസ്ഥ നീക്കങ്ങൾക്ക് പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളെന്ന് ഒരിക്കൽക്കൂടി വ്യക്തമാകുന്നു. സാമൂഹിക സേവനം ലക്ഷ്യംവച്ച് ഉത്തരേന്ത്യൻ ഉൾഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ പുതിയ മതപരിവർത്തന നിരോധന നിയമം ദുരുപയോഗിച്ച് കുറ്റം ചുമത്താനുള്ളനീക്കങ്ങൾ പുതുമയല്ല. അതിന് ഏറ്റവും ഒടുവിലെ ഉദാഹരണമാണ് മധ്യപ്രദേശിലെ ഇന്റ്ഖേരി ഗ്രാമത്തിൽ പാവപ്പെട്ട പെൺകുട്ടികൾക്കായി പ്രവർത്തിച്ചുവരുന്ന സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീ സമൂഹത്തിന്റെ ഹോസ്റ്റലുമായി ബന്ധപ്പെട്ടുയർന്ന അനാവശ്യവിവാദങ്ങളും ഒടുവിൽ ഹോസ്റ്റൽ അടച്ചുപൂട്ടാനുള്ള ആസൂത്രിതമായ നീക്കവും.

നവംബർ എട്ടാം തിയ്യതി NCPCR (നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്) ചെയർമാന്റെ നേതൃത്വത്തിൽ നടന്ന അപ്രതീക്ഷിത റെയ്ഡ് ആയിരുന്നു ഇന്റ്ഖേരി ഗ്രാമത്തിൽ അരങ്ങേറിയ നാടകീയ സംഭവങ്ങളുടെ ആരംഭം. ബാലാവകാശ കമ്മീഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി തുടങ്ങിയവയിലെ അംഗങ്ങളും ഉൾപ്പെട്ടിരുന്ന ടീം മുന്നറിയിപ്പോ വ്യക്തമായ വിശദീകരണമോ കൂടാതെ വളരെ പെട്ടെന്ന് ഹോസ്റ്റലിന്റെ ഗേറ്റ് കടന്ന് കുട്ടികളുടെ താമസ സ്ഥലത്തേയ്ക്ക് പ്രവേശിക്കുകയാണുണ്ടായത് എന്ന് സിസ്റ്റേഴ്സ് ഓഫ് ജീസസ് കോൺഗ്രിഗേഷൻ കൗൺസിലർ സി. പാവന പറയുന്നു. തുടർന്ന് നടന്ന പരിശോധനയിൽ ക്രൈസ്തവരായ കുട്ടികൾ സൂക്ഷിച്ചിരുന്ന ബൈബിളുകൾ, പ്രാർത്ഥനാ പുസ്തകങ്ങൾ തുടങ്ങിയവ അവർ കണ്ടെടുക്കുകയുണ്ടായി. ഒടുവിൽ, മതംമാറ്റമാണ് അവിടെ നടക്കുന്നതെന്ന് ആരോപിക്കുകയും പിന്നീട് അത്തരം വാസ്തവവിരുദ്ധമായ കുറ്റാരോപണങ്ങൾ എഴുതിച്ചേർത്തും നടപടി ആവശ്യപ്പെട്ടും ജില്ലാ കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും ലെറ്റർ നൽകുകയും ചെയ്തു.

NCPCR ചെയർമാൻ പ്രിയങ്ക് കനൂങ്കോയുടെ നിർദ്ദേശപ്രകാരം, NCPCR സെക്രട്ടറി ധർമേന്ദ്ര ഭണ്ഡാരു നവംബർ ഒമ്പതിന് കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകിയ കത്ത് പിന്നീട് ചിലർ ആസൂത്രിതമായി ഓൺലൈൻ മാധ്യമങ്ങളിലൂടെയും സോഷ്യൽമീഡിയയിലൂടെയും വർഗ്ഗീയ പരാമർശങ്ങളോടെ പ്രചരിപ്പിക്കുകയുമുണ്ടായി. ആ കത്തിൽ ഉന്നയിക്കുന്ന ദുരാരോപണങ്ങളിൽ പ്രധാനം ഹൈന്ദവരായ പെൺകുട്ടികളെ മതം മാറ്റുക എന്ന ലക്ഷ്യത്തോടെ അവിടെ ബൈബിൾ പഠിപ്പിക്കുന്നു എന്നതാണ്. ഗ്രാമീണരായ പെൺകുട്ടികൾക്കായി 2014 ൽ ആരംഭിച്ച ആ ഹോസ്റ്റലിൽ ഇപ്പോഴുള്ള 19 കുട്ടികളിൽ ഏതാനും പേർ ക്രൈസ്തവരാണ് എന്ന വിവരം കത്തിൽ ബോധപൂർവ്വം മറച്ചു വയ്ക്കുകയും, ഹോസ്റ്റലിന് അംഗീകാരമില്ല എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയും ചെയ്തിരിക്കുന്നു. തങ്ങൾക്കെതിരെ ബോധപൂർവ്വം ചിലർ നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് ഈ ഉദ്യോഗസ്ഥ ഇടപെടൽ എന്ന് മനസിലാക്കിയ സന്യാസിനിമാർ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള അധി

കാരികളെ സമീപിച്ചപ്പോൾ തങ്ങൾക്ക് മേൽ രാഷ്ട്രീയ സമ്മർദ്ദമുണ്ടെന്ന് പലരും തുറന്ന് സമ്മതിക്കുകയുണ്ടായതായി അവർ പറയുന്നു. അനധികൃതമായാണ് ഹോസ്റ്റൽ നടത്തുന്നതെന്ന ആരോപണവും തികച്ചും വാസ്തവ വിരുദ്ധമാണ്.

മറ്റ് കമ്മീഷനുകളിലെ അംഗങ്ങൾ ഒപ്പമുണ്ടായിരുന്നെങ്കിലും NCPCR ചെയർമാൻ തന്റെ താൽപ്പര്യങ്ങൾക്കനുസരിച്ചാണ് റെയ്ഡ് നടത്തിയതെന്ന് ദൃക്സാക്ഷികൾ വ്യക്തമാക്കുന്നു. പെൺകുട്ടികളുടെ ഹോസ്റ്റൽ പരിശോധനയിൽ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കപ്പെട്ടില്ല. കുട്ടികളുടെ വാസസ്ഥലം പരിശോധിക്കേണ്ടത് അവരുടെ സാന്നിധ്യത്തിൽ ആകേണ്ടിയിരുന്നിട്ടും അതുണ്ടായില്ല. വനിതാ ഉദ്യോഗസ്ഥർ ആരും സംഘത്തിൽ ഉണ്ടായിരുന്നുമില്ല. പരിശോധനയിൽ NCPCR ചെയർമാനൊപ്പമുണ്ടായിരുന്ന പലരും തങ്ങൾക്ക് ഈ നടപടിയിൽ പങ്കില്ല എന്ന് സിസ്റ്റേഴ്സിനോട് പിന്നീട് പറയുകയുണ്ടായി. മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം പരിശോധന നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി ജില്ലാകളക്ടർക്കും പോലീസ് മേധാവിക്കും നൽകി നടപടിയെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് അടുത്ത ദിവസങ്ങളിൽ ബാലാവകാശ കമ്മീഷൻ, പോലീസ് തുടങ്ങി മറ്റ് വിവിധ സംഘങ്ങളുടെ നേതൃത്വത്തിൽ വിശദമായ പരിശോധനകളും ചോദ്യം ചെയ്യലുകളും ഉണ്ടായെങ്കിലും സന്യാസിനിമാർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ വാസ്തവമാണെന്ന് തെളിയിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും ചോദ്യം ചെയ്തപ്പോൾ ഹോസ്റ്റലിനെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് അവർ പങ്കുവച്ചത്. എങ്കിലും ഏതോ നിഗൂഢ കേന്ദ്രത്തിൽനിന്ന് തങ്ങൾക്ക് ലഭിച്ചിരിക്കുന്ന നിർദേശത്തെ തുടർന്ന് ഹോസ്റ്റൽ അടച്ചുപൂട്ടാനുള്ള നടപടിക്രമങ്ങൾ ഉദ്യോഗസ്ഥർ തുടരുന്നു. നവംബർ 12ന് വീണ്ടും പരിശോധനയ്ക്കെത്തിയ ബാലാവകാശ കമ്മീഷൻ ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയതനുസരിച്ച് ഹോസ്റ്റൽ അടച്ചുപൂട്ടാനുള്ള കർശന നിർദ്ദേശമാണ് അവർക്കുള്ളതെന്ന് സി. പാവന പറഞ്ഞു. എന്നാൽ, കുട്ടികളുടെ മാതാപിതാക്കൾ ശക്തമായി ആവശ്യപ്പെടുന്ന പക്ഷം ഒരുപക്ഷെ തുടരാൻ കഴിഞ്ഞേക്കും എന്ന് അവർ കൂട്ടിച്ചേർക്കുകയുണ്ടായി. 'ബേഢി ബചാവോ ബേഢി പഠാവോ' എന്ന മുദ്രാവാക്യം കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്ന ഈ രാജ്യത്ത് പാവപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി വേണ്ടി നിസ്വാർത്ഥമായി നടത്തപ്പെടുന്ന ഒരു സ്ഥാപനം അകാരണമായി അടച്ചുപൂട്ടുന്ന നടപടി വിചിത്രമാണെന്ന് സിസ്റ്റേഴ്സ് അഭിപ്രായപ്പെടുന്നു.




## ഇന്റ്ഖേരി ഗ്രാമത്തിലെ ഹോസ്റ്റൽ

വളരെ വർഷങ്ങളായി ഇന്റ്ഖേരി ഗ്രാമത്തിലെ പാവപ്പെട്ടവർക്കിടയിൽ വിവിധ സാമൂഹിക സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്യാസിനിമാരാണ് സാഗർ രൂപതയിൽ പെട്ട സിസ്റ്റേഴ്സ് ഓഫ് ജീസസ് കോൺഗ്രിഗേഷനിലേത്. ഇന്റ്ഖേരിയിലെ സർക്കാർ സ്കൂളിലെ ജോലിക്കാരും മറ്റുമായി കത്തോലിക്കാ വിശ്വാസികൾ ഉൾപ്പെടെയുള്ള ചില മലയാളി കുടുംബങ്ങളും അവിടെ താമസമാക്കിയിട്ടുണ്ട്. മലയാളികളടക്കമുള്ള മികച്ച അദ്ധ്യാപകർ ഉള്ളതിനാൽ ഉയർന്ന നിലവാരമുള്ള സ്കൂളായി അത് അറിയപ്പെടുന്നു. അത്തരമൊരു സ്കൂൾ അവിടെയുണ്ടെങ്കിലും, ഉൾഗ്രാമങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വീട്ടിൽ പോയിവന്ന് പഠിക്കാൻ സാധിക്കാത്ത സാഹചര്യം മൂലം നിരവധി പെൺകുട്ടികൾക്ക് പഠനം തുടരാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമായാണ് സിസ്റ്റേഴ്സ് ഓഫ് ജീസസ് കോൺഗ്രിഗേഷൻ സ്കൂളിന് അടുത്തുള്ള തങ്ങളുടെ മഠത്തോട് ചേർന്ന് ഒരു ഹോസ്റ്റൽ ആരംഭിക്കാൻ തീരുമാനിച്ചത്. ഗ്രാമീണവാസികളുടെ നിരന്തരമുള്ള അഭ്യർത്ഥനകളെ തുടർന്നായിരുന്നു ആ തീരുമാനം. ആറാം ക്ളാസ് മുതൽ പതിനൊന്നാം ക്ളാസ് വരെയുള്ള പത്തൊമ്പത് കുട്ടികളാണ് ഇപ്പോൾ ഈ ഹോസ്റ്റലിലെ അന്തേവാസികൾ.

ഹോസ്റ്റലിന്റെ രജിസ്ട്രേഷൻ നടപടി

www.malankaralibrary.com

കൾ ആരംഭഘട്ടത്തിൽ തന്നെ തുടങ്ങുകയും ലോക്കൽ പോലീസ് സ്റ്റേഷനിൽ ഹോസ്റ്റൽ ആരംഭിക്കുന്നതായി ലെറ്റർ നൽകുകയും ചെയ്തിട്ടുള്ളതാണ്. അതിനാൽ, ഹോസ്റ്റൽ പ്രവർത്തിക്കുന്നത് അധികൃതർ അറിഞ്ഞിട്ടില്ല എന്ന വാദം വാസ്തവവിരുദ്ധമാണ് എന്നുവ്യക്തം. രജിസ്ട്രേഷൻ നടപടികൾ വർഷങ്ങളോളം ആവശ്യമുള്ള പ്രക്രിയയായതിനാൽ രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കുകയും ലോഗിൻ നെയിം, പാസ്വേഡ് തുടങ്ങിയവ ലഭിക്കുകയും ചെയ്താൽ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിൽ തടസമില്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ബഹുഭൂരിപക്ഷം ഹോസ്റ്റലുകളും ഇത്തരത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ ഹോസ്റ്റൽ കഴിഞ്ഞ



ഏഴ് വർഷങ്ങളായി കുട്ടികൾക്കുള്ള ഏറ്റവും മികച്ച സൗകര്യങ്ങളോടെ മാതൃകാപരമായി ഇന്റഖേരി ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നു. സ്കൂളിന്റെ മികവിനെക്കുറിച്ച് മനസിലാക്കിയ അരുണാചൽ പ്രദേശിലുള്ള ചില കുടുംബങ്ങളും ചില വർഷങ്ങളായി കുട്ടികളെ ഈ ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിച്ചുവരുന്നുണ്ട്. ഹിന്ദിയിലുള്ള മികച്ച പരിജ്ഞാനം ലഭിക്കുന്നു എന്നതാണ് അവർ ഈ സ്കൂൾ തെരഞ്ഞെടുക്കാൻ പ്രധാന കാരണങ്ങളിലൊന്ന്. ഇപ്പോൾ അരുണാചൽ പ്രദേശിൽ നിന്നുള്ള മൂന്ന് കുട്ടികൾ ഇവിടെയുണ്ട്. ഭൂരിപക്ഷം കുട്ടികളും ഹൈന്ദവ കുടുംബങ്ങളിൽ നിന്നുള്ളവരാണെങ്കിലും ഇപ്പോഴുള്ള അഞ്ചുകുട്ടികൾ ക്രൈസ്തവരാണ്. അവർ സൂക്ഷിച്ചിരുന്ന ബൈബിൾ, പ്രാർത്ഥന പുസ്തകങ്ങൾ തുടങ്ങിയവയാണ് മതംമാറ്റ ആരോപണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ പിടിച്ചെടുത്തതും വ്യാജാരോപണങ്ങൾ ചുമത്തി അടച്ചുപൂട്ടാൻ കാരണമാക്കിയിരിക്കുന്നതും.

മദ്ധ്യപ്രദേശിൽ ഉൾപ്പെടെ നടപ്പാക്കപ്പെട്ടിരിക്കുന്ന മതംമാറ്റ നിരോധന നിയമം ദുരുപയോഗംചെയ്ത് നിരപരാധികളെ കേസിൽ അകപ്പെടുത്താനുള്ള ശ്രമമാണ് ഇവിടെയും നടന്നിരിക്കുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. ജാതി മത ഭേദമന്യേ കുട്ടികളും അവരുടെ രക്ഷിതാക്കളും വളരെ മഹത്തരമായി കാണുന്ന ഒരു സേവനത്തെ പോലും ശത്രുതയോടെ വീക്ഷിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും വർഗ്ഗീയ സംഘടനകളുടെയും ഇത്തരം നീക്കങ്ങൾ ആശങ്കാജനകമാണ്. ഒരു പരാതിയുടെ പോലും പിൻബലമില്ലാതെ, ആരോ തയ്യാറാക്കിയ അജണ്ട പ്രകാരം സാധുക്കളായ സന്യാസിനിമാരെ നിയമത്തിന്റെ കെണിയിൽ പെടുത്തി ജയിലിലടയ്ക്കാൻ ശ്രമമുണ്ടായിരിക്കുന്നത് അതീവ ഗൗരവമായി കാണേണ്ട വിഷയമാണ്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും ഈ വിഷയത്തിൽ നിലപാട് വ്യക്തമാക്കുകയും ഹിന്ദുത്വ വർഗ്ഗീയ സംഘടനകളുടെ ഇത്തരം ഇടപെടലുകൾക്ക് കടിഞ്ഞാണിടുകയും വേണം.

**- Voice of Nuns**

www.malankaralibrary.com



# മതപരിവർത്തന നിരോധന നിയമത്തിന്റെ മറവിൽ വ്യാപിക്കുന്ന ക്രൈസ്തവ പീഡനം മതേതര ഇന്ത്യയ്ക്ക് അപമാനം:

## കെസിബിസി ഐക്യ - ജാഗ്രതാ കമ്മീഷൻ

വിവിധ സംസ്ഥാനങ്ങൾ പാസാക്കിയിരിക്കുന്ന മതപരിവർത്തന നിരോധനനിയമത്തെ ദുരുപയോഗിച്ച്, കത്തോലിക്കാസഭയുടെ കീഴിലുള്ള വിവിധ സാമൂഹ്യസേവന സ്ഥാപനങ്ങൾക്കും, വൈദികർക്കും സന്യസ്തർക്കുമെതിരായി ചില രാഷ്ട്രീയമത സംഘടനകൾ അടിസ്ഥാനരഹിതമായി മതപരിവർത്തനാരോപണം ഉന്നയിക്കുകയും അധികാര ദുർവിനിയോഗം നടത്തി കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യാൻ ഉദ്യോഗസ്ഥരെ നിരന്തരം നിർബന്ധിക്കുകയും ചെയ്യുന്ന സംഭവങ്ങൾ നിരവധിയാണ്. നിയമക്കുരുക്കിൽ അകപ്പെടുത്തി വൈദികരെയും സമർപ്പിതരെയും ജയിലിലടക്കാനും, വസ്തുവകകൾ കൈവശപ്പെടുത്താനുമുള്ള ഗൂഢാലോചനയുടെ ഭാഗമാണ് ഇത്തരം രാഷ്ട്രീയപ്രേരിതമായ വർഗീയ ശ്രമങ്ങളെന്ന് വ്യക്തമാണ്.

മധ്യപ്രദേശിലെ സാഗർ രൂപതയിലെ സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീസമൂഹം നിർദ്ധനരായ പെൺകുട്ടികൾക്കായി വർഷങ്ങളായി നിയമാനുസൃതം നടത്തിവരുന്ന ഹോസ്റ്റൽ അടച്ചുപൂട്ടാൻ അധികാരികൾ നടത്തുന്ന നിയമവിരുദ്ധ ശ്രമം, സാഗറിലെ പിപ്പർഖേഡിയിൽ സി എം സി സന്യാസിനീസമൂഹം എയ്ഡ്സ് ബാധിതരായവരുടെ മക്കൾക്കു വേണ്ടി നടത്തിയ ക്യാംപിനെ തുടർന്ന് നേരിടേണ്ടിവന്ന അതിക്രമങ്ങളും നിയമ നടപടികളും, സാഗർ രൂപതയുടെ തന്നെ അനാഥാലയത്തിനെതിരെ കഴിഞ്ഞയിടെ ഉയർന്ന വ്യാജ ആരോപണങ്ങളും രൂപതയുടെ സ്ഥലം പിടിച്ചെടുക്കാനുള്ള ശ്രമങ്ങളും, ഉത്തർപ്രദേശിലെ വാരണാസിയിൽ ഒക്ടോബർ മാസം പത്താം തിയ്യതി ട്രെയിൻ യാത്രക്കായി എത്തിയ രണ്ട് ഉർസുലൈൻ ഫ്രാൻസിസ്കൻ സന്യാസിനിമാരും, മാർച്ച് പത്തൊമ്പതിന് ഝാൻസി റെയിൽവേ സ്റ്റേഷനിൽ വച്ച് ട്രെയിൻ യാത്രയിലായിരുന്ന രണ്ട് തിരുഹൃദയ സന്യാസിനിമാരും വർഗീയവാദികളുടെ അതിക്രമത്തിനിരയായതുമൊക്കെ അടുത്തകാലത്തുണ്ടായ പ്രതിഷേധാർഹവും മതേതര ഇന്ത്യയ്ക്ക് അപമാനകാരവുമായ ചില സംഭവങ്ങളാണ്. പ്രസ്തുത വിഷയങ്ങളിൽ പലതിലും നിയമവിരുദ്ധ നടപടികൾ സന്യസ്തർക്കും സ്ഥാപനങ്ങൾക്കും എതിരെ സ്വീകരിക്കാൻ കടുത്ത രാഷ്ട്രീയസമ്മർദ്ദം തങ്ങൾക്കുമേലുണ്ട് എന്ന ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ അതീവ ആശങ്കാജനകമാണ്.

നിർഭാഗ്യകരമായ ഇത്തരം സംഭവങ്ങളിൽ മതപരിവർത്തനശ്രമമാണ് കുറ്റമായി ആരോപിക്കപ്പെടുന്നത്. നിർബന്ധിത മതപരിവർത്തനം കത്തോലിക്കാസഭയുടെ നയമല്ലാതിരിക്കെതന്നെ, മതപരിവർത്തനം ആരോപിക്കപ്പെട്ട് അവർ അനുഭവിക്കേണ്ടിവരുന്ന അതിക്രമങ്ങളെകുറിച്ചും കള്ളകേസുക ളുടെ പേരിൽ നേരിടേണ്ടി വരുന്ന നിയമനടപടികളെകുറിച്ചും സത്യസന്ധമായ ഉന്നതതല അന്വേഷണം ആവശ്യമാണ്. തീവ്രവർഗീയ പ്രസ്ഥാനങ്ങളുടെ സമ്മർദ്ദത്തിൻറെ ഫലമായുള്ളതോ, അവർക്ക് ദുരുപയോഗിക്കാൻ അവസരമൊരുക്കുന്നതോ, പൗരന്മാരുടെ ഭരണഘടനാപരമായ അവകാശങ്ങളെ നിഷേധിക്കുന്നതോ ആയിരിക്കരുത് മതപരിവർത്തന നിരോധനനിയമങ്ങൾ.

നിസ്വാർത്ഥമായി രാജ്യത്തുടനീളം സാമൂഹ്യസേവനം ചെയ്യുന്ന സമർപ്പിതരെയും അവരുടെ സ്ഥാപനങ്ങളെയും ശത്രുതാപരമായി സമീപിക്കുന്ന രീതിക്ക് മാറ്റമുണ്ടാകേണ്ടതുണ്ട്. രാജ്യത്തിൻറെ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന വർഗ്ഗീയ അതിക്രമങ്ങളിൽ ഇടപെടാനും, മതേതരത്വവും മതസൗഹാർദ്ദവും പുനഃസ്ഥാപിക്കാനും ഭരണാധികാരികൾ മുൻകൈയെടുക്കണം.

---

**കെസിബിസി ജാഗ്രതാ ന്യൂസ് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകാൻ +917594900555 എന്ന ജാഗ്രതാ കമ്മീഷന്റെ വാട്ട്സ്ആപ്പ് നമ്പരിലേക്ക് മെസേജ് അയയ്ക്കുക.**

# പരമോന്നത നീതിപീഠം തിരിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങൾ

*സന്യാസിനികളുടെ താമസസ്ഥലങ്ങൾക്കും വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾക്കും കേരള കെട്ടിട നികുതി നിയമത്തിന്റെ വസ്തു നികുതി ഇളവിനുള്ള അവകാശമുണ്ട് എന്ന 2021 മാർച്ച് 1-ാം തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർണ്ണായകമായ വിധിക്ക് പിന്നിൽ...*

**അഡ്വ. സി. ജോസിയ എസ്.ഡി.**



**സാ**ധാരണക്കാരായ മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക, ഭയം കൂടാതെ അവർക്ക് ജീവിക്കാൻ കഴിയുന്ന അന്തരീക്ഷം ഒരുക്കുക എന്നിങ്ങനെ അനുദിനജീവിതം സുഗമമായി തീരാൻ രാജ്യത്തെ ഓരോ പൗരനും വേണ്ടിയും സേവനം ചെയ്യുക തുടങ്ങിയ ധർമ്മങ്ങൾക്കായി ജനങ്ങൾ തന്നെ, ജനങ്ങൾക്കുവേണ്ടി ജനങ്ങളിൽനിന്ന് തിരഞ്ഞെടുക്കുന്നവരെയാണ് നാം ജനപ്രതിനിധികൾ എന്ന് വിളിക്കുന്നത്.നിസ്വാർത്ഥമായി രാഷ്ട്രത്തെ സേവിക്കുന്നവരെയാണ് യഥാർത്ഥത്തിൽ രാഷ്ട്രീയക്കാർ എന്ന് വിളിക്കേണ്ടതും. ഇന്ത്യ ഇത്തരം അനവധി ഉത്തമരായ രാഷ്ട്രീയ നേതാക്കൾക്കും നലം തികഞ്ഞ പൊതുപ്രവർത്തകർക്കും സാമൂഹ്യസേവകർക്കും ജന്മം കൊടുത്ത പുണ്യഭൂമിയാണ്.

ഇന്ത്യ എന്ന ഒറ്റ വികാരത്തെ ഒരു മതമായി സങ്കൽപ്പിച്ചാൽ അവളുടെ പുണ്യ ഗ്രന്ഥമാണ് 'ഇന്ത്യൻ ഭരണഘടന'. ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടനകൾ പഠിച്ചറിഞ്ഞ് അവയിലെ മാനുഷികമൂല്യങ്ങൾ മുഴുവനും കടഞ്ഞെടുത്ത് ഭരണ ഘടനാ ശില്പികൾ കൊത്തിയെടുത്തതാണ് ഇന്ത്യൻ ഭരണ ഘടന. സ്ത്രീകൾക്കും കുട്ടികൾക്കും ന്യൂന പക്ഷങ്ങൾക്കും തുടങ്ങി, സവിശേഷ ശ്രദ്ധയർഹിക്കുന്ന വിഭാഗങ്ങൾക്കെല്ലാം പ്രത്യേക പരിഗണനയും ഇളവുകളും ആനുകൂല്യങ്ങളും വേണ്ടതാണെന്ന് ഭരണ ഘടന പ്രത്യേകം നിർദേശം നൽകുന്നുണ്ട്. സംസ്ഥാനങ്ങളിൽ പ്രാബല്യത്തിൽ വരുന്ന എല്ലാ നിയമങ്ങളും ഭരണഘടനാപരമായ ഇത്തരം ആനുകൂല്യങ്ങൾക്കും ഇളവുകൾക്കും യാതൊരു കോട്ടവും തട്ടാത്ത രീതിയിൽ തന്നെ വേണം നിർമ്മിക്കുവാൻ എന്നും ഭരണഘടനാശില്പികൾ ഓർമ്മിപ്പിക്കുന്നു.



www.malankaralibrary.com

ഇപ്രകാരം ഒരു ഇളവും അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളുമാണ് ഇവിടെ ശ്രദ്ധയിലേക്കു കൊണ്ടുവരാൻ ശ്രമിക്കുന്നത്.

2021 മാർച്ച് 1-ാം തീയതി സുപ്രീം കോടതി കേരളാ ഗവൺമെൻറിന്റെ ഒരു അപ്പീൽ തള്ളിക്കൊണ്ട് സുപ്രധാനമായ ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി.

***'സന്യാസിനികളുടെ താമസസ്ഥലങ്ങൾക്കും വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾക്കും കേരള കെട്ടിട നികുതി നിയമത്തിന്റെ വസ്തു നികുതി ഇളവ് നൽകുന്ന സെക്ഷൻ 3(1)(a) പ്രകാരമുള്ള അവകാശമുണ്ട്.'*** എന്നതാണ് വിധി. ഈ വിധി ഇത്ര പ്രധാനപ്പെട്ടതാകാൻ കാരണമുണ്ട്. 2002-ാം ആണ്ട് മാർച്ച് പതിനാറിന് കേരള സർക്കാരിന്റെ ഒരു ഉത്തരവ് വന്നു. സന്യാസിനികൾ താമസിക്കുന്ന കെട്ടിടം താമസ ആവശ്യങ്ങൾക്ക് ഉള്ളതായതിനാൽ നികുതി ഇളവ് അനുവദിക്കാൻ ആവില്ല എന്നതായിരുന്നു ആ ഉത്തരവ്. 'വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കു പുറമേ, കന്യാസ്ത്രീകൾ താമസിക്കുന്ന കോൺവെന്റ്, സെക്ഷൻ 3(1)(F) യുടെ ഇളവിൽ വരുന്നതല്ലെന്നും അത് പൂർണ്ണമായും പാർപ്പിടത്തിനായി മാത്രമുള്ളതാകയാൽ നികുതി ഇളവ് അനുവദിക്കാനാവില്ല എന്നതുമായിരുന്നു സർക്കാർ നിലപാട്.




തുടർന്ന് വേണ്ട നടപടിയെടുക്കാൻ തഹസീൽദാർക്കു നിർദ്ദേശം നൽകുകയുമുണ്ടായി. അതിനെതിരെ തൊടുപുഴ ശാന്തിഭവൻ അഡോറേഷൻ കോൺവെന്റ് മദർ സുപ്പീരിയർ OP 11246/2002 ഫയൽ ചെയ്യുകയും 29/5/2002 ൽ കേരള ഹൈക്കോടതി സിങ്കിൾ ബഞ്ച് സ്റ്റേ ചെയ്യുകയുണ്ടായി. 2004 ഫെബ്രുവരി പത്തിന് നടന്ന വാദത്തിൽ മദർ സുപ്പീരിയർ വ്യക്തമാക്കിയ കാര്യങ്ങൾ ഇവയാണ്:

സിസ്റ്റേഴ്സാണ് പ്രസ്തുത മഠത്തിൽ താമസിക്കുന്നത്, അത് മഠത്തോടു ചേർന്നുള്ള വിജയമാതാ പള്ളിയിൽ ആത്മീയമായ ശുശ്രൂഷകൾക്കും പരിസരപ്രദേശങ്ങളിലെ നാനാജാതിമതസ്തരായവർക്ക് ഔദാര്യപൂർണ്ണമായ സേവനങ്ങൾ ചെയ്യുന്നതിനും വേണ്ടി മാത്രമാണ്.

തൊടുപുഴ ന്യൂമാൻ കോളേജിൽ പഠിക്കുന്ന ജൂനിയർ സിസ്റ്റേഴ്സുംകൂടി ആ ഭവനത്തിൽ താമസിക്കുന്നുണ്ട്. അവർ വിദ്യാഭ്യാസമെന്ന ഉദ്ദേശ്യത്തിനാണ് അവിടെ താമസിക്കുന്നത്. പ്രസ്തുത കെട്ടിടം ഒരിക്കൽപോലും പണം വാങ്ങി ഉപയോഗിക്കാൻ കൊടുക്കുകയോ, ഭാവിയിൽ അപ്രകാരം ഉദ്ദേശിക്കുകയോ ചെയ്യുന്നില്ല. പൂർണ്ണമായും മേൽപ്പറഞ്ഞ ആവശ്യത്തിനായുള്ള കെട്ടിടമായി തന്നെ അത് ഉപയോഗിക്കുകയും ചെയ്യും.

വാദമുഖങ്ങളെല്ലാം സർക്കാർ മനസിലാക്കിയെങ്കിലും അവ അംഗീകരിക്കാൻ തയ്യാറാകാതിരുന്നതിനാൽ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും അത് സിംഗിൾ ബഞ്ച് ഡിവിഷൻ ബഞ്ചിന് കൈമാറുകയും ചെയ്തു. കാര്യകാരണസഹിതം അതു പഠിച്ച് ഡിവിഷൻ ബഞ്ച് സിസ്റ്റേഴ്സിന് അനുകൂലമായി വിധിച്ചു. തുടർന്നാണ് സർക്കാർ സിവിൽ അപ്പീൽ (202/2012) സുപ്രീം കോടതിയിൽ ഫയൽ ചെയ്തത്.

ഒടുവിൽ വിശദമായ പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും ശേഷം രാജ്യത്തിൻറെ പരമോന്നത കോടതിയും കേരളാ ഹൈക്കോടതിയുടെ വിധി ശരിവച്ചുകൊണ്ട് സർക്കാരിന്റെ അപ്പീൽ തള്ളുകയും, കേരള കെട്ടിട നികുതി നിയമം Sec3(1)(B) നൽകിയിരിക്കുന്ന വസ്തുനികുതി ഇളവിന് സിസ്റ്റേഴ്സു താമസിക്കുന്ന കെട്ടിടവും അർഹമാണ് എന്നു വിധിക്കുകയും ചെയ്തു!

ഒരു സ്കൂളിനോടോ കോളേജിനോടോ ചേർന്ന് കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുമ്പോൾ തന്നെ, അവ സ്കൂളിന്റെയോ കോളേജിന്റെയോ ഭാഗമല്ലെന്നും വിദ്യാഭ്യാസ ആവശ്യത്തിനായുള്ളത് അല്ലെന്നും എങ്ങനെ സ്ഥാപിക്കാൻ കഴിയും? ഒരു മെഡിക്കൽ കോളേജിനോടു ചേർന്ന് കോളേജ്ഹോസ്റ്റൽ ഇല്ലാതിരിക്കാനാവില്ല അതിനെ വിദ്യാഭ്യാസ ആവശ്യത്തിനല്ലാത്ത ഒരു കെട്ടിടമായി പരിഗണിക്കാനാവില്ലല്ലോ എന്നും കോടതി ചോദിക്കുന്നു. അതുപോലെ തന്നെയാണ്

www.malankaralibrary.com

സന്യാസിനികൾ കോൺവെന്റിലെ കെട്ടിടത്തിൽ താമസിക്കുന്നതും. അവർ പ്രധാനമായും മതപരമായ ആവശ്യത്തിനായി ത്തന്നെയാണ് ജീവിതം സമർപ്പിച്ചിരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ലാഭകരമായ നേട്ടങ്ങൾക്കു വേണ്ടിയല്ല മറിച്ച്, സാമൂഹികമോ വിദ്യാഭ്യാസപരമോ ആയ കാര്യങ്ങൾക്കായി മാത്രമാണ് സന്യാസിനികൾ അവർ താമസിക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്നു നടത്തുന്ന ഹോസ്റ്റലുകൾക്കും ഇതേ ലക്ഷ്യം തന്നെ. എന്നാൽ ചിലർ സ്കൂൾ പരിസരങ്ങളിലൊക്കെ മറ്റ് ആവശ്യങ്ങൾക്കായി ലോഡ്ജുകൾ നടത്താറുണ്ട്. അവ സ്കൂൾ പരിസരത്തിൻറെ പേരിൽ നിയമ ഒഴിവിന് അർഹമല്ല എന്നും കൃത്യമായി പറഞ്ഞ് മനസ്സിലാക്കിതരുന്നുമുണ്ട്!

ഭരണഘടന ഉറപ്പു നൽകുന്നതും സംസ്ഥാന നിയമനിർമ്മാണ സമിതി വളരെ സൂക്ഷ്മതയോടെ, എഴുതി ചേർത്തതുമായ ചില ആനുകൂല്യങ്ങൾ ചില മുടന്തൻ ന്യായങ്ങൾ ഉന്നയിച്ചും, സ്ഥാപിത താൽപര്യങ്ങളുടെ സംരക്ഷണത്തിനായും അവഗണിക്കാനും ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ നാം അത് അറിയാതെ പോകരുത്; ഉണർന്നു പോരാടാതിരിക്കരുത് എന്ന് ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

നിയമം നൽകുന്ന ഇളവുകൾ വ്യാഖ്യാനിക്കുമ്പോഴും അനുവദിക്കുമ്പോഴും അത് കർശനമായി തന്നെ ചെയ്തിരിക്കണം; എന്നാൽ തികച്ചും സാമൂഹ്യ ക്ഷേമപരവും കൂടുതൽ സമഗ്രമായ നന്മകൾക്ക് വഴിയൊരുക്കും വിധവും ഇത്തരത്തിലുള്ള നിയമങ്ങൾ ഏറ്റവും സർഗ്ഗാത്മകവും വിശാലവുമായി വേണം വ്യാഖ്യാനിക്കാൻ എന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി അഭിപ്രായപ്പെടുന്നുണ്ട്.

ഉള്ളിലെ സ്പർദ്ധയും, വർണ്ണ, വർഗ്ഗ വിവേചനങ്ങളും മാറ്റി വച്ച് നാടിന്റെ നന്മയ്ക്കായി അദ്ധ്വാനിക്കുന്ന നേതാക്കളെയാണ് ഇന്ന് നമുക്കാവശ്യം. അവരുടെ ഈ ലക്ഷ്യത്തോട് ചേർന്നു നിന്നു പ്രവർത്തിക്കുവാൻ സന്യാസിനികളെ സഹായിക്കുകയാണ് സർക്കാർ സംവിധാനങ്ങൾ ചെയ്യേണ്ടത്. സമൂഹത്തിന്റെ ഉന്നമനത്തിനും ഉയർച്ചയ്ക്കുമായി അഹോരാത്രം പ്രയത്നിക്കുന്ന സന്യാസികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമൊക്കെ ഭരണകൂടം സംരക്ഷണം നൽകുകയും, അവരുടെ പ്രവർത്തനമേഖലകളിലെ പ്രതിബന്ധങ്ങൾ നീക്കുവാൻ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു നല്ല നേതൃത്വം കേരളത്തിനുണ്ടാകട്ടെ എന്ന് പ്രത്യാശിക്കുന്നു.



www.malankaralibrary.com



# കേരളകത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകളും മാറുന്ന നിയമങ്ങളും

**റവ. ഡോ. ചാൾസ് ലെയോൺ**
സെക്രട്ടറി, കെസിബിസി വിദ്യാഭ്യാസകമ്മീഷൻ



**കേ**രള സംസ്ഥാന രൂപീകരണത്തിനു മുമ്പും അതിനു ശേഷവും സംസ്ഥാനത്തിൻറെ പൊതുവിദ്യാഭ്യാസ - ഉന്നത വിദ്യാഭ്യാസ ഉന്നമനത്തിന് ദിശാബോധം നൽകുവാൻ ക്രൈസ്തവസഭകളുടെ, പ്രത്യേകിച്ചും കത്തോലിക്ക സഭയുടെ ഇടപെടലുകൾ വളരെ നിർണായകമാണെന്നുള്ളത് ഏറെ അഭിമാനകരമാണ്. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പും അതിനു ശേഷവും കത്തോലിക്കാ വിദ്യാഭ്യാസ ദർശനങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങളില്ല. മൂല്യാധിഷ്ഠിതമായ വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നതോടൊപ്പം രാജ്യത്തിൻറെ സാംസ്കാരികോന്നമനത്തെ മുഖ്യലക്ഷ്യമായി പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ സംസ്കാരമാണ് കത്തോലിക്കാ സഭ ഇന്നോളവും ലക്ഷ്യം വച്ചിട്ടുള്ളത്.

ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളാണ് വിദ്യാഭ്യാസമേഖലയിൽ സ്വതന്ത്രമായും കാര്യക്ഷമമായുമുള്ള ഇടപെടലുകളോടെ മുന്നോട്ടുപോകുവാൻ ഈ കാലഘട്ടത്തിലും കത്തോലിക്കാ സഭയ്ക്ക് കരുത്തു നൽകുന്നത്. എന്നാൽ, അതത് കാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ പുതിയ നയരൂപീകരണങ്ങളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും വിദ്യാഭ്യാസമേഖലയിൽ അശാസ്ത്രീയവും അപ്രായോഗികവുമായ ഇടപെടലുകൾ നടത്തുന്നത് വെല്ലുവിളികൾ സൃഷ്ടിക്കുന്നു. ഓരോ സർക്കാരും തങ്ങളുടെ രാഷ്ട്രീയ ആഭിമുഖ്യങ്ങളുടെയും വിവിധ സ്വാധീനങ്ങളുടെയും തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന പ്രകടന പത്രികയിലെ വാഗ്ദാനങ്ങളുടെയും വെളിച്ചത്തിൽ സ്ഥാപിത താല്പര്യങ്ങളോടെ നയരൂപീകരണങ്ങൾ നടത്തുമ്പോൾ അത് ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് വിരുദ്ധമാകുന്നതോടൊപ്പം, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതവും സൃഷ്ടിക്കുന്നു. ഈ രീതിയിൽ രൂപപ്പെടുന്ന പ്രതിസന്ധികൾ പലപ്പോഴും കോടതി വ്യവഹാരത്തിലേയ്ക്കും നിയമയുദ്ധങ്ങളിലേയ്ക്കും നയിക്കുന്നു. അത്തരത്തിലുള്ള പോരാട്ടങ്ങൾ മൂലം പലവിധ തീരുമാനങ്ങൾക്കും അനുമതികൾക്കും വേണ്ടി വരുന്ന കാലതാമസം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വളരെ ദോഷകരമായി ബാധിക്കുകയും പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

### എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്നത് കടുത്ത വിവേചനം

1956 ൽ കേരള സംസ്ഥാനം രൂപം കൊണ്ട സാഹചര്യങ്ങളിൽനിന്ന് നാം ഒരുപാട് മാറിയിരിക്കുന്നു. അറുപത്തഞ്ച് വർഷങ്ങൾ പിന്നിട്ട് മുന്നേറിയ ഈ കാലഘട്ടത്തിൽ നമുക്ക് ചുറ്റുമുള്ള സാമൂഹിക അന്തരീക്ഷവും



കാഴ്ചപ്പാടുകളും ഏറെ പരിണാമവിധേയമാണ്. അന്നുണ്ടായിരുന്ന സാമുദായിക ഐക്യത്തിനും സാമൂഹിക പിന്തുണയ്ക്കും വലിയ ഇടിവ് സംഭവിച്ചിരിക്കുന്നു. പള്ളിയോടൊപ്പം പള്ളിക്കൂടം പോലുള്ള മുദ്രാവാക്യങ്ങൾ ഏറ്റെടുത്ത് വലിയ സാമൂഹിക പ്രതിബദ്ധതയോടെ ജാതിമതവർഗ്ഗ വ്യത്യാസങ്ങളില്ലാതെ സ്വാതന്ത്ര്യത്തിനും വളരെ വർഷങ്ങൾക്ക് മുമ്പ് മുതൽ കത്തോലിക്കാ സഭ ഏറ്റെടുത്ത ഉത്തരവാദിത്തമാണ് വിദ്യാഭ്യാസം. അത് പൂർണ്ണമായും സാമൂഹിക സേവന ലക്ഷ്യങ്ങളോടെയുള്ളതായിരുന്നു. എന്നാൽ, ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രീതികളും പ്രകൃതവും വളരെയധികം മാറിയിട്ടുണ്ട്. ഒട്ടനവധി മത-സാമൂഹ്യവിഭാഗങ്ങൾക്കും സ്വന്തം നിലയിൽ വ്യത്യസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. വിവിധ സമുദായങ്ങൾ, സന്നദ്ധ സംഘടനകൾ മുതൽ ബിസിനസ് ഗ്രൂപ്പുകളും കോർപ്പറേറ്റുകളും വരെ വിദ്യാഭ്യാസ രംഗത്ത് ചുവടുറപ്പിച്ചുകഴിഞ്ഞപ്പോൾ വിദ്യാഭ്യാസവും സേവനമേഖലയിൽ നിന്നും വ്യതിചലിച്ച് കമ്പോളവൽക്കരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ ഒരു വിദ്യാലയത്തിന് പരിമിതമായ സൗകര്യങ്ങളേ ആവശ്യമായിരുന്നുള്ളൂ. ആയതിനാൽ മറ്റു വരുമാനസ്രോതസുകൾ തേടാതെ മികവിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വിദ്യാലയങ്ങൾക്കും മാനേജ്മെൻറുകൾക്കും കഴിഞ്ഞിരുന്നു. ഇന്ന് കൂടുതൽ സംവിധാനങ്ങളും സൗകര്യങ്ങളും സ്കൂളുകളിൽ ആവശ്യമായിരിക്കുന്നു. ഇന്നത്തെ നല്ലൊരു വിഭാഗം മാതാപിതാക്കളും വിദ്യാലയത്തിന്റെ പഠന നിലവാരത്തെക്കാൾ മുഖ്യമായി കരുതുന്നത് ബാഹ്യമായ സൗകര്യങ്ങളും അതിന്റെ പ്രൗഢിയുമാണ്. ഇത്തരം വെല്ലുവിളികൾ ഈ മേഖല അഭിമുഖീകരിക്കുമ്പോൾ ഗുണപരമായ മാറ്റങ്ങൾ എയ്ഡഡ് മേഖലയിലും കൈവരിക്കേണ്ടതുണ്ട്. സാമ്പത്തികമായി കടുത്ത അവഗണനയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും എയ്ഡഡ് മേഖല നേരിടുന്നത്.

എയ്ഡഡ്, സ്വാശ്രയ വിദ്യാഭ്യാസ മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാനേജ്മെൻറുകളെയും സൗഹാർദ്ദത്തോടെയല്ല സർക്കാർ കാണുന്നതും സമീപിക്കുന്നതും എന്നുള്ളത് ആശങ്കാജനകമായ വസ്തുതയാണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസ സംവിധാനങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികളിൽ സ്കൂൾ തലത്തിൽ 60 ശതമാനവും, ഉന്നതവിദ്യാഭ്യാസ രംഗത്ത് 80 ശതമാനവും പഠിക്കുന്നത് എയ്ഡഡ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. എന്നാൽ, കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അവയുടെ മാനേജ്മെൻറുകളോടും സർക്കാർ പുലർത്തിവരുന്നത് ചിറ്റമ്മനയമാണ്.

എയ്ഡഡ് മേഖലയിലുള്ളവർക്ക് ശമ്പളം നൽകുന്നതിൽ കവിഞ്ഞ് യാതൊരുവിധ സാമ്പത്തിക സഹായങ്ങളും, പ്രത്യേകിച്ച് എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ നൽകാറില്ല. വിദ്യാഭ്യാസത്തിനായി സർക്കാർ ബജറ്റിൽ മാറ്റിവയ്ക്കുന്ന തുക ചെലവഴിക്കപ്പെടുന്നത് കുറഞ്ഞ എണ്ണമുള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്. ഈ വിവേചനം എയ്ഡഡ് സ്കൂൾ മാനേജ്മെൻറുകൾക്ക് വലിയ വെല്ലുവിളിയാണ്. കുട്ടികളുടെയും കോഴ്സുകളുടെയും എണ്ണത്തിന് അനുസരിച്ചുള്ള ചില വിവേചനങ്ങൾ ഉണ്ടെങ്കിലും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ RUSA ഫണ്ട്, യുജിസിയുടെ ഗ്രാൻറ് തുടങ്ങിയവ നൽകുന്നത് കോളേജ് മാനേജ്മെൻറുകൾക്ക് സഹായകമാണ്. അവിടെയും കോഴ്സുകളുടെ എണ്ണം മുഖ്യമായതിനാൽ കൂടുതൽ കോഴ്സുകൾ ലഭിക്കാനായുള്ള കഠിന പരിശ്രമങ്ങൾ



www.malankaralibrary.com

ആവശ്യമായി വരുന്നു.

മിക്കവാറും എയ്ഡഡ് സ്ഥാപന മാനേജ്മെൻറുകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കാലാനുസൃതമായ അത്യാവശ്യ പരിഷ്കരണങ്ങൾ, പഴക്കമുള്ള കെട്ടിടങ്ങളുടെ പുനർനിർമ്മിതി തുടങ്ങിയവയ്ക്ക് ആവശ്യമുള്ള ഫണ്ട് കണ്ടെത്താൻ വ്യത്യസ്ത മാർഗ്ഗങ്ങൾ അവർക്ക് തേടേണ്ടതായി വരുന്നു. ഒപ്പം, വിദ്യാഭ്യാസ മേഖലയിൽ നൂതനമായ കാഴ്ചപ്പാടുകൾ കടന്നുവരികയും ലോകോത്തരമായ ചില പരിഷ്കാരങ്ങൾ ആവശ്യമാവുകയും ചെയ്യുമ്പോൾ അവിടെ സാമ്പത്തികം മാറ്റിനിർത്താനാവാത്ത ഘടകമാണ്. ഇത്തരം ഘട്ടങ്ങളിൽ അഡ്മിഷൻ സമയത്തും അദ്ധ്യാപക നിയമനങ്ങളിലും പണം വാങ്ങാൻ ചെറിയൊരു വിഭാഗം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർബ്ബന്ധിതരാകുന്നു. അതിൽത്തന്നെ അൽപ്പം ലാഭേച്ഛയോടെ പ്രവർത്തിക്കുന്നവർ ഉണ്ടായേക്കാം. പ്രവേശനത്തിലും നിയമനത്തിലും സുതാര്യതയും മികവുമായിരിക്കണം പരിഗണിക്കേണ്ടത് എന്ന കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടിൽ മാറ്റമില്ല. സഭയുടെ ഒട്ടേറെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സുതാര്യമായി മികവിന്റെ അടിസ്ഥാനത്തിലാണ് നിയമനങ്ങളും പ്രവേശനവും നടത്തുന്നത്. എന്നാൽ, എല്ലാവിധത്തിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരേ കണ്ണിലൂടെ കണ്ട് നിയന്ത്രണങ്ങളും നിയമങ്ങളും അടിച്ചേൽപ്പിക്കുന്നത് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയെ ഹാനികരമായി ബാധിക്കുന്നതിനോടൊപ്പം, ഇതര സംസ്ഥാനങ്ങളിലെ വിവിധ കോർപ്പറേറ്റുകളെ സഹായിക്കുകയും ചെയ്യും. സ്വജനപക്ഷപാതവും അന്യായമായ പണം സമ്പാദനവും നിയമം കൊണ്ട് പരിഹരിക്കുന്നതിന് പകരം എലിയെ പേടിച്ച് ഇല്ലം ചുടുന്ന ഏർപ്പാടാണ് പലപ്പോഴും സർക്കാരിന്റേത്.

**ശമ്പള പരിഷ്കരണ കമ്മീഷൻ സൃഷ്ടിക്കുന്ന ആശങ്കകൾ**

ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശകളുമായി ബന്ധപ്പെട്ട് സമീപകാലത്ത് രൂപംകൊണ്ടിട്ടുള്ള ആശയക്കുഴപ്പങ്ങളും സങ്കീർണതകളും വളരെയേറെയാണ്. കമ്മീഷൻ രണ്ട് കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. ഒന്നാമതായി, മികവിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനങ്ങൾ നടത്തുക; രണ്ട്, സാമ്പത്തികമായി സുതാര്യമായിരിക്കുക. ഈ രണ്ട് കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനായി കമ്മീഷൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളോടും നടപടിക്രമങ്ങളോടും കെസിബിസി വിദ്യാഭ്യാസ കമ്മീഷന് വ്യക്തമായ വിയോജിപ്പുണ്ട്. കത്തോലിക്കാസഭയും മറ്റ് ന്യൂനപക്ഷ സമൂഹങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് പൊതുസമൂഹത്തോടൊപ്പം പ്രത്യേകമായി അവരുടെ സമുദായത്തിന്റെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുവാനാണ്. ഭരണഘടന നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ഈ ലക്ഷ്യം കൈവരിക്കാനായി നൽകപ്പെട്ടിരിക്കുന്നതാണ്. അതിനാൽ നിയമനപ്രക്രിയയിൽ സമുദായത്തിന്റെ താല്പര്യങ്ങളും പരിഗണിക്കപ്പെടേണ്ടതായുണ്ട്. അതിന് സാധിക്കാത്ത രീതിയിലുള്ള ചില സമിതികൾക്ക് രൂപം നൽകാൻ ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശിക്കുന്നു. ഒഴിവുകൾ വരുമ്പോൾ അക്കാര്യം സമിതിയെ അറിയിച്ച് പരസ്യം നൽകുകയും തുടർന്ന്, ഇൻറർവ്യൂ നടക്കുമ്പോൾ അതിന് സമിതിയുടെ നിരീക്ഷണം ഉണ്ടാകണമെന്നും ഇൻറർവ്യൂ ബോർഡിൽ ഭൂരിപക്ഷം അംഗങ്ങൾ സർക്കാർ പ്രതിനിധികളായി ഉണ്ടാകണമെന്നും തുടങ്ങിയ നിർദ്ദേശങ്ങൾ



www.malankaralibrary.com

പ്രായോഗിക പ്രതിസന്ധികൾക്ക് കാരണമാകും. ഇത് ന്യൂനപക്ഷ അവകാശങ്ങളിന്മേലുള്ള കൈകടത്തലാണ്. സ്വന്തമായി സ്ഥാപനങ്ങൾ ഉണ്ടായിരിക്കുമ്പോഴും അതിനുമേൽ യാതൊരുവിധ അവകാശങ്ങളുമില്ല എന്നു വന്നാൽ അത് നീതിക്കും ന്യായത്തിനും വിരുദ്ധമാണെന്നുള്ളത് തർക്കമറ്റ വിഷയമാണ്.

യോഗ്യതയുടെ മാനദണ്ഡത്തിൽ വേണം നിയമനങ്ങൾ എന്നുള്ള നിർദ്ദേശം സ്വീകാര്യമാണ്. എന്നാൽ, അക്കാദമിക് യോഗ്യതകൾ മാത്രമല്ല മികവ്. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് ധാർമ്മികമൂല്യങ്ങളും സഭയുമായി ചേർന്ന് പ്രവർത്തിക്കാനുള്ള സന്നദ്ധതയും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കുന്നവർക്കും, പ്രദേശവാസികൾക്കും അവസരങ്ങൾ നൽകേണ്ടതാണ്. അത്തരത്തിലുള്ള പരിഗണനകൾ കൂടി നൽകിയാലേ ഈ സമുദായത്തെക്കൂടി പ്രവർത്തനസജ്ജരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ കഴിയുകയുള്ളൂ. അത്തരം അനിവാര്യതകളെയെല്ലാം മാറ്റി നിർത്തി കേവലം മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തണം എന്ന നിർദ്ദേശത്തോട് യോജിക്കാൻ കഴിയില്ല.

കൂടാതെ, ഇത്തരം നടപടിക്രമങ്ങളെല്ലാം റെക്കോർഡ് ചെയ്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ സൂക്ഷിക്കപ്പെടണമെന്നുമുള്ള നിർദ്ദേശവുമുണ്ട്. മാനേജ്മെൻറുകളുടെ അവകാശങ്ങളെ പൂർണ്ണമായി നിരാകരിക്കുകയും സംശയ ദൃഷ്ടിയോടെ കണ്ടുകൊണ്ടുള്ള സമീപനങ്ങൾ ആവർത്തിക്കുകയും ചെയ്യുന്നതിനെ അംഗീകരിക്കാനാവില്ല. നിയമനങ്ങളിൽ പരാതിയുണ്ടെങ്കിൽ പരിഹരിക്കാൻ ഓംബുഡ്സ്മാനെ നിയമിക്കാനുള്ള നിർദ്ദേശമുണ്ട്. അപേക്ഷിച്ചിട്ട് ജോലി ലഭിക്കാത്ത ആരെങ്കിലും ഒരു പരാതി കൊടുത്താൽ നിയമനങ്ങളെല്ലാം തടസ്സപ്പെടും. അത്തരം സംഭവങ്ങൾ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഹാനികരമായി ബാധിക്കുകയും നിസ്സഹായാവസ്ഥയിലേയ്ക്ക് തള്ളിവിടുകയും ചെയ്യും. ചില ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സർക്കാർ എടുത്തിരിക്കുന്ന തീരുമാനങ്ങൾ ആ ലക്ഷ്യങ്ങളെ സാധൂകരിക്കുന്നില്ല എന്ന് മാത്രമല്ല, അതുമൂലം ഒട്ടേറെ വിപരീത ഫലങ്ങൾ സംജാതമാകുകയും ചെയ്യും എന്നുള്ള അവസ്ഥയാണുള്ളത്.



മാനേജ്മെൻറുകൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെന്ന് സർക്കാർ സമ്മതിക്കുന്നു. എന്നാൽ, പരിഹരിക്കാൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ കൗതുകകരമാണ്. വിവിധ ആവശ്യങ്ങൾക്കായി മാനേജ്മെൻറുകൾ നിയമ നടപടികൾക്ക് മുതിരുന്നത് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന കാര്യമായതിനാൽ അത് വേണ്ട എന്ന് നിർദ്ദേശിച്ചിരിക്കുന്നു. പൂർവ്വ വിദ്യാർത്ഥി സംഘടനകളെ സാമ്പത്തിക സഹായത്തിനായി സമീപിക്കാനാണ് മറ്റൊരു നിർദ്ദേശം. അടിയന്തിരാവശ്യങ്ങൾക്ക് വല്ലപ്പോഴും സഹായം അഭ്യർത്ഥിക്കാമെന്നല്ലാതെ സ്ഥിരമായി പൂർവ്വവിദ്യാർത്ഥികളെ ഇത്തരത്തിൽ സമീപിക്കാനാവില്ല എന്ന് നമുക്കറിയാം. മൂന്നാമതായി എംഎൽഎ, എംപി ഫണ്ടുകളാണ്. കഴിഞ്ഞ വർഷങ്ങളായി പ്രകൃതി ദുരന്തങ്ങൾ വ്യാപകമായതിനാൽ മേൽ പ്രസ്താവിച്ച ഫണ്ടുകളെല്ലാം കൂടുതൽ വിനിയോഗിക്കപ്പെടുന്നത് അത്തരം ആവശ്യങ്ങൾക്കാണ്. മാത്രമല്ല, താരതമ്യേന ചെറിയ ചില ആവശ്യങ്ങൾക്ക് മാത്രമേ എംപി, എംഎൽഎ ഫണ്ടുകൾ ലഭ്യമാകാറുള്ളൂ. യുക്തിരഹിതവും ഭരണഘടനാ വിരുദ്ധവുമായ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നതുവഴിയായി വലിയ ആശയക്കുഴപ്പങ്ങളും, സാമ്പത്തിക ബാധ്യതകളും വരുത്തിവയ്ക്കുകയും എന്നാൽ, പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശരിയായ മാർഗ്ഗം നിർദ്ദേശിക്കുകപോലും ചെയ്യാതെയുമാണ് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിരിക്കുന്നത്.

ഇത്തരത്തിലുള്ള അനാവശ്യ നിയന്ത്രണങ്ങൾ കൊണ്ടുവരികയും നിയമങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് ഒരു സ്ഥാപനത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗതിയ്ക്ക് വേണ്ടിയാണ് എന്ന് കരുതാനാവില്ല. നേട്ടങ്ങൾ കൈവരിക്കാൻ കഴിയണമെങ്കിൽ മാനേജ്മെൻറുകൾക്ക് സ്വാതന്ത്ര്യം നൽകുകയാണ് വേണ്ടത്. വലിയതോതിൽ മൂല്യച്യുതികൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ വിദ്യാർത്ഥികൾക്ക് മൂല്യബോധനം കൊടുക്കുവാൻ


www.malankaralibrary.com

കത്തോലിക്കാ സഭ പ്രതിജ്ഞാബദ്ധമാണ്. അതിനുപോലും കഴിയാത്ത രീതിയിലുള്ള പാഠ്യപദ്ധതി രൂപപ്പെടുന്നതും മറ്റൊരു പ്രതിസന്ധിയാണ്.

ഇത്തരം കാരണങ്ങളാൽ ശമ്പള പരിഷ്കരണ കമ്മീഷൻ എയ്ഡഡ് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കുന്ന പല കാര്യങ്ങളോടും കത്തോലിക്കാ സഭയ്ക്ക് യോജിക്കാൻ കഴിയില്ല. ഈ ഘട്ടത്തിൽ തുറന്ന മനസോടെ കത്തോലിക്കാസഭയ്ക്കും മാനേജ്മെൻറുകൾക്കും പറയാനുള്ളത് എന്താണെന്നു കേൾക്കാൻ സർക്കാർ തയ്യാറാവുകയാണ് വേണ്ടത്. ഭരണഘടനാപരമായ സംരക്ഷണം സഭയുടെ സ്ഥാപനങ്ങൾക്കുണ്ടായിട്ടും അതത് കാലങ്ങളിൽ മാറിവരുന്ന സർക്കാരുകൾ അവരുടെ സ്ഥാപിത താല്പര്യങ്ങളുടെയും അവരെ പിന്തുണയ്ക്കുന്ന ഒരു വിഭാഗത്തിന്റെ താല്പര്യങ്ങളുടെയും പേരിൽ ആ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്ന നയതീരുമാനങ്ങൾ എടുക്കുന്നത് അംഗീകരിക്കാനാവാത്ത കാര്യമാണ്. ഇതിനിടയിലുണ്ടായിട്ടുള്ള ചില കോടതി ഇടപെടലുകളുടെ ഭാഗമായി നൽകിയ വിശദീകരണങ്ങളിൽ കമ്മീഷൻ തന്നെ തങ്ങളുടെ നിർദ്ദേശങ്ങളുടെ പ്രയോഗികതയിൽ സംശയം പ്രകടിപ്പിക്കുന്നുണ്ട്. കമ്മീഷന് പോലും നിശ്ചയമില്ലാത്ത കാര്യങ്ങൾ എങ്ങനെയാണ് ശുപാർശയായി നൽകുന്നത്.

### സ്വാശ്രയ കോളേജുകളും സ്വാശ്രയ കോഴ്സുകളുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ

എയ്ഡഡ് മേഖലയിലുള്ള കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ അനുവദിക്കാറുണ്ട്. സ്വാശ്രയ കോഴ്സുകൾ മാത്രമുള്ള കോളേജുകളുമുണ്ട്. രണ്ടു വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കും ഒരുപാട് സാമ്പത്തിക പ്രതിസന്ധികളുണ്ട്. എയ്ഡഡ് കോളേജുകൾക്ക് കൂടുതലായി സ്വാശ്രയ കോഴ്സുകൾ നൽകിയാൽ ഒരു പരിധിവരെ അവയ്ക്ക് സാമ്പത്തികമായി പിടിച്ചുനിൽക്കാൻ കഴിയും. കോളേജുകളിൽ പ്രീഡിഗ്രി അവസാനിപ്പിച്ചതോടെ മിക്കവാറും കോളേജുകളിലും ആവശ്യത്തിലധികം ക്ലാസ് മുറികളുണ്ട്. സർക്കാർ പുതിയ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്നില്ല എങ്കിലും, സ്വാശ്രയ കോഴ്സുകൾ അനുവദിക്കുന്ന പക്ഷം, അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും കുറേയേറെപ്പേർക്ക് ഉന്നതവിദ്യാഭ്യാസം നൽകാനും കഴിയും. ഒപ്പം മാനേജുമെൻറുകൾക്ക് കോളേജിന്റെ പുരോഗതിക്ക് ആവശ്യമായ ധനസമാഹരണം നടത്തുവാനും സാധിക്കും. സാമ്പത്തികമായ സുതാര്യതയിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ വളർത്താൻ ഇതു സഹായകരമാണ്.



ഇവിടെ സർക്കാർ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുകയാണ് ആവശ്യം. പുതിയ കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയില്ല എന്ന ഇപ്പോഴത്തെ നിലപാടിൽ മാറ്റം ആവശ്യമാണ്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിശ്ചിതമായ എണ്ണം കോഴ്സുകൾ അനുവദിക്കുന്നപക്ഷം കോളേജുകൾക്കും പൊതുവിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും അത് ഗുണകരമായിരിക്കും. ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസുകൾ നടന്നിട്ടുള്ളതും, കോഴ്സുകൾ അനുവദിക്കണമെന്ന വിധി ഉണ്ടായിട്ടുള്ളതുമാണ്. അനുകൂലമായ നിലപാടുകൾ സർക്കാർ സ്വീകരിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം.

കേരളത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തിൽ 70 മുതൽ 80 ശതമാനം വരെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നേടുന്നത് സ്വാശ്രയ മേഖലയിൽ നിന്നാണ്. ഈ രംഗത്ത് സർക്കാരിന്റെ മുതൽമുടക്ക് വളരെ കുറവാണ്. കേരള യൂണിവേഴ്സിറ്റി ഒഴികെയുള്ള മറ്റെല്ലാ യൂണിവേഴ്സിറ്റികളും ധാരാളം സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നുണ്ട്. എന്നാൽ, അവർക്ക് സ്ഥിരമായ അഫിലിയേഷൻ കൊടുക്കുന്നില്ല. ഓരോ വർഷവും അഫിലിയേഷനുവേണ്ടി അപേക്ഷിക്കേണ്ടതായി വരുന്നു. സ്ഥിരമായ അഫിലിയേഷൻ നൽകിയാൽപ്പോലും എന്തെങ്കിലും ഗുരുതരമായ വീഴ്ചകളുണ്ടായാൽ എപ്പോൾ വേണമെങ്കിലും അഫിലിയേഷൻ പിൻവലിക്കാവുന്നതാണ് എങ്കിലും, യൂണിവേഴ്സിറ്റികൾ യുക്തിരഹിതമായി അഫിലിയേഷൻ നീട്ടിക്കൊണ്ടുപോകുന്നതിനാൽ പലയിടങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ്ഥാപനങ്ങൾക്കും നിലനില്പിന്റെ അനിശ്ചിതാ

www.malankaralibrary.com

വസ്ഥ തുടരുന്നു. സ്ഥിരമായ അഫിലിയേഷൻ നിർബന്ധമായും നൽകണമെന്നതാണ് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ശക്തിയുക്തം സർക്കാരിനോട് നിവേദനങ്ങൾ മുഖേന ആവശ്യം ഉന്നയിച്ചിട്ടുള്ളത്. മാനേജുമെൻറുകൾക്ക് സാമ്പത്തിക സുതാര്യത ഇല്ലെന്ന് വാദിക്കുന്ന യൂണിവേഴ്സിറ്റികൾ ഭീമമായ തുക ഓരോ വർഷവും അവരിൽനിന്ന് ലഭിക്കാൻ മാത്രമാണ് സ്ഥിര അഫിലിയേഷൻ നൽകാതിരിക്കുന്നത് എന്നുള്ളത് ഒരു നഗ്നസത്യമാണ്.

### സ്വാശ്രയ വിദ്യാഭ്യാസ സേവന നിയമന വ്യവസ്ഥകൾ 2021

അൺഎയ്ഡഡ് മേഖലയിലെ സേവന നിയമന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടുള്ള ബിൽ സർക്കാർ മുന്നോട്ടുവച്ചെങ്കിലും നിയമസഭയിൽ അതിനെ സബ്ജക്ട് കമ്മറ്റിക്ക് കൈമാറിയിരിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സേവന നിയമന വ്യവസ്ഥകൾ 2021 എന്ന ബില്ലിനെ കെസിബിസി സ്വാഗതം ചെയ്യുന്നു. എന്നാൽ, ഈ ബില്ലിൽ അംഗീകരിക്കാൻ കഴിയാത്ത ഒരു വ്യവസ്ഥയുണ്ട്. അത് അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ടാണ്. നിലവിൽ എയ്ഡഡ് കോളേജുകളുടെ കാര്യത്തിൽ മാനേജ്മെൻറുകൾ അച്ചടക്ക നടപടികൾ സ്വീകരിക്കുമ്പോൾ തുടർന്ന് യൂണിവേഴ്സിറ്റിയുടെ അന്വേഷണത്തിന് അപേക്ഷിക്കുകയും ഒടുവിൽ സിൻഡിക്കേറ്റ് തീരുമാനം അറിയിക്കുകയും ചെയ്യും. അതും സിവിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതാണ്. എന്നാൽ, പുതിയ ബിൽ അനുസരിച്ച് സിൻഡിക്കേറ്റിന്റെ തീരുമാനം അന്തിമമായിരിക്കും. അത് കോടതിയിൽ പോലും ചോദ്യം ചെയ്യാനാവില്ല എന്ന വ്യവസ്ഥ സ്വീകാര്യമല്ല.

എയ്ഡഡ് മേഖലയിൽ സേവനം ചെയ്യുന്ന അദ്ധ്യാപകർക്ക് അനുവദനീയമായിരിക്കുന്ന ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും അൺഎയ്ഡഡ് മേഖലയിൽ സേവനം ചെയ്യുന്നവർക്കും ലഭിക്കേണ്ടതുണ്ട്. എന്നാൽ, ഇത്തരമൊരു ബിൽ അവതരിപ്പിക്കുമ്പോഴും വേതനത്തെക്കുറിച്ച് ബോധപൂർവ്വം സർക്കാർ ഒന്നും പറയുന്നില്ല. വേതനത്തെക്കുറിച്ച് സർക്കാർ നിർദ്ദേശം ഉണ്ടാകണമെങ്കിൽ ഫീസ് വർധന അനുവദിക്കേണ്ടതായി വരും. അപ്പോൾ പ്രതിഷേധങ്ങളുണ്ടാകും. ഇത്തരം അവസരങ്ങളിൽ സർക്കാർ ബോധപൂർവ്വമായ നിശബ്ദത പാലിക്കുകയും ഇക്കാര്യങ്ങൾ അവഗണിക്കുകയുമാണ് ചെയ്തുവരുന്നത്. അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപകർക്ക് മാന്യമായ ശമ്പളം കൊടുക്കാൻ കഴിയുന്ന രീതിയിലുള്ള ഫീസ് വർദ്ധനവ് ഉണ്ടാകണമെന്നാണ് നമ്മുടെ പക്ഷം. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകർ ചൂഷണം ചെയ്യപ്പെടുന്നതായുള്ള വാർത്തകളും അനുബന്ധ ചർച്ചകളുമെല്ലാം പൊതുസമൂഹത്തിൽ ചർച്ചാവിഷയമാകുന്നു. അത്തരത്തിൽ അവർ ചൂഷണം ചെയ്യപ്പെടാൻ പാടില്ല. ഇന്ന് അൺഎയ്ഡഡ് വിദ്യാഭ്യാസരംഗം വിവിധതരം പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു. മാറ്റങ്ങൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. എന്നാൽ, ഇത്തരം വിഷയങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുമ്പോഴും കോളേജുകൾക്ക് എക്കാലവും ഭീഷണിയായി തുടരുന്ന, സ്ഥിരം അഫിലിയേഷൻ നൽകാത്ത സാഹചര്യം അങ്ങനെ തന്നെ തുടരുകയാണ്. അതിന് പരിഹാരമുണ്ടാകാത്തപക്ഷം ഈ മേഖലയിലെ പ്രതിസന്ധികളും പ്രശ്നങ്ങളും അവസാനിക്കുകയില്ല.


പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ഇനിയും ഒരുപാട് വളരേണ്ടതായുണ്ട്. എക്കാലവും എന്നതുപോലെ തുടർന്നും വിദ്യാഭ്യാസ കാര്യത്തിൽ കേരള സർക്കാരിനെയും സമൂഹത്തെയും ശക്തിപ്പെടുത്തിക്കൊണ്ട് കത്തോലിക്കാ സഭയുടെ ഇടപെടലുകൾ തുടരും. എന്നാൽ, അനാവശ്യമായ നിയമ നിർമ്മാണങ്ങളും നിയന്ത്രണങ്ങളുടെ അടിച്ചേൽപ്പിക്കലും അതിന്റെ ഭാഗമായ തർക്കങ്ങളും കേസുകളും ഒഴിവാക്കപ്പെടേണ്ടതുണ്ട്. ആവശ്യമായ സ്വാതന്ത്ര്യവും പിന്തുണയും സർക്കാർ മാനേജ്മെൻറുകൾക്ക് നൽകണം. ഇപ്പോഴുള്ള പ്രതിസന്ധികൾ ചർച്ചകളിലൂടെ പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കണം. ഇക്കാര്യത്തിൽ കേരളകത്തോലിക്കാ സഭയുടെ എല്ലാ പിന്തുണയും സഹകരണവും എന്നും ഉണ്ടായിരിക്കും.



www.malankaralibrary.com



# ദേശീയ വിദ്യാഭ്യാസനയം 2020 വെല്ലുവിളികളെ അവസരങ്ങളാക്കുന്നതാണ് അധ്യാപനദൗത്യം



**ഡോ. എസ്. എസ്. ലാൽ**

*കെസിബിസി വിദ്യാഭ്യാസകമ്മീഷനും, കെസിബിസി ജാഗ്രത കമ്മീഷനും സംയുക്തമായി കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വെബിനാറിൽ ഡോ. എസ്. എസ്. ലാൽ അവതരിപ്പിച്ച പ്രബന്ധം.*

ഇന്ന് അന്താരാഷ്ട്രതലങ്ങളിൽ പ്രശോഭിക്കാൻ എന്നെ പ്രാപ്തനാക്കിയത് കത്തോലിക്കാസ്ഥാപനങ്ങളിലെ മൂല്യവത്തായ വിദ്യാഭ്യാസമായിരുന്നു എന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് ഒരു അധ്യാപകനാകാനായിരുന്നു. ഇന്നും അധ്യാപകനായി തുടരുന്ന ഒരു വിദ്യാർത്ഥിയാണ് ഞാൻ. അന്തർദേശീയ തലത്തിൽ വിദ്യാർത്ഥികളുടെ ട്രെയിനറായും ഡിപ്പാർട്ടുമെന്റ് മേധാവിയുമൊക്കെയാകാൻ എന്നെ വളർത്തിയത് കേരളത്തിലെ വിദ്യാലയങ്ങളാണ്.

1968-ലാണ് ആദ്യ ദേശീയ വിദ്യാഭ്യാസനയം ഇന്ത്യയിൽ രൂപീകൃതമാകുന്നത്. വിദ്യാഭ്യാസമേഖലയിലെ അക്കാലത്തെ പ്രശസ്ത പണ്ഡിതരായിരുന്നു ഇതിലെ അംഗങ്ങൾ. 24 വർഷങ്ങൾക്കു ശേഷം 1992 ൽ കാതലായ മാറ്റങ്ങളോടെ പുതിയ വിദ്യാഭ്യാസനയം വന്നു. ലോകം ഒത്തിരിയേറെ മാറ്റങ്ങൾക്കു വിധേയമായി. അതിലേക്ക് പ്രവേശിക്കാൻ ഇന്ത്യ എടുത്തത് വീണ്ടും നീണ്ട 28 വർഷങ്ങളായിരുന്നു എന്നത് ചിന്തിക്കേണ്ട കാര്യമാണ്. എല്ലാവർക്കും വിദ്യാഭ്യാസം അതും ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്നുള്ളതാണ് 2020 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കാതലയ ഭാഗം. അതിലേക്ക് കടന്നുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആധുനികലോകത്തിലെ ഡിജിറ്റൽ യുഗത്തിൽ ഒത്തിരിയേറ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ നിന്നും കാതങ്ങൾക്കപ്പുറം വാഷിംഗ്ടൺ ഡി.സി.യിൽ ഇരുന്നുകൊണ്ട് ഞാൻ നിങ്ങളോട് സംവേദിക്കുന്നു. സാങ്കേതിക മികവിന്റെ ഈ മാറ്റം ഉൾക്കൊള്ളാൻ അധ്യാപകസമൂഹം തയ്യാറായേ പറ്റു. വിവര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നൂതനമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നാം എന്നും മനസ്സ് തുറന്നിടണം.



10 വർഷം മുൻപ് ജനീവയിൽ ഒരു മെഡിക്കൽ കോളേജിൽ പ്രസംഗിക്കാൻ പോയ കാര്യം ഞാൻ ഓർക്കുന്നു. അവിടെ സംസാരിച്ചപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞു. "ഞാൻ ജനീവയിലെത്തിയത് വലിയ പർവതങ്ങളും മഹാസമുദ്രങ്ങളും മരുഭൂമികളും വൻപർവതങ്ങളും കടന്നാണ്." അപ്പോൾ എല്ലാവരും കയ്യടിച്ചു. ഞാൻ വീണ്ടും പറഞ്ഞു. അതെന്റെ ഒരു കഴിവായിട്ട് കാണേണ്ട. അവിടേക്ക് നേരിട്ടൊരു ഹൈവേ ഉണ്ടായിരുന്നു. അതെനിക്ക് അറിയില്ലായിരുന്നു. പറഞ്ഞുതരാൻ ആളുമില്ലായിരുന്നു. ഈ ഹൈവേ അറിയാത്തതുകൊണ്ടാണ് ഞാൻ സമുദ്രങ്ങളും പർവതങ്ങളും ഒക്കെ കടക്കേണ്ടി വന്നതെന്ന്. അന്ന് ഹൈവേ പറഞ്ഞുതരാൻ പ്രാപ്തരായവർ ഇല്ലായിരുന്നു. ഈ ഹൈവേ അറിയുന്ന ഒരാളെന്ന നിലയിലാണ് വിദ്യാർത്ഥി സമൂഹത്തിന് ഹൈവേ പറഞ്ഞുകൊടുക്കുന്നതിന് എന്നെ ക്ഷണിച്ചത്. ഇതൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ഇതെന്റെ കടമ നിറവേറ്റുന്നതാണ്.

അധ്യാപനം പുതിയ സാഹചര്യത്തിൽ അടിമുടി മാറേണ്ടതുണ്ട്. പുതിയ സാഹചര്യം എന്നു പറയുമ്പോൾ രാഷ്ട്രീയവും അന്തർദേശീയവുമായ സാഹചര്യങ്ങളാണ്. ആരോഗ്യരംഗത്ത് മഹാമാരി ഉണ്ടാക്കിയ വ്യത്യാസങ്ങളുണ്ട്. ഒന്നോ രണ്ടോ തലമുറ മാറുന്ന ഒരു കാലഘട്ടം കൂടിയാണിത്. 1992 നു ശേഷം ഉണ്ടായ മാറ്റങ്ങൾ സ്വാംശീകരിക്കാൻ നീണ്ട 28 വർഷങ്ങൾ എടുത്തു എന്നത് തീർച്ചയായും ഓർക്കേണ്ട ഒരു കാര്യ

www.malankaralibrary.com

മാണ്. വിദ്യാഭ്യാസനയത്തിൽ ഒരുപാട് തർക്കവിഷയങ്ങളുണ്ട്. നന്മകളുമുണ്ട്. വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് അധ്യാപനരംഗത്ത് അടിമുടി മാറ്റങ്ങൾ ഉണ്ടാക്കാനുള്ള ഒരവസരമായി നാമിതിനെ കാണണം. ഇപ്പോൾ കോവിഡ് സൃഷ്ടിച്ച ഒരു പ്രത്യേക മാറ്റം നാം കാണുന്നു. അതേസമയം ഒരുപാട് പേർ രോഗാതുരരാണുതാനും. ഇത് കോവിഡ് ഉണ്ടാക്കിയ മാറ്റം – ഇപ്പോൾ ഞാൻ വാഷിംഗടൺ ഡിസിയിലിരുന്ന് നിങ്ങളോട് ഇങ്ങനെ സംസാരിക്കാനുണ്ടായ സാഹചര്യം – ഓരോ വീട്ടിലും മൊബൈൽ ഫോണും കമ്പ്യൂട്ടറും ഉള്ള ഒരു കാലം. ഈ ചെറിയ ഉപകരണങ്ങളെ മനുഷ്യവ്യാപാരങ്ങളുടെ കാതലായി മാറ്റിയത്, എല്ലാവരേയും ഉപയോഗിക്കാൻ പഠിപ്പിച്ചത് ഒന്നും നിസ്സാര കാര്യമല്ല. ഇതൊക്കെ ഒരവസരമാണ്. കോവിഡിനും ദേശീയ വിദ്യാഭ്യാസനയം 2020 ക്കും ഒക്കെ അപ്പുറത്തേക്ക് നാം കഴിഞ്ഞ കുറേ വർഷങ്ങളായി കടന്നു പോകുന്ന ചില പ്രത്യേക സാഹചര്യങ്ങളുണ്ട്. അതിന് ആഗോളവൽക്കരണവുമൊക്കെ ഒരു കാരണമാണ്. ലോകത്തെ ഒറ്റ ഗ്രാമമായിട്ട് മാറ്റിയ സാഹചര്യം. ഇവിടെ അമേരിക്കയിൽ ഉച്ചയാകാൻ തുടങ്ങുന്നു. നിങ്ങൾ അവിടെ ഉറങ്ങാൻ തുടങ്ങുന്നു. നമ്മൾ തമ്മിൽ ഒരേ സമയത്ത് സംവേദിക്കാൻ കഴിയുന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തി നിൽക്കുന്നു. അതായത് സാങ്കേതികവിദ്യ ലോകത്തെ ഒരു ഗ്രാമമാക്കി ചുരുക്കിയിരിക്കുന്നു.



ഇന്ന് നാമുപയോഗിക്കുന്ന ടെലഫോണിന്റെ കാര്യം നോക്കുക. STD യ്ക്ക് മുമ്പ് തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേക്ക് വിളിക്കാൻ ട്രങ്ക് കോൾ ബുക്ക് ചെയ്ത് ദിവസങ്ങൾ കാത്തിരിക്കേണ്ട ഒരു കാലമുണ്ടായിരുന്നു. അത് എന്റെ തലമുറയ്ക്ക് അറിയാം. അതുകൊണ്ട് എറണാകുളത്തേക്ക് വിവരം പറയണമെങ്കിൽ അവിടെനിന്ന് വ്യക്തിപരമായി പോകുന്നതാണ് സുനിശ്ചിതമായത്. അവിടെനിന്ന് ഒമ്പതരമണിക്കൂർ വ്യത്യാസമുള്ള രണ്ട് ഭൂഖണ്ഡങ്ങളിലിരുന്ന് ഇങ്ങനെ സംസാരിക്കാൻ പറ്റുന്നു. ഈ രീതിയിലേക്ക് സാങ്കേതികവിദ്യ പരിവർത്തന വിധേയമായിരിക്കുന്നു. അത് എല്ലാത്തരത്തിലും. നമ്മൾ ചെവി വച്ച് മനുഷ്യന്റെ ഹൃദയത്തിലേക്ക് സ്റ്റെതസ്കോപ്പ് വച്ച് മിടിപ്പ് അറിയുന്നു. പിന്നീട് അൾട്രാസൗണ്ട് വന്നു. മറ്റുപകരണങ്ങൾ വന്നു. എക്കോകാർഡയോഗ്രാം വന്നു. ഇപ്പോൾ വേണമെങ്കിൽ എനിക്ക് ഇവിടിരുന്ന് വേറൊരാളുടെ ഹൃദയം പരിശോധിക്കുവാനുള്ള സംവിധാനം ചികിത്സാരംഗത്തുപോലും ഉണ്ട്.

ഇത്രമാത്രം സംവിധാനങ്ങൾ മാറി വന്ന ഒരു ലോകത്ത്; പഠനസാഹചര്യങ്ങളിലും നൂതനമായിട്ടുള്ള ഒരു വലിയ മാറ്റമാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളെ പുതിയ സാഹചര്യങ്ങളിലേക്ക് പൊരുത്തപ്പെടുന്ന രീതിയിൽ ആഗോളതലത്തിൽ നടക്കുന്ന സാഹചര്യങ്ങളിലേക്ക് സമരസപ്പെടുന്ന രീതിയിലേക്ക് അധ്യാപനം മാറേണ്ട ആവശ്യകതയിലേക്ക് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. പല തലമുറയിൽപെട്ട അധ്യാപകരുണ്ട്. പല സാമൂഹികസാഹചര്യങ്ങളിലുള്ളവരുണ്ട്. പല വിശ്വാസപ്രമാണങ്ങളിൽ നിന്ന് വരുന്നവരുമുണ്ട്. ഇവരെയൊക്കെ ഒരുമിച്ചു ചേർത്ത് ലോകത്തിലേക്ക് ഏറ്റവും പ്രഗത്ഭരായ വിദ്യാർത്ഥികളെ സൃഷ്ടിക്കുന്ന, സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതിന്റെ തുടർച്ചയായിട്ടാണ് നാമെത്തി നിൽക്കുന്നത്. അവിടെയാണ് നമ്മൾ പലതും പരിഗണിക്കേണ്ടി വരുന്നത്.

മഹാത്മഗാന്ധി ഒരിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ച് പറയുകയുണ്ടായി. "Drawing of the best in every child man and woman." ഒരു വ്യക്തിയിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗവാസനയെ തട്ടിയുണർത്തി അവനെ പരിശീലിപ്പിക്കുന്നതാകണം വിദ്യാഭ്യാസം. അത് അവന്റെ മനസ്സിനെയും, ശരീരത്തെയും, ആത്മാവിനെയും ഉണർത്തുന്നതായിരിക്കണം. ഗാന്ധിജി എത്രയോ വർഷങ്ങൾക്കു മുമ്പ് വിദ്യാഭ്യാസത്തെപ്പറ്റി പറഞ്ഞതാണിത്. ഇപ്പോഴും നാമെവിടെയെത്തി എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അതിന് അതിന്റേതായ കാരണങ്ങളുണ്ട്. ഗാന്ധിജി പറഞ്ഞ ഒരു കാര്യം കൂടിയുണ്ട്. സാക്ഷരത അല്ല വിദ്യാഭ്യാസം. നമ്മൾ പലപ്പോഴും വികസനസൂചികയായി സാക്ഷരതയെ എടുക്കാറുണ്ട്. കേരളത്തിൽ 100% സാക്ഷരത ഉണ്ട്. അതുകൊണ്ട് നമ്മൾ അമേരിക്കയ്ക്കു തുല്യമാണ് എന്ന് പറയാനാവുമോ? സാക്ഷ

www.malankaralibrary.com

രത വിദ്യാഭ്യാസത്തിന്റെ അവസാനമല്ല, തുടക്കം മാത്രമാണ് എന്നുള്ളതിൽ നിന്ന് ഈ വിഷയത്തെ ചർച്ച ചെയ്യണം. ഇപ്പോൾ 2020 ലെ ദേശീയ വിദ്യാഭ്യാസനയം ധാരാളം ചർച്ചകൾക്ക് കാരണമാകുന്നുണ്ട്. ചർച്ചകൾ വളരെ സജീവവുമാകുന്നുമുണ്ട്.

അന്താരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015 മുതൽ 2030 വരെയുള്ള കാലഘട്ടത്തിൽ ഓരോ രാജ്യവും നേടേണ്ട കാര്യങ്ങളെയാണ് പ്രതിപാദിക്കുന്നത്. 17 ലക്ഷ്യങ്ങളുള്ളതിൽ 4–ാമത്തെ ലക്ഷ്യം “സൗജന്യവും എല്ലാവർക്കും തുല്യമായും ലഭ്യമാക്കുന്ന ഗുണമേന്മയുള്ള പ്രാഥമികവും ഉന്നതവുമായ വിദ്യാഭ്യാസത്തെ” കുറിച്ചുമാണ്. ഇതിന് യോജിക്കുന്ന രീതിയിലാണ് ദേശീയ വിദ്യാഭ്യാസനയത്തിലെ പല അടിസ്ഥാന തത്വങ്ങളും. അതിനകത്ത് വേറെ താൽപര്യങ്ങൾ ഉണ്ടായേക്കാം. ചിലതൊക്കെ പിന്തുണയ്ക്കുകയോ എതിർക്കുകയോ ആവാം. ഇതിന്റെയൊക്കെ ചൈതന്യം ഉൾക്കൊള്ളുന്ന രീതിയിലാണ് ദേശീയ വിദ്യാഭ്യാസനയം രൂപപ്പെട്ടിരിക്കുന്നത്. അത് ഒരു രാഷ്ട്രീയ പാർട്ടിയുടെയോ പ്രത്യയശാസ്ത്രത്തിന്റെയോ താല്പര്യമല്ല. ഒരുപാട് വിദ്യാഭ്യാസവിചക്ഷണന്മാർ അതിലിടപെട്ടിട്ടുണ്ട്. അവരുടെയൊക്കെ സ്വാധീനം അതിലുണ്ട്. ഇന്നത്തെ 10+2 =12 എന്നത് മാറി 5+3+4=12 ആയി മാറും. ഇതൊക്കെ ചില ഘടനാപരമായ മാറ്റങ്ങൾ ആണ്. ലോകനന്മയക്കായി, രാജ്യനന്മയ്ക്കായി, ജനങ്ങളുടെ നന്മയ്ക്കു വേണ്ടിയുള്ള ഘടകങ്ങൾ ഉൾപ്പെടുന്നു, അതിനെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.



ഏറെ രസകരമായി തോന്നുന്നത് early childhood education -അംഗൻവാടി, സർക്കാർ നഴ്സറികളും കഴിഞ്ഞ് 6 വയസുകാരൻ 1–ാം ക്ലാസിൽ വരുന്നു. 5–ാം ക്ലാസുവരെ പ്രൈമറി വിദ്യാഭ്യാസം: 3 വയസുകാരൻ മുതൽ വിദ്യാഭ്യാസം നൽകുന്നത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമായി കാണണം. ഭാഷയിലും സംഖ്യയിലുമുള്ള സാക്ഷരത നേടിയെടുക്കുന്നത് ഈ ഘട്ടത്തിലാണ്. സ്കൂളിൽ നിന്ന് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് കുറയ്ക്കുന്നതിന് വ്യക്തിഗത പരിഗണന നൽകുന്ന സംവിധാനം ഏറെ ആശ്വാസകരമാണ്. വിദ്യാഭ്യാസമെന്നത് പഠനം ആസ്വദിച്ച് വിദ്യാർത്ഥിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതാവണം (enjoyable & engaged). ഇവ്വിധത്തിൽ കാഴ്ചപ്പാട് രൂപപ്പെടുമ്പോഴും വിദ്യാഭ്യാസമേഖല concurrent list ൽ തന്നെയാണ്. കേന്ദ്രഗവണ്മെന്റിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ തീരുമാനങ്ങൾ എടുക്കാൻ പറ്റുന്ന ഒരു മേഖലയായതുകൊണ്ടു തന്നെ കേന്ദ്രഗവണ്മെന്റിന്റെ പല തീരുമാനങ്ങളും അടിച്ചേൽപിക്കപ്പെടാൻ സാധ്യതയുണ്ട്.

അന്തർദേശീയ തലത്തിലുള്ള ചില കണക്കുകൾ നമ്മുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നു:

അമേരിക്ക തങ്ങളുടെ GDP യുടെ 17% വിദ്യാഭ്യാസമേഖലയ്ക്കായ് മാറ്റി വയ്ക്കുമ്പോൾ ഇന്ത്യ വെറും 2 % മാത്രമാണ്. അമേരിക്ക പ്രാഥമിക വിദ്യാഭ്യാസത്തിനായി ഒരു കുട്ടിക്ക് 14000 ഡോളർ ചിലവാക്കുന്നു. സെക്കണ്ടറി തലത്തിൽ അത് 34000 ഡോളർ ആയി മാറുന്നു. അതുകൊണ്ട് മൂല്യവത്തായ യഥാർത്ഥ വിദ്യാഭ്യാസം നൽകുവാൻ വിദേശരാജ്യങ്ങൾക്കു കഴിയുന്നു. വിദ്യാഭ്യാസം അടിച്ചേൽപിക്കലല്ല, മറിച്ച് അവന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് അഭിരുചി മനസിലാക്കി ജോലിയുടെ മഹത്വം ആർജിച്ചുകൊണ്ട് സമൂഹത്തിൽ ജീവിക്കുവാൻ അവനെ പ്രാപ്തനാക്കുകയാണ്.

ദരിദ്രരാഷ്ട്രങ്ങളുടെ പട്ടിക നോക്കിയാൽ ഇന്ത്യ ആറാം സ്ഥാനത്താണ്. നോർവേ പോലുള്ള കൊച്ചു രാജ്യങ്ങൾ ഉന്നത സ്ഥാനത്തുമാണ്. ഇന്ത്യയിൽ തന്നെ പശ്ചിമ ബംഗാൾ 12% വിദ്യാഭ്യാസമേഖലയ്ക്കായ് ചിലവഴിക്കുമ്പോൾ കേരളവും മഹാരാഷ്ട്രയും വളരെ പിന്നിലായിരിക്കുന്നു. ഇന്ത്യയിൽ സർക്കാർ തലത്തിൽ ഏകദേശം 10 ലക്ഷം സ്കൂളുകൾ നടത്തി വരുന്നു. 3.3 ലക്ഷം സ്വകാര്യസ്കൂളുകളും വിദ്യാഭ്യാസം നടത്തുന്നു. എന്നാൽ 50% കുട്ടികളും പഠിക്കുന്നത് 3.3 ലക്ഷം സ്വകാര്യസ്ഥാപനങ്ങൾ നടത്തുന്ന സ്കൂളുകളിലാണ്. ഇത് ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇപ്പോൾ കേരളത്തിൽ ചില മാറ്റങ്ങൾ സർക്കാർ മേഖലയിൽ കണ്ടു വരുന്നുണ്ട്. പ്രോത്സാഹിപ്പിക്കേണ്ട ഒരു കാര്യം തന്നെയാണ്. ധാരാളം ഗവണ്മെന്റ് സ്കൂളുകൾ ഹൈടെക്

www.malankaralibrary.com

ലെവലിലേക്ക് കടന്നു വരുന്നു എന്നത് അംഗീകരിയ്ക്കേണ്ട കാര്യമാണ്. ഈ മേഖലയിൽ മുകളിൽ സൂചിപ്പിച്ചതുപോലെ എല്ലാവർക്കും സൗജന്യമായി ഗുണമേന്മയുള്ള ഒരു വിദ്യാഭ്യാസ അന്തരീക്ഷത്തിനു അധ്യാപക സമൂഹം തയ്യാറെടുക്കണം എന്ന കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധിക്കണം.

നമ്മുടെ പൊതു വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃതമാണോ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, ഇത്രയേറെ പാഠഭാഗങ്ങൾ പഠിപ്പിക്കേണ്ട ആവശ്യകതയുണ്ടോയെന്ന്. ഒത്തിരിയേറെ പഠിപ്പിക്കുന്ന കാര്യത്തിൽ ഇന്ത്യ മുൻപന്തിയിലാണ്. പഠിച്ച കാര്യങ്ങൾ കാണാതെ എഴുതുക പലപ്പോഴും വിദ്യാർത്ഥിയെ ബുദ്ധിമുട്ടിക്കാറുണ്ട്. അതേ സമയം എന്നിലെ സർഗ്ഗവാസനയെ കണ്ടെത്തി അതിനാവശ്യമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി വിദ്യാഭ്യാസത്തെ കൂടുതൽ ആകർഷകമാക്കാൻ സാധിക്കും. വിദേശരാജ്യങ്ങളിൽ അനുവർത്തിക്കുന്ന രീതി നമുക്കും സ്വായത്തമാക്കാൻ സാധിക്കും. ഇതിന്റെ ഗുണമേന്മ വിവധരാജ്യങ്ങളിൽ പഠിക്കേണ്ടി വന്ന തന്റെ മക്കളുടെ അനുഭവങ്ങൾ ഇപ്രകാരമാണ്. കണക്കുകൾ കൂട്ടലും ഗുണിക്കലും അനായസേന തന്റെ മക്കൾ ചെയ്യുമ്പോൾ കാൽകുലേറ്ററിൽ മാത്രം വിരൽ അമർത്തി പഠിച്ചിട്ടുള്ള മറ്റു രാജ്യങ്ങളിലെ കുട്ടികൾക്ക് എന്റെ മക്കൾ ഒരു അതിശയമായിരുന്നു. ഇതിന്റെ നന്മയും തിന്മയും ഉണ്ട് എന്ന കാര്യം കൂടി പ്രത്യേകം എടുത്തു പറയുന്നു.

ഞാൻ സർക്കാർ സ്കൂളിൽ കുറച്ചു നാൾ പഠിച്ചു. അന്ന് ഒന്നുമെനിക്കറിയില്ല. Cricket bat മനുഷ്യർ കൊണ്ടു നടക്കുന്നത് എന്തിനെന്ന് എനിക്കറിയില്ല. സ്കൂളിൽ പോകുമ്പോൾ 'നിലംതല്ലി' ആയിട്ടാണ് എനിക്ക് തോന്നിയത്. പക്ഷേ ഒന്നര കിലോമീറ്റർ അകലെയുള്ള സെന്റ് ജോസഫ്സ് സ്കൂളിൽ ചെന്നപ്പോൾ അവിടെ എല്ലാ കുട്ടികളും ക്രിക്കറ്റ് കളിക്കും. അതാണ് Cultural shock. എന്നോട് ചോദിച്ചിട്ടുണ്ട് ലോകത്ത് ഏതു നഗരത്തിലാണ് ഏറ്റവും കൂടതൽ Cultural shock അനുഭവിച്ചിരിക്കുന്നതെന്ന്? ഞാൻ പറഞ്ഞു, ഒരേ നഗരത്തിൽ രണ്ട് സ്കൂളിലാണ് ഏറ്റവും കൂടുതൽ cultural shock അനുഭവിച്ചത് എന്ന്. സർക്കാർ സ്കൂളിൽ പാവപ്പെട്ടവനും സെന്റ് ജോസഫ്സിൽ പണക്കാരനും. അങ്ങനെയല്ല, എന്റെ അടുത്തിരുന്നത് ഒരു മത്സ്യതൊഴിലാളിയുടെ മകനാണ്. എന്റെ ക്ലാസിൽ തന്നെ സംസ്ഥാന വനം മന്ത്രിയുടെ മകനും ഉണ്ടായിരുന്നു. ബസ് സർവ്വീസുള്ള ഒരാളുടെ മകനും ബസിൽ യാത്ര ചെയ്ത് സ്കൂളിൽ വരാൻ നിവൃത്തിയില്ലാത്ത ഒരാളുടെ മകനുമുണ്ടായിരുന്നു. ഇത് ഇത്തരം വിദ്യാഭ്യാസസ്ഥാപനങ്ങൾ ചെയ്ത വലിയ കാര്യമാണ്. സർക്കാരിനെക്കൊണ്ട് എല്ലാം ചെയ്യാൻ കഴിയില്ല. ഞാൻ ആരോഗ്യരംഗത്തെ ചർച്ചകളിൽ പങ്കെടുക്കുമ്പോഴെല്ലാം പറയുന്ന ഒരു കാര്യമുണ്ട്. 70% ആൾക്കാരും പോകുന്നത് സ്വകാര്യ ആശുപത്രികളിലാണ്. അതുപോലെ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണവും വളരെ പ്രധാനമാണ്.

കവിത എഴുതുവാൻ എനിക്കു സാധിക്കും. എന്നാൽ മറ്റൊരാളുടെ കവിത കാണാപ്പാഠം പഠിച്ച് അവതരിപ്പിക്കുവാൻ പലപ്പോഴും എനിക്ക് സാധിക്കാതെ വരുന്നു. ഒത്തിരി കാര്യങ്ങൾ പഠിപ്പിക്കുന്നതിനേക്കാൾ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായ കാര്യങ്ങൾ മനസ്സിലാക്കി പഠിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. സ്വിറ്റ്സർലണ്ടിലെ തന്റെ മക്കളുടെ അനുഭവം ഒരാൾ പറയുകയുണ്ടായി. അവിടെ അധ്യാപകരെ പേരു വിളിച്ചാണ് അഭിസംബോധന ചെയ്യുന്നത്. അതുമൂലം അധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ ഊഷ്മളമായ സൗഹാർദ്ദം കടന്നു വരുന്നു. തന്നെ പഠിപ്പിക്കുന്ന അധ്യാപകനോട് സ്വതന്ത്രമായി ചോദ്യങ്ങൾ ചോദിക്കുവാനും ആശയ വിനിമയം നടത്തുവാനും സാധിക്കുന്നു. എപ്രകാരമായിരിക്കും അധ്യാപകൻ പ്രതികരിക്കുക എന്ന ഉൾഭയം പാടെ ഒഴിവാകുന്നു. അതുകൊണ്ട് അധ്യാപക വിദ്യാർത്ഥി ബന്ധത്തിലൂടെ ക്ലാസുകളിലേക്ക് എന്നും കടന്നുചെല്ലുവാൻ വി



www.malankaralibrary.com

ദ്യാർത്ഥികളെ കൂടുതൽ പ്രാപ്തരാക്കുന്നു.

ഏതു ജോലിയും ചെയ്യാനുള്ള വലിയ മനസ്സിന്റെ ഉടമകളായി വിദ്യാർത്ഥികളെ മാറ്റിയെടുക്കണം. നിത്യജീവിതത്തിൽ ആവശ്യമായ എല്ലാ തൊഴിൽ മേഖലയിലും അവരെ നിപുണരാക്കണം. ഏതു ജോലിയിലും അതിന്റേതായ മഹത്വം അവർ സ്വായത്തമാക്കണം. അമേരിക്കയിൽ ഡോക്ടറെ കാണാൻ ഒരു മാസം കാത്തിരുന്നാൽ മതി. എന്നാൽ ഒരു പ്ലംബറുടെ സേവനത്തിനായി 2 മാസം കാത്തിരിക്കണം. കേരളത്തിൽ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ എഞ്ചിനീയറും ഡോക്ടറും അല്ലെങ്കിൽ വൈറ്റ് കോളർ ജോലി ചെയ്യാൻ മാത്രം പഠിപ്പിക്കുന്നു. അതുകൊണ്ട് അവർ മറ്റു മേഖലകളിലേക്ക് കടന്നു വരാൻ മടിക്കുന്നു. എന്നാൽ ഇവിടെനിന്നും വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്ന പലരും വിദ്യാഭ്യാസാവശ്യങ്ങൾക്ക് പണം സമ്പാദനത്തിനായി ഏതു ജോലിയും സ്വീകരിക്കാൻ തയ്യാറാകുന്നു. തങ്ങളുടെ വിദ്യാഭ്യാസത്തെ കൂടുതൽ താല്പര്യത്തോടെ കാണുന്നു. വിദ്യാഭ്യാസരീതിയെ അവർ പങ്കാളിത്തത്തോടെ സിലബസിൽ ഒതുങ്ങിക്കൂടാതെ അനുഭവങ്ങളിൽ കൂടി പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് പഠനം ആസ്വാദ്യമാകും. നമുക്കും ഇത് അനുകരണീയമാണ്.

പ്രോത്സാഹിപ്പിക്കാൻ വിവിധ വേദികൾ ഒരുക്കി തന്നു. അതുകാരണം അന്താരാഷ്ട്രമേഖലയിൽ എനിക്ക് ആത്മവിശ്വാത്തോടെ പ്രഭാഷണങ്ങൾ നടത്തുന്നതിനും പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും കഴിയുന്നു. അതിന് എന്നെ സഹായിച്ചത് ആ വൈദികരുടെ പ്രോത്സാഹനമാണ്. വേണമെങ്കിൽ അവർക്ക് എന്നെ നിരുത്സാഹപ്പെടുത്താൻ കഴിയുമായിരുന്നു, അതിനു പകരം പ്രോത്സാഹജനകമായ രീതിയിൽ എന്നിലെ എന്നെ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. ഈ ഒരു മേഖലയിൽ അധ്യാപകർക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അങ്ങനെ അന്താരാഷ്ട്രതലത്തിൽ ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ നമുക്കു സാധിക്കും. അമേരിക്കയെ പോലുള്ള രാജ്യങ്ങളെ ഇന്ന് തൊഴിലിനും വിദ്യാഭ്യാസത്തിനും ആശ്രയിക്കുന്നത് പ്രധാനമായും ചൈനക്കാരാണ്. അതു കഴിഞ്ഞാലാണ് ഇന്ത്യാക്കാർ ഈ മേഖലയിലേക്ക് കടന്നുവരുന്നത്.

കമ്യൂണിക്കേഷൻ എന്ന് പറയുന്നത് ഭാഷ മാത്രമല്ല. ഉദാഹരണമായി ചൈനയിലും റഷ്യയിലും രജനീകാന്തിന്റെ സിനിമ കാണിക്കും. പക്ഷേ അവർക്ക് ഒരക്ഷരവും മനസിലാവില്ല. അവർ ഭാഷയിലൂടെയല്ല മറിച്ച് ശരീര ഭാഷയിലൂടെ ആ സിനിമയെ സ്വീകരിക്കുന്നു. പക്ഷേ നമ്മുടെ ആളുകൾക്ക് ഇംഗ്ലീഷ് സിനിമ കണ്ടാൽ മനസിലാകും. അതായത് ഇംഗ്ലീഷ് കേട്ടാൽ മനസിലാകും. പക്ഷേ അത് സംസാരത്തിലേക്ക് നയിക്കുന്നില്ല. ഏതു ഭാഷയും സ്വായത്തമാക്കാൻ നാം പരിശ്രമിക്കണം. മലയാളത്തെ ഒത്തിരി സ്നേഹിച്ച് ആഗോള ഭാഷയായ ഇംഗ്ലീഷിനെ പ്രാധാന്യത്തോടെ കണ്ടാൽ മാത്രമേ ലോകരാജ്യങ്ങളിൽ തിളങ്ങുവാൻ നമുക്കു സാധിക്കു. മാതൃഭാഷ പഠിക്കണം എന്ന് പറയുമ്പോൾ അതൊ



നമ്മുടെ വിദ്യാഭ്യാസത്തിൽ ആശയവിനിമയവും സമ്പർക്കത്തിന്റെയും (communication) ആവശ്യകതയെക്കുറിച്ചാണ് ഇനി പറയുന്നത്. തന്നെ പഠിപ്പിച്ചില്ലെങ്കിലും ഇന്ന് ബഹുമാനത്തോടെ നോക്കിക്കാണുന്ന രണ്ടു ഈശോസഭാ വൈദികർ ഫാ. എഫ്രേമും ഫാ. ഡോമിനിക്കും എന്നിലെ ഉറങ്ങിക്കിടന്ന എഴുത്തുകാരനെ അന്വേഷിച്ച് കണ്ടെത്തി അതിനെ

www.malankaralibrary.com

രു ഇംഗ്ലീഷ് വിരോധമായി ചിത്രീകരിക്കപ്പെടാറുണ്ട്. അതിന്റെ ദോഷം നമ്മുടെ കുട്ടികൾ അനുഭവിക്കുന്നു. ശശി തരൂരിനെ ഈ കാര്യത്തിൽ എടുത്തു പറയുന്നു. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യമാണ് ലോകവേദികളിൽ അദ്ദേഹത്തെ സ്വീകാര്യനാക്കുന്നത്. നമ്മുടെ യുവാക്കൾ അന്താരാഷ്ട്ര മേഖലയിൽ പിന്നിലാകുന്നതും ഇംഗ്ലീഷ് പ്രാവീണ്യത്തിന്റെ കുറവുകൊണ്ടാണ്.

ലോകസഭയിലുള്ള എം.പി മാരിൽ പലർക്കും ഇംഗ്ലീഷ് അറിയാത്തതുകൊണ്ടാണ് കേരളത്തിന് കിട്ടേണ്ട പല കാര്യങ്ങളും ലഭിക്കാതെ പോകുന്നത്. ഇംഗ്ലീഷോ ഹിന്ദിയോ പറയാനാറിയാമെങ്കിൽ മാത്രമേ അവിടെ കാര്യങ്ങൾ സാധിച്ചെടുക്കാൻ കഴിയൂ. വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷിനു വലിയ പ്രാമുഖ്യമുണ്ട്. നമ്മൾ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ രണ്ടു തരം പൗരന്മാരെ ഉണ്ടാക്കുമെന്നൊക്കെ പറയും. എങ്കിൽ പോലും സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കാൻ നാം കുട്ടികളെ പരിശീലിപ്പിക്കണം.




പണ്ട് കമ്പ്യൂട്ടറും മൊബൈലും ഉപയോഗിക്കുന്ന കുട്ടികളെ നാം വഴക്കു പറയുമായിരുന്നു. അതിനകത്ത് തെറ്റും ശരിയും ഉണ്ടെന്ന് നമുക്കറിയാം. എന്നാൽ ഇന്ന് തെറ്റുകളുണ്ടെന്ന് പൂർണമായി അറിഞ്ഞുകൊണ്ടു തന്നെ കുട്ടികൾ ഇത് ഉപയോഗിക്കാൻ നാം സമ്മതിക്കുന്നു. അപ്പോൾ തെറ്റ് തടയാൻ എന്താണ് പോംവഴി? കുട്ടികൾഫേസ് ബുക്ക്, വാട്സാ അപ്, ഇൻസ്റ്റാഗ്രാം എന്നൊക്കെ പറയുമ്പോൾ അത് മോശമാണെന്ന് പറയുന്നതിനു പകരം അധ്യാപകരും അത് കൈകാര്യം ചെയ്യാൻ പഠിക്കണം.

നാം എന്തുകൊണ്ടാണ് ലൈംഗിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാത്തത്? അശ്ലീല ചിത്രങ്ങൾ ഒളിച്ചിരുന്ന് കണ്ട് ആർജ്ജിക്കപ്പെടേണ്ടവയല്ല ലൈംഗികമായ അറിവുകൾ. ശരീരത്തിലെ സ്വന്തം അവയവങ്ങളെപ്പറ്റി, അവന്റെ/അവളുടെ അവകാശങ്ങളെപ്പറ്റി മനസിലാക്കാൻ പഠിപ്പിക്കുന്നതാണ് ശരിയായ ലൈംഗിക വിദ്യാഭ്യാസം. തന്റെ ശരീരത്തിലെ അവയവങ്ങളുടെ ഘടനാപരമായ സവിശേഷതകളെ മനസിലാക്കിക്കൊണ്ട് ആരോഗ്യപരമായ ഒരു അറിവ് കൊടുക്കുക, അതാണ് ലൈംഗിക വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത്. ആൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചിരുന്ന് ആരോഗ്യപരമായി തങ്ങളുടെ കർത്തവ്യങ്ങൾ തിരിച്ചറിഞ്ഞ് ജീവിക്കുമ്പോൾ അതിന്റേതായ മഹത്വം ആ ജിവിതങ്ങളിൽ കണ്ടെത്താൻ നമുക്കു സാധിക്കും. ഏതിനെയും എന്തിനെയും നിഷേധാത്മകമായ നിലപാടുകളിലൂടെ നോക്കിക്കാണാതെ ഓരോന്നിന്റെയും നന്മതിന്മകളെ തിരിച്ചറിഞ്ഞുള്ള വിദ്യാഭ്യാസമാണ് നമുക്കാവശ്യം. വിദ്യാർത്ഥിയെ മൂല്യാധിഷ്ഠിത വ്യക്തികളായി വളർത്തിയെടുക്കുവാൻ നമുക്കു കഴിയണം. ആൺകുട്ടിയുടെ എത്രത്തോളം അടുത്തുചെല്ലുമ്പോഴാണ് ഒരു പെൺകുട്ടി ഗർഭവതിയാകുന്നത് എന്ന ചിന്തയും പേറി നടക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്ന് നാം മനസിലാക്കണം. അതിനൊക്കെ ഒരു മാറ്റം വന്നേ പറ്റൂ. ആണിനെയും പെണ്ണിനെയും വേർതിരിച്ച് സ്കൂളിൽ പഠിപ്പിക്കുന്നത് തന്നെ തെറ്റാണ്. ലൈംഗിക വിദ്യാഭ്യാസം പാഠങ്ങൾ ആണും പെണ്ണും ഒരുമിച്ച് ഇരിക്കുന്നിടത്ത് നൽകാൻ അധ്യാപകന് കഴിയുന്ന രീതിയിൽ നാം വളരേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥി രാഷ്ട്രീയത്തെ കുറിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അനിവാര്യത നാം മനസിലാക്കേണ്ടതാണ്. തലതല്ലി പൊട്ടിച്ചും, കയ്യും കാലും അടിച്ചൊടിച്ചും ബസിനു കല്ലെറിഞ്ഞുമുള്ള അനാവശ്യ കാഹളം മുഴക്കലല്ല വിദ്യാർത്ഥി രാഷ്ട്രീയം. രണ്ടു സർവ്വകലാശാലകളിൽ ചെയർമാൻ ആയിരുന്ന വ്യക്തിയാണ് ഞാൻ. ഒരു ബസിനും കല്ലെറിയാതെ, ആരെയും ഉപദ്രവിക്കാതെ ഉത്തരവാദിത്വ രാഷ്ട്രീയശൈലിയിലൂടെ കടന്നുപോയ അനുഭവങ്ങളാണ് ഇന്ന് അന്താരാഷ്ട്രവേദികളിൽ ഒത്തിരിയേറെ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചത്. സംശുദ്ധ

www.malankaralibrary.com

മായ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ ഞാൻ നേടിയ അനുഭവങ്ങളായിരുന്നു എന്നെ നയിച്ചത്. Global Monitary Fund ൽ ജോലി ചെയ്യുമ്പോൾ ദരിദ്രരാഷ്ട്രത്തിന്റെ ഇല്ലായ്മകളോട് സമരസപ്പെടാനും ധനികരാഷ്ട്രത്തിന്റെ ന്യായമായ ആവശ്യങ്ങളോട് പൊരുത്തപ്പെടാനും കഴിഞ്ഞത് വിദ്യാർത്ഥി രാഷട്രീയത്തിന്റെ അനുഭവങ്ങൾ ഉള്ളതുകൊണ്ടാണ്. എനിക്ക് രാഷ്ട്രീയം അറിയുന്നതുകൊണ്ടണ് അന്തർദേശീയ രാഷ്ട്രീയം മനസിലാവുന്നത്. ഏത് പാർട്ടിയാണ് എന്നതിലലല്ല സക്രിയമായ രാഷ്ട്രീയ പ്രവർത്തനം എന്താണെന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ അധ്യാപകർക്ക് കഴിയണം.

ഒരക്ഷരവും പഠിപ്പിക്കാത്ത ഗവണ്മെന്റ് സ്കൂളിൽ ഞാൻ പഠിച്ചതാണ്. പക്ഷേ ആ സ്കൂളിൽ നടന്നിരുന്ന സാഹിത്യസമാജം പരിപാടിയിൽ പാട്ടുപാടാൻ കഴിയാത്ത എന്നെ അതിൽ നിന്ന് പിൻതിരിപ്പിച്ച് എഴുതാനും വായിക്കാനുമുള്ള എന്റെ കഴിവിനെ പ്രോത്സാഹിപ്പിച്ചത് കല്ലറ വാസുദേവൻ എന്ന അധ്യാപകനാണ്. ആ അധ്യാപകൻ തന്ന പ്രോത്സാഹനമാണ് ഇന്ന് അന്താരാഷ്ട്രലോകത്ത് സദസിനെ അഭിമുഖീകരിക്കുവാനുള്ള കരുത്ത് നൽകിയത്. എന്നേക്കാൾ മിടുക്കരായ എന്റെ ക്ലാസിലെ വിദ്യാർത്ഥികൾ എന്റൊപ്പം എത്താതെ പോയിട്ടുണ്ട്. ആ കുറവുകൾ കൂടി നികത്താൻ പറ്റുന്നതാകണം വിദ്യാഭ്യാസം. അവരെയും കൂടി ഉൾപ്പെടുത്തന്നതാകണം വിദ്യാഭ്യാസം.

ഏതാനും ചില ചിതറിയ ചിന്തകൾ നിങ്ങളുമായി പങ്കു വച്ചു. ഇനിയും അവസരം കിട്ടിയാൽ ഏതു രാജ്യത്തു വച്ചാണെങ്കിലും നിങ്ങളുമായി സംവാദം നടത്തുവാൻ ഞാൻ ഒരുക്കമാണ് എന്ന വിനീതമായ ഒരഭ്യർത്ഥന നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു.'ഒരു മനുഷ്യന്റെ ഉള്ളിലുള്ള ഏറ്റവും നല്ല കാര്യങ്ങൾ പുറത്തു കൊണ്ടു വരിക, അതാണ് യഥാർത്ഥ വിദ്യാഭ്യാസം' എന്ന ഗാന്ധിജിയുടെ മഹത് വചനം ഒരിക്കൽ കൂടി നമുക്ക് ഓർക്കാം.




ഇവിടെയാണ് കെസിബിസി വിദ്യാഭ്യാസകമ്മീഷന്റെയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും പ്രസക്തി. ഈ മഹത്തായ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന സഭാ സംവിധാനങ്ങളേയും വ്യക്തികളേയും പ്രത്യേകിച്ച് പിതാക്കന്മാരെയും അഭിനന്ദിക്കുന്നു.

*(ഡോ. എസ്.എസ്. ലാൽ തിരുവനന്തപുരം സ്വദേശിയാണ്. കുടുംബസമേതം അമേരിക്കയിലാണ്. അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന പൊതുജനാരോഗ്യ വിദഗ്ദ്ധനാണ്. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ ലോകാരോഗ്യ സംഘടനയുടെയും മറ്റു ചില അന്താരാഷ്ട്ര സംഘടനകളുടെയും ഉയർന്ന ഉദ്യോഗസ്ഥനായി പ്രവർത്തിച്ചിരുന്നു. തിരുവനന്തപുരത്തുള്ള ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഹെൽത്തിൽ പൊതുജനാരോഗ്യ വിഭാഗത്തിന്റെ പ്രൊഫസറും തലവനുമാണ്. ലോകാരോഗ്യ സംഘടനയുടെ ആഗോള സമിതിയുടെ വൈസ് ചെയർമാനും മറ്റു പല സമിതികളിൽ അംഗവുമാണ്. മെഡിക്കൽ ബിരുദം കൂടാതെ എം.പി.എച്ച്, എം.ബിഎ, പി.എച്ച്. ഡി. തുടങ്ങിയ വിദ്യാഭ്യാസയോഗ്യതകളും ഉണ്ട്.)*

www.malankaralibrary.com



# ഉണരണം അതിജീവിക്കണം

**എം. പി ജോസഫ് ഐ.എ.എസ്**

**(കെസിബിസി മീഡിയ കമ്മീഷനും കെസിബിസി ഫാമിലി കമ്മീഷനും ചേർന്ന് സംഘടിപ്പിച്ച, 'കോവിഡിനപ്പുറവും ജീവിതമുണ്ട്' എന്ന സെമിനാറിൽ എം.പി. ജോസഫ് ഐ.എ.എസ് നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപം)**



**കൊ**വിഡ് നമ്മളെ ഏറെ ക്ഷീണിതരാക്കി കഴിഞ്ഞു. ലോകം മുഴുവൻ ഒരു വലിയ ശാപമായാണ് ഈ മഹാമാരിയെ കാണുന്നത്. എന്നാൽ കേരളത്തിന്റെ കാര്യമെടുത്താൽ നാം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത് രണ്ട് ശാപങ്ങളെയാണ്. ഒന്ന് കൊവിഡും രണ്ടാമത്തേത് പ്രകൃതിദുരന്തങ്ങളും. 2018 മുതൽ ആരംഭിച്ച ദുരിതങ്ങൾ ഇന്നും തുടരുക



യാണ്. പല നൂതനമായ രീതിയിലും ഇവയെ പ്രത്യേകിച്ച് കൊവിഡിനെ തരണം ചെയ്യാൻ നാം ശ്രമിച്ചിട്ടുണ്ട് എന്നത് സത്യം തന്നെ. ഉദാഹരണത്തിന് ഓഫീസുകളിൽ പോകാൻ കഴിയാതെ വന്നപ്പോൾ വർക്ക് ഫ്രം ഹോം എന്ന് രീതിയിലേക്ക് മാറി. ഒത്തുചേരലുകൾ സാധ്യമല്ലാത്തതിനാൽ ഓൺലൈനായി സെമിനാറുകളും സാംസ്കാരിക കൂട്ടായ്മകളും സംഘടിപ്പിച്ചു. പക്ഷേ അതിനെല്ലാം അതിന്റെതായ പരിമിതികൾ ഉണ്ട് എന്നതും മറ്റൊരു യാഥർത്ഥ്യം.

**ഏകാന്തത, സാമ്പത്തിക പ്രതിസന്ധി, നിരാശ**

പോയ ഒരു വർഷക്കാലത്ത് നമ്മുടെ ജീവിതത്തെ ഒരു കൊച്ചു മുറിയിലേക്ക് നാം ഒതുക്കുകയായിരുന്നു. ഇതിന്റെ ഫലമായി പലരിലും ക്ലോസ്ട്രോഫോബിയ (ഒരു ചെറിയ മുറിയിൽ ഒറ്റയ്ക്ക് കഴിയാനുള്ള പേടി) പോലുള്ള മാനസിക അവസ്ഥകളും അനുഭവപ്പെട്ടിട്ടുണ്ട്. ഒരു വീട് തന്നെ ഓഫീസ് ആയി മാറുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും വളരെ വലുതാണ്. ആദ്യമൊക്കെ ഈ നൂതനാശയം രസകരമായി തോന്നുമെങ്കിലും പോകപ്പോകെ നമ്മളെ അത് അലോസരപ്പെടുത്തി തുടങ്ങുന്നു. സ്കൂളുകളിലും കോളജു

www.malankaralibrary.com

കളിലും പോകാനാകാതെ പിരിമുറുക്കത്തിൽ അകപ്പെടുന്ന കുട്ടികളിലും 365 ദിവസവും ഒരേ മനുഷ്യരെ തന്നെ കണ്ട് ഒരു ചെറിയ കെട്ടിടത്തിനുള്ളിൽ മാത്രം ഒതുങ്ങി കൂടേണ്ടി വരുന്ന മുതിർന്നവരിലും ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ചെറുതല്ല. യഥാർത്ഥത്തിൽ ക്വാറന്റയിൻ തന്നെ ഒരു ഏകാന്തതയാണ്.

സമൂഹത്തിൽ മറ്റുള്ളവരുമായി ഇടപഴകി ജീവിക്കുന്ന ഒരു സാമൂഹിക ജീവിയായാണ് മനുഷ്യൻ ജനിച്ചത് തന്നെ. അതുകൊണ്ടു തന്നെ സാമൂഹിക അകലം എന്ന് പറയുന്നത് നമ്മെ സംബന്ധിച്ചിടത്തോളം അസ്വാഭാവികമായ ഒരു കാര്യമാണ്. ഇത് ഒരു മാനുഷിക രീതിയല്ല. അതിനാൽ പ്രായഭേദമന്യേ ഇതിന്റെ ദൂഷ്യവശങ്ങൾ എല്ലാവരെയും ഒരുപോലെ ബാധിച്ചിട്ടുണ്ട്.

ഇതിനെല്ലാമുപരിയാണ് സാമ്പത്തികമായി നേരിടേണ്ടി വന്ന ഞെരുക്കം. കേരളത്തിനു പുറത്ത് ഏകദേശം 17 ലക്ഷത്തോളം പ്രവാസികൾ ആണ് ജോലി ചെയ്യുന്നത്. ഞെട്ടിപ്പിക്കുന്ന ഒരു സത്യം എന്തെന്നാൽ, ഈ കൊവിഡ് കാലത്ത് ഇതിൽ കുറെയധികം പേർക്ക് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചു വരേണ്ടി വന്നു. കൂടാതെ വ്യവസായശാലകൾ അടച്ചിടേണ്ടി വരുന്നു, കടകൾ തുറക്കാൻ കഴിയാതെ വരുന്നു. ഇങ്ങനെ വരുമാനം എവിടെനിന്ന് എന്ന് ആലോചിച്ച് നട്ടംതിരിഞ്ഞ മാസങ്ങളിലൂടെയാണ് നമ്മൾ കടന്നു വന്നത്.

ഇതുവരെ ജീവിച്ചു വന്നിരുന്ന ഒരു ജീവിത ശൈലിയിൽ ഇനി മുന്നോട്ടു പോകാൻ ആകുമോ എന്ന ആശങ്ക ഭൂരിഭാഗം ആളുകളിലും ഉണ്ടായിട്ടുണ്ട്. ഈ ആശങ്ക അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തുകയും അത് പലരെയും ഡിപ്രഷൻ പോലുള്ള മാനസികാവസ്ഥയിലേക്ക് തള്ളി വിടാൻ കാരണമാവുകയും ചെയ്തിട്ടുണ്ട്.



**ഉത്കണ്ഠയിൽ ജീവിക്കുന്ന മനുഷ്യർ**

കൊവിഡ് സംഭാവന ചെയ്ത ഏറ്റവും വലിയ മാനസിക സംഘർഷം ആണ് ഉത്കണ്ഠ. നാളെ എന്ത് സംഭവിക്കും എന്നുള്ള ഉത്കണ്ഠയിൽ ജീവിക്കുന്ന മനുഷ്യർ. വീട്ടിൽ നിന്നിറങ്ങാൻ വൈകിയതുകൊണ്ട് ബസ് കിട്ടുമോ എന്നുള്ള ഭയമല്ല ഉത്ക്കണ്ഠ. ഉത്ക്കണ്ഠ നമുക്ക് അറിയാത്ത ഒരു കാര്യത്തെ കുറിച്ചുള്ള ഭയത്തിൽ നിന്ന് ഉണ്ടാകുന്ന ഒന്നാണ്. ഞാൻ എന്തുകൊണ്ടാണ് ഭയക്കുന്നത് എന്ന് അറിയാതെയുള്ള ഭയമാണ് ഉത്ക്കണ്ഠ. അതാണ് പിന്നീട് ഡിപ്രഷനിലേക്ക് വഴിമാറുന്നത്. ഇത്തരത്തിലുള്ള ഉത്കണ്ഠ അല്ലെങ്കിൽ ഭീതി പല കുടുംബങ്ങളേയും മാതാപിതാക്കളെയും യുവാക്കളെയും കുട്ടികളെയും ഒക്കെ അലട്ടുന്നുണ്ട് എന്നുള്ളതാണ് സത്യം.

**മോചനം തേടിയെത്തുന്ന ഇടങ്ങൾ**

ഈ ഉത്കണ്ഠകളിൽ നിന്ന് മോചനം നേടാൻ മനുഷ്യൻ ആശ്രയിച്ചത് എവിടെയാണ്? സംശയിക്കേണ്ട, മദ്യപാനം മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളിൽ തന്നെ. കൂടാതെ കൊവിഡ് കാലത്ത് വർദ്ധിച്ചു കണ്ട ഒന്നാണ് ആത്മഹത്യാ പ്രവണത. നാളെ എന്താകുമെന്നുള്ള ആധിയിൽ നിന്ന് ഉണ്ടാകുന്ന ആത്മഹത്യകളുടെ എണ്ണം ഇത്രയും അധികം കൂടിയ മറ്റൊരു കാലഘട്ടം ഇല്ല.

ഇതിനെ സാധൂകരിക്കുന്നതാണ് യുനിസെഫ് കണക്കുകൾ. തെക്കൻ അമേരിക്കയിലും ആഫ്രിക്കയിലും 13 നും 29 വയസ്സിനും ഇടയിലുള്ള ചെറുപ്പക്കാർക്കിടയിൽ യുനിസെഫ് നടത്തിയ പഠനത്തിൽ ചെറുപ്പക്കാർക്കിടയിൽ ഉൽക്കണ്ഠയുടെ തോത് വളരെയധികം വളർന്നു എന്നാണ് കണ്ടെത്തിയത്. 15 ശതമാനം ആളുകൾക്ക് അത് ഡിപ്രഷനിലേക്ക് മാറിയിട്ടുണ്ട്. 46 ശതമാനം ആളുകളിൽ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യാൻ ഉള്ള ഉത്സാഹം കുറയുന്നുവെന്ന് പഠനം കണ്ടെത്തി. ഈ പഠനം നടന്നത് ഇന്ത്യയിലോ കേരളത്തിലോ അല്ലെങ്കിലും നമ്മുടെ നാട്ടിലെയും സാഹചര്യങ്ങളോട് തട്ടിച്ചുനോക്കുമ്പോൾ ഇതുതന്നെയാണ് അവസ്ഥ.

ആത്മഹത്യ കേരളത്തിന് ഒരു പുതു

www.malankaralibrary.com

മയല്ല. കാരണം ആത്മഹത്യാ നിരക്കിൽ ഇന്ത്യയിൽ അഞ്ചാം സ്ഥാനത്തു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആത്മഹത്യകൾക്ക് പിന്നിലുള്ള ഒരു പ്രധാന കാരണം നമുക്ക് നമ്മെക്കുറിച്ച് തന്നെയുള്ള പ്രതീക്ഷ വളരെ വലുതാണ് എന്നതാണ്. ഉദാഹരണത്തിന് ഒരു പത്ത് വർഷം കഴിയുമ്പോൾ ഞാൻ ഇന്ന സ്ഥാനത്തെത്തും അടുത്തവർഷം ഞാൻ ഇത് നേടും ഇങ്ങനെ കണ്ടു കൂട്ടുന്ന സ്വപ്നങ്ങളിൽ ഏതെങ്കിലും നടക്കാതെ വരുമ്പോൾ സ്വാഭാവികമായും നിരാശ വരുകയും അത് ആത്മഹത്യയിൽ കൊണ്ടു ചെന്നെത്തിക്കുകയും ചെയ്യും.


ആത്മഹത്യപ്രവണത എന്നത് നൈമിഷികമായ ഒരു തോന്നലാണ്. ഏതെങ്കിലുമൊരു പ്രത്യേക നിമിഷത്തിൽ ആയിരിക്കും എനിക്ക് ഇനി ഭാവി ഇല്ലല്ലോ എന്ന ചിന്ത ഒരാളിൽ ഉണ്ടാകുന്നത്. ആ നിമിഷത്തിൽ നിന്ന് ഒരു വ്യക്തിയെ കരകയറ്റാൻ സാധിച്ചാൽ അയാൾ ഒരുപക്ഷെ 40 –30 വർഷം വീണ്ടും ജീവിക്കും. അതുകൊണ്ട് ഇത്തരത്തിലുള്ള തോന്നലുകളിൽ നിന്ന് മനുഷ്യനെ പിന്തിരിപ്പിക്കണം. സർക്കാർ തലത്തിലും സാമൂഹിക തലങ്ങളിലും ഇതിനുള്ള ഇടപെടലുകളാണ് ആവശ്യം.

ഒരാളിലെ ആത്മഹത്യക്കുള്ള സാധ്യതകൾ ഒരിക്കലും അവഗണിക്കരുത്. അതിൽ നിന്നും ആ വ്യക്തിയെ കരകയറ്റുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ നാം കണ്ടെത്തണം. കൗൺസിലിംഗ് പോലുള്ള സംവിധാനങ്ങൾ അവർക്കായി ഒരുക്കണം. അതിന് എല്ലാവർക്കും ഒരുപോലെ ഉത്തരവാദിത്വം ഉണ്ട്.

ജീവൻ ഒരു അത്ഭുതമാണ്. ഏത് പരിണാമ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും മനുഷ്യർ ഭൂമിയിൽ ഉണ്ടായിട്ട് ഒരുലക്ഷത്തിലധികം വർഷങ്ങളായി എന്നാണ് കണക്കാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഇതുവരെയും നാലായിരം തലമുറകൾ പിന്നിട്ട് കഴിഞ്ഞു. അതായത് ഓരോ 25 വർഷത്തിനു ഓരോ പുതിയ തലമുറകൾ ഉണ്ടാകുന്നു. അപ്പോൾ നമ്മൾ എല്ലാവരും ഇന്ന് ഇവിടെ ഇരിക്കുന്നത് ഏതാണ്ട് നാലായിരം തലമുറകൾ പിന്നിട്ടതിന് ശേഷമാണ് . ഇതിൽ ഏതെങ്കിലും ഒരു തലമുറയിൽ പെട്ട ഒരു പൂർവികൻ ആത്മഹത്യ ചെയ്തിട്ടുണ്ടായിരുന്നു എങ്കിൽ നമ്മൾ ഇന്നീ ഭൂലോകത്ത് ഉണ്ടാകുമായിരുന്നില്ല. അങ്ങനെ ചിന്തിക്കുമ്പോൾ നോക്കൂ എന്തൊരു അത്ഭുതമാണ് മനുഷ്യജീവിതം. അത്രമാത്രം മഹത്തരമായ ജീവിതത്തെ ഒരു നിമിഷത്തെ ഭീതി കൊണ്ടോ ഡിപ്രഷൻ കൊണ്ടോ ഇല്ലാതാക്കി കളയാൻ നമുക്കാർക്കും അവകാശമില്ല.

**കുടുംബങ്ങൾ ഇല്ലാതാക്കുന്ന നിയമങ്ങൾ**

യഥാർത്ഥത്തിൽ നമ്മുടെ സമൂഹത്തിന് മുതൽക്കൂട്ടായ കുടുംബങ്ങൾ സമൂഹത്തിന് ഒരു ബാധ്യതയാണ് എന്ന രീതിയിലുള്ള ചിന്തകൾ നമ്മുടെ ഇടയിലും കഴിഞ്ഞ കുറച്ച് കാലങ്ങളായി കണ്ടുവരുന്നുണ്ട്. അത് വളരെ നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. കുടുംബങ്ങളെ ഇല്ലാതാക്കുന്ന നിയമങ്ങൾ നമ്മുടെ നിയമ വ്യവസ്ഥയിൽ തന്നെ എഴുതിച്ചേർക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. വിവാഹത്തെ നിസ്സാരവൽക്കരിക്കുന്ന നിയമങ്ങളും നമ്മുടെ നാട്ടിൽ സാധാരണമായിക്കഴിഞ്ഞു. ഭാവിയിൽ ഈ പോക്ക് പോയിക്കഴിഞ്ഞാൽ കുടുംബം എന്ന സങ്കല്പം തന്നെ ഇല്ലാതാവും. അത് ഒരു സമൂഹത്തിനു ഭൂഷണമല്ല. അതിനാൽ ഈ കാര്യങ്ങളെക്കുറിച്ച് എല്ലാം തിരിച്ചറിവുകൾ ഉള്ളവരായിരിക്കണം നമ്മൾ. പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കാനും തടയേണ്ടതിനെ തടയാനുമുള്ള ഇച്ഛാശക്തി നമ്മൾ കാണിക്കണം.



www.malankaralibrary.com

സെമിനാർ

# മാറുന്ന കാലത്തിലെ തീരാത്ത കലഹങ്ങൾ

മുല്ലക്കര രത്നാകരൻ



**(കെസിബിസി മീഡിയ കമ്മീഷനും കെസിബിസി ഫാമിലി കമ്മീഷനും ചേർന്ന് സംഘടിപ്പിച്ച, 'കോവിഡിനപ്പുറവും ജീവിതമുണ്ട്' എന്ന സെമിനാറിൽ മുല്ലക്കര രത്നാകരൻ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപം)**

**കു**റച്ചുകൂടി ലളിതമായി ജീവിതത്തിന്റെ വഴികളിലേക്ക് നാം ഇറങ്ങണമെന്നാണ് കൊവിഡ് കാലവും പ്രളയവം നമുക്ക് നൽകുന്ന സന്ദേശം. ആർഭാടകരവും ആഢംബര പൂർണവുമായ ഒരു ആധുനിക കാല ജീവിതം ഒട്ടനവധി സങ്കീർണതകളും അഹങ്കാരവും അതിന്റെ ദുരഭിമാനവും നമുക്ക് നൽകിയിട്ടുണ്ട്. അത് സൃഷ്ടിക്കുന്ന അസ്വസ്ഥതകളിൽ നിന്നാണ് കൂട്ടായ്മകൾ തകർന്നു പോകുന്നതും ബന്ധങ്ങൾ പിരിയുന്നതും, മനുഷ്യന് ജീവിതം വെറുക്കപ്പെടുന്നതായി തീരുന്നതും അവസാനം ആത്മഹത്യയിലേക്ക് എത്തുന്നതും.

**എന്തുകൊണ്ടാണ് നാം ഇങ്ങനെ?**

എന്തുകൊണ്ട് പ്രകൃതിയോട് നമുക്ക് കുറച്ചുകൂടി ഇണങ്ങി ജീവിച്ചുകൂടാ? എന്തുകൊണ്ട് കുറച്ചുകൂടി ലളിതമായി ജീവിച്ചുകൂടാ? എന്തുകൊണ്ട് നമ്മൾ കാത്തുസൂക്ഷിക്കുന്ന പല ദുരഭിമാനവും നമുക്ക് ഇറക്കി വെച്ചുകൂടാ? സഹകരിക്കാവുന്ന ഒരുപാട് വഴികൾ, ഒരുപാട് രീതികൾ മനുഷ്യന് പ്രകൃതി കാണിച്ചു തന്നിട്ടുണ്ട്. പക്ഷെ മനുഷ്യനത് വേണ്ട. മനുഷ്യനൊഴിച്ചുള്ള മറ്റ് എല്ലാ ജീവസമൂഹങ്ങളും പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവരാണ്. പ്രകൃതിയോട് പിണങ്ങാതെ ജീവിക്കുന്നവരാണ്. പ്രകൃതി നിയമങ്ങളെ അനുസരിക്കുന്നവരാണ്.

ലോകത്ത് രണ്ട് തരം നിയമങ്ങളുണ്ട്. പ്രകൃതി നിയമങ്ങളും മനുഷ്യ നിർമ്മിത നിയമങ്ങളും. ഈ മനുഷ്യ നിർമ്മിത നിയമങ്ങളിൽ ഒരു പങ്ക് നിയമങ്ങൾ പ്രകൃതി വിരുദ്ധവും മറുപങ്ക് പ്രകൃതി സൗഹാർദ്ധപരവുമാണ്. ഇത് തിരിച്ചറിയിന്നിടത്താണ് സ്നേഹത്തിന്റെ വിശുദ്ധിയോടെയുള്ള ഒരു ജീവിത യാത്ര ആരംഭിക്കുന്നത്. ചിലയിടത്തെങ്കിലും നമ്മൾ തിരിഞ്ഞു നോക്കേണ്ടതുണ്ട്, തിരുത്തേണ്ടതുണ്ട്. ഭരണകൂടം ഉൾപ്പെടെ അതിന് തയ്യാറാകണം. പ്രളയത്തിന്റെയും കൊവിഡിന്റെയും അനുഭവത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് അതാണ്.

**കൊവിഡ് നൽകുന്ന പാഠം**

കൊവിഡിനെക്കുറിച്ച് ലോകത്തിന് ആശങ്കകളുണ്ട്, ചർച്ചകളുണ്ട്, ചിലകാര്യങ്ങളിൽ തർക്കങ്ങളുണ്ട്. പക്ഷെ കൊവിഡ് മനുഷ്യനെ ഒരു കാര്യം പഠിപ്പിച്ചു. നിന്റെ കൂട്ടായ്മകൾ പലതും തെറ്റാണ്, ആഘോഷങ്ങൾ പലതും തെറ്റാണ് എന്ന യാഥാർത്ഥ്യം. ഒരു വിവാഹത്തിന് ഇത്ര പേര് മതിയെന്നും ആഘോഷങ്ങൾ ഇത്ര വേണ്ടായെന്നുമൊക്കെ പല മതനേതാക്കളും ആത്മീയ നേതാക്കളുമൊക്കെ നിർദ്ദേശിച്ചപ്പോഴും നമ്മൾ കേൾക്കാൻ കൂട്ടാക്കിയില്ല. എന്നാൽ ഇത്തിരിപോന്ന ഒരു വൈറസ് കൊവിഡിന്റെ രൂപത്തിൽവന്ന് നമ്മളെ ഭയപ്പെടുത്തിയപ്പോൾ നമ്മൾ അറിയാതെ ആർഭാടങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി. നമ്മുടെ കൂട്ടായ്മകൾ ചെറുതായി. മനസ്സുകൊണ്ട് അടുക്കാനും ശരീരംകൊണ്ട് അകലാനും നമ്മൾ പഠിച്ചു. മാസ്ക് വയ്ക്കാൻ, കൈ കഴുകാൻ, അൽപ്പനേരമെങ്കിലും വീട്ടിൽ ഒരുമിച്ചിരിക്കാൻ, പരസ്പരം മിണ്ടാൻ, വീട്ടിലെ കൃഷിതോട്ടങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ എല്ലാം നമ്മൾ പഠിച്ചു.

കൊവിഡ് കാലത്ത് ധാരാളം ദുരന്തങ്ങൾ നമ്മൾ ഏറ്റുവാങ്ങി എന്നത് സത്യമാണ്. പക്ഷെ ഒരു കാര്യം തിരിച്ചറിഞ്ഞു, നമ്മുടെ തെറ്റായ ജീവിതത്തിന് ആർഭാടപരമായി, ആഘോഷപൂർണമായി ആവശ്യമില്ലാത്ത പലതും നമ്മൾ കൊണ്ടു നടന്നിരുന്നു. ഇപ്പോൾ ലോകം പറയുന്നത് വരുന്ന കാലത്ത് നമുക്ക് കൊവിഡിനൊപ്പം ജീവിക്കേണ്ടിവരുമെന്നാണ്. എന്നു വെച്ചാൽ നമ്മുടെ ചുറ്റിനും കൊവിഡ് ഉണ്ടെന്നറി


www.malankaralibrary.com

ഞ്ഞുള്ള ഒരു ജീവിത രീതി ഇനി തുടരേണ്ടി വരും. കൊവിഡ് കൂടെ ഉണ്ടെന്നുള്ള തിരിച്ചറിവോടെ നമുക്ക് നമ്മളെ ക്രമപ്പെടുത്തി ജീവിക്കേണ്ടി വരും.

**പ്രകൃതിയുമായി ഇനിയും മല്ലിട്ടാൽ**

രണ്ടാമത്തെ പ്രശ്നം പ്രകൃതി ദുരന്തങ്ങളാണ്. വെള്ളപ്പൊക്കമായും ഉരുൾപ്പൊട്ടലായും ചുഴലിക്കാറ്റായും മഹാമാരിയായും അത്യുഷ്ണമായുമൊക്കെ അത് നമ്മളെ വിവിധ ഭാവത്തിൽ വേട്ടയാടാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്രലോകം ഇതിനെക്കുറിച്ച് പറയുന്നത് പണ്ട് നൂറ്റാണ്ടിൽ ഒന്നൊക്കെ സംഭവച്ചിരുന്ന പ്രളയം ഇനി വർഷാവർഷങ്ങളിൽ സംഭവിച്ചേക്കുമെന്നാണ്. ഇതിനു കാരണം കാലാവസ്ഥാ വ്യതിയാനം ആണ്. പക്ഷെ, യഥാർത്ഥ വില്ലൻ നമ്മൾ തന്നെയാണ്.

അതുകൊണ്ട് അതിജീവിക്കണമെങ്കിൽ നമ്മുടെ ജീവിതത്തെ കുറച്ചുകൂടി ക്രമപ്പെടുത്തണം. അതിന് നമ്മൾ പ്രകൃതിയുമായി അൽപ്പം കൂടി സമരസ്സപ്പെടണം. ഇനി ചിന്തക്കേണ്ടത് എങ്ങനെ നമുക്ക് പ്രകൃതിയുമായി കൂടുതൽ അടുപ്പം സ്ഥാപിക്കാമെന്നാണ്. പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ട പുതിയ പാഠങ്ങൾ ഉൾക്കൊള്ളാൻ ശീലിച്ചില്ലെങ്കിൽ നമുക്ക് നമ്മുടെ ജീവിതം പ്രയാസകരമായ അടുപ്പിൽ എരിച്ചു തീർക്കേണ്ടി വരും.



**നമ്മുടെ ബന്ധങ്ങൾ ഇങ്ങനെ പോയാൽ**

മനുഷ്യൻ ഉണ്ടാക്കിയ ഏറ്റവും മനോഹരമായ കൂട്ടായ്മ കുടുംബമാണ്. കുടുബം എന്നു പറയുന്നത് കൂടുമ്പോൾ ഇമ്പമുള്ളത് മാത്രമല്ല. സമൂഹത്തിൽ ഒരു തലമുറയെ സൃഷ്ടിച്ച് വളർത്തിയെടുക്കുക എന്ന ഉത്തരവാദിത്വപൂർണമായ ഒരു പവിത്ര ധർമ്മമാണ് കുടുംബം നിർവഹിക്കുന്നത്. കുടുംബം സംഭാവനചെയ്തത് പ്രകൃതിയും കൃഷിയുമാണ്. അതുകൊണ്ടാണ് അഗ്രികൾച്ചർ എന്നു പറയുന്നത്. അതൊരു സംസ്കാരം സംഭാവന ചെയ്തിട്ടുണ്ട്. പ്രകൃതിയുമായി ചേർന്ന് മനുഷ്യൻ നടത്തുന്ന ഏക ഇടപെടൽ കൃഷിയാണ്. മനുഷ്യൻ കൂലിവാങ്ങാതെ സേവനം ചെയ്യുന്ന ഏക ഇടം കുടുംബമാണ്. ആ കുടുംബത്തിന്റെ നാഥ സ്ത്രീയാണ്. വീട്ടമ്മയെയുള്ളൂ. വീട്ടച്ഛൻ ഇല്ല. അതിന്റെ ഭാവം സ്ത്രൈണ സ്വഭാവമുള്ളതാണ്. അങ്ങനെയുള്ള കുടുംബങ്ങളിൽ എങ്ങനെയാണ് നാം പെരുമാറുന്നത്.

ഇപ്പോൾ ലോകത്ത് ഏറ്റവും അധികം തകർച്ച നേരിടുന്നത് കുടുംബങ്ങളാണ്. കഴിഞ്ഞ വർഷങ്ങളിൽ നിയമസഭയിൽ വന്ന കണക്കുകൾ പ്രകാരം ഒരു വർഷം അമ്പതിനായിരത്തിലധികം വിവാഹ മോചനകേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നത്. അപ്പോൾ എന്തിനാണ് വിവാഹം കഴിയ്ക്കുന്നത് എന്നു ചോദിച്ചാൽ ജീവിക്കാനല്ല, ജീവിതത്തിന്റെ ഒരു റിഹേഴ്സലാണ്, പരീക്ഷണമാണ് എന്നു പറയേണ്ടി വരും. ആ പരീക്ഷണത്തിൽ ഒരു വർഷം ഒരു അമ്പതിനായിരം പേരെങ്കിലും പരാജയപ്പെട്ടുപോകുകയാണ്. അപ്പോൾ പരീക്ഷണം നടത്തി പരാജയപ്പെട്ടുപോകുന്ന ഒന്നാണ് കേരളത്തിൽ ദാമ്പത്യം അഥവാ മനുഷ്യൻ കണ്ടെത്തിയ ഏറ്റവും മനോഹരമായ കൂട്ടായ്മ.

ഇത് എന്തുകൊണ്ട് എന്ന് നാം ആലോചിക്കണം. നിയമസഭയിൽ വന്ന കണക്കനുസരിച്ചാണെങ്കിൽ 2001 ൽ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹമോചന കേസുകൾ മൂവായിരത്തിന് അൽപ്പം മുകളിൽ മാത്രമായിരുന്നു. എന്നാൽ 2017 ൽ അത് അമ്പത്തി അയ്യാരിത്തിന് മുകളിലാണ്. ഈ വർദ്ധനവ് എങ്ങനെ ഉണ്ടായി. ഇത് മദ്യപാനം കൊണ്ട് ഉണ്ടായതാണോ? സാമ്പത്തീക ബുദ്ധിമുട്ടാണോ കാരണം.? അതോ ദുരഭിമാനമോ ആർഭാടമോ ആണോ കാരണം? അല്ലെങ്കിൽ ഒരാളെ ഒരാൾക്ക് ഉൾക്കൊള്ളാൻകഴിയാത്ത മറ്റേതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളാണോ കാരണം? ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ തകൃതിയായി നടക്കുന്നുണ്ടെങ്കിലും നമ്മുടെ കുടുംബ ബന്ധങ്ങളുടെ തകർച്ചയുടെ അളവ് കൂടികൊണ്ടിരിക്കുകായാണ്.

**ഇനിയും വൈകിയാൽ**

നമ്മളുമായുള്ള പ്രകൃതിയുടെ തർക്കങ്ങളും കൂടി വരികയാണ്. ആരോഗ്യ മേഖലയിൽ നമ്മൾ ഏറെ പുരോഗതി കൈവരിച്ചെങ്കിലും വൈറസുമായും മറ്റും ബന്ധപ്പെട്ട് ഓരോ ദിവസവും രോഗങ്ങൾ കൂടുകയാണ്. ഒരു അമേരിക്കൻ വൈദ്യ ഗവേഷകൻ ഈയിടെ പറഞ്ഞത് ഇനി രോഗത്തിന്റെ കാലമാണ്, ആരോഗ്യത്തിന്റെ കാലമല്ല എന്നാണ്, ലോകം ഒരു രോഗാവസ്ഥയിലേക്ക് പ്രവേശിച്ച് കഴിഞ്ഞുവെന്നാണ്. അങ്ങനെയെല്ലാമാണെങ്കിൽ അതിനെല്ലാം കാരണം ആധുനിക മനുഷ്യന്റെ ഇടപെടലും അഹങ്കാരവുമാണ്. മനുഷ്യൻ ഹൃദയം കൊണ്ടും ബുദ്ധികൊണ്ടും ഇത്തരം തെറ്റുകളെ തിരിച്ചറിഞ്ഞ് തിരുത്താൻ ശ്രമിക്കണം.


www.malankaralibrary.com

**ഹരമായി ലഹരി; ഇരയായി കേരളം!**

# ലഹരിയിൽ മുങ്ങുന്ന കേരളം:

## *കുടുംബങ്ങൾക്കും സമൂഹത്തിനും മുന്നിലുള്ള പ്രതിവിധിയെന്ത്?*

**ഡോ. സിബി മാത്യൂസ് ഐപിഎസ്**



**ഈ** കാലഘട്ടം ലഹരി ഉപയോഗത്തിന്റെ ആധിക്യത്തെപ്പറ്റി വലിയ രീതിയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നതുപോലെതന്നെ മദ്യത്തിന്റെ ഉപയോഗവും വർദ്ധിക്കുകയാണ്. മദ്യത്തിന്റെ കാര്യത്തിൽ, സർക്കാരിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് അത് എന്നതിനാൽ അതിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് പ്രായോഗികമായ നടപടികളൊന്നും സ്വീകരിക്കപ്പെടുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പിടിച്ചുനിർത്തുന്നത് മദ്യവില്പനയാണ്.

യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗം ഇത്രമാത്രം വർദ്ധിക്കാനുള്ള ഒരു പ്രധാന കാരണം ഈ കാലഘട്ടത്തിലെ സിനിമകളാണ് എന്നാണ് എന്റെ അഭിപ്രായം. മുൻകാലങ്ങളിലെ സിനിമകളിൽ കാണാറില്ലാതിരുന്ന ചില രംഗങ്ങൾ ഇപ്പോഴത്തെ പല സിനിമകളിലും കാണാം. മദ്യപാനത്തെയും ലഹരിയുടെ ഉപയോഗത്തെയുമൊക്കെ മഹത്വവൽക്കരിക്കുന്ന സീനുകളാണവ. മദ്യപാനത്തിന്റെ അവസരങ്ങളെ നിറപ്പകിട്ടാർന്ന ആഘോഷമാക്കി മാറ്റിയുള്ള ഗാനരംഗങ്ങളൊന്നും പഴയ സിനിമകളിൽ പതിവായിരുന്നില്ല. സിനിമകളിൽ വന്നിരിക്കുന്ന മാറ്റങ്ങൾക്കൊപ്പം, ഇത്തരം ആഘോഷങ്ങളിൽ എന്താണ് തെറ്റ് എന്നും യുവജനങ്ങൾ ചോദിക്കുന്നു. സിനിമാനടന്മാരെ അനുകരിക്കുന്ന രീതി പണ്ടുമുണ്ടായിരുന്നെങ്കിലും ഈ കാലഘട്ടത്തിൽ ഇത്തരം അനുകരണ സ്വഭാവം സമൂഹത്തിൽ പ്രകടമാണ്. പലപ്പോഴും നാം ലഹരിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മയക്കുമരുന്നിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നു. മദ്യത്തിന്റെ വർധിച്ചുവരുന്ന സ്വാധീനവും ചർച്ചാവിഷയമാക്കേണ്ടതുണ്ട്.




**കേരളവും മയക്കുമരുന്നും**

ഞാൻ സർവീസിലുണ്ടായിരുന്ന കാലഘട്ടത്തിൽ കൂടുതലും പട്ടണങ്ങളിലായിരുന്നു സേവനം ചെയ്തിരുന്നത്. കോഴിക്കോടും തിരുവനന്തപുരത്തും കൊച്ചിയിലും പോലീസ് കമ്മീഷണറായി ഞാൻ പ്രവർത്തിച്ചിരുന്നു. കോഴിക്കോട് സിറ്റിയെക്കുറിച്ചു പറഞ്ഞാൽ, അക്കാലം മുതൽ അവിടെ മയക്കുമരുന്നിന്റെ വ്യാപകമായ ഉപയോഗം ഉണ്ടായിരുന്നു. കൈകാര്യം ചെയ്യാനുള്ള എളുപ്പം കൊണ്ട് കറുപ്പ് ആയിരുന്നു കൂടുതലും ഉപയോഗിക്കപ്പെട്ടിരുന്നത്. 1985ൽ NDPS ആക്ട് നടപ്പാക്കപ്പെട്ടതിന് ശേഷം കടുത്ത ശിക്ഷാനടപടികൾക്ക് കുറ്റവാളികൾ വിധേയമായിത്തുടങ്ങി. അതുവരെ ഇടുക്കി കേന്ദ്രീകരിച്ച് കേരളത്തിൽ കഞ്ചാവ് കൃഷി ചെയ്യപ്പെട്ടിരുന്നുവെങ്കിൽ അത് ക്രമേണ കുറഞ്ഞുവന്നു. അക്കാലത്ത് ഒരു കിലോ കഞ്ചാവ് പിടിക്കപ്പെടുക എന്നുള്ളത് വലിയ വാർത്തയാകുന്ന സംഭവമായിരുന്നു. അടുത്തയിടെ തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലിൽ ഒരു ലോറി

www.malankaralibrary.com

യിൽനിന്ന് പിടിച്ചെടുത്തത് അഞ്ഞൂറ് കിലോ കഞ്ചാവാണ്. ഈ നിയമങ്ങളെല്ലാം നിലനിൽക്കുന്നെങ്കിലും വലിയ അളവിൽ കഞ്ചാവും ആയിരക്കണക്കിന് കോടി രൂപയുടെ മറ്റ് മയക്കുമരുന്നുകളും പിടിക്കപ്പെടുന്നത് നമുക്കിടയിൽ വലിയ വാർത്തയല്ലാതായി മാറിയിരിക്കുന്നു.

ഇന്ന് ഇവയെല്ലാം കേരളത്തിന് വെളിയിൽനിന്ന് വരുന്നതാണ്. കഞ്ചാവ് ഏറിയപങ്കും വരുന്നത് ഛത്തീസ്ഘട്ട്, ആന്ധ്രാ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുമാണ്. കറുപ്പ്, കൊക്കെയ്ൻ പോലുള്ള മയക്കുമരുന്നുകൾ ഇന്ത്യയ്ക്ക് വെളിയിൽനിന്നുമാണ് വരുന്നത്. തീവ്രവാദ സംഘങ്ങൾക്ക് ധനസമാഹരണത്തിനുള്ള മാർഗ്ഗമായി അവ മാറുന്നു. അത്തരം സംഘങ്ങൾക്ക് ജനങ്ങളുടെ നന്മയല്ല അവരുടെ നാശമാണ് ആവശ്യം എന്നതിനാൽ യാതൊരു മടിയുംകൂടാതെ മയക്കുമരുന്ന് കച്ചവടം നടത്തി ധനസമ്പാദനം നടത്തുകയും അത് തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നു. വലിയ വരുമാനം മുന്നിൽക്കണ്ട് അവരുടെ കച്ചവടത്തിൽ പങ്കാളികളായി മാറുന്ന ധാരാളം ചെറുപ്പക്കാർ നമുക്കിടയിലുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയാൻ ഈ തലമുറയ്ക്ക് കഴിയാതെ പോകുന്നത് എന്തുകൊണ്ടാണ് എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ലഹരിക്ക് കീഴ്പ്പെട്ടുപോകുന്നതായിരിക്കാം ഒരു കാരണം.

വലിയ അന്തർദേശീയ സംഘങ്ങളാണ് ആഗോളതലത്തിൽ മയക്കുമരുന്ന് ഇടപാടുകളെ നിയന്ത്രിക്കുകയും അതിൽനിന്ന് ലാഭം കൊയ്യുകയും ചെയ്യുന്നത്. കൊളംബിയ, മെക്സിക്കോ, വെനിസ്വേല തുടങ്ങിയ രാജ്യങ്ങളിൽ സംഭവിച്ചതിനെക്കുറിച്ച് നാം പഠിക്കേണ്ടതുണ്ട്. അവിടുത്തെ സർക്കാരുകൾക്ക് പോലും ഒന്നും ചെയ്യാൻ കഴിയാത്തവിധം ആ രാജ്യങ്ങളിൽ മയക്കുമരുന്ന് മാഫിയ പിടിമുറുക്കുകയും സർക്കാരുകളെ നിഷ്ക്രിയമാക്കുകയും ചെയ്തിരിക്കുന്നു. അഫ്ഘാനിസ്ഥാനിലും മറ്റും ഉൽപാദിപ്പിക്കപ്പെടുന്ന കൊക്കെയ്ൻ പോലുള്ള വിലപിടിപ്പുള്ള മയക്കുമരുന്നുകളാണ് ആ രാജ്യങ്ങളിൽ കൂടുതലും വിപണനം ചെയ്യപ്പെടുന്നത്. ഏറെക്കുറെ ആ വഴിയിലാണോ നാമും സഞ്ചരിക്കുന്നതെന്ന് സംശയിക്കേണ്ടതുണ്ട്. കേരളത്തിൽ സൈക്കോട്രോപ്പിക് മരുന്നുകൾ എന്നറിയപ്പെടുന്ന കൃത്രിമമായുണ്ടാക്കുന്ന എംഡിഎംഎ, ആംഫെറ്റമൈൻ തുടങ്ങിയവയാണ് കൂടുതൽ വ്യാപകമായിട്ടുള്ളത്. കൊച്ചി കേന്ദ്രമായാണ് ഇത്തരം മരുന്നുകളുടെ ഉപയോഗവും വിതരണവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സിനിമ മേഖലയിലുള്ളവരെയും, നിശാക്ലബുകൾ മുതലായ കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി നിരവധി കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.



**റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കേരളം മുന്നിൽ**

ഇന്ത്യയിൽ മയക്കുമരുന്ന് കേസുകൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനങ്ങളിൽ മുൻനിരയിലുള്ളത് പഞ്ചാബ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്. പഞ്ചാബിന് പാക്കിസ്ഥാൻ, ബോർഡറും, ഉത്തർപ്രദേശിന് നേപ്പാൾ ബോർഡറും ഉള്ളതിനാൽ വലിയ അളവിൽ മയക്കുമരുന്ന് കടത്ത് നടക്കുന്നുണ്ട്. മഹാരാഷ്ട്രയുടെ സമുദ്രാതിർത്തിയും, ഗുജറാത്തിന്റെ അതിർത്തിയും മയക്കുമരുന്ന് കടത്തിന് സഹായകമാണ്. കേരളത്തിലേക്ക് മയക്കുമരുന്ന് കടത്ത് താരതമ്യേന എളുപ്പമല്ലാതിരുന്നിട്ടുകൂടി ഇന്ന് മയക്കുമരുന്ന് കേസുകളിൽ നാം ഒരുപാട് മുന്നേറിയിട്ടുണ്ട്. ലക്ഷദ്വീപിൽനിന്നുമാണ് കേരളത്തിലേയ്ക്ക് കൂടുതൽ മയക്കുമരുന്ന് എത്തുന്നതെന്നാണ് റിപ്പോർട്ടുകൾ. ശ്രീലങ്കയും, മാലദ്വീപുകളും മയക്കുമരുന്ന് കടത്തുകാർക്ക് ഇടത്താവളങ്ങളായി മാറിയിട്ടുണ്ട്. 2020 ൽ NDPS നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് 59806 കേസുകളാണ്. ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അഞ്ച് പട്ടണങ്ങളിൽ

www.malankaralibrary.com

ഒന്ന് കൊച്ചിയാണ്. തൊട്ടുപിന്നിൽത്തന്നെ കോഴിക്കോടുമുണ്ട്. കേരളത്തിൽ ആകെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ 4968 എണ്ണമാണ്.

ഈ കാലഘട്ടത്തിൽ ഇന്ത്യയെ മയക്കുമരുന്ന് മാഫിയ ലക്ഷ്യമാക്കിയിട്ടുണ്ട് എന്ന് ബലമായി സംശയിക്കാവുന്നതാണ്. കേരളത്തിൽ കഴിഞ്ഞവർഷം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ എണ്ണം നോക്കിയാൽ നാമും വലിയ ഭീഷണിയിലാണെന്ന് മനസിലാക്കാനാവും. വളരെ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നുവരുമ്പോൾ, സർക്കാർ സംവിധാനങ്ങൾപ്പോലും മയക്കുമരുന്ന് മാഫിയയുടെ വരുതിയിലെത്തുന്നതിന്റെ ലക്ഷണം കൂടിയാണ് അത്. പഞ്ചാബിലെ മയക്കുമരുന്ന് മാഫിയയെ തുറന്നുകാണിച്ചുകൊണ്ട് ഉഡ്താ പഞ്ചാബ് എന്ന ഒരു സിനിമ ഇറങ്ങിയിരുന്നു. അതിന്റെ പിന്നണിപ്രവർത്തകർക്ക് നേരിടേണ്ടി വന്നത് വലിയ ഭീഷണികളാണ്. ലഹരിമാഫിയ സർക്കാർ - ഉദ്യോഗസ്ഥ സംവിധാനങ്ങളെ എങ്ങനെ ഉപയോഗിക്കുന്നു എന്ന് അവർ വ്യക്തമായി ചിത്രീകരിച്ചിരുന്നതാണ് ഭീഷണികൾക്കിടയാക്കിയത്.

മയക്കുമരുന്ന്



ഇടപാടുകളുമായി ബന്ധപ്പെട്ട് വേണ്ടരീതിയിലുള്ള ശ്രദ്ധ പോലീസ് ഉൾപ്പെടെയുള്ള തലങ്ങളിൽനിന്ന് ഉണ്ടാകുന്നില്ല എന്നാണ് എന്റെ നിഗമനം. വിരമിച്ചതിന് ശേഷവും ഇത്തരം വിഷയങ്ങൾ ഞാൻ നിരീക്ഷിക്കാറുണ്ട്. ഇത്തരം വിഷയങ്ങളിൽ സർക്കാരും വളരെ അയഞ്ഞ സമീപനമാണ് പുലർത്തിക്കാണാറുള്ളത്. എന്നാൽ, എക്സൈസ് വകുപ്പ് മുൻകാലങ്ങളെയപേക്ഷിച്ച് ഇത്തരം വിഷയങ്ങളിൽ കൂടുതൽ ആർജ്ജവം പുലർത്തുന്നത് കാണുന്നുണ്ട്. എന്നാൽ, വളരെ ചെറിയ ശതമാനം മാത്രമാണ് പിടിക്കപ്പെടുന്നത് എന്നത് ഉറപ്പായ കാര്യമാണ്. വലിയ തുക ഇതിൽ മുതൽമുടക്കി പിടിക്കപ്പെടാതെ മയക്കുമരുന്ന് കടത്തുന്ന സംഘങ്ങളുണ്ട്, അവർക്ക് അതിനുള്ള സംവിധാനങ്ങളുമുണ്ട്.

അഫ്ഘാനിസ്ഥാൻ, പാക്കിസ്ഥാൻ, ഇറാൻ എന്നീ രാജ്യങ്ങൾ മുമ്പ് തന്നെ അറിയപ്പെടുന്നത് ഗോൾഡൻ ക്രസന്റ് എന്ന പേരിലാണ്. ഓപ്പിയം കൃഷിയും വിപണനവുമാണ് ആ മേഖലയുടെ പ്രധാന വരുമാനം. താലിബാൻ ഉൾപ്പെടെ ആ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകളുടെ വരുമാന മാർഗ്ഗം എന്നതുപോലെ തന്നെ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ തകർച്ചയും മയക്കുമരുന്ന് വിൽപ്പനയിലൂടെ അവർ ലക്ഷ്യം വയ്ക്കുന്നുണ്ടാവാം.

**പരിഹാരമെന്ത്?**

ലോകം മുഴുവൻ വലകൾ വിരിക്കുന്ന അന്തർദേശീയമാഫിയകളുടെ കുതന്ത്രങ്ങളെ എങ്ങനെ അതിജീവിക്കാൻ കഴിയും എന്നുള്ളത് ഒരു വലിയ ചോദ്യമാണ്. നമ്മുടെ പ്രതിഷേധ പ്രകടനങ്ങളോ, നാമമാത്രമായ പ്രതിരോധ ശ്രമങ്ങളോ അതിന് പരിഹാരമാകുന്നില്ല. ഇതിന്റെ അപകടത്തെക്കുറിച്ച് ബോധവാന്മാരാകുകയും നമ്മുടെ ഇളം തലമുറകൾക്ക് ശരിയായ ബോധ്യങ്ങൾ നൽകുകയുമാണ് പ്രധാന കാര്യം. സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ഇത്തരംകാര്യങ്ങളിൽ വ്യക്തമായ അറിവുണ്ടായിരിക്കണം. കത്തോലിക്കാ സഭയും ക്രൈസ്തവ സമൂഹങ്ങളും നേതൃത്വം നൽകുന്ന വിദ്യാലയങ്ങളിൽ ക്രൈസ്തവ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകണം. ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ച് ക്രൈസ്തവ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വളരാൻ കഴിഞ്ഞാൽ വലിയ മാറ്റങ്ങളുണ്ടാകും.

www.malankaralibrary.com


# ലഹരിയുടെ വേരുകൾ നീളുന്നത്
## കുടുംബങ്ങളിലേയ്ക്കും സമൂഹത്തിലേക്കും



**ഡോ. ബിജു സെബാസ്റ്റ്യൻ MI**
സൈക്കോളജിസ്റ്റ്

**ഭൂ**രിഭാഗം പേരും ജീവിതത്തിൽ ചില പ്പോഴെങ്കിലും ചില അഡിക്ഷനുകൾക്ക് വിധേയപ്പെട്ടു പോയേക്കാം. അൽപനേരത്തേക്കുള്ള സുഖത്തിനും സന്തോഷത്തിനും വേണ്ടി ഒരു വ്യക്തി ഏതെങ്കിലും ഒരു പ്രവൃത്തിയിൽ സ്ഥിരമായി വ്യാപൃതനാകുന്ന സ്വഭാവമാണ് അഡിക്ഷൻ. ആരംഭിക്കുന്നത് അൽപ്പനേരത്തേക്കാണെങ്കിലും പതിയെ ദീർഘകാലത്തേയ്ക്ക് വഴിമാറി അത് വ്യക്തികളുടെ ജീവിതത്തിന്റെ ഭാഗമാകുന്നു. ആഗ്രഹിച്ചിരുന്ന താൽക്കാലിക ആശ്വാസം തുടക്കത്തിൽ ലഭിച്ചിരുന്നു എങ്കിൽ, പിന്നീട് ഇത് ജീവിതത്തിന്റെ ഭാഗമാകുന്നതോടെ ആരംഭത്തിൽ ലഭിച്ചിരുന്ന സന്തോഷം ലഭിക്കാതെ വരികയും നിരാശയിലേക്ക് ചെന്നെത്തുകയും ചെയ്യും.

എന്തുകൊണ്ടാണ് ഒരു വ്യക്തി താൽക്കാലിക ആശ്വാസത്തിനു വേണ്ടി ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടു പോകുന്നത് എന്ന് ചിന്തിച്ചാൽ അതിന് പ്രധാനമായും മൂന്ന് കാരണങ്ങൾ കാണാം.

1. വൈകാരിക പ്രശ്നങ്ങളിൽ നിന്ന് കരകയറാൻ
2. ആത്മസംയമനം ലഭിയ്ക്കാൻ. അതായത് ഒരു വ്യക്തി അതുവരെ മനസ്സിൽ സൂക്ഷിച്ചിരുന്ന ഉത്കണ്ഠകളിൽ നിന്ന് താൽക്കാലിക ആശ്വാസം നേടാൻ ശ്രമിക്കുന്നു.
3. ഒറ്റപ്പെടലിൽനിന്ന് രക്ഷപ്പെടാൻ.



അതിനാൽ സമൂഹം മനസ്സിലാക്കേണ്ടത്, ഒരു വ്യക്തി ലഹരി വസ്തുക്കൾക്ക് പുറകേ പോകുന്നുണ്ടെങ്കിൽ അയാൾക്ക് അതിന് വ്യക്തമായ കാരണങ്ങൾ ഉണ്ട് എന്നാണ്. വേദനയും വെറുപ്പും നിരാശയും നിറഞ്ഞ ഒരു വ്യക്തി തന്നോട് തന്നെ സ്വയം പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നെ ഒന്നിനും കൊള്ളില്ല, ഞാൻ ആർക്കും വേണ്ടാത്തവനാണ് എന്നിങ്ങനെയായിരിക്കും. ഇത് phenomenological reason of addiction അഥവാ, അഡിക്ഷനുള്ള പ്രാതിഭാസിക കാരണമാണ്.

അഡിക്ഷൻ ഒരു പ്രതിഭാസമാണ്. വേദനകളെയും വിഷമതകളെയും മറയ്ക്കാനുള്ള മാർഗമായാണ് സാധാരണ മനുഷ്യൻ ലഹരിയെക്കാണുന്നത്. ഇതിനും കാരണങ്ങൾ പലതുണ്ട്. കുടുംബത്തിൽ നിന്ന് തന്നെ തുടങ്ങാം. ബാല്യത്തിൽ തന്നെ മനസ്സിന് ആഘാതം ഉണ്ടാക്കുന്ന അവസ്ഥകളിലൂടെ കടന്നു പോകുന്നത് ഒരു കാരണമാണ്. ബാല്യത്തിൽ ശാരീരികമായോ, വൈകാരികമായോ, ലൈംഗികമായോ ഏതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യപ്പെടുന്ന വ്യക്തികളുടെ മനസ്സിനെ ലജ്ജ കീഴ്പ്പെടുത്തുകയും, പ്രായപൂർത്തിയാകുമ്പോൾ അത് വ്യക്തിത്വത്തിൽ നിറഞ്ഞു നിൽക്കുകയും ചെയ്യും. അവരെ എപ്പോഴും ഒരു rejection sensitivity വേട്ടയാടും. ഈ അവസ്ഥകളിൽ നിന്ന് കരകയാറാൻ അത്തരക്കാർക്ക് എന്തെങ്കിലും വേണം. ഇങ്ങനെ വരുമ്പോഴാണ് മുൻപ് പറഞ്ഞ സ്വഭാവ ദൂഷ്യത്തിലേക്ക് അത്തരക്കാർക്ക് ചായ്‌വുണ്ടാകുന്നത്.

കുടുംബത്തിൽ ആരുടെയെങ്കിലും മാനസിക വൈകല്യങ്ങൾ മറ്റൊരു കാരണമാണ്. ഏറ്റവും അടുത്തുനിൽക്കുന്ന ആർക്കെങ്കിലും ഉണ്ടാകുന്ന മാനസിക അസ്വാസ്ഥ്യങ്ങൾ നേരിട്ട് കാണുന്ന വ്യക്തിയെ വേട്ടയാടുകയും ഒറ്റപ്പെടലിലേക്കും നിരാശയിലേക്കും എത്തി

www.malankaralibrary.com

ച്ചേരുകയും ചെയ്യും. നിരാശയിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും രക്ഷപ്പെടാൻ അപ്പോൾ ഒരു മാർഗ്ഗം തേടും. ആ മാർഗം ആസക്തി ആകുന്നതോടെ ജീവിതം കൈവിട്ടു പോകുന്നു.

മൂന്നാമതായി കുടുംബത്തിൽ ആരുടെയെങ്കിലും മദ്യാസക്തിയും ലഹരി ഉപയോഗവും. കുടുംബാംഗങ്ങളിൽ ഉള്ള അമിത മദ്യപാന ശീലവും അനുബന്ധ പ്രശ്നങ്ങളും കുട്ടികളിൽ മുറിവ് ഉണ്ടാക്കുകയും ലഹരിയോടുള്ള താൽപ്പര്യം വർധിപ്പിക്കുകയും ചെയ്യും. ഇതിനെ inter-generational transmission എന്നു പറയും.

മാതാപിതാക്കളുടെ വിവാഹമോചനം, മാതാപിതാക്കളിൽ ആരെങ്കിലും ശാരീരികമായി ഉപദ്രവിക്കപ്പെടുന്നത് മക്കൾ കാണുന്നത് ഇവയെല്ലാം അഡിക്ഷനിലേക്ക് ഒരു വ്യക്തിയെ തള്ളിവിടുന്ന കാരണങ്ങളാണ്. ഗെയ്ബർ മാറ്റർ എന്ന സൈക്കോളജിസ്റ്റ് തന്റെ ഒരു പ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നുണ്ട്, അദ്ദേഹത്തിന്റെ മാതാപിതാക്കൾ ജൂതരാണ്. അദ്ദേഹത്തിന് രണ്ട് മാസം പ്രായമുള്ളപ്പോൾ അദ്ദേഹത്തിന്റെ നാടിനെ ഹിറ്റ്ലറിന്റെ സൈന്യം ആക്രമിച്ചു. നാട് ആക്രമിക്കപ്പെടുമ്പോൾ രണ്ട് മാസം പ്രായമുള്ള കുഞ്ഞായിരുന്നു ഗെയ്ബർ. ആ രാത്രി കുഞ്ഞു ഗെയ്ബർ വല്ലാതെ കരയാൻ തുടങ്ങി. ഒരു കാരണവുമില്ലാതെ. പിറ്റേന്ന് അമ്മ ശിശുരോഗ വിദഗ്ധനെ വിളിച്ചു പറഞ്ഞു: എന്റെ കുഞ്ഞ് രാത്രി മുഴുവൻ കരഞ്ഞു കൊണ്ടിരിക്കുകയാണ് ഒന്നു വന്നു നോക്കണം. അപ്പോൾ ഡോക്ടർ പറഞ്ഞു: തീർച്ചയായും ഞാൻ വന്നു നോക്കാം. പക്ഷെ നമ്മുടെ നാട്ടിലെ എല്ലാ കുഞ്ഞുങ്ങളും കരഞ്ഞു കൊണ്ടിരിക്കുകയാണ്. കാരണം, അവരുടെ അമ്മമാർ കരഞ്ഞുകൊണ്ടിരിക്കുകയാണ്, vicarious sadness അഥവാ മറ്റൊരാളുടെ ദുഃഖം എന്റെ കൂടെ ദുഃഖം ആണെന്ന തോന്നൽ. നമ്മുടെ കുടുംബത്തിലെ എത്രകുട്ടികൾ ഇത്തരത്തിൽ വിഷമിക്കുന്നു. വളർന്നു വരുമ്പോൾ ഈ ദുഃഖം അവനിൽ ലജ്ജ ഉണ്ടാക്കുന്നു. ഞാനും എന്റെ കുടുംബവും ഈ സമൂഹത്തിൽ ഒന്നിനും കൊള്ളാത്തവരാണെന്ന തോന്നൽ ഉണ്ടാക്കുന്നു. അത് ലഹരിയിലേക്ക് തള്ളി വിടുന്നു.

കുടുംബത്തിൽ നിന്നുണ്ടാകുന്ന ദുരുപയോഗങ്ങളെല്ലാം സമൂഹത്തിൽ നിന്നുമുണ്ടാകുന്നുണ്ട്. ഈ ദുരുപയോഗങ്ങൾ എല്ലാം അവനെ അല്ലെങ്കിൽ അവളെ ലഹരിയിലേക്ക് തള്ളിവിട്ടേക്കാം. ബോഡി ഷെയിമിങ്ങും ഒരു പ്രധാന കാരണമാണ്. കറുത്തു പോയി, തടിച്ചു പോയി, മുടി ചുരുണ്ടു പോയി, ഇങ്ങനെ നിരന്തരമായി ബോഡി ഷെയ്മിങ്ങിലൂടെ കടന്നു പോകുന്ന വ്യക്തികളുടെ മനസിലും മുൻപ് പറഞ്ഞ ലജ്ജ പൊതിയുന്നു. ഞാൻ ഒന്നിനും കൊള്ളാത്തവനാണ് എന്ന തോന്നൽ ഉണ്ടാക്കുന്നു. അതിൽ നിന്ന് രക്ഷനേടാൻ അവർ കണ്ടെത്തുന്ന പരിഹാരമാണ് ലഹരി. അത് അതിൽത്തന്നെ വിനയാകുന്നു. ഇതിന് പരിഹാരമായി ഒരു വ്യക്തി ഇന്റർനെറ്റിൽ ഒതുങ്ങിക്കൂടിയേക്കാം, അശ്ലീല വീഡിയോകൾക്ക് അടിമപ്പെട്ടേക്കാം, പബ്ജി കളിച്ചേക്കാം, ഒരുപാട് ഭക്ഷണം കഴിച്ചേക്കാം ഇങ്ങനെ മറക്കാൻ പല വഴികൾ തേടുമ്പോൾ, കണ്ടെത്തുന്ന പരിഹാര മാർഗ്ഗങ്ങൾ തന്നെ പ്രശ്നങ്ങളായി മാറുന്നു. കുടുംബത്തിൽ നിന്നുള്ള പ്രശ്നങ്ങൾക്ക് കുടുംബത്തിൽ തന്നെ സൊലൂഷൻസ് ഉണ്ടാകുന്നുണ്ടെങ്കിൽ ആ വ്യക്തി പരിഹാരമാർഗ്ഗങ്ങൾ സ്വയം കണ്ടുപിടിക്കേണ്ടിവരില്ല. സമൂഹത്തിൽ നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് സമൂഹത്തിൽതന്നെ പരിഹാരം ഉണ്ടാകുന്നുണ്ടെങ്കിൽ അവനോ അവളോ സ്വയം സൊലൂഷൻ കണ്ടെത്തേണ്ടി വരില്ല. ആരും അവർക്കു വേണ്ടി ഒരു സൊലൂഷൻ കണ്ടുപിടിക്കാനില്ലാത്ത സമയത്ത് അവനോ അവളോ കണ്ടുപിടിക്കുന്ന പരിഹാരമാർഗ്ഗങ്ങളാണ് അവരുടെ ജീവിതത്തിൽ പ്രശ്നങ്ങളായി തീരുന്നത്.



www.malankaralibrary.com




# ദൈവവിശ്വാസവും മനഃശാസ്ത്രവും തമ്മിൽ ബന്ധമുണ്ടോ?

**നിഷ ജോസ്**
കൗൺസിലിംഗ് സൈക്കോളജിസ്റ്റ്,
വാതിൽ ഫൗണ്ടേഷൻ, കോട്ടയം



**മ**തവും ശാസ്ത്രവും എന്നതു പോലെ തന്നെ വിരുദ്ധ ചേരികളിൽ എന്ന് തെറ്റിദ്ധരിക്കപ്പെടുകയും അങ്ങനെ വ്യാഖാനിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ് മതവും മനഃശാസ്ത്രവും. മതം വെറുമൊരു മിഥ്യാബോധമാണെന്നും (illusion), psychological nueroticism ത്തിന്റെ പ്രകടനമാണെന്നും പറഞ്ഞ സിഗ്മണ്ട് ഫ്രോയിഡിൽ നിന്ന് ശാസ്ത്രം ഏറെ മുന്നോട്ടു പോയി. പിന്നീട് വന്ന മനഃശാസ്ത്രജ്ഞരിൽ മിക്കവരും ഫ്രോയിഡിന്റെ കാഴ്ചപ്പാടുകളോട് വിയോജിച്ചിട്ടുണ്ട്. ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് (ഉണ്ടെന്നോ ഇല്ലെന്നോ) തീർത്ത് പറയാൻ മനഃശാസ്ത്രത്തിന് കഴിയില്ല എന്ന അജ്ഞേയവാദമാണ് (Agnostic view) കാൾ യുങ് സ്വീകരിച്ചത്. തുടർന്ന് വന്ന ആൽഫ്രഡ് അഡ്ലെർ ആകട്ടെ, പരിപൂർണ്ണനും സർവ്വശക്തനുമായ ഒരു ദൈവത്തെക്കുറിച്ചും ആ ശക്തിയിൽ വിലയം പ്രാപിക്കുന്നതിനെക്കുറിച്ചുമുള്ള മനുഷ്യ സങ്കൽപ്പങ്ങൾ മനുഷ്യനിലെ വിവിധ അപകർഷതകളെയും (Inferiorities) അപൂർണ്ണതകളെയും (Imperfections) അതിജീവിക്കാനുള്ള ശ്രമമാണ് എന്നും ചിന്തിച്ചു. മാത്രമല്ല, ശാസ്ത്രത്തിന് സമാന്തരമായി മനുഷ്യനെ പ്രചോദിപ്പിക്കാനും സുസ്ഥിതിയിലേക്ക് നയിക്കാനും കഴിയുന്ന ഏറ്റവും ശക്തമായ മാനവിക മുന്നേറ്റമാണ് മതം എന്നും അഡ്ലെർ വിശ്വസിച്ചിരുന്നു. പിന്നീട് വന്ന പല മനഃശാസ്ത്രജ്ഞരും പ്രത്യേകിച്ച്, ആധുനിക കാലഘട്ടത്തിലുള്ളവർ ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിച്ചില്ലെങ്കിൽ പോലും, മനുഷ്യനെ ശാക്തീകരിക്കുന്ന ഏറ്റവും പ്രധാന ഘടകങ്ങളാണ് മതവും ആത്മീയതയും എന്ന് സമ്മതിച്ചിട്ടുള്ളവരാണ്. മത സങ്കല്പങ്ങളെ (വിശ്വാസങ്ങളെ) ജീവിതത്തിന് അർത്ഥം പകരുന്ന ഐതിഹ്യങ്ങളായാണ് അസ്ഥിത്വ മനഃശാസ്ത്രം (Existential psychology) കാണുന്നത്. റോളോ മേ (Rollo May - 1991) പറഞ്ഞത് ഐതിഹ്യങ്ങൾ എല്ലാം തെറ്റാവണം എന്നില്ല, എന്നാൽ അവ തെളിയിക്കുക എന്നത് എളുപ്പവുമല്ല എന്നാണ്. പറഞ്ഞു വന്നത്, മത വിശ്വാസങ്ങളെയും സങ്കല്പങ്ങളെയും അംഗീകരിക്കാൻ കഴിയാത്തവർ പോലും മതവും ആത്മീയതയും മനുഷ്യന് നന്മയാണ് എന്നത് അംഗീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് മനഃശാസ്ത്ര രംഗത്തും, മനോരോഗ ചികിത്സാ രംഗത്തും ആത്മീയതയും മതാത്മകതയും മാനസിക ആരോഗ്യവും തമ്മിലുള്ള ബന്ധത്തെകുറിച്ച്, പ്രത്യേകിച്ച് പോസിറ്റീവ് ആയ ബന്ധത്തെക്കുറിച്ച് അനേകം ഗവേഷണങ്ങൾ നടക്കുന്നുണ്ട്. മനഃശാസ്ത്രജ്ഞരിലും മനോരോഗ ചികിത്സകരിലും വിശ്വാസികളും ആത്മീയതയ്ക്ക് പ്രാധാന്യം നൽകുന്നവരുമായ വ്യക്തികളുടെ എണ്ണം ഇന്ന് ഏറെയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ആധുനിക കാലഘട്ടത്തിൽ ആത്മീയതയും മനശ്ശാസ്ത്രവും ഒരുമിപ്പിച്ചുകൊണ്ടുള്ള സമീപനങ്ങളാണ് ഏറ്റവും ആവശ്യമായിരിക്കുന്നത്. വർദ്ധിച്ചു വരുന്ന വിഷാദരോഗത്തിന്റെയും ആത്മഹത്യകളുടെയും പശ്ചാത്തലത്തിൽ, ആരോഗ്യകരമായ മതാത്മകതയും മാനസികാരോഗ്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു അവലോകനമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.




മതമൗലികവാദങ്ങളും തീവ്രവാദപ്ര

www.malankaralibrary.com

വർത്തനങ്ങളും പ്രതിസന്ധികൾ സൃഷ്ടിക്കുന്ന കാലമായതുകൊണ്ട് തന്നെ, ഇവിടെ ആരോഗ്യകരമായ മതാത്മകത എന്നത് പ്രത്യകം വിശദീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. മനുഷ്യന്റെയും പ്രപഞ്ചത്തിന്റയും ഉപരിനന്മയും സുസ്ഥിതിയും ആയിരിക്കും ആരോഗ്യകരമായ മത സങ്കല്പങ്ങളുടെ അടിസ്ഥാനം. എല്ലാ മതങ്ങളും ദൈവികമായ വെളിപ്പെടുത്തലുകളോ ഇടപെടലുകളോ അവയുടെ അടിസ്ഥാനമായി അവകാശപ്പെടുന്നുണ്ട് എങ്കിലും മതങ്ങളുടെ പേരിലുള്ളതെല്ലാം ദൈവികമായിരിക്കണമെന്നില്ല. വ്യാഖ്യാനങ്ങളും, ആചരണവും, അതനുസരിച്ചുള്ള ജീവിതവും കുറവുകളുള്ള മനുഷ്യരുടേതാണ് എന്നും അതുകൊണ്ട് തന്നെ തെറ്റുകൾ സംഭവിക്കാൻ സാധ്യതകളുണ്ട് എന്നും അംഗീകരിക്കുകയും, തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്താൻ തയ്യാറാവുകയും ചെയ്യുന്നവയെ മാത്രമാണ് ആരോഗ്യകരമായ മതസങ്കല്പങ്ങളായി ഇവിടെ പരിഗണിക്കുന്നത്.

മനുഷ്യന്റെ ശാരീരിക - മാനസിക ക്ഷമതയെ ഭംഗപ്പെടുത്തുന്ന കാരണങ്ങളിൽ വിഷാദം (deptression) മുൻനിരയിലേക്ക് കടന്നു വന്നുകൊണ്ടിരിക്കുന്നു. വിഷാദവും മത, ആത്മീയ ആചരണങ്ങളും (relegious / spiritual practices) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അൻപത് വർഷങ്ങൾക്കിടയിൽ തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ട പ്രമുഖ ഗവേഷണങ്ങൾ (444 studies) അവലോകനം ചെയ്ത് 2012 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിലെ (Relegious and Spiritual factors in Depression: Review and Integration of the Research) കണ്ടെത്തലുകൾ ഇങ്ങനെയായിരുന്നു: ലോക ജനതയുടെ ഒരു വലിയ ശതമാനവും അനുദിന ജീവിതത്തിൽ മത വിശ്വാസത്തിനും ആത്മീയതയ്ക്കും പ്രാധാന്യം കല്പിക്കുന്നവരാണ്. 32 വികസ്വര രാജ്യങ്ങളിൽ നടത്തിയ സർവേയിൽ 92 ശതമാനം ആളുകളും മത വിശ്വാസത്തിന് പ്രാധാന്യം കല്പിക്കുന്നതായി റിപ്പോർട്ട് ചെയ്തപ്പോൾ വികസിത രാജ്യങ്ങളെ ഉൾപ്പെടുത്തി നടത്തിയ സർവേയിൽ 48% ആളുകൾ മതത്തിന് വലിയ പ്രാധാന്യം ഉള്ളതായി രേഖപ്പെടുത്തി. 238 രാജ്യങ്ങളെയും, 5000 നഗരങ്ങളെയും, 3000 പ്രവിശ്യകളെയും 13000 വംശീയ ന്യൂനപക്ഷജനങ്ങളെയും ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ നിരീശ്വരവാദികൾ 0 .01 ശതമാനത്തിലും താഴെയായിരുന്നു. അമേരിക്കൻ ജനതയിൽ 19 % മാത്രമാണ് മതത്തിന് തീരെ പ്രാധാന്യം കല്പിക്കാതിരുന്നത്. 55% ആളുകളും തങ്ങളുടെ വിശ്വാസത്തെ വളരെ പ്രധാനമായി കണ്ടവരായിരുന്നു. മത വിശ്വാസങ്ങൾ, അവയുടെ ആചരണം, ആത്മീയത ഇവയെല്ലാം വിഷാദത്തെ അതിജീവിക്കാനും ജീവിത പ്രതിസന്ധികളോട് പൊരുത്തപ്പെടുവാനും സഹായിക്കുന്നു എന്നതാണ് ഭൂരിഭാഗം ഗവേഷണങ്ങളും കണ്ടെത്തിയത്.



## എങ്ങനെയാണ് മതവും ദൈവവിശ്വാസവും മാനസികാരോഗ്യത്തെ സഹായിക്കുന്നത്?

### സുരക്ഷിതത്വബോധം

ദൈവത്തെ വിശേഷിപ്പിക്കുന്ന പദങ്ങളിൽ (പ്രത്യേകിച്ച് ക്രിസ്തുമതത്തിൽ) പ്രധാനപ്പെട്ട ചിലതാണ് 'അഭയ സങ്കേതം', 'കോട്ട' തുടങ്ങിയവ. മനുഷ്യന്റെ അരക്ഷിതത്വചിന്തകളിലും ഭീതികളിലും അവന് അഭയം പ്രാപിക്കാവുന്ന, സുരക്ഷിതത്വം നൽകുന്ന ഇടമാണ് ദൈവവുമായുള്ള ബന്ധം. ശക്തനായ ദൈവത്തിലുള്ള ആശ്രയത്വം വ്യക്തികൾക്ക് നൽകുന്ന മാനസിക ബലവും സുരക്ഷിതത്വബോധവും വലുതാണ്. കൊടുങ്കാറ്റിന്റെയും തിരകളുടെയും മദ്ധ്യേ, ആടിയുലയുന്ന വഞ്ചിയിൽ ശാന്തനായുറങ്ങുന്ന ക്രിസ്തു, ജീവിതത്തിന്റെ പ്രക്ഷുബ്ധതകൾക്കിടയിൽ മനസിന്റെ സന്തുലിതാവസ്ഥ കൈവെടിയാത്ത ശാന്തതയുടെയും ഉൾക്കരുത്തിന്റെയും ശക്തമായ പ്രതീകമാണ്. പ്രതിസന്ധികളിൽ ജീവിതം ഉലയുന്ന മനുഷ്യന് മുൻപിൽ അവനെ ഇത്രയും ശാക്തീകരിക്കുന്ന മറ്റൊരു ചിത്രവും പകരമായില്ല. ദൈവ സാന്നിധ്യമുണ്ടങ്കിൽ ഏത് കൊടുങ്കാറ്റിലും ജീവിത നൗക തകരില്ല എന്ന വിശ്വാസവും ഇത് പകർന്നു നൽകുന്നുണ്ട്.

### പരിധികളില്ലാത്ത സ്നേഹം

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും, സാക്ഷാത്കാരത്തിനും ഏറ്റവും അവശ്യ ഘട

കമായി കാൾ റോജേഴ്സ് ചൂണ്ടിക്കാണിക്കുന്നത് Unconditional positive regard ആണ്. പരിധികളില്ലാത്ത സ്നേഹം. കുറവുകൾക്കും ബലഹീനതകൾക്കും അപ്പുറം ഒരു വ്യക്തിയെ അയാളായിരിക്കുന്നത് പോലെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അവസ്ഥ. ഹ്യൂമനിസ്റ്റിക് മനഃശാസ്ത്ര പ്രകാരം ഒരു വ്യക്തിയിൽ മാറ്റവും (change) വളർച്ചയും (growth) വരുത്തുന്ന പ്രധാന ഘടകം ഇതാണ്. ക്രിസ്തുമതം മുന്നോട്ടു വയ്ക്കുന്ന ദൈവസങ്കല്പത്തിന്റെ ഏറ്റവും വലിയ സ്വഭാവം ഈ പരിധികളില്ലാത്ത സ്നേഹമാണ്. 'പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല', എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്, വിശ്വസ്തത അചഞ്ചലവും, നീ എനിക്ക് അമൂല്യനും പ്രിയങ്കരനും ബഹുമാന്യനുമാണ്. തുടങ്ങിയ വിശുദ്ധ ലിഖിതങ്ങൾ ഉദാഹരണം. എന്നെ ആർക്കും വേണ്ട, എന്നെ ഒന്നിനും കൊള്ളില്ല, എന്നെ ആരും സ്നേഹിക്കുന്നില്ല എന്നൊക്കെയുള്ള നിരാശയുടെ ചിന്തകൾ വിഷാദത്തിന്റെ പ്രത്യേകതയാണ്. (Feelings of hopelessness, worthlenssess and helplenssess). ഇവിടെ മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച സ്നേഹത്തിന്റെ കുറവുകൾ നികത്തുവാൻ പരിധികളില്ലാതെ സ്നേഹിക്കുന്ന, കരുതുന്ന, വിലമതിക്കുന്ന, കാത്തിരിക്കുന്ന ഒരു ദൈവത്തിന്റെ ചിത്രം നിരാശചിന്തകളെ അകറ്റുവാൻ പര്യാപ്തമാണ്. സ്നേഹത്തിന് ഇത്രയും ശക്തവും പരിപൂർണ്ണവുമായ മറ്റൊരു പ്രതീകം കണ്ടെത്തുക എളുപ്പമല്ല.

### അർത്ഥവും നിയോഗവും

എന്തിലും അർത്ഥം കണ്ടെത്തുക എന്നത് മനുഷ്യ മനസ്സുകളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഒന്നാണ്. ഓരോ ജീവിതാനുഭവത്തിനും വ്യക്തികൾ കണ്ടെത്തുന്ന അർത്ഥമാണ് അതിനോടുള്ള മനോഭാവത്തെയും പ്രതികരണങ്ങളെയും തീരുമാനിക്കുന്നത്. ജീവിതത്തിന് അർഥവും നിയോഗവും കണ്ടെത്തുക എന്നത് ഒരുവന്റെ ജീവിത സംതൃപ്തിയെയും സന്തോഷത്തെയും നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. ഇവിടെ, മത വിശ്വാസങ്ങളും ആത്മീയതയും ഒരു പ്രധാന ഘടകം ആണ്. മനസികാരോഗ്യത്തിന് ഏറ്റവും സഹായകമായ ഒന്നാണ് എന്തിലും നന്മ കണ്ടെത്താ നുള്ള കഴിവ് (Benefit finding ). ജീവിതത്തിന്റെ പ്രതിസന്ധികളിലും പ്രശ്നങ്ങളിലും രോഗത്തിലും, മരണത്തിൽ പോലും അർത്ഥവും നിയോഗവും കണ്ടെത്താൻ സഹായിക്കുന്നതിൽ മതപരമായ വിശ്വാസങ്ങൾക്കും ബോധ്യങ്ങൾക്കുമുള്ള പങ്ക് വളരെ വലുതാണ്. ഏത് സഹനത്തിനും ഒരു പ്രതിഫലമുണ്ട്, അതിലൊരു നിയോഗമുണ്ട് എന്ന ചിന്ത പകരുന്ന കരുത്ത് ആത്മീയതയിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്

### തീരാത്ത പ്രത്യാശ

ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം വിഷാദത്തിന് അടിമകളായ അനേകരെ കാണാനിടയായിട്ടുണ്ട്. അവരിൽ ദൈവവിശ്വാസമില്ലാതിരുന്ന ആളുകളിൽ, മരണഭയം, മുൻപോട്ടൊന്നും പ്രതീക്ഷിക്കാനില്ല എന്ന നിരാശചിന്ത, പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ എല്ലാം വ്യർത്ഥമായിരുന്നു എന്ന ചിന്ത ഇവയൊക്കെ കൂടുതൽ ആയിരുന്നു. പഠനങ്ങൾ തെളിയിക്കുന്നതും അത് തന്നെയാണ്. കൂരിരുൾ നിറഞ്ഞ രാത്രികൾക്കപ്പുറം പ്രകാശിക്കുന്ന പകലുകളുണ്ട് എന്ന ചിന്ത, അതിനായി കാത്തിരിക്കാനുള്ള പ്രത്യാശ – അത് ആത്മീയതയുടെയും ദൈവവിശ്വാസത്തിന്റെയും സംഭാവനയാണ്. മരണമാണ് ഏതൊരു ധൈര്യശാലിയെയും തകർക്കുന്ന യാഥാർത്ഥ്യം. സ്വന്തം മരണം മാത്രമല്ല പ്രിയപ്പെട്ടവരുടെ മരണവും. എന്നാൽ മരണത്തിനുമപ്പുറം നീളുന്ന പ്രത്യാശ നല്കാൻ കഴിയുന്നു എന്നതാണ് ആത്മീയതയുടെ കരുത്ത്.

### സാമൂഹിക ബന്ധം

ഏതെങ്കിലുമൊരു സമൂഹത്തിന്റെ കൂട്ടായ്മയുടെ ഭാഗമായിരിക്കുക (belongingness) എന്നത് മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആവശ്യമാണ്. അത് അവന്റെ സുരക്ഷിതത്വ ബോധത്തെ നിർണ്ണയിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന പ്രധാന ഘടകവുമാണ്.

സാമൂഹിക ബന്ധങ്ങളും സുഹൃത് ബന്ധങ്ങളും കുറയുന്നിടത്ത് വിഷാദം വർദ്ധിക്കുന്നു. മതപരമായ കൂട്ടായ്മകളിലും ആരാധനകളിലും സജീവമായിരിക്കുന്നവർക്ക് വിഷാദത്തെ അതിജീവിക്കാൻ എളുപ്പമാണ്. ആരാധനകളിലൂടെ ലഭ്യമാകുന്ന ശക്തി മാത്രമല്ല ഒരേ വിശ്വാസവും



www.malankaralibrary.com

ചിന്തകളും പങ്കുവയ്ക്കുന്ന സൗഹൃദങ്ങളിലൂടെയും പരസ്പര പിന്തുണയിലൂടെയും ലഭ്യമാകുന്ന കരുത്ത് ഇവിടെ പ്രധാനമാണ്. പരോപകാര പ്രവർത്തനങ്ങളെയും (Altruistic Behavior) പാരസ്പര്യത്തെയും പ്രോത്സാഹിപ്പിക്കുന്നതിൽ ഇത്തരം കൂട്ടായ്മകൾ വലിയ പങ്ക് വഹിക്കുന്നു. അർത്ഥവത്തായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സംതൃപ്തി കൈവരിക്കാനും ഇവയിലൂടെ വ്യക്തികൾക്ക് അവസരം ലഭിക്കുന്നു. ക്ഷമയും പരസ്പരസഹകരണവും സഹിഷ്ണുതയും അഭ്യസിക്കുന്നതിനും കൂട്ടായ്മകൾ കൂടിയേ തീരൂ.


**കുറ്റബോധത്തിൽ നിന്നുള്ള മോചനം**

വിഷാദത്തിന് കാരണമാകുന്നതും വിഷാദത്തെ നിലനിർത്തുന്നതുമായ ഒരു പ്രധാന ഘടകമാണ് കുറ്റബോധം. ആത്മാർഥമായ പശ്ചാത്താപത്തോടെ ഏറ്റുപറയുന്നവ ക്ഷമിക്കപ്പെടുന്നു എന്നത്, ഏത് കഠിന കറയും കഴുകി കളയുവാനൊരു പുണ്യതീർത്ഥമുണ്ട് എന്നത് മനുഷ്യമനസ്സുകൾക്ക് നൽകുന്ന മോചനവും ആശ്വാസവും അനിർവ്വചനീയമാണ്. അതുകൊണ്ടുകൂടിയാണ് കുമ്പസാരിക്കുന്ന വ്യക്തികളിൽ വിഷാദവും ആത്മഹത്യകളും കുറഞ്ഞിരിക്കുന്നത് .

മുകളിൽ പറഞ്ഞവയെല്ലാം വിഷാദത്തെ തടയാനും എളുപ്പത്തിൽ മോചിതരാകാനും, ജീവിത പ്രതിസന്ധികളെ അതിജീവിക്കാനും സഹായിക്കുന്ന ഘടകങ്ങളാണ്. ആത്മഹത്യകളുടെ ഏറ്റവും പ്രധാന കാരണങ്ങളിലൊന്നാണ് വിഷാദം. അതോടൊപ്പം അനിയന്ത്രിതമായ കോപം, ചിന്തിക്കാതെ എടുത്തുചാടുന്ന പ്രവണത (Impulsivity), എല്ലാം നിയന്ത്രണവിധേയമാകണമെന്നുള്ള കടുംപിടുത്തം (Need to control), മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തുടങ്ങിയവയും ജീവിത പ്രശ്നങ്ങളും അവയിൽ നിന്നുണ്ടാകുന്ന സമ്മർദ്ധവും ആത്മഹത്യാ പ്രവണതയെ വർദ്ധിപ്പിക്കുന്നു. ഇവയെയെല്ലാം നിയന്ത്രണ വിധേയമാക്കുന്ന, അതിജീവിക്കാൻ സഹായിക്കുന്ന ഘടകങ്ങളിൽ ആത്മീയതയും മതാത്മകതയും പ്രധാന പങ്കുവഹിക്കുന്നു.

**വിഷാദത്തെ കൂട്ടുന്ന ഘടകങ്ങൾ**

കുറ്റബോധമെടുത്തു കളയുന്നത് പോലെ, അമിതമായ കുറ്റബോധം സൃഷ്ടിക്കാനും ചിലപ്പോൾ മതങ്ങൾ കാരണമാകാറുണ്ട്. പാപത്തിന് കൊടുക്കുന്ന അമിത പ്രാധാന്യവും ശ്രദ്ധയും വഴി, വിട്ടുമാറാത്ത കുറ്റബോധത്തിലും അതിലൂടെ വിഷാദത്തിലും വീണുപോകുന്നവരെ കാണാം. സഹനങ്ങൾക്ക് നെഗറ്റീവ് ആയ വ്യാഖാനങ്ങളും അർത്ഥങ്ങളും നൽകുന്നതിലൂടെയും ഇത് സംഭവിക്കാം. ഉദാഹരണത്തിന്, ഭർത്താവ് അകാലത്തിൽ മരണമടഞ്ഞത്, ദൈവത്തെക്കാൾ കൂടുതൽ താൻ ഭർത്താവിനെ സ്നേഹിച്ചതിന് കിട്ടിയ ശിക്ഷയാണ് എന്നാരോ പറഞ്ഞതിനെ തുടർന്ന് വലിയ ഭയത്തിലും വിഷാദത്തിലും ജീവിച്ചിരുന്ന ഒരു വിധവയെ ഓർക്കുന്നു. പെട്ടെന്ന് കോപിക്കുന്നവനും ശിക്ഷിക്കാൻ കാത്തിരിക്കുന്നവനുമായ ഒരു ദൈവത്തിന്റെ ചിത്രം മനസ്സിൽ കരുതുന്നവരിൽ ആധിയും വിഷാദവും ഭയവും അധികരിക്കുക സ്വാഭാവികം. ആത്മീയതയുടെയും വിശുദ്ധിയുടെയും അതിസ്വാഭാവിക നിലവാരങ്ങൾ തനിക്കും മറ്റുള്ളവർക്കുമായി കരുതുന്നവർക്ക്, അതിലേയ്ക്ക് എത്തിച്ചേരാനുള്ള പരിശ്രമങ്ങൾ ആകുലതയും വിഷാദവും സൃഷ്ടിച്ചേക്കാം. തങ്ങൾ ഉദ്ദേശിക്കുന്ന നിലവാരത്തിലേക്ക് ഉയരാൻ പറ്റാതെ വരുന്നതും, ചെറുതോ വലുതോ ആയ വീഴ്ച്ചകളും ഇവരെ നിരന്തരം അലോസരപ്പെടുത്തും. കുറ്റബോധത്തിലേക്ക് നയിക്കും. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ മാനസിക സുസ്ഥിതിയെയും ആരോഗ്യത്തെയും സ്വാധീനിക്കുന്ന, സഹായിക്കുന്ന ഏറ്റവും പ്രധാന ഘടകം തന്നെയാണ് മതവും ആത്മീയതയും. എന്നാൽ തെറ്റായ വ്യാഖ്യാനങ്ങളും കാഴ്ചപ്പാടുകളും മൗലിക വാദങ്ങളും വിരുദ്ധ ഫലം ഉളവാക്കുകയും ചെയ്യും.



www.malankaralibrary.com

# കടലും കടൽത്തീരവും തീരവാസികൾക്ക്



**ജോസഫ് ജൂഡ്**
ജനറൽ സെക്രട്ടറി,
കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ്
ഏജൻസി ഫോർ ലിബറേഷൻ (CADAL)

**കേ**രളം സാമൂഹികമായും സാമ്പത്തികമായും വികസിക്കുമ്പോഴും അവഗണിക്കപ്പെടുന്ന പ്രധാന ജനസമൂഹങ്ങളിലൊന്നാണ് മത്സ്യത്തൊഴിലാളികൾ. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൊണ്ടും വൈവിധ്യമാർന്ന ജലസ്രോതസ്സുകൾകൊണ്ടും അനുഗ്രഹീതമായ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മത്സ്യമേഖല വഹിക്കുന്ന പങ്ക് പ്രധാനപ്പെട്ടതാണ്. കേരളത്തിൽ ഗ്രാമങ്ങളിലെ ആയിരം കുടുംബങ്ങളിൽ 829 ഉം, നഗരങ്ങളിലെ ആയിരം കുടുംബങ്ങളിൽ 812 ഉം മത്സ്യം ഭക്ഷിക്കുന്നതായി ദേശീയ ഉപഭോക്തൃ സർവ്വേ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

**നിസ്സാരമല്ല മത്സ്യബന്ധന മേഖല**

തീരപ്രദേശത്തെ പ്രധാന തൊഴിൽ മേഖലയാണ് മത്സ്യബന്ധനം. 2019–20 വർഷത്തിൽ 12,89,651 മെട്രിക് ടൺ സമുദ്ര ഉൽപന്നങ്ങൾ 90 ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് 46,662.85 കോടിയുടെ വരുമാനമാണ് ഇന്ത്യ സ്വന്തമാക്കിയത്. കേരളത്തിന്റെ അഭ്യന്തര ഉൽപാദനത്തിൽ 7086.32 കോടി മത്സ്യമേഖലയുടെ സംഭാവനയാണ്. ഇന്ത്യയിലെ 14 തീരദേശ സംസ്ഥാനങ്ങളിൽ ജനസംഖ്യാപരമായി എട്ടാം സ്ഥാനത്താണ് കേരളം. 11.114 ലക്ഷം പേരടങ്ങുന്നതാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം. 222 കടൽത്തീര മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളിലും അധിവസിക്കുന്ന ഇവർ സംസ്ഥാനത്തെ ജനസംഖ്യയിൽ 3.08 ശതമാനത്തോളം വരും. സമുദ്ര മത്സ്യബന്ധന മേഖലയുമായി 8.55 ലക്ഷം പേരും 2.55 ലക്ഷം പേർ ഉൾനാടൻ മത്സ്യമേഖലയുമായും ബന്ധപ്പെട്ടു ജീവിക്കുന്നു. സജീവമത്സ്യതൊഴിലാളികളായി കണക്കാക്കപ്പെടുന്നത് 2.28 ലക്ഷം പേരാണ്. എന്നാൽ സർക്കാർ രേഖകൾ അനുസരിച്ച് രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾ 2,61,781 പേരാണ്. 1,61,312 പേർ സമുദ്ര മത്സ്യബന്ധനത്തിലും 35,174 പേർ ഉൾനാടൻ മത്സ്യ മേഖലയിൽ നിന്നും 62,295 പേർ അനുബന്ധ മത്സ്യമേഖലയിൽ നിന്നുമാണ്.

***2019–20 വർഷത്തിൽ 12,89,651 മെട്രിക് ടൺ സമുദ്ര ഉൽപന്നങ്ങൾ 90 ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് 46,662.85 കോടിയുടെ വരുമാനമാണ് സ്വന്തമാക്കിയത്. കേരളത്തിന്റെ അഭ്യന്തര ഉൽപാദനത്തിൽ 7086.32 കോടി മത്സ്യമേഖലയുടെ സംഭാവനയാണ്.***

**പാളിപ്പോകുന്ന പദ്ധതികൾ**

കേന്ദ്ര-കേരള സർക്കാരുകൾ നിരവധി വർഷങ്ങളിലായി മത്സ്യമേഖലയിൽ വികസനത്തിനായുള്ള ഏറെ ഇടപെടലുകളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. തീരദേശത്തെ അടിസ്ഥാന സൗകര്യവികസനം, മത്സ്യബന്ധനത്തിൽ സങ്കേതികതയുടെ വികസനം, മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യം വച്ചായിരുന്നു ഇവയെല്ലാം. പക്ഷേ, സ്ഥായിയായ മത്സ്യ വിഭവ വികസനവും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവികസനവും ഇന്നും അപ്രാപ്യമായി തുടരുന്നു. തീര പരിസ്ഥിതി മെച്ചപ്പെടുത്തികൊണ്ട് തീരദേശ ജനസമൂഹത്തിന്റെ ഉപജീവന സംരക്ഷണത്തിന് സമ്പൂർണവും സമഗ്രവുമായ ഒരു വികസന പദ്ധതി അനിവാര്യമായിരിക്കുന്നു.

**തീരങ്ങളിൽ സംഭവിക്കുന്നത്**

സമീപകാലത്തായി ഇന്ത്യയിലെ തീരങ്ങൾ അപകടകരമായവിധം ശോഷണം അനുഭവിക്കുകയാണ്. ശക്തമായ കാറ്റും ഉയർന്നുവരുന്ന തിരമാലകളും, സമുദ്രനിരപ്പ് ഉയരുന്നത്, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന ന്യൂനമർദ്ദം എന്നിവ തീരശോഷണത്തിന്റെ പ്രകൃത്യാലുള്ള കാരണങ്ങളാകുമ്പോൾ, പുഴകളിൽ ഉയരുന്ന അണ

www.malankaralibrary.com

ക്കെട്ടുകൾ, വേലിയേറ്റ സ്വാധീനത്തിലുള്ള കടൽമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കൽ, തുറമുഖ നിർമ്മാണങ്ങൾ തുടങ്ങിയ മാനുഷിക ഇടപെടലുകൾ തീരശോഷണത്തിന്റെ പ്രധാന കാരണങ്ങളായിത്തീരുന്നു.

അതിഗൗരവമേറിയ തീരശോഷണവും കടൽകയറ്റവുമാണ് കേരളതീരത്ത് സമീപ വർഷങ്ങളിലായി അനുഭവപ്പെടുന്നത്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചും കടൽസ്വഭാവത്തിനനുസരിച്ചും തീരസംരക്ഷണത്തിന്റെ രീതിശാസ്ത്രം ശാസ്ത്രീയമായി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

**ചെല്ലാനം മോഡൽ വിജയിക്കുമോ?**

തീരശോഷണവും അതിന്റെ പ്രത്യാഘാതമായി രൂപം കൊള്ളുന്ന കടൽകയറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സംബന്ധിച്ച് ചെല്ലാനത്തെ ജനങ്ങൾ നിരവധി വർഷങ്ങളായി നടത്തിവന്ന നിരന്തര പ്രക്ഷോഭങ്ങളിൽ, കെആർഎൽസിസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'കടൽ' എന്ന സംഘടനയും കെആർഎൽസിസിയുടെ സഹകരണത്തോടെ കൊച്ചി, ആലപ്പുഴ രൂപതകളുടെ സംയുക്ത നേതൃത്വത്തിൽ രൂപീകരിച്ച "കെയർ ചെല്ലാനവും" പങ്കുചേർന്നു കൊണ്ട് പ്രശ്നപരിഹാര ശ്രമങ്ങളിൽ ഇടപെട്ടുവരുന്നു.

ദേശീയ തീരപഠനകേന്ദ്ര (NCCR)ത്തിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചെല്ലാനത്തിന്റെ സമഗ്രമായ തീരസംരക്ഷണ പദ്ധതി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 10 കിലോമീറ്റർദൂരം നിലവിലെ കടൽഭിത്തി ടെട്രാപോഡുകൾ പോലുള്ള ആധുനികസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ദൃഢപ്പെടുത്തും.

തീരസംരക്ഷണത്തിൽ ചെല്ലാനം ഒരു മാതൃകാപദ്ധതിയായിട്ടാണ് വിവക്ഷിക്കുന്നത്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി അതിവേഗം പൂർത്തിയാക്കപ്പെടണം. ഇതിന്റെ ഗുണഫലം വിശകലനം ചെയ്തിട്ടാണ് തുടർ പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത് എന്നാണ് സർക്കാർ വ്യക്തമാക്കുന്നത്.

എന്നാൽ, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ ഭേദഗതി നിർദ്ദേശിക്കപ്പെടുന്നതിന്റെ സൂചനകൾ അപകടകരമാണ്. ആദ്യഘട്ടത്തിൽ കടൽഭിത്തി പൂർത്തിയാക്കുമെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. പക്ഷേ, ചെല്ലാനത്തെ തീരത്തെ സ്വഭാവമനുസരിച്ച് പുലിമുട്ടുകളും തീര സമ്പുഷ്ടീകരണവും നടക്കുന്നില്ലെങ്കിൽ അതിവേഗത്തിൽ കടൽഭിത്തി ദുർബലമാകും. കടൽഭിത്തിയെത്തുടർന്ന് പുലിമുട്ടുകളുടെ നിർമ്മാണത്തിലും തീര സമ്പുഷ്ടീകരണത്തിലും സർക്കാർ അലംഭാവം കാണിക്കുമോ എന്നതാണ് നമ്മെ ആശങ്കപ്പെടുത്തുന്നത്.

**കിടപ്പാടം മൗലികാവകാശം**

മത്സ്യത്തൊഴിലാളികൾ തീരത്തോട് വളരെ ചേർന്ന് ഭവനങ്ങൾ നിർമ്മിച്ച് വസിച്ചുവരുന്ന സാഹചര്യത്തിൽ, അപകടകരമായ മേഖലകളിൽ താമസിക്കുന്നവരിൽ സുരക്ഷിതമായ മറ്റുസ്ഥലങ്ങളിലേക്ക് മാറി പാർക്കുന്നതിനു തയ്യാറാകുന്നവർക്കായി ഒരു പ്രത്യേക പുനരധിവാസ പദ്ധതി തയ്യാറാക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലാത്ത പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ട ഒന്നാണ്. ഭൂമിയില്ലാത്ത ഓരോ മത്സ്യത്തൊഴിലാളി കുടുംബത്തിനും ഭവന നിർമ്മാണത്തിനായി കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കേണ്ടതാണ്. ഒപ്പം, തീരപ്രദേശത്തെ കൈവശ ഭൂമി ഉടമകൾക്ക് പട്ടയം നല്കുന്നതിനുള്ള ഒരു പ്രത്യേക പരിപാടി ആരംഭിക്കേണ്ടതാണ്. നിർമ്മാണ ചെലവ് അധികരിച്ചിരിക്കുന്ന സാഹചര്യത്തിലും അത്യാഹിതങ്ങളെ ചെറുക്കുന്ന തരത്തിലുള്ള വീടുകൾ നിർമ്മിക്കേണ്ട സാഹചര്യം കണക്കിലെടുത്തും ഇപ്പോൾ നൽകി വരുന്ന ഭവനനിർമ്മാണ സഹായം 5 ലക്ഷം രൂപയായി ഉയർത്തേണ്ടതാണ്. അതുപോലെ ആവശ്യമുള്ള കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണിക്കായി പലിശരഹിത ലോൺ ലഭ്യമാക്കേണ്ടതുമാണ്.

**പുനർഗേഹം പദ്ധതി**

കേരളത്തിന്റെ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയായിട്ടാണ് സർക്കാർ പുനർഗേഹം എന്ന പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. സർക്കാരിന്റെ തീരദേശ വികസന പാക്കേജിലും പുനർഗേഹം പദ്ധതി പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. ഈ പദ്ധതി ഫലത്തിൽ തീര



ദേശവാസികളെ തീരത്തുനിന്നും നിർബന്ധ പൂർവ്വം ഒഴിവാക്കുന്ന സാഹചര്യമാണ് സൃ ഷ്ടിച്ചിരിക്കുന്നത്.

ഈ പദ്ധതിയിൽ പുനരധിവാസത്തി നായി 10 ലക്ഷംരൂപയാണ് ഗുണഭോക്താ ക്കൾക്ക് ലഭിക്കുന്നത്. 6 ലക്ഷംരൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീട് നിർമ്മി ക്കുന്നതിനും. ഓരോ കുടുംബവും താമസി ക്കുന്ന സ്ഥലത്തിന്റെ വാണിജ്യമൂല്യം, സ്ഥല വിസ്തീർണം, വീടിന്റെ അവസ്ഥ എന്നിവ പരിഗണിക്കാതെ 10 ലക്ഷം രൂപയാണ് പ്രഖ്യാ പിച്ചിരിക്കുന്നത്. ഇത് അപര്യാപ്തവും അപ്രാ യോഗികവുമാണ്.

അപകടകരമായ മേഖലയിൽ ഇവർ താമസം തുടങ്ങിയത് കഴിഞ്ഞ വർഷങ്ങളി ലല്ല. പരമ്പരാഗതമായി അവിടെ താമസിക്കു ന്നവരാണ്. സ്വന്തമായി ആർജ്ജിച്ചെടുത്ത ഭൂമിയാണിത്. സർക്കാരുകളുടെ ജാഗ്രതക്കു റവും അലംഭാവവും നിമിത്തം കടൽ കരക വരുകയും അപകടകരമായവിധം അവരുടെ അരികിലെത്തുകയുമാണ് ഉണ്ടായിട്ടുള്ളത്. തീരത്ത് നടത്തിയിട്ടുള്ള വികസന നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളാണ് സമീപകാലദുരന്തങ്ങൾ. ആയതിനാൽ ന്യായ യുക്തവും, ഏതൊരു വികസന പ്രവർത്തന ങ്ങൾക്കും വേണ്ടി കുടിയൊഴിപ്പിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന് തുല്യവുമായ മാനദണ്ഡങ്ങളിലും അളവിലും ഇവർക്കും നഷ്ടപരിഹാരം നൽകണം.

### വില്ലന്മാരാകുന്ന ഇടനിലക്കാർ

മത്സ്യത്തൊഴിലാളികളുടെ ശ്രമഫലം ഇടനിലക്കാരുടെ അമിതമായ ചൂഷണത്തി നു വിധേയമാണ്. ഫിഷ്ലാന്റിംഗ് സെന്ററി ലെ വിലയും വിപണിയിലെ വിൽപനവിലയും തമ്മിലുള്ള വലിയ അന്തരം ഇടനിലക്കാരുടെ ചൂഷണത്തിന്റെ സൂചനയായി കണക്കാക്കാം. മത്സ്യബന്ധന വേളയിലെ ചെലവുകൾക്കായി ഇടനിലക്കാരിൽ നിന്നും കടം വാങ്ങേണ്ടിവ



രുന്നത് ഒരു തരം അടിമത്തത്തിന്റെ സ്വഭാവം രൂപപ്പെടുത്തുന്നു.

മത്സ്യബന്ധന സങ്കേതികത്വത്തിലും വൈവിദ്ധീകരണത്തിലും ഈ മേഖല നേരി ടുന്ന വെല്ലുവിളികളുടെയും പ്രതിസന്ധിക ളുടേയും പശ്ചാത്തലത്തിൽ സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ ചട്ടക്കൂടുകളും സംവിധാ നങ്ങളും മാറ്റങ്ങൾക്ക് വിധേയമാവേണ്ടതുണ്ട്.

ഇന്ത്യയുടെ ആഭ്യന്തര മത്സ്യവിപണ നം ആധുനികരീതിയിലുള്ളതോ ഫലപ്രദമാ യതോ അല്ല. ഉത്പാദകർക്കും ഉപഭോക്താ ക്കൾക്കുമിടയിൽ ഒട്ടനവധി ഇടനിലക്കാർ ഉള്ളതുകൊണ്ട് മത്സ്യത്തൊഴിലാളിക്കു ലഭി ക്കുന്ന വില വളരെ തുച്ഛമാണ്. ആഗോളവി പണിയിലെയും അഭ്യന്തരവിപണിയിലെയും സാധ്യതകളെ യഥാർത്ഥ മൂല്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്താൻ ഇനിയും നമുക്ക് സാധി ച്ചിട്ടില്ല. പരിമിതമായ മൂല്യവർദ്ധനവും വിപണി സൂത്രവാക്യങ്ങളെ ഉപയോഗപ്പെടുത്താത്തതും ഇതിന്റെ കാരണങ്ങളാണന്ന് കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. അയ്യപ്പൻ സമിതിചൂണ്ടികാ ണിക്കുന്നു.

### വെല്ലുവിളി നേരിടുന്ന തീരക്കടൽ മത്സ്യ ബന്ധനം

തീരക്കടൽ മത്സ്യബന്ധനം അതീവ ഗൗരവമേറിയ വെല്ലുവിളികൾ നേരിടുകയാണ്. കേന്ദ്ര സർക്കാരിന്റെ മത്സ്യനയവും സമുദ്രവും സമുദ്രവിഭവങ്ങളുമായി ബന്ധപ്പെട്ട ഇതരനയ ങ്ങളും പദ്ധതികളും അപായസൂചനകൾ ഉയർ ത്തുന്നുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനു പ്രാപ്തരാക്കുന്നവിധം പരമ്പരാഗതമത്സ്യതൊ ഴിലാളികളുടെ നിപുണതയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പി ലാക്കണം. യാനങ്ങൾ, വല, ഡീസൽ, പെ ട്രോൾ എന്നിവയ്ക്കുള്ള സബ്സിഡി, ആവ ശ്യമായ പരിശീലനം എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കണം. തദ്ദേശീയയാനങ്ങളെ ആധുനികവത്ക്കരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിനു സജ്ജമാ ക്കുന്നതിനും, തൊഴിലാളികളുടെ സഹകരണ പ്രസ്ഥാനങ്ങൾ, സ്വാശ്രയസംഘങ്ങൾ എന്നി വയിലൂടെ പുതിയ ആധുനിക തദ്ദേശീയയാ നങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ രൂപ പ്പെടുത്തണം.

### വരുമാന വർദ്ധനവിനു വഴിതുറക്കുക

തൊഴിലാളികളെയും അവരുടെ സഹ കരണ പ്രസ്ഥാനങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിച്ചും പിന്തുണച്ചും മൂല്യവർദ്ധന വിനും സംസ്കരണത്തിനും അടിസ്ഥാന സൗ കര്യങ്ങൾ വികസിപ്പിച്ചെടുക്കണം. ഹാർബർ അടിസ്ഥാനമാക്കി മത്സ്യ സംസ്കരണ കേന്ദ്ര

www.malankaralibrary.com

ങ്ങൾ ആരംഭിച്ച് തൊഴിലാളികളുടെ വരുമാന വർദ്ധനവിനു സാഹചര്യങ്ങൾ ഒരുക്കണം. ഫിഷ്‌ലാന്റിംഗ് സെന്ററുകൾ/ഹാർബറുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ കോൾഡ് ചെയിന്റെ ഭാഗമാക്കി മത്സ്യം ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഇവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുകയും വേണം. ആധുനിക കമ്പോളത്തിന്റെയും പുതിയവിപണന രീതികളുടെയും വിപുലമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുംവിധം മത്സ്യകൃഷിയിലും മൂല്യവർദ്ധന ഉൽപന്ന പ്രക്രിയകളിലും ആവശ്യമായ പരിശീലനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ക്രിയാത്മക പദ്ധതികൾ രൂപപ്പെടുത്തണം.

**സ്ത്രീസൗഹാർദ്ദ തൊഴിൽ മേഖല**

മത്സ്യത്തിന്റെ വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അദ്ധ്വാനശക്തിയുടെ 66 ശതമാനവും സ്ത്രീകളാണ്. മത്സ്യവിപണനത്തിലും മത്സ്യം ഉണക്കുന്നതുപോലുള്ള മൂല്യവർദ്ധന പ്രവർത്തനങ്ങളിലും പ്രത്യേകിച്ച്, സ്വാശ്രയസംഘങ്ങളിലൂടെ സ്ത്രീകൾ വഹിക്കുന്ന പങ്ക് പ്രധാനപ്പെട്ടതാണ്. സ്ത്രീകളുടെ സഹകരണ പ്രസ്ഥാനങ്ങൾക്കു രൂപംനല്കിയും സ്ത്രീസൗഹാർദ്ദ സാമ്പത്തിക സഹായ പദ്ധതികളിലൂടെയും ഇവർക്കാവശ്യമായ പിന്തുണ സർക്കാർ ഉറപ്പാക്കണം. സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ, മത്സ്യവിപണനം നടത്തുന്നതിനുള്ള സുരക്ഷയും വൃത്തിയുമുള്ള ഗതാഗത സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം.

**മത്സ്യഭവനുകളുടെ പങ്ക്**

കടലാക്രമണം, ചുഴലിക്കാറ്റ്, കടൽക്ഷോഭം എന്നിവമൂലമുള്ള നാശനഷ്ടങ്ങൾ പ്രകൃതിദുരന്തങ്ങളായി പ്രഖ്യാപിക്കണം. ഇവയുടെ ആഘാതത്തിന്റെ ഇരകളായിത്തീരുന്നവർക്ക് ഉപജീവനത്തിന് സഹായം ഉറപ്പാക്കണം. കടലിലെ അപകടങ്ങളിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബത്തിന് നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനും നടപടികൾ ലളിതമാക്കണം. മത്സ്യത്തൊഴിലാളി ക്ഷേമപരിപാടികളിൽ ഫിഷറീസ് വകുപ്പ് വഴി ഒരു ഏകോപനം സാദ്ധ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ "മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷാ ടാസ്ക് ഫോഴ്സ്" ശിപാർശ ചെയ്ത മത്സ്യഭവൻ (Facilitation Centers) എന്ന ആശയം പ്രധാന്യമർഹിക്കുന്നു. തീരദേശ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾ സർക്കാർ സംവിധാനവും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള ഏക നോഡൽ പോയിന്റായി പ്രവർത്തിക്കേണ്ടതാണ്. എല്ലാ ക്ഷേമവികസന പ്രവർത്തനങ്ങളും ഒറ്റ കൂരയ്ക്കു കീഴിൽ കൊണ്ടുവന്ന് മെച്ചപ്പെട്ട ഏകോപനവും ഫലവത്തായ നടത്തിപ്പും ഉറപ്പുവരുത്തേണ്ടതാണ്.

**ബിപിഎൽ പട്ടികയിൽ ഉൾപ്പെടുത്തുക**

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ദാരിദ്ര്യവും പോഷകാഹാര ദൗർലഭ്യവും കണക്കിലെടുത്ത് എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും ബിപിഎൽ പട്ടികയിൽ ഉൾപ്പെടുത്തുകയും അവരെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പൂർണ്ണ ഗുണഭോക്താക്കളാക്കുകയും ചെയ്യേണ്ടതാണ്. പഞ്ഞമാസങ്ങളിൽ നൽകിവരുന്ന സമ്പാദ്യ ആശ്വാസപദ്ധതി ആനുകൂല്യം വർദ്ധിപ്പിക്കുന്നതോടൊപ്പം



www.malankaralibrary.com

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളുടെ ആദ്യം അവ ലഭ്യമാക്കുവാനും വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളണം. പെൻഷന് അർഹതയില്ലാത്ത മുതിർന്ന തൊഴിലാളികൾ, ആശ്രയമില്ലാത്ത രക്ഷകർത്താക്കൾ, വിധവകൾ, നിരാശ്രരായ വനിതകൾ, അവിവാഹിത അമ്മമാർ, വികലാംഗരായ കുട്ടികളും യുവജനങ്ങളും, മാനസിക വൈകല്യമുള്ള കുട്ടികൾ തുടങ്ങിയ പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുവേണ്ടി പ്രത്യേക പുനരധിവാസ ക്ഷേമപദ്ധതികൾ ഏർപ്പെടുത്തേണ്ടതാണ്.

### വിദ്യാലയങ്ങളുടെ റോൾ

അടിസ്ഥാന സൗകര്യവികസനത്തിനായുള്ള ആനുകൂല്യങ്ങൾ സർക്കാർ വിദ്യാലയങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തരുത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠനത്തിനായി ആശ്രയിക്കുന്ന എയിഡഡ് സ്കൂളുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കണം. ഇതിനായി നവകേരള മിഷന്റെ ഗുണഭോക്തൃപരിധിയിലെ എല്ലാ ഘടകങ്ങളിലും തീരദേശത്തെ എയിഡഡ് സ്കൂളുകളെയും ഉൾപ്പെടുത്തണം. നിലവിലുള്ള റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ പൂർണ്ണമായും നവീകരിക്കുകയും ഇവയെല്ലാം ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തുകയും വേണം. ഫിഷറീസ് യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് പ്രാപ്തരാക്കി മത്സ്യമേഖലാ സംബന്ധമായ തൊഴിൽ നേടുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ SCERTയുടെ സഹായത്തോടെ സിലബസ് പരിഷ്കരിക്കുക. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കു വേണ്ടി തീരദേശ ഗ്രാമങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സൗകര്യം, റഫറൻസ് ലൈബ്രറി എന്നിവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

### ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

തീരപ്രദേശത്ത് "ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ" പരിപാടി ഊർജ്ജിതമായി നടപ്പിലാക്കേണ്ടതാണ്. ഓരോ തീരദേശ ഗ്രാമത്തിലും കുറഞ്ഞത് 10 കിടക്കകളോടെയുള്ള പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കേണ്ടതാണ്. മെഡിക്കൽ സ്റ്റാഫ്, മറ്റു സൗകര്യങ്ങൾ, മരുന്നുകൾ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഈ കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. സ്ത്രീകൾ, കുട്ടികൾ എന്നിവർക്കുവേണ്ടി ഈ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളോട് അനുബന്ധിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും മത്സ്യത്തൊഴിലാളികളുടെ സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കായി തീരദേശ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും ആരംഭിക്കേണ്ടതാണ്. എല്ലാ ഭവനങ്ങളോടും ചേർന്ന് ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട ശുചിമുറികൾ നിർമ്മിക്കാനുള്ള പ്രത്യേകപദ്ധതി നടപ്പിലാക്കണം. സ്ഥലം ലഭ്യമല്ലാത്തവർക്ക് പൊതു ശുചിമുറികളുടെ സമുച്ചയം നിർമ്മിക്കുകയും ഓരോന്നിന്റെയും ശുചിത്വപാലനം ഓരോ കുടുംബങ്ങളെ ഏൽപ്പിക്കുകയും ചെയ്യണം.

### മത്സ്യ തുറമുഖങ്ങളുടെ നിർമ്മാണം

മത്സ്യ തുറമുഖങ്ങളുടെ നിർമ്മാണത്തിനായി ലോക ഭക്ഷ്യ-കാർഷിക സംഘടന പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിർമ്മാണത്തിൽ ഉറപ്പുവരുത്തേണ്ടതാണ്. മതിയായ ശുദ്ധജലം, ശുചിത്വസൗകര്യങ്ങൾ ഉൾപ്പെടെ മത്സ്യബന്ധനയാനങ്ങൾക്ക് സുരക്ഷിതമായി അടുക്കുന്നതിനും, യാനങ്ങൾ, കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നിവർക്കും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഈ തുറമുഖങ്ങളിൽ ലഭ്യമാക്കണം. ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജന സംവിധാനവും ക്രമപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള പുതിയവയുടെ നിർമ്മാണം ശാസ്ത്രീരമായി വിലയിരുത്തണം. മത്സ്യതുറമുഖങ്ങളുടെ നിർമ്മാണത്തിനു മുൻപായി മതിയായ സാമൂഹിക/പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തേണ്ടതാണ്. മണ്ണൊലിപ്പ്, മണ്ണടിയൽ എന്നിവ ചെറുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

### തീരദേശ റോഡ് ശൃംഖല



www.malankaralibrary.com


തീരദേശ റോഡ് ശൃംഖലയിൽ കഴിഞ്ഞ കുറേ വർഷങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ പുരോഗതി ആവശ്യമുള്ളതിലും താഴെയാണ്. മുഖ്യധാരാ പ്രദേശവും തീരദേശവും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളുടെയും പാലങ്ങളുടെയും അഭാവം വലിയ പ്രശ്നമാണ്. മെയിൻ റോഡിന് സമാന്തരമായ റോഡുകൾ തീരത്തുണ്ട്. പക്ഷേ, ലിങ്ക് റോഡിന്റെ അഭാവമുണ്ട്. നിലവിലുള്ള പല ലിങ്ക് റോഡുകളും പൂർണ്ണമല്ല. പല സ്ഥലങ്ങളിലും ജലാശയങ്ങൾ തീരത്തെ മെയിൻ റോഡുമായുള്ള ബന്ധത്തെ വിച്ഛേദിക്കുന്നു. ഇതെല്ലാം ആളുകളുടെയും ചരക്കുകളുടേയും നീക്കത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഹരിതപാത പോലുള്ള പദ്ധതികൾ ഉപേക്ഷിക്കുകയും നിലവിലെ തീരദേശറോഡുകൾ പരസ്പരം ബന്ധപ്പെടുത്തി വീതികൂട്ടി ബലപ്പെടുത്തുകയും ഫിഷിംഗ് ഹാർബർ,ഫിഷ്ലാന്റിംഗ് സെന്റർ, മത്സ്യത്തൊഴിലാളി വാസസ്ഥലങ്ങൾ, മാർക്കറ്റുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക്റോഡുകൾ, പാലങ്ങൾ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ഉൾപ്പെടെ പുതിയവ നിർമ്മിക്കുകയോ നിലവിലുള്ളവ മെച്ചപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

***സാറ്റലൈറ്റ് ബന്ധിത കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിനുതകുന്ന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിന് ആവശ്യമായ സാമ്പത്തിക/സബ്സിഡി ആനുകൂല്യങ്ങൾ നൽകി മത്സ്യത്തൊഴിലാളികളെ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്.***

**സാങ്കേതിക വിദ്യയുടെ സഹായം**

കടൽ രക്ഷാ പ്രവർത്തനം, ഡിസാസ്റ്റർ മാനേജ്മെന്റ്, വിഭവ ഉറവിടം കണ്ടെത്തൽ, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവക്കെല്ലാം ബോട്ടിലെ കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് അത്യന്താപേക്ഷിതമാണ്. സ്പേസ് ടെക്നോളജിയും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. സാറ്റലൈറ്റ് (ഇൻസാറ്റ് 3 A പോലെ) ബന്ധിത വെസ്സൽ ട്രാക്കിംഗ് സിസ്റ്റം എന്നിവ കടൽ മത്സ്യബന്ധന മാനേജ്മെന്റിന് അത്യന്താപേക്ഷിതമായിരിക്കുന്നു.

ഓഷ്യൻ ഡവലപ്മെന്റ് വകുപ്പിന്റെ കീഴിലുള്ള ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ വഴി സാറ്റലൈറ്റ് (ഓഷ്യൻ സാറ്റ് പോലുള്ള) കളുടെ സഹായത്തോടെ കൂടുതൽ മത്സ്യ ലഭ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്താവുന്നതാണ്. ഇത്തരം മത്സ്യലഭ്യതാ വിവരങ്ങൾ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കേണ്ടതാണ്. സാറ്റലൈറ്റ് ബന്ധിത കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിനുതകുന്ന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിന് ആവശ്യമായ സാമ്പത്തിക/സബ്സിഡി ആനുകൂല്യങ്ങൾ നൽകി മത്സ്യത്തൊഴിലാളികളെ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്. രക്ഷാപ്രവർത്തന യാനങ്ങൾ, കമ്യൂണിക്കേഷൻ സൗകര്യങ്ങൾ എന്നിവയുള്ള ഡിസാസ്റ്റർ മാനേജ്മന്റ് സെന്ററുകൾ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ഹാർബറുകളിൽ ആരംഭിക്കേണ്ടതാണ്.




**കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിക്കുന്ന പ്രധാന നിർദ്ദേശങ്ങൾ**

1. കേന്ദ്ര സമുദ്ര മത്സ്യബന്ധന നയം പരമ്പരാഗത മത്സ്യത്തൊഴിലാളി കേന്ദ്രീകൃതമാക്കുക.

2.മത്സ്യത്തൊഴിലാളികളുടെ വളർച്ചയ്ക്കും ക്ഷേമത്തിനും അനുയോജ്യമായ രീതിയിൽ മത്സ്യബന്ധന നയം പ്രാബല്യത്തിൽ കൊണ്ടുവരുക. ഇതിന്റെ വെളിച്ചത്തിൽ ഒരു മാതൃകാ നിയമം(Model Enabling Legislation)രൂപപ്പെടുത്തി സംസ്ഥാനങ്ങൾക്കു നല്കി ഏകതാനത ഉറപ്പുവരുത്തുക.

3.മത്സ്യബന്ധന യാനങ്ങൾ, മത്സ്യബന്ധന രീതികൾ എന്നിവയെ സംബന്ധിച്ചും, കടൽ പരിസ്ഥിതിയുടെയും മത്സ്യസമ്പത്തിന്റെ പരിപാലനം സംരക്ഷണം തുടങ്ങിയ വിഷയങ്ങളിലും ഡോ അയ്യപ്പന്റെ അദ്ധ്യക്ഷതയിലുള്ള കമ്മറ്റി തയ്യാറാക്കിയ നയപരമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

4.യാനങ്ങളുടെ വലുപ്പം, മത്സ്യബന്ധന ദിനങ്ങളുടേയും പ്രദേശങ്ങളുടേയും നിർണ്ണയം, എൻജിനുകളുടെ ശക്തിയും ഗുണനിലവാരവും, വലയുടെ വലുപ്പം, ചരുങ്ങിയ വലക്കണ്ണി, പരമാവധി സുസ്ഥിര

www.malankaralibrary.com

വിളവെടുപ്പ്, തുടങ്ങിയവ നിയന്ത്രിക്കപ്പെടണം.
5. സംസ്ഥാനത്തിന്റെ മത്സ്യബന്ധനാവകാശം 36 നോട്ടിക്കൽ മൈലായി ഉയർത്തുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മാറ്റിവയ്ക്കുകയും ചെയ്യുക.
6. 36 നോട്ടിക്കൽ മൈലിനു വെളിയിൽ ഇൻഡ്യയ്ക്കു പൂർണ്ണാധികാരമുള്ള പ്രത്യേക സാമ്പത്തിക മേഖല കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുക.
7.മത്സ്യവിഭവ സമൃദ്ധിയും വിന്യാസവും, തത്സമയ വിഭവ ഭൂപടങ്ങൾ, മത്സ്യബന്ധന സാധ്യതകളുടെ യഥാസമയ ഉപദേശങ്ങൾ, മത്സ്യത്തൊഴിലാളികൾക്കു സഹായകരമായ കാലാവസ്ഥ പ്രവചനങ്ങൾ തുടങ്ങിയവ സംബന്ധിച്ചും കടൽ പരിതസ്ഥിതിയെ സംബന്ധിച്ചുമുള്ള തൽസ്ഥിതിയും വിവരങ്ങളും മത്സ്യതൊഴിലാളികൾക്ക് വേഗത്തിലും എളുപ്പത്തിലും ലഭ്യമാകുന്നതിന് വിവരസാങ്കേതികവിദ്യയും ഉപഗ്രഹ സാങ്കേതികവിദ്യയും സാധാരണക്കാർക്ക് പ്രാപ്യമാക്കുക.
8.മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ആവശ്യങ്ങൾ പരിഗണിച്ച് കാർഷികമേഖലയിൽ നബാർഡ് നൽകി വരുന്ന സേവനങ്ങൾ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിനായുള്ള നയപരമായ നടപടികൾ സ്വീകരിക്കുക.
9.മത്സ്യതൊഴിലാളികൾക്ക് വിദേശ രാജ്യങ്ങളുടെ നിയന്ത്രണത്തിലുള്ള സമുദ്രത്തിൽനിന്നും മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം ലഭിക്കത്തക്കവിധം ഉഭയകക്ഷികരാറുകൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളുക.
10. ഇൻഡ്യയിലെ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുംവിധം Indian Ocean Tuna Commission (IOTC)മാതൃകയിൽ ഇതരരാജ്യങ്ങളുമായുള്ള സഹകരണവും ധാരണയും മെച്ചപ്പെടുത്തുക.
11. Regional Fisheries Management Organisations (RFMOs)പോലുള്ളഅന്തർദേശീയസംവിധാനങ്ങളെ ഇൻഡ്യൻ മത്സ്യത്തൊഴിലാളികൾക്കനുകൂലമായി ക്രമീകരിക്കുക.
12. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, എന്നിവയുടെ ഭാഗമായി കടൽത്തീര പരിപാലനത്തിനും ഹരിത-ശുചിത്വ തീരം യാഥാർത്ഥ്യമാക്കുന്നതിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക.

കടൽ എന്നും കടലിന്റെ മക്കൾക്ക ആവേശമായിരുന്നു. ഇന്നവർക്ക് കടലിനെ ഭയമായിരിക്കുന്നു. അവരുടെ അറിവിനപ്പുറം കടൽ മാറിയിരിക്കുന്നു. ഏതു സമയത്തും ആക്രമിക്കപ്പെടാവുന്ന ഒരു ദുരന്ത മുഖത്താണ് തീരദേശ മിന്നും. അവരെ ഒറ്റപ്പെടുത്തരുത്. കരുതലിന്റെയും കരുണയുടെയും കരങ്ങൾ ഉയർന്നുവരണം. ചോർന്നുപോകാതെ, വഴിമാറാതെ അനുവദിക്കപ്പെടുന്ന പണം ചെലവഴിക്കപ്പെടണം. തീരത്തെ ജനങ്ങളുംഅന്തസ്സോടെ ഈ മണ്ണിൽ ജീവിക്കട്ടെ.



www.malankaralibrary.com



# ഇന്ത്യയുടെ ബ്ലൂ ഇക്കോണമി നയരേഖ: മനസിലാക്കേണ്ട വസ്തുതകൾ

**ബ്ലൂ** ഇക്കോണമി അഥവാ നീല സമ്പദ്‌വ്യവസ്ഥ എന്നത് ഒരു പുതിയ ആശയമല്ല. 1994-ൽ ജപ്പാനിലുള്ള യുണൈറ്റഡ് നേഷൻസ് സർവകലാശാലയിൽ ആഗോള താപനത്തിന്റെ ഭീഷണികളെക്കുറിച്ചും മറ്റും നടന്ന ചർച്ചകൾക്കിടയിൽ സാമ്പത്തിക വിദഗ്ദനായ പ്രൊഫസർ ഗുണ്ടർ പൗലിയാണ് ബ്ലൂ ഇക്കോണമി എന്ന ആശയം ആദ്യമായി മുന്നോട്ടുവയ്ക്കുന്നത്. തുടർന്നിങ്ങോട്ട് വിവിധ ലോകരാജ്യങ്ങൾ അതിന്റെ സാധ്യതകളെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ നടത്തിവന്നിരുന്നു. അടിസ്ഥാനപരമായി രണ്ട് വസ്തുതകൾ ബ്ലൂ ഇക്കണോമി എന്ന അന്തർദേശീയ ആശയത്തിന് പിന്നിലുണ്ട്. 1. പ്രകൃതി സൗഹാർദ്ദം നിലനിർത്താൻ പരിശ്രമിക്കുന്ന 'ഗ്രീൻ ഇക്കോണമി' എന്ന ആശയത്തിന് സമാനമായി, ആഗോളവ്യാപകമായി കടലിന് സംഭവിച്ചിരിക്കുന്ന അപചയങ്ങളെയും മലിനീകരണത്തെയും കുറച്ചുകൊണ്ടുവന്ന് അതിന്റെ ആരോഗ്യവും സന്തുലിതാവസ്ഥയും നിലനിർത്തി സാധ്യതകളെ സുസ്ഥിരമായി ഉപയോഗിക്കുക. 2. അമിതചൂഷണത്തെ തുടർന്ന് കരയിലെ സാധ്യതകൾക്ക് വലിയതോതിൽ ഇടിവ് സംഭവിച്ചു തുടങ്ങിയപ്പോൾ കടലിന്റെ അനന്ത സാധ്യതകളെ (സാമ്പത്തിക ഭക്ഷ്യ ധാതുലവണ സംബന്ധമായ) ക്രിയാത്മകമായി വിനിയോഗിക്കുക.

2012ലെ റിയോ ഉച്ചകോടിയിലാണ് ബ്ലൂ ഇക്കോണമി എന്ന ആശയത്തിന് ഐക്യരാഷ്ട്രസഭ അംഗീകാരം നൽകുന്നത്. ആ ഉച്ചകോടിയിലെ തീരുമാനം അനുസരിച്ച് ഐക്യരാഷ്ട്രസഭയിലെ അംഗരാജ്യങ്ങൾക്ക് അവരവരുടെ സമുദ്ര ഭാഗങ്ങൾ ജൈവ അജൈവ സമ്പത്തുകളുടെ സുസ്ഥിരമായ ഉൽപ്പാദനത്തിന് ഉപയോഗിക്കാം. എന്നാൽ, സമുദ്രത്തിന്റെ ആരോഗ്യവും പ്രതിരോധശേഷിയും സംരക്ഷിക്കപ്പെടണമെന്നും, സമുദ്രത്തിന്റെ ആവാസ വ്യവസ്ഥിതിക്ക് കേടുപാടുകൾ സംഭവിക്കാൻ പാടില്ല എന്നും വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. സമുദ്രത്തിനും ഭൂമിക്ക് തന്നെയും വലിയ ഭീഷണിയായി മാറിയിരിക്കുന്ന കടലിലെ മലിനീകരണവും അസന്തുലിതാവസ്ഥയും മറ്റുഭീഷണികളും ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവന്ന് നിയന്ത്രണാധീനമാക്കുന്നതോടൊപ്പം സുസ്ഥിരമായ ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഐക്യരാഷ്ട്രസഭ അംഗീകരിച്ചിരിക്കുന്ന ബ്ലൂ ഇക്കോണമി എന്ന ആശയം.

ഐക്യരാഷ്ട്രസഭയിൽ അംഗീകാരം ലഭിച്ച ആശയത്തിന്റെ ചുവടുപിടിച്ചാണ് ഒരു സംഘം ശാസ്ത്രജ്ഞരുടെയും വിദഗ്ധരുടെയും 2018 മുതലുള്ള പ്രയത്നഫലമായി, 2021 ഫെബ്രുവരി 17ന് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി കരട് നയരേഖ കേന്ദ്ര ഭൗമ മന്ത്രാലയം പ്രസിദ്ധീകരിച്ചത്. എന്നാൽ, വിശകലനങ്ങളിൽ വ്യക്തമാകുന്ന പ്രധാന കാര്യം, ഐക്യരാഷ്ട്രസഭ മുന്നോട്ടു വച്ചിരിക്കുന്ന ബ്ലൂ ഇക്കോണമി എന്ന ആശയവും, ഇന്ത്യയുടെ ഭൗമ മന്ത്രാലയം നയരേഖയിലൂടെ അവതരിപ്പിച്ചിരിക്കുന്ന ബ്ലൂ ഇക്കോണമി എന്ന പദ്ധതിയും തികച്ചും വ്യത്യസ്തമാണ് എന്നുള്ളതാണ്. കടലിന്റെ സാധ്യതകളെ മുഴുവൻ പരിധികളില്ലാത്ത സ്വകാര്യ കമ്പനികൾക്ക് വിട്ടുകൊടുത്ത് വലിയ അപകടത്തെ വിളിച്ചുവരുത്താനുള്ള തീരുമാനമായി ഇന്ത്യയുടെ ബ്ലൂ ഇക്കോണമി വിലയിരുത്തപ്പെടുന്നതിൽ അതിശയോക്തിയില്ല.



www.malankaralibrary.com

## ഇന്ത്യ വിഭാവനം ചെയ്യുന്ന നീല സമ്പദ്‌വ്യവസ്ഥ

1,382 ദ്വീപുകളുടെയും ഒമ്പത് തീരദേശ സംസ്ഥാനങ്ങളുടെയും ഭാഗമായി ഇന്ത്യയിൽ 7,517 കിലോമീറ്റർ കടൽത്തീരമാണുള്ളത്. തീരത്തുനിന്ന് 370 കിലോമീറ്റർ വരെ നീണ്ടുകിടക്കുന്ന 23 ലക്ഷം ചതുരശ്ര കിലോമീറ്റർ പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone) ഇന്ത്യയുടേതായുണ്ട്. ജൈവ അജൈവ വസ്തുക്കളുടെ അമൂല്യമായ ശേഖരമാണ് അവിടെയുള്ളത്. നിലവിൽ മൽസ്യ ഉൽപ്പാദനത്തിൽ ഇന്ത്യ ലോകത്തിൽ രണ്ടാം സ്ഥാനത്താണ്. അമ്പത് ലക്ഷം ടൺ മൽസ്യം പ്രതിവർഷം ഇന്ത്യയ്ക്ക് കടലിൽനിന്ന് ലഭിക്കുന്നു. ഇപ്പോഴുള്ള കണക്കനുസരിച്ച് ഇന്ത്യയുടെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിൽ 1.1 ശതമാനമാണ് മൽസ്യബന്ധനത്തിൽനിന്നുള്ളത് എങ്കിൽ അത് 4.1 ആയി വർദ്ധിപ്പിക്കുവാൻ കേന്ദ്രസർക്കാർ ലക്ഷ്യം വച്ചിരിക്കുന്നു. 50 ലക്ഷം ടൺ കൂടി അധിക ഉൽപ്പാദനം ലക്ഷ്യംവയ്ക്കുന്ന കടൽ മൽസ്യകൃഷിയാണ് ഉൽപ്പാദന വർദ്ധനവിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രധാന മാർഗ്ഗം. എന്നാൽ, ബ്ലൂ ഇക്കോണമി മുന്നോട്ടുവയ്ക്കുന്ന ഏഴ് പദ്ധതികളിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്ന മറ്റു ചില ആശയങ്ങളുമുണ്ട്.

തീരദേശം കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാര പദ്ധതികൾ, പരിധികളില്ലാത്ത അനുബന്ധ വികസന നിർമ്മാണ പ്രവർത്തനങ്ങൾ; കടൽ അനുബന്ധ വ്യവസായ പദ്ധതികൾ, ഖനനം, ഊർജ്ജ ഉൽപ്പാദനം, വ്യവസായവൽക്കരണം; വ്യാപാര വാണിജ്യ പദ്ധതികളും അനുബന്ധ സേവന മേഖലകളും ഊർജ്ജിതപ്പെടുത്തുക; തീരദേശം വഴിയായുള്ള ചരക്ക് നീക്കത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, പോർട്ടുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അതിവേഗ പാതകൾ, മറ്റു സൗകര്യങ്ങളുടെ വികസനം; തീരദേശ സുരക്ഷ, രാജ്യ സുരക്ഷ തുടങ്ങിയ കാര്യങ്ങൾക്കായുള്ള പദ്ധതികൾ എന്നിങ്ങനെയാണ് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി വിഭാവനം ചെയ്യുന്ന അനുബന്ധ പദ്ധതികൾ. അന്താരാഷ്ട്ര സമൂഹം മുന്നോട്ടുവച്ചിരിക്കുന്ന സുപ്രധാന ആശയങ്ങളായ കടലിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സുസ്ഥിര കടൽ ഉപയോഗം സംബന്ധിച്ച മറ്റ് നിർദ്ദേശങ്ങൾക്കും ഇവിടെ പ്രാധാന്യം കൽപ്പിക്കപ്പെട്ടിട്ടില്ല. എന്നാൽ, രാജ്യസുരക്ഷയുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത ഈ വാണിജ്യ പദ്ധതിയിൽ അത്തരമൊരു ആശയം കൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

സമുദ്ര ജൈവവൈവിധ്യം ഭൂമിയിൽ ഏറ്റവുമധികമുള്ളത് ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിലാണ് എന്ന് കണക്കാക്കപ്പെടുന്നു. ആകെയുള്ളതിൽ പത്തുശതമാനം വരുമെന്നാണ് കണക്കുകൾ. അജൈവ സമ്പത്ത് ധാതുലവണങ്ങൾ, പെട്രോളിയം മുതലായവ കൃത്യമായി തിട്ടപ്പെടുത്താൻ കഴിയില്ലെങ്കിലും അക്കാര്യത്തിലും ഇന്ത്യ മുൻപന്തിയിൽ വരുമെന്ന് തീർച്ചയാണ്. നയരേഖയിൽ വ്യക്തമാക്കുന്നതനുസരിച്ച് ഖനനസാധ്യതയിൽ മുന്നിൽ നിൽക്കുന്ന നാല് സംസ്ഥാനങ്ങൾ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നിവയാണ്. അപൂർവ്വവും വിലപിടിപ്പുള്ളവയുമായ ധാതുലവണങ്ങൾകൊണ്ട് സമ്പുഷ്ടമാണ് ഈ നാല് സംസ്ഥാനങ്ങളുടെ തീരങ്ങൾ. ഇത്തരം പദ്ധതികളുമായി ബന്ധപ്പെട്ട് യുദ്ധകാലാടിസ്ഥാനത്തിലുള്ള പര്യവേക്ഷണങ്ങൾക്കും പഠനങ്ങൾക്കുമായി 4077 കോടി രൂപ കേന്ദ്ര സർക്കാർ ഭൗമ മന്ത്രാലയത്തിന് അനുവദി



www.malankaralibrary.com

ച്ചിട്ടുണ്ട്. നയരേഖ പ്രകാരമുള്ള പദ്ധതികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോവുകയാണ് എന്ന് തീർച്ച.

### തീരക്കടൽ, ഉൾക്കടൽ ഖനനം പ്രധാന പദ്ധതി

നീല സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെട്ട് നയരേഖ മുന്നോട്ടുവയ്ക്കുന്നത് ഏഴ് പദ്ധതികളാണ്. അതിൽ ആറാം ഭാഗത്ത് വിശദമാക്കുന്നതാണ് ഏറ്റവും പ്രധാനം. ഖനനം, ഊർജ്ജ ഉൽപ്പാദനം തുടങ്ങിയവയും അതിനായുള്ള സാങ്കേതിക സൗകര്യങ്ങളുടെ വികസനവുമാണ് അത്. Coastal and deep sea mining എന്നാണ് ആ ഭാഗത്തിന്റെ തലക്കെട്ട് എന്നതിനാൽ, തീരക്കടൽ ഖനനം കേന്ദ്രസർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട് എന്നുള്ളത് തീർച്ചയാണ്. ഖനന സാധ്യതാപട്ടികയിൽ കേരളം മുൻ നിരയിലുണ്ട് എന്നതിനാൽ കേരളത്തിന്റെ തീരദേശത്തെ സംബന്ധിച്ച് വലിയ ഭീഷണിയാണ് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി എന്ന ആശയം.

ലോകരാജ്യങ്ങൾ ഏറ്റവും പ്രാധാന്യം നൽകി പരിഗണിച്ചുപോരുന്ന ഒന്നാണ് തീരദേശ പരിപാലന നിയമങ്ങൾ. കടൽത്തീരത്തുണ്ടാകുന്ന മാറ്റങ്ങളും മനുഷ്യന്റെ ഇടപെടലുകളും വളരെ ദോഷകരമായി കരയെ നേരിട്ട് ബാധിക്കുന്നു എന്നതിനാലാണ് അത്. കടലാക്രമണം, തീരശോഷണം തുടങ്ങിയവയ്ക്ക് കാരണമാകുന്നു എന്നതിനാൽ കടൽത്തീരം മുതൽ 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് കർശന നിയന്ത്രണങ്ങളാണ് CRZ മാനദണ്ഡങ്ങളിൽ തീരദേശ പരിപാലന നിയമപ്രകാരം നിലവിലുള്ളത്. ആ ഭാഗത്ത് രാജ്യ സുരക്ഷ ആവശ്യങ്ങൾക്കല്ലാതെ മറ്റൊരു വിധത്തിൽപെട്ട ഖനനങ്ങളും പാടില്ല എന്ന് വ്യവസ്ഥയുണ്ട്. മിക്ക ലോകരാജ്യങ്ങളും തീരദേശത്ത് ഖനനം അനുവദിക്കുന്നില്ല. എന്നാൽ, ഇന്ത്യയുടെ ബ്ലൂ ഇക്കോണമി നയരേഖപ്രകാരം, സ്വതന്ത്രമായി ഏതുവിധത്തിൽപെട്ട ഖനനം നടത്തുന്നതിനും CRZ നിയന്ത്രണങ്ങളിൽ ഇളവ് ആവശ്യപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള ഖനന പദ്ധതികളുമായി മുന്നോട്ടുപോകുന്നപക്ഷം, കേരളത്തിന്റെ തീരപ്രദേശത്തിന് അത് കനത്ത ആഘാതമായിരിക്കും എന്നുമാത്രമല്ല, കേരളത്തിലെ ചെറുകിട മൽസ്യബന്ധന മേഖലയെയും തീരക്കടൽ ആവാസ വ്യവസ്ഥിതിയെയും, തീരദേശവാസികളുടെ ജീവിതത്തെയും അത് വളരെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

തീരക്കടൽ ഖനനത്തിന്റെ ദുരന്ത മാതൃകയായി കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമം നമുക്ക് മുന്നിലുണ്ട്. കരിമണൽ ഖനനം ആരംഭിക്കുന്ന കാലത്ത് 89.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ടായിരുന്ന ആ ഗ്രാമം ഇന്ന് കേവലം 7.6 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിരിക്കുന്നു.

### ബ്ലൂ ഇക്കോണമിയിൽ സാധാരണക്കാരുടെ പങ്കെന്ത്?

മൽസ്യബന്ധനം, മത്സ്യകൃഷി, മൽസ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ സജീവ പങ്കാളിത്തം നൽകിക്കൊണ്ടുള്ള മൽസ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും ശാക്തീകരണം ബ്ലൂ ഇക്കോണമി ലക്ഷ്യമാക്കിയിട്ടുണ്ട് എന്ന് നയരേഖയിലെ പ്രവർത്തനപദ്ധതികളിലെ മൂന്നാം ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. അവരുടെ ജീവിതനിലവാരം ഉയർത്തുകയും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുമെന്ന് പ്രഖ്യാപിക്കുന്നു. എന്നാൽ, ബ്ലൂ ഇക്കോണമി മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങളിൽ സാധാരണക്കരുടെയും മത്സ്യത്തൊഴിലാളികളുടെയും പങ്ക് എന്തായിരിക്കും എന്നുള്ളതിന് മറ്റു സൂചനകളൊന്നുമില്ല. അതേസമയം പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ പാർശ്വഫലങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത് തീരദേശവാസികളും, മൽസ്യത്തൊഴിലാളികളുമായിരിക്കും എന്നുള്ളത് നിസ്തർക്കമാണ്. ഇന്ത്യയിൽ നാൽപ്പത് ലക്ഷം വരുന്ന മൽസ്യത്തൊഴിലാളികൾ, അനുബന്ധ മേഖലകളിൽ ഉപജീവനമാർഗ്ഗം തേടുന്ന ഒരുകോടി അറുപത് ലക്ഷത്തോളം മറ്റുള്ളവർ, തീരദേശവാസികളായ മറ്റനേകർ തുടങ്ങിയവരുടെയെല്ലാം ജീവിതം പ്രത്യക്ഷമായും പരോക്ഷമായും കടലും കടൽത്തീരവുമായി ബന്ധപ്പെട്ടിരിക്കുന്നു.



ബ്ലൂ ഇക്കോണമിയുടെ ഭാഗമായി തീരക്കടലിലും ആഴക്കടലിലും ആരംഭംകുറിച്ചേക്കാവുന്ന ഖനനങ്ങൾ, തീരദേശ നിർമ്മിതികൾ, ചരക്കുനീക്കത്തിനായുള്ള ഒട്ടേറെ തീരദേശ പാതകൾ, വ്യവസായ വാണിജ്യ പദ്ധതികൾക്കായുള്ള സംവിധാനങ്ങൾ, വലുതും ചെറുതുമായ പുതിയ പോർട്ടുകൾ, ഇപ്പോഴുള്ളവയുടെ നവീകരണം തുടങ്ങിയവയ്ക്കുവേണ്ടിയുള്ള എണ്ണമറ്റ നിർമ്മാണ പ്രവൃത്തികൾ, വിനോദ

www.malankaralibrary.com

സഞ്ചാര പദ്ധതികളുടെ ഭാഗമായി സംഭവിച്ചേക്കാവുന്ന വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ തീരദേശവാസികളുടെ ജീവിതവും ഉപജീവനമാർഗ്ഗങ്ങളും പ്രതിസന്ധിയിലാഴ്ത്തും. അവരുടെ തൊഴിലിടങ്ങളും വാസസ്ഥലങ്ങളും ഒരുപോലെ ഭീഷണിയിലാക്കപ്പെടും.

അമിത ചൂഷണം, അശാസ്ത്രീയ നയങ്ങൾ തുടങ്ങിയവകൊണ്ട് മൽസ്യസമ്പത്ത് ഗണ്യമായി കുറഞ്ഞിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. ലഭ്യമായ മത്സ്യത്തിന്റെ 85% നൂറ് മീറ്റർ വരെ ആഴത്തിലാണ് ഉള്ളത് എന്നാണ് കണക്കുകൾ. ശേഷമുള്ളവ മാത്രമാണ് നൂറുമീറ്ററിൽ താഴെനിന്നും ലഭിക്കുക. എന്നാൽ ഇന്ന് ഉപരിതലത്തിൽ ലഭ്യമായ മത്സ്യത്തിന്റെ അളവ് വളരെ കുറഞ്ഞിരിക്കുന്നതോടൊപ്പം ഇത്രയും കടലിന് ഉൾക്കൊള്ളാൻ കഴിയുന്നതിനേക്കാൾ രണ്ടുമുതൽ മൂന്ന് മടങ്ങുവരെ അധികം യാനങ്ങൾ മത്സ്യബന്ധനത്തിന് കടലിലിറങ്ങുന്നുണ്ട്. സുസ്ഥിര രീതികളിൽ ഉൽപ്പാദിപ്പിക്കാവുന്നതിലും 60% അധികമായി മൽസ്യസമ്പത്ത് ഇന്ന് ചൂഷണം ചെയ്യപ്പെടുന്നതായാണ് കണക്കുകൾ. ഈ പശ്ചാത്തലത്തിൽ 2020ൽ ദേശീയ ഫിഷറീസ് നയം പ്രഖ്യാപിക്കുകയുണ്ടായിരുന്നു. അതനുസരിച്ച്, മൽസ്യസമ്പത്തിന്റെ അമിത ചൂഷണം നിയന്ത്രണ വിധേയമാക്കുന്നതിനായി തദ്ദേശീയ മൽസ്യത്തൊഴിലാളികൾ, തദ്ദേശീയ ബോട്ടുകൾ തുടങ്ങിയവയ്ക്ക് അതാത് ഇടങ്ങളിൽ പ്രഥമ പരിഗണന നൽകണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. അത്തരത്തിൽ വ്യാവസായിക മൽസ്യബന്ധനം കർശനമായും നിയന്ത്രണവിധേയമായിരിക്കുന്ന സാഹചര്യത്തിൽ ബ്ലൂ ഇക്കോണമി വിഭാവനം ചെയ്യുന്ന ബഹുരാഷ്ട്ര കമ്പനികളുടെ ഈ മേഖലയിലേക്കുള്ള കടന്നുവരവ് ദേശീയ നയത്തിന് വിരുദ്ധമാണ്. ഇൻഡസ്ട്രിയൽ ഫിഷിംഗിനെ അനുവദിക്കുന്നതിനാൽ അത് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുകയും ചെയ്യും.

### കടൽ മൽസ്യകൃഷിയുടെ പ്രായോഗികത

കടൽ മത്സ്യകൃഷി ബ്ലൂ ഇക്കോണമി മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. നിലവിൽ ഗണ്യമായ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന മൽസ്യ ഉൽപ്പാദനം വർധിപ്പിച്ചുകൊണ്ടുവരാനും വിദേശനാണ്യം നേടാനുമുള്ള പദ്ധതിയായാണ് കടൽ മത്സ്യകൃഷി അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ, അത് വലിയ മുതൽ മുടക്കും കൂടിയ സാങ്കേതിക വിദ്യകളും ഉയർന്ന വൈദഗ്ധ്യവും ആവശ്യമുള്ള മേഖലയായതിനാൽ സാധാരണ മൽസ്യത്തൊഴിലാളികൾക്കോ പ്രദേശവാസികൾക്കോ തൊഴിലവസരങ്ങൾ ഉണ്ടായിരിക്കാനിടയില്ല. 2030 നുള്ളിൽ അമ്പത് ലക്ഷം ടൺ അധിക മൽസ്യം ഉൽപ്പാദിപ്പിക്കാനാണ് കടൽ മത്സ്യകൃഷി സംബന്ധമായ പദ്ധതികൾ ലക്ഷ്യമാക്കുന്നത്. കടലിലെ മൽസ്യകൃഷിയുടെ കാര്യത്തിൽ ഇന്ത്യയുടെ നേട്ടങ്ങൾ ഇതുവരെ വളരെ പരിമിതമാണ്. സാങ്കേതിക വിദ്യ, മൂലധന നിക്ഷേപം തുടങ്ങിയ കാര്യങ്ങളിൽ നാം വളരെ പിന്നിലായതാണ് കാരണം. എന്നാൽ, ബ്ലൂ ഇക്കോണമിയുടെ ഭാഗമായി വിദേശ നിക്ഷേപവും, സ്വകാര്യ കമ്പനികളുടെ ഇടപെടലുകളും വഴിയായി വലിയ നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിയുമെന്ന് കേന്ദ്രസർക്കാർ കരുതുന്നു.


മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് വിദേശ കമ്പനികളുടെ പങ്കാളിത്തത്തോടെ ആരംഭംകുറിച്ച ചെമ്മീൻ കൃഷി നമുക്കുമുന്നിൽ ഉദാഹരണമായുണ്ട്. ആരംഭിച്ച് അഞ്ചുവർഷങ്ങൾക്കൊണ്ട് ആ മേഖല തദ്ദേശീയരുടെ കൈപ്പിടിയിൽനിന്ന് നഷ്ടമാവുകയാണ് ഉണ്ടായ



www.malankaralibrary.com

ത്. ലാഭം മാത്രം ലക്ഷ്യം വച്ചുള്ള നീക്കങ്ങളാണ് പിന്നീട് കണ്ടത്. വലിയ മലിനീകരണ പ്രശ്നങ്ങളുണ്ടായി, വളർത്തുന്ന ചെമ്മീനുകൾക്കും സ്വാഭാവികമായി വളരുന്നവയ്ക്കും വിവിധ രോഗബാധകൾ കാണപ്പെട്ടു തുടങ്ങി... ചെമ്മീൻ തീറ്റ നിർമ്മാണമായിരുന്നു മറ്റുചില പ്രതിസന്ധികൾക്ക് കാരണമായത്. വിലകുറഞ്ഞ മത്സ്യങ്ങളെ ചെമ്മീൻ തീറ്റയ്ക്കായി ക്രമാതീതമായി പിടിക്കുന്ന അവസ്ഥ അന്നുമുതൽ ഇന്നും തുടരുന്നു. വലിയ ലക്ഷ്യങ്ങൾ മുന്നിൽകണ്ട് ആരംഭിച്ച ആ പദ്ധതി എങ്ങുമെത്തിയില്ല എന്നുമാത്രമല്ല അടിസ്ഥാന സൗകര്യങ്ങൾ സമൃദ്ധമായി ഉണ്ടായിരുന്നിട്ടും ചെമ്മീൻകൃഷിയിൽ നാം പിന്തള്ളപ്പെടുകയും ചെയ്തു.

വൻകിട കോർപ്പറേറ്റുകൾക്ക് കടൽ വിട്ടുകൊടുത്ത് വലിയ മുതൽമുടക്കിൽ വിലപിടിപ്പുള്ള മൽസ്യങ്ങൾ കൃഷി ചെയ്യുകയാണ് ബ്ലൂ ഇക്കോണമിയുടെ ഭാഗമായ കടൽ മത്സ്യകൃഷിയിലൂടെ വിഭാവനം ചെയ്യുന്നത്. പുതിയ നിയമനിർമ്മാണം നടത്തി സ്വകാര്യ കമ്പനികൾക്ക് കടൽ പാട്ടത്തിന് കൊടുത്താണ് കൃഷിക്കുള്ള അവസരമൊരുക്കുക. ഇത്തരത്തിൽ കൃഷിക്ക് വിട്ടുകൊടുക്കുന്ന ഭാഗങ്ങളിൽ സ്വാഭാവിക മൽസ്യബന്ധനം സാധ്യമാവുകയില്ല. അത് സാധാരണ മത്സ്യത്തൊഴിലാളികളുടെയും, ബോട്ടുകളുടെയും സാധ്യതകൾ വെട്ടിക്കുറയ്ക്കുകയും അവരുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും എന്ന് തീർച്ച. വളർത്തുന്ന മൽസ്യങ്ങൾക്കായുള്ള തീറ്റയാണ് മറ്റൊരു പ്രധാന പ്രശ്നം. ഒരുകിലോ വളർത്തു മൽസ്യത്തിന് ആറുകിലോ തീറ്റ വേണം എന്നാണ് കണക്കുകൾ. മത്തി പോലുള്ള വിലകുറഞ്ഞ മത്സ്യങ്ങളാണ് തീറ്റയ്ക്കായി ഉപയോഗിക്കുക. അതായത്, മൽസ്യകൃഷിക്ക് അനുബന്ധമായി വൻതോതിൽ ചെറിയ മൽസ്യങ്ങളുടെ അമിതചൂഷണം സ്വകാര്യ കമ്പനികൾ തന്നെ നടത്തുകയും അതും, സാധാരണ മൽസ്യ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് തിരിച്ചടിയാവുകയും ചെയ്യും.



## ബ്ലൂ ഇക്കോണമിയുടെ ഗുണഭോക്താക്കൾ

വിവിധ വാണിജ്യ, നിർമ്മാണ പദ്ധതികളുടെയും, ഖനനം, മത്സ്യകൃഷി, ടൂറിസം, പോർട്ട് തുടങ്ങിയവയുടെയും നടത്തിപ്പിനായി സ്വകാര്യ, വിദേശ നിക്ഷേപങ്ങളും കോർപ്പറേറ്റുകളുടെ ഇടപെടലുകളുമാണ് ബ്ലൂ ഇക്കോണമി നയരേഖ വിഭാവനം ചെയ്യുന്നത്. നിലവിൽ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന പ്രധാന കമ്പനികൾക്ക് തന്നെയാവും മുഖ്യ പരിഗണന എന്നാണ് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. പോർട്ട്, ഖനന മേഖലകളിൽ സജീവമായിരിക്കുന്ന അദാനി ഗ്രൂപ്പും, പെട്രോളിയം അനുബന്ധ രംഗങ്ങളിൽ സജീവമായിരിക്കുന്ന റിലയൻസ് ഗ്രൂപ്പും ബ്ലൂ ഇക്കോണമി സംബന്ധമായ പദ്ധതികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുമെന്നുള്ളത് തീർച്ചയാണ്.

## രാജ്യസുരക്ഷയ്ക്ക് ബ്ലൂ ഇക്കോണമിയിൽ എന്തുകാര്യം?

ലോകത്തെവിടെയും ബ്ലൂ ഇക്കോണമി സംബന്ധിച്ചുള്ള ചർച്ചകളിൽ ഉൾപ്പെടുത്തപ്പെടാത്ത ഒരു പദ്ധതികൂടി ഇന്ത്യയുടെ ബ്ലൂ ഇക്കോണമി നയരേഖയിൽ ഉണ്ട്. രാജ്യ സുരക്ഷയ്ക്കുള്ള പദ്ധതികളാണ് അത്. 1994 മുതൽ പലപ്പോഴായി ചർച്ച ചെയ്യപ്പെടുകയും, 2012ൽ ഐക്യരാഷ്ട്ര സഭ അംഗീകരിക്കുകയും ചെയ്ത ബ്ലൂ ഇക്കോണമി എന്ന ആശയത്തിന് രാജ്യത്തിന്റെ പ്രതിരോധ സംവിധാനവും അതിനുള്ള പദ്ധതികളുമായി ബന്ധമില്ല. കേന്ദ്ര സർക്കാരിന്റെ ഭൗമ മന്ത്രാലയം അവതരിപ്പിച്ച നയരേഖയിലും ഏഴാമതായി അത്തരമൊരു ആശയംകൂടി അവതരിപ്പിക്കേണ്ടത് അനിവാര്യത ആയിരുന്നില്ല. എന്നിട്ടും അത്തരമൊന്ന് അവതരിപ്പിച്ചതിന് പിന്നിൽ ചില ഗൂഢ ലക്ഷ്യങ്ങൾകൂടി ഉണ്ടാവാം എന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ബ്ലൂ ഇക്കോണമി പദ്ധതികൾക്കെതിരെ സംസാരിച്ചാൽ രാജ്യസുരക്ഷയ്ക്ക് എതിരായി പ്രചാരണം നടത്തുന്നു എന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടേക്കാം എന്നുള്ള അപകടം ചൂണ്ടിക്കാണിക്കപ്പെടുന്നു.

### ചില പ്രധാന ആശയങ്ങൾ:

1. 2021 ഫെബ്രുവരി മാസം 17ന് പുറത്തിറക്കിയ ബ്ലൂ ഇക്കോണമി നയരേഖ സംബന്ധിച്ച അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി കേവലം പത്തുദിവസം മാത്രമാണ് കേന്ദ്ര ഭൗമ മാത്രാലയം നൽകിയിരുന്നത്. അഞ്ഞൂറില്പരം പേജുകളുള്ള റിപ്പോർ

ട്ട് ശരിയായവിധത്തിൽ പഠിക്കാനും വിശകലനം ചെയ്യാനുമുള്ള സാവകാശം ആർക്കും നൽകിയില്ല എന്ന ആക്ഷേപമുണ്ട്. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൂടുതൽ സമയം നൽകണം എന്ന ഒട്ടനവധി വ്യക്തികളുടെയും സംഘടനകളുടെയും അപേക്ഷകൾക്ക് മറുപടി ലഭിക്കുകയുണ്ടായില്ല.

2. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളും, സംഘടനാ നേതൃത്വങ്ങളിലുള്ളവരും, പദ്ധതി പ്രദേശങ്ങളിലുള്ളവരുടെ പ്രതിനിധികളും തുടങ്ങി ആരുമായും ബ്ലൂ ഇക്കോണമി സംബന്ധിച്ചുള്ള ചർച്ചകൾ നടത്താനോ അഭിപ്രായ രൂപീകരണം നടത്താനോ ബന്ധപ്പെട്ടവർ തയ്യാറായില്ല. സമഗ്രമായ കൂടിയാലോചനകൾ നടന്നിട്ടില്ല.

3. വിവിധ തലങ്ങളിലുള്ള പദ്ധതികൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി ബ്ലൂ ഇക്കോണമി നയരേഖയിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യാഘാത പഠനങ്ങൾ നടന്നിട്ടില്ല എന്ന ആരോപണമുണ്ട്.

4. ബ്ലൂ ഇക്കോണമി മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ക്യാബിനറ്റ് അനുമതി പദ്ധതിക്ക് ലഭിച്ചുകഴിഞ്ഞു. പലവിധ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനായും, പദ്ധതികളുടെ വിശദമായ രൂപരേഖകൾ തയ്യാറാക്കുന്നതിനായുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കടൽ വെള്ളത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദനം, ശുദ്ധജല ഉൽപ്പാദനം തുടങ്ങിയവയും പരിഗണനയിലുണ്ട്.

5. 2021 - 24 കാലയളവിൽ പ്രാരംഭഘട്ടം പൂർത്തിയാക്കുമെന്ന് കരുതപ്പെടുന്നു. ആവശ്യമായ സാങ്കേതികവിദ്യകൾക്ക് പുറമെ, അത്യാധുനിക യാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, അടിസ്ഥാന നിർമ്മിതികൾ തുടങ്ങിയവയ്ക്കാവശ്യമുള്ള തുകയായ 2823 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

6. ജലം, വായു, കാലാവസ്ഥ, ഭക്ഷ്യസുരക്ഷ, ഉപജീവന സുരക്ഷ തുടങ്ങിയ നിരവധി പ്രധാന ഘടകങ്ങൾ കടലുമായി ബന്ധപ്പെട്ടിരിക്കുന്നു. സമുദ്രത്തിന്റെ ആവാസ വ്യവസ്ഥിതിയും, ആരോഗ്യവും സുസ്ഥിരമായി നിലനിർത്തിക്കൊണ്ട് മാത്രമേ സമുദ്രത്തിന്റെ സമ്പത്ത് വിനി

യോഗിക്കാവൂ. അല്ലാത്തപക്ഷം, വലിയ പ്രത്യാഘാതങ്ങൾക്ക് അത് കാരണമാവുകയും കണക്കുകൂട്ടലുകൾക്ക് അതീതമായ തകർച്ചയിലേക്ക് രാജ്യം നീങ്ങുകയും ചെയ്യും.

7. ഏഴ് മേഖലകളിലായി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന വിവിധ പദ്ധതികളിൽ ആറെണ്ണത്തിൽ സംഭവിച്ചേക്കാവുന്ന പാളിച്ചകളും, അവയുടെ പാർശ്വഫലങ്ങളും പൂർണ്ണമായി ബാധിക്കുന്നത് മത്സ്യത്തൊഴിലാളികളെയും, തീരദേശവാസികളെയും, മൽസ്യസമ്പത്തിനെയും തന്നെയായിരിക്കും.

8. തീരദേശം അതീവ പരിസ്ഥിതി ലോല മേഖലയാണ്. ബ്ലൂ ഇക്കോണമിയുടെ ഭാഗമായ പദ്ധതികൾ തീരദേശത്തെ വലിയ പരിണാമത്തിലേയ്ക്ക് നയിക്കും. വ്യവസായവൽക്കരണം, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, കപ്പൽ പൊളിക്കൽ, അനിയന്ത്രിത തുറമുഖ നിർമ്മാണം, കടൽത്തീരത്തുകൂടി വലിയ ഹൈവേകളുടെ നിർമ്മാണം, ടൂറിസത്തിനായുള്ള നിർമ്മിതികളുടെ ആധിക്യം തുടങ്ങിയവ സമാനതകളില്ലാത്ത പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകും.

9. തീരക്കടൽ, ആഴക്കടൽ ഖനനങ്ങൾ ബ്ലൂ ഇക്കോണമിയുടെ പ്രധാന ലക്ഷ്യങ്ങളിൽ പെടുന്നതാണ്. പെട്രോളിയം, ധാതുലവണങ്ങൾ, കോപ്പർ, നിക്കൽ, സിലിക്കോൺ തുടങ്ങിയവയുടെയൊക്കെ ഖനനം സംബന്ധിച്ച പ്രവർത്തനങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും. ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കടലിലെ ആവാസവ്യവസ്ഥിതിയെ താറുമാറാക്കുകയും മൽസ്യസമ്പത്തിനെ നശിപ്പിക്കുകയും ചെയ്യും.

10. ഖനനത്തിന്റെ ഭാഗമായി സമുദ്രത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിരി



www.malankaralibrary.com

ക്കുന്ന കാർബൺ തിരികെ കരയിലേക്ക് എത്തിച്ചേരാനുള്ള സാധ്യതയുണ്ട്. കടൽ കാർബൺ ആഗീരണം ചെയ്യുന്നതിനാലാണ് ഭൂമിയിൽ ചൂട് ക്രമീകരിക്കപ്പെടുന്നത്. അനിയന്ത്രിതമായ സമുദ്രഖനനം കരയിലെ കാലാവസ്ഥാ വ്യതിയാനത്തിനും ചൂട് വർദ്ധനവിനും കാരണമായേക്കാം. ഇത്തരത്തിലുള്ള മുന്നനുഭവങ്ങൾ പലതുണ്ട്.

11. കടലിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ കരയിൽ എത്തിച്ചേരുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.

12. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഭാഗമായി വ്യാവസായിക മൽസ്യബന്ധനത്തിനുള്ള സാധ്യതകളാണ് ബ്ലൂ ഇക്കോണമിയുടെ ഭാഗമായി അന്വേഷിക്കുന്നതായി മനസിലാക്കാൻ കഴിയുന്നത്. ചെറുകിട മൽസ്യബന്ധന യാനങ്ങൾക്കും സാധാരണ മത്സ്യത്തൊഴിലാളികൾക്കും തൊഴിൽ നഷ്ടമാകാനുള്ള സാദ്ധ്യതകൾ വളരെയേറെയാണ്.

13. കടൽ സ്വകാര്യവൽക്കരിക്കാനുള്ള നയത്തിന്റെ നിയമസാധുത വ്യക്തമല്ല. അത്തരം പദ്ധതികളുടെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ പുറത്തുവിട്ടിട്ടില്ല.

14. കടലിലെ ചൂട് വർദ്ധിക്കാൻ ഇത്തരം വിവിധ പദ്ധതികൾ കാരണമാവുകയും കാലാവസ്ഥാ വ്യതിയാനത്തിനും കടലാക്രമണം, കൊടുങ്കാറ്റുകൾ തുടങ്ങിയവ വർദ്ധിക്കാനും അതിവർഷം, വരൾച്ച അനുബന്ധ ദുരന്തങ്ങൾ തുടങ്ങിയവയ്ക്കും ഇടയാവുകയും ചെയ്യും.

15. വിനോദസഞ്ചാര മേഖലയിലെ വികസനം ലക്ഷ്യംവച്ച് അതിനാവശ്യമുള്ള കടലോര നിർമ്മിതികൾക്കുള്ള വ്യവസ്ഥകൾ 2019ൽ വളരെ ലഘൂകരിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി, കടലിൽനിന്ന് പത്തുമീറ്റർ മാത്രം വിട്ടുള്ള നിർമ്മിതികളും, ഹൈവേ ഭാഗത്തേയ്ക്ക് ഏതു തരത്തിലുള്ള നിർമ്മിതികളും സാധ്യമാണ്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ മൂലം തീരദേശവാസികൾ പലയിടങ്ങളിലും വലിയ സമ്മർദ്ദത്തിൽ അകപ്പെട്ടിരിക്കുന്നു. ചിലയിടങ്ങളിൽ അക്കാരണങ്ങളാൽ കടൽ നിരപ്പ് ഉയരുകയും കടലാക്രമണം വർദ്ധിക്കുകയും ചെയ്തിരിക്കുന്നതിനാൽ ജീവിതം ദുഷ്കരമായിരിക്കുന്നു. ഒട്ടേറെപ്പേർ വീടുപേക്ഷിച്ച് പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ബ്ലൂ ഇക്കോണമിയുടെ ഭാഗമായ പദ്ധതികൾ കൂടി പ്രവർത്തനമാരംഭിക്കുമ്പോൾ അനേക ലക്ഷം കുടുംബങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലാകും.

16. ഖനന ഉൾക്കടൽ പദ്ധതികളിൽ ഇതുവരെ ഉൾപ്പെട്ടിരുന്നത് പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നെങ്കിൽ ബ്ലൂ ഇക്കോണമി വാതിൽതുറന്നു നൽകുന്നത് സ്വകാര്യ കമ്പനികൾക്കാണ്. സമ്പൂർണ്ണ സ്വകാര്യവൽക്കരണമാണ് ബ്ലൂ ഇക്കോണമി വിഭാവനം ചെയ്യുന്നത്. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റിനും (FDI) അവസരം തുറന്നുകൊടുത്തിരിക്കുന്നു.

17. കേന്ദ്ര സർക്കാർ പണം മുടക്കുന്നത് ഗവേഷണങ്ങൾക്കും, റോഡുകൾ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും മാത്രമാണ്. തുടർന്നുള്ള എല്ലാ മുതൽ മുടക്കും സ്വകാര്യ കമ്പനികളുടേതായിരിക്കും.

18. പോർട്ടുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാഗർമാല എന്ന മുൻ പദ്ധതിയെ ബ്ലൂ ഇക്കോണമിയുടെ ഭാഗമാക്കി മാറ്റിയിരിക്കുന്നു.

19. മറ്റു പല രാജ്യങ്ങളുടെയും ബ്ലൂ ഇക്കോണമി നയത്തിൽ, കടലിലെ കാലാവസ്ഥാ വ്യതിയാനം, സമുദ്രതാപനം, മലിനീകരണം തുടങ്ങിയവ പ്രധാന വിഷയങ്ങളായി അവതരിപ്പിക്കുകയും പരിഹാര നിർദ്ദേശങ്ങൾ തേടുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഇന്ത്യയുടെ നയരേഖയിൽ അത്തരം വിഷയങ്ങൾക്കൊന്നും പ്രാധാന്യം കൊടുത്തിട്ടില്ല എന്നുമാത്രമല്ല, മലിനീകരണം വർദ്ധിക്കുമെന്നും പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

20. തുറമുഖ തീരദേശ വികസനമെന്ന പേരിൽ കോസ്റ്റൽ എംപ്ലോയ്മെന്റ് സോണുകൾ, വ്യവസായ ശാലകളും നിർമ്മാണ യൂണിറ്റുകളും അടങ്ങുന്ന കോസ്റ്റൽ ഇക്കോണമിക് യൂണിറ്റുകൾ തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തീരദേശത്ത് വസിക്കുന്നവരെ കുടിയൊഴിപ്പിക്കുന്നതിന് ഇത് കാരണമായേക്കാം.

**നിരീക്ഷണങ്ങൾ:**



www.malankaralibrary.com


1. അപര്യാപ്തമെങ്കിലും നിലവിലുള്ള കടൽ തീരദേശ പരിപാലന നയങ്ങളെ അട്ടിമറിച്ചുകൊണ്ടാണ് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിലവിൽ സ്വീകരിച്ചിരിക്കുന്ന നയങ്ങൾക്ക് കടകവിരുദ്ധവും അളക്കാനാവാത്ത പാരിസ്ഥിതിക പ്രതിസന്ധികളെ ക്ഷണിച്ചുവരുത്തുന്നതുമാണ് നയരേഖയിൽ അവതരിപ്പിച്ചിട്ടുള്ള പദ്ധതികളിൽ പലതും.

2. ബ്ലൂ ഇക്കോണമി എന്ന അന്തർദേശീയ ആശയത്തിന് വിപരീതമാണ് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി നയരേഖ വിഭാവനം ചെയ്യുന്ന പല ആശയങ്ങളും. അശാസ്ത്രീയവും വിവേകരഹിതവുമായ ഇടപെടലുകൾക്കൊണ്ട് കടലിലുണ്ടാകുന്ന മാറ്റങ്ങൾ രാജ്യാന്തരതലത്തിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്നതിനാൽ ഇത്തരം അന്താരാഷ്ട്ര നയങ്ങളുടെ ലംഘനം ഗൗരവമുള്ള ക്രമക്കേടാണ്.

3. ബ്ലൂ ഇക്കോണമി നയരേഖയിൽ സൂചിപ്പിച്ചിരിക്കുന്ന പല പദ്ധതികളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ കേന്ദ്രസർക്കാർ അതീവ രഹസ്യമായി സൂക്ഷിച്ചിരിക്കുന്നു. ഈ രഹസ്യസ്വഭാവം വിരൽചൂണ്ടുന്നത് നിഗൂഢമായ അജണ്ടകളിലേക്കാണ്. സ്വകാര്യകമ്പനികളുമായി ഒത്തുചേർന്ന് ഇന്ത്യ ഇതുവരെ കണ്ടിട്ടില്ലാത്തതും മാനവരാശിക്കും പരിസ്ഥിതിക്കും ദോഷകരമായ പദ്ധതികളാണ് അണിയറയിൽ ഒരുങ്ങുന്നതെന്ന് കരുതാൻ നിരവധി കാരണങ്ങളുണ്ട്.

4. മുഖ്യധാരാ മാധ്യമങ്ങളും, പരിസ്ഥിതി സംഘടനകളും പ്രമുഖ ആക്ടിവിസ്റ്റുകളും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പാലിക്കുന്ന മൗനം ദുരൂഹമാണ്. അതീവ ഗുരുതരവും, ഇടപെടലുകളും ലോകശ്രദ്ധയും അർഹിക്കുന്നതുമായ ഒരു വിഷയമായിട്ടുപോലും സംസാരിക്കാൻ പലരും മടിക്കുന്നതിന് പിന്നിൽ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനങ്ങൾ ഉണ്ടായിരിക്കണം.





5. മലയോര മേഖലകൾ, വനാതിർത്തികൾ തുടങ്ങിയ കർഷക ഭൂരിപക്ഷ മേഖലകളിൽ കരിനിയമങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്ക് തികച്ചും വിരുദ്ധമാണ് ബ്ലൂ ഇക്കോണമി നയരേഖ. ഏറ്റവും കൂടിയ പരിഗണന നൽകി സംരക്ഷിക്കേണ്ട തീരദേശവും തീരക്കടലും പോലും കച്ചവട ലക്ഷ്യങ്ങൾക്കായി തീറെഴുതി കൊടുക്കുന്ന നയവും നയങ്ങളിലെ ഇരട്ടത്താപ്പും എതിർക്കപ്പെടേണ്ടതാണ്.

6. ആരംഭം കുറിച്ചുകഴിഞ്ഞിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി പദ്ധതി അതിന്റെ പൂർണ്ണ രൂപത്തിലെത്തിയാൽ ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിലെ തീരദേശവാസികളായ സാധാരണക്കാരും, മൽസ്യബന്ധനത്തെയും അനുബന്ധ തൊഴിൽ മേഖലയെയും ഉപജീവനമാർഗ്ഗമായി കാണുന്നവരുമായ വലിയൊരു വിഭാഗം തുടച്ചുനീക്കപ്പെടും എന്നുള്ളതിൽ സംശയമില്ല. ചെറുകിട മൽസ്യബന്ധനം എന്നൊന്ന് അപ്രായോഗികമായ മാറുകയും, തീരദേശം ഭൂരിഭാഗവും വാസയോഗ്യമല്ലാതായി മാറി പലായനം ചെയ്യേണ്ടി വരികയും ചെയ്യും. ഒട്ടേറെ കുടുംബങ്ങൾ വിവിധ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെടും. ക്രമേണ അത്തരമൊരു വിഭാഗം കേരളത്തിൽ ഇല്ലാതായി മാറുമെന്ന കടുത്ത ഭീഷണിയാണ് ബ്ലൂ ഇക്കോണമി ഉയർത്തുന്നത്.

www.malankaralibrary.com




## KCBC SOCIAL HARMONY AND VIGILANCE COMMISSION

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Fr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 682028**

**Email:** kcbcshvc@gmail.com **Website:** www.kcbcjagratha.com

www.malankaralibrary.com

... We recall that the purpose of the Synod, and therefore of this consultation, is not to produce documents, but "to plant dreams, draw forth prophecies and visions, allow hope to flourish, inspire trust, bind up wounds, weave together relationships, awaken a dawn of hope, learn from one another and create a bright resourcefulness that will enlighten minds, warm hearts, give strength to our hands ...

Synod
2021
2023

For a synodal Church

communion | participation | mission

Published by: Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi